# റൊമ്മാ യാത്ര.

൧ാം പുസ്തകം.

മലയാളത്തിലുള്ള ക്രിസ്ത്യാനികളുടെ

അറിവിനായി

പ്രൊപ്പഗാന്ത പാഠകശാലയിലെ വിദ്യാൎത്ഥി

ബ: കുഴുപ്പുളച്ചേരി തൊമ്മാ കത്തനാരവൎകളാൽ

ചമെക്കപ്പെട്ടതു.

ശ്രേഷ്ഠാനുമതിയോടെ

മാന്നാനം.

വി. യൌസേപ്പു പിതാവിൻ

ആശ്രമ അച്ചുകൂട്ടത്തിൽ

അച്ചടിച്ചതു.

൧൯൦൧

(Copy right reserved)

Sl. No. 1591

# റൊമ്മാ യാത്ര.

൨ം പുസ്തകം.

മലയാളത്തിലുള്ള ക്രിസ്ത്യാനികളുടെ

അറിവിനായി

പ്രൊപ്പഗാന്ത പാഠകശാലയിലെ വിദ്യാൎത്ഥി

ബ: കുഴ്ളാളച്ചേരി തൊമ്മാ കത്തനാരവർകളാൽ

ചമെക്കപ്പെട്ടതു.

ശ്രേഷ്ഠാനുമതിയോടെ

മാന്നാനം.

വി. യൌസെപ്പ പിതാവിൻ

ആശ്രമ അച്ചുക്കൂട്ടത്തിൽ

അച്ചടിച്ചതു.

൧൮൦൧

(Copy right reserved)

ത്രാല്ലെസിന്റെ മെത്രാനും

ചങ്ങനാശേരി മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കായും

ആയ

എ: പെ: പെ: ബ: മാക്കീൽ മത്തായി മെത്രാനച്ചൻ

## അവർകൾക്കു സമൎപ്പണം.

എ: പെ: പെ: ബ: പിതാവെ!

റോമ്മായെന്ന വിശുദ്ധ നഗരത്തിലെ വിശേഷങ്ങൾ അറിയുന്നതിന്ന് നമ്മുടെ മലയാളത്തിലുള്ള വിശ്വാസികൾ അത്യാശയുള്ളവരായിരിക്കുന്നുവെന്ന് അറിഞ്ഞതിനാൽ ൟ ജനങ്ങളുടെ ആഗ്രഹത്തെ പൂൎത്തി വരുത്തുന്നതിനായും ഇവരുടെ ഹൃദയത്തിൽ തിരുസ്സഭയുടെ നേരെയുള്ള ഭക്തി വൎദ്ധിപ്പിക്കുന്നതിന്നായും ൟ വിശുദ്ധ നഗരത്തിലെ വിശേഷങ്ങളെയും തിരുസ്സഭയെയും കുറിച്ചു സംക്ഷേപമായി ഞാൻ എഴുതി ഇവയെ ൟ ജനങ്ങളുടെ ഉപയോഗത്തിനായി അടിച്ചു പ്രസിദ്ധം ചെയ്യുന്നതിന്നും, അങ്ങെ ഇടയനടുത്ത വാഴ്‌വു എന്റെ മേലും ൟ പുസ്തകത്തിന്മേലും ഉണ്ടാകുന്നതിന്നും ഏറ്റം എളിമ വിനയത്തോടെ അപേക്ഷിക്കുന്നു.

ചങ്ങനാശേരി<br>൧൦൭൦ വൃശ്ചികം. ൧

എന്നു അങ്ങെ കല്പനകൾക്കു എപ്പോഴും ആസ്പ മായിരിക്കുന്ന ഏറ്റമയോഗ്യ ശുശ്രൂഷി കുൎയ്യാളച്ചേരി തൊമ്മാ ക:

സകല പുണ്യവാന്മാരുടെ തിരുനാൾ ദിനം.

Rev. Thomas Kurialacherry.

നമ്പ്ര ൨൬൩ എ: പെ: പെ: ബ: ചങ്ങനാശേരി വികാരി

അപ്പൊസ്തൊലിക്കാ അവൎകളുടെ

അനുമതി

---

സെൻറ ജോൺ ബെൎക്കുമാൻസ് ബോൎഡിങ്ങിലെ

വൈസ് റെക്ടർ കുഴിഞ്ഞാലിച്ചേരിൽ ബ: തൊമ്മാ കത്തനാൎക്കു

ആശീൎവ്വാദം.

താൻ ശ്രദ്ധയോടെ എഴുതിയുണ്ടാക്കി (റോമ്മായാത്ര മഞ്ജരി) എന്ന നാമമിട്ടിരിക്കുന്ന ൟ ചെറിയ പുസ്തകം പരിശോധിച്ചതിൽ ഇതിൽ അടങ്ങിയിരിക്കുന്നവ സന്മാൎഗ്ഗത്തിന്നും ശു: കത്തോലിക്കാ പാനത്തിന്നും വിരോധമില്ലാത്തതെന്നു കാണുന്നതെന്നിയെ സത്യ തിരുസ്സഭയുടെ തലസ്ഥാനമായ നിത്യപട്ടണമെന്നു പേർ പറയപ്പെടുന്ന റോമാപുരിയുടെ ഒരു സംക്ഷേപ അറിവു ഇതിൽ വ്യക്തമായി അടങ്ങിയിരിക്കുന്നതിനെക്കൊണ്ടു ഇതു നമ്മുടെ മലയാള ജനത്തിന്നു രസകരവും പ്രയോജനവുമുള്ളതുമാകയാൽ ഇതിനെ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിന്നു സന്തോഷപൂൎവ്വം അനുവദിക്കുകയും തനിക്കും തന്റെ ൟ ചെറിയ പ്രബന്ധത്തിന്മേലും നമ്മുടെ ആശീൎവ്വാദം സ്നേഹപൂൎവ്വം നൽകുകയും ചെയ്യുന്നു.

എന്നു ചങ്ങനാശേരിൽ നമ്മുടെ അരമനയിൽ നിന്നും
൧൮൦൦ വൃശ്ചികം ൫-ാംനു-

ചങ്ങ: വിക: അപ്പ: മാക്കീൽ മത്തായി മെത്രാൻ

[illegible] ✠
[illegible]

# മുഖവുര.

റൊമ്മായുടെ സ്ഥിതിയെയും ഈ അത്ഭുതകരമായ പട്ടണത്തിലുള്ള വിശിഷ്ട ദേവാലയങ്ങളെയും, അരമനകൾ, ഗോപുരങ്ങൾ, സ്മരണസ്തംഭങ്ങൾ മറ്റുപലവക കൈവേലകൾ മുതലായവകളെയും കണ്ടു തന്നെ പരിചയത്താൽ ഗ്രഹിക്കയെന്നുള്ളതു എല്ലാവരാലും സാധിപ്പാൻ പ്രയാസമായ ഒരുസംഗതി യായിരിക്കുന്നതിനാൽ ഈ വിശുദ്ധ നഗരത്തിലുള്ള വിശേഷങ്ങളെ മലയാളത്തിലുള്ള ജനങ്ങളുമറിയുന്നതിന്നും, ഇതിനെക്കുറിച്ചു ഒരുഹവും അഭിപ്രായവും ളുവരിൽ ജനിപ്പിക്കുന്നതിന്നും ഈ വിശിഷ്ട നഗരിയേയും ഇതിന്റെ വിശ്വാസത്തെയും എന്റെ വഴിയാത്രയെയും കുറിച്ചു സംക്ഷേപമായി പറയാം. പ്രത്യേകമായി ഈ സംവത്സരത്തിൽ വലിയയൂബിലെവിന്റെ ആഘോഷമായിരിക്കുന്നതിനാൽ റോമ്മാമേല്പട്ടക്കാരൻ നാമെല്ലാവരേയും ക്രിസ്ത്യാനികളുടെ തലസ്ഥാനമായ ഈ നഗരിയെയും ഇതിലുള്ള ദേവാലയങ്ങളെയും സന്ദശിക്കുന്നതിന്നു ക്ഷണിച്ചിരിക്കും പ്രകാരം ഈ വിശുദ്ധ സ്ഥലത്തു പോയി നാമെല്ലാവരുടെയുംആഗ്രഹത്തെ പൂൎത്തിയാക്കുവാൻ അസാദ്ധ്യമാകയാൽ ഈ ചെറിയപുസ്തകത്തെ വായിച്ചു അരുചികൂടാത്ത പ്രകാരത്തിൽ സന്ദശിച്ചു നമ്മുടെ ആശയെ സംപൂൎണ്ണമാക്കുകയും ആം. എന്നാൽ ഇതിലെന്തെങ്കിലും വായനക്കാൎക്കു രസവും ഹൃദയത്തിന്നു സന്തുഷ്ടിയുമുള്ളതായിയുണ്ടായിരുന്നാൽ അവയെ കുറിച്ചു നിത്യസൎവ്വെശ്വരന്നു സ്തുതിസ്തൊത്രം ചെയ്കയും വിഴ്ച്ചകളൊ വാചകരീതി കുറവൊ ഉണ്ടായിരുന്നാൽ ക്ഷമിക്കണമെന്നു വായനക്കാരൊടു അപേക്ഷിക്കയും ചെയ്യുന്നതു കൂടാതെ തിരുസ്സഭയുടെപഠനത്തിന്നും കല്പനകൾക്കും പൂൎണ്ണമായി കീഴ്വഴങ്ങികൊണ്ടു മലയാളത്തിലുള്ള ക്രിസ്ത്യാനികളുടെ ഉപകാരത്തിന്നായും ദൈവം എനിക്കു നൽകിയിരിക്കുന്ന അളവററ മനൊഗുണങ്ങൾക്കു ഉപകാരസ്മരണയായും സൎവ്വജീവ ദയാപരസൎവ്വെശ്വരന്നു ഈ പുസ്തകത്തെ സമൎപ്പിക്കുന്നു.

# ഒന്നാം ഭാഗം.

## റോമ്മായിക്കുള്ള യാത്രയാരംഭം.

സർവ്വജീവ ദയാപര സർവ്വേശ്വരന്റെ അനുഗ്രഹത്താലെ മാന്നാനത്തു മാർ അപ്രെം സ്കൂളിൽ ഞാൻ പഠിച്ചിരിക്കയിൽ അന്നു കോട്ടയം മിസ്സത്തിന്റെ സിക്രട്ടെരിയും ഇപ്പൊൾ എറണാകുളം മിസ്സത്തെ ഭരിക്കുന്ന ആളുമായ അതിപ്രബല ലൂയിസു മെത്രാനച്ചന്റെയും മന്നാനത്താശ്രമത്തിൽ അപ്പൊളുണ്ടായിരുന്ന കർമ്മലീത്താസന്ന്യാസികളുടെയും ഉത്സാഹത്താൽ ൧൮൮൮ ധനു ൧൦-ാം ൹ എന്നെ റോമ്മായിലെക്കു വിടുന്നതിന്നായി നിശ്ചയിക്കയും അന്നെദിനം ഉച്ച തിരിഞ്ഞു ൪ൽ മണിക്കു ക: ദി: മ്പ: സ: ബ: കാർളൊസച്ചനും ഞാനും കൂടെ അതിപ്രബല കോട്ടയം വികാരി അപ്പസ്തൊലിക്കാ ലവീഞ്ഞ മെത്രാനച്ചന്റെ സന്നിധിയിലേക്കു ഇറങ്ങുന്നതിനായി പുറപ്പെടുകയും ൩ൽ മണിക്കു കുടമാളൂർ പള്ളിയിൽ എത്തുകയും അപ്പൊൾ കോട്ടയം മിസ്സത്തിൽ വികാരി ജനറാളായിരുന്ന നിധീരിക്കൽ പെ: ബ: മാണിയച്ചനെയും ബ: ലൂയീസച്ചനെയും കണ്ടശേഷം ൮ മണിക്കു കോട്ടയത്തിനു പുറപ്പെടുകയും ചെയ്തു. അവിടെയെത്തിയ ശേഷം അസ്തമയമായിരുന്നതിനാൽ പിറ്റെദിവസം അതിപ്രബല മെത്രാനച്ചനെ കാണുകയും അനുവാദം ചോദിച്ചശേഷം മാന്നാനം സിമ്മനാരിയിലേക്കു വീണ്ടും പിന്തിരികയും ചെയ്തു. ധനു ൨൧-ാം ൹ പരിശുദ്ധ തോമ്മാ ശ്ലീഹായുടെ തിരുനാൾ ദിനം കല്ലൂക്കാട്ടു വന്നു റോമ്മായാത്രവിവരം അറിയിച്ചപ്പോൾ ആദ്യം വീട്ടുകാർ വിസമ്മതിച്ചുവെങ്കിലും കടശിദൈവാനുഗ്രഹത്താൽ ഒരു വക തടസ്ഥങ്ങൾ സകലതും നീങ്ങിപ്പോയി. ൧൮൮൯ മകരം ൩-ാം ൹ അതിപ്രബല ലവീഞ്ഞ മെത്രാനച്ചന്റെ അമ്പതാം സംവത്സരയൂബിലി ചങ്ങനാശേരി പള്ളിയിൽ വെച്ചു ആഘൊഷിച്ചതിനാൽ അദ്ദിനം അദ്ദെഹത്തെ സന്ദർശിക്കുന്നതിനായും, യാത്ര സംബന്ധമായി പറയുന്നതിന്നായും പോകയും അപ്പൊൾ മകരം ൧൭-ാം ൹ അസ്ഥപ്പാട്ട പട്ടം തരുന്നതിന്നായി കോട്ടയത്തു എത്തുന്നതിന്നു കല്പിക്കയും ചെയ്തു. അവിടെനിന്നു ൯-ാം ൹ കല്ലൂക്കാട്ടു പള്ളിയിൽ വരികയും അന്നു രാവു ൧൧ മണിക്കു മാന്നാനം മുതലായ കൊവെന്തകളുടെ രണ്ടാമത്തെ പ്രിയൊരുജനറാളായിരുന്ന പോരുക്കരെ കുറിയാക്കോസച്ചൻ മരിച്ചവിവരം അറികയും ഉടൻ മാന്നാനത്തിന്നു പോകയും ചെയ്തു. ൧൭ ൹ കോട്ടയത്തു എത്തി

ഷശേഷം സകലത്തും തയ്യാറായി ൧൭-ാം ൹ വീണ്ടും കോട്ടയത്തുഹാജരാകുന്നതിന്നു കല്പിച്ചു. കല്പനപ്രകാരം അവിടെയെത്തി, അന്നെദിനം കാലത്തു ൭ മണിക്ക മുമ്പിലത്തെ ഒപ്പുരുശ്രുമായും ആസ്ഥപ്പാടുപട്ടവുംതന്നു. ഉച്ചഭക്ഷണത്തിന്റെ ശേഷം വീണ്ടും വിളിക്കയും വേറൊരിടത്തും കേറാതെ നെരെ റൊമ്മായിക്ക പൊകുന്നതിന്നു മെത്രാനച്ചൻ കല്പിക്കയും അദ്ദിനംതന്നെ ഉച്ചകഴിഞ്ഞു നാലുമണിക്ക പരിശുദ്ധ പത്രൊസു ശ്ലീഹായുടെ റോമ്മാസിംഹാസനത്തിൻ തിരുനാൾ ദിനം ശനിയാഴ്ച യാത്ര യാരംഭിക്കയും ചെയ്തു. അപ്പൊൾ എന്നൊടുകൂടെ ചിററപ്പൻ കുയ്യാളച്ചെരി ബ: തൊമ്മച്ചാനും ക: ദി: മൂ:സ: ബ: കാർളൊസച്ചനും ഉണ്ടായിരുന്നു. വഴിമദ്ധ്യെ പെ: ബ: വികാരി ജനറാളച്ചനെയും ബ: ളൂയീസച്ചനെയും പാറായി തരകന്മാരെയും കാണ്മാൻ കേറിയതല്ലാതെ വേറൊരിടത്തും പ്രവെശിച്ചിട്ടില്ല. ൨൨-ാം ൹ ൧൨ മണിക്കത്രിശ്ശൂർ എത്തുകയും അന്നേ ദിനം തന്നെ അതിപ്രബല മെഡിലിക്കൊട്ടു മെത്രാനച്ചനെ സന്ദശിപ്പാൻ പോകയും അദ്ദെഹത്തിന്റെസിക്രട്ടേരിപെ:ബ:മെനാച്ചേരിയൊഹന്നാനച്ചന്റെകൂടെ (ഇപ്പോൾ ത്രിച്ചൂർ വികാരി അപ്പ.) മൂന്നു ദിവസം താമസിക്കുന്നതിന്നു് കല്പിക്കയും ചെയ്തു. മകരം ൨൪ ൹ ചിററപ്പൻ ബ: തൊമ്മാച്ചൻ അറണാട്ടുകരെ കൊവെന്ത വരെ വന്നിട്ടുണ്ടായിരുന്നതിനാൽ അദ്ദെഹത്തൊടു കടശി യാത്രയും പറഞ്ഞു. ബ: കാർളൊസച്ചനും ഞാനും, കൂടെ പൊന്നിരുന്ന കുഞ്ഞൻ എന്നയാളുമായി ൨൫-ാം ൹ ൪ മണിക്ക ത്രിശ്ശൂരിൽ നിന്നു് വണ്ടികയറി ൬ൻ മണിക്ക സൊർണ്ണൂർ എത്തുകയും അവിടെ നിന്നു തീവണ്ടിമാർഗ്ഗം ബൊമ്പെയിലെക്ക നേരെ യാത്ര തിരിക്കയും ചെയ്തു.

൨൭-ാം ൹ കാലത്തു ൭ മണിക്ക ബൊംമ്പെയിൽ ശൌഷ്യാർ പുണ്യവാന്റെ വിദ്യാലയത്തിൽ വന്നു ചെരുകയും ശുദ്ധീകരണ തിരുനാളിൻ തലെ ദിനം കുംഭം ൧-ാം ൹ പ്ലൊരിയൊ റുബിത്തീനൊ യെന്ന പേരായ ഇത്താല്യാ കമ്പിനിക്കാരുടെ കപ്പലിൽ ഇത്താല്യായിലെക്ക യാത്രയാരംഭിക്കയും ചെയ്തു.

## കപ്പൽയാത്ര.

ബ: കാർളൊസച്ചൻ എന്നെകപ്പലിൽ കയററിയ ശെഷം യാത്ര പറകയും ഉച്ചെക്ക ൧൨ മണിയൊടു ബൊമ്പാതുറമുഖംവിടുകയും ചെയ്തു. ഈയാത്രയിൽ ബമ്മായിൽ നിന്നു ഇത്താല്യായിലെക്ക പോയിരുന്ന ഒരു മിസ്സ്യൊനരി എന്നെ വളരെ സഹായിച്ചു. കപ്പൽ യാത്രയിൽ മെഡിറെററെനിയൻ കടലിൽ കെറിയപ്പൊൾ മൂന്നു ദിവസത്തെ

ക്ക പിശറും കഠിനകളിരുമുണ്ടായിരുന്നുവെങ്കിലും ദൈവാധീനത്താൽ യിശേഷ സുഖക്കേടയാതൊന്നും കൂടാതെ കുംഭം ൧൨-ാം നു- ചൊവ്വാഴ്ച ന്നൽ മണിക്കു നെയാപ്പൊളി തുറമുഖത്തു ചെന്നു ചേൎന്നു. കപ്പലിൽ നിന്നിറങ്ങി ഒരംശൊ സഭക്കാരുടെ ഒരുകൊവെന്തയിൽ എത്തി. മംഗലപുരത്തു നിന്നു പിന്തിരിഞ്ഞ ലസറീനിയെന്ന ഒരംശോ സഭക്കാരനെ കാണുകയും മലയാഴ്മയിൽ തന്നെ സംഭാഷണം ചെയ്കയും ചെയ്തു. നെയാപ്പൊളി പട്ടണത്തിൽ നിന്നു കുംഭം ൨൧-ാം നു- വെള്ളിയാഴ്ച കാലത്തു ൧൦ മണിക്കു തീവണ്ടി കയറി ഉച്ചതിരിഞ്ഞ് ൩ മണിക്കു റോമ്മായിൽ എത്തി ൨൨-ാം നു- ശനിയാഴ്ച പരിശുദ്ധ പത്രൊസിന്റെ അന്ത്യോക്യ സിംഹാസനത്തിൻ തിരുനാൾ ദിനം പ്രൊപ്പഗാന്ത കൊളെജിൽ പരിശുദ്ധദൈവമാതാവിന്റെ നാമധെയത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന (കമെരാത്ത) കൂട്ടത്തിൽ ചേൎന്നു. അപ്പൊൾ ഒരം കൊളെജിൽ മലയാളത്തുനിന്നുപഠിക്കുന്നശെമ്മാച്ചന്മാരായി ഞാറക്കൽ ഇടവക പുല്ലൻ ബ: ദെവസ്യാച്ചനും, പാലാ ഇടവക കട്ടക്കയത്തു ബ: ചാണ്ടിയച്ചനും, ആലപ്പാട്ട ബ: പൌലൊസച്ചനും, കൊച്ചീത്രുപത. ബ: ചെല്ലനത്ത. ആല്യങ്കൽ ആൽവരസ പാദ്രി അച്ചനും, കുമരകത്തു വട്ടക്കളത്തു ബ: മത്തായിച്ചനും, കൈപ്പുഴമാക്കിൽ ബ: യൌസെപ്പച്ചനും ഉണ്ടായിരുന്നു. കുറെനാൾ കഴിഞ്ഞശേഷം കൊച്ചീത്രുപതക്കാരനായ ബ: യൊഹന്നാൻ റിബെയിറൊപാദ്രി അച്ചനും ക്ലേരിയായിട്ടു പ്രൊപ്പഗാന്തയിൽ വന്നുചേരുകയും ചെയ്തു. പത്തു വൎഷത്തോളം ഒരം വിശുദ്ധ നഗരത്തിൽ താമസിച്ചതിനിടയിൽ അനേക മാററങ്ങളും സംഭവങ്ങളും ഉണ്ടായതായി കാണുകയും അനേക പ്രാവശ്യം ഇപ്പൊൾ പ്രഭയൊടെവാഴുന്ന പതിമ്മൂന്നാം ലെയൊൻ മാൎപ്പാപ്പായെ വിശു.പത്രൊസു ശ്ലീഹായുടേ ബസീലിക്കാ മുതലായ സ്ഥലങ്ങളിൽ വന്നിരുന്നപ്പൊൾ കണ്ടിട്ടുള്ളതും തന്റെ അലങ്കാരമായ പ്രസംഗം കേട്ടിട്ടുള്ളതും രണ്ടു പ്രാവശ്യം തന്റെ സന്നിധിപ്രാപിച്ചു തന്റെ തൃപ്പാദവും മോതിരവും ചുംബനം ചെയ്തു സംഭാഷണം ചെയ്തിട്ടുള്ളതുമാണ്. അദ്ദേഹം എഴുന്നെള്ളിയിരിക്കുന്ന അരമന പ്രൊപ്പഗാന്ത കൊളജിൽനിന്ന് അരമണിക്കൂറു ദൂരവും ടി സ്ഥലത്തുനിന്ന് ഇത്താല്യാ രാജാവിന്റെ അരമനയിലെക്കു കാൽമണിക്കൂറും വത്തിക്കാൻ അരമനയും രാജഅരമനയും തമ്മിൽ ഏകദേശം മുക്കാൽ മണിക്കൂറുദൂരവുമുണ്ടു. ഒരംവിശുദ്ധ നഗരത്തിൽ താമസിച്ചതിനിടയിൽ അനേകം പേരെ വാഴ്ത്തപ്പെട്ടവരെന്നു പേരുവിളിക്കുന്ന അവസരത്തിൽ ഒരം ആഘോഷങ്ങൾക്കു കൂടുകയും പ്രത്യേകമായ വിധത്തിലൊ യെന്നാൽ പത്രൊസ് പൂ്റിയെയെന്നും അന്തോനീസ് മറിയ സ്സറിയായെന്നും പേരായ വാഴ്ത്തപ്പെട്ടവരെ വിശുദ്ധന്മാരുടെഗണത്തിൽചെൎത്ത ആമഹാ അഘോഷ ദിനത്തിലെ അത്ഭുതമായ വിഷയങ്ങളെ കണ്ടു ആനന്ദിക്ക

ന്നതിന്നും ൟ മഹാ പുണ്യവാന്മാരുടെ മദ്ധ്യസ്ഥം ൟ അവസരത്തിൽ അപേക്ഷിക്കുന്നതിന്നും ഭാഗ്യം ഉണ്ടാകയും ചെയ്യു. ഇനിയും അനേകവിശേഷങ്ങൾ റോമ്മാനഗരത്തിൽ ഉണ്ടായിരിക്കുന്നതിനെ താഴെ പറയുന്നതുകൊണ്ടു ഗ്രഹിക്കാവുന്നതിനാൽ ഇവിടെ ചെൎക്കുന്നില്ല.

ഒന്നാം ഭാഗം സമാപ്തം.

## രണ്ടാം ഭാഗം.

### റോമ്മായുടെ ആരംഭവും.

#### മാൎപ്പാപ്പായുടെ രാജ്യവും

റോമ്മാ പട്ടണം എല്ലാവരുടെ അറിവിൻ പ്രകാരം കപ്പിത്തൊളിൻ, പലത്സീൻ, അവെൻതിൻ, ചെച്ചിലിയാൻ, എസ്ക്വിലിൻ, ക്വിരിനാൽ, വിമിനാൽ, എന്ന ഏഴ കുന്നുകളിന്മെൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കീൎത്തിപെട്ടതും പുരാതനവുമായ ൟ പട്ടണത്തിന്റെ സ്ഥാപനം മിശിഹായ്ക്കു ൭൫൩ വൎഷം മുമ്പു റൊമുളൂസ് എന്ന രാജാവിനാൽ ഉള്ളതും; അന്നുമുതൽ റോമ്മായെന്നു വിളിക്കപ്പെടുകയും ചെയ്തു. റൊമുളൂസ് രാജാവിന്റെ ശേഷം ഇരുനൂററി നാല്പത്തിമൂന്നു വൎഷത്തൊക്കു വേറെ ആറു രാജാക്കന്മാരും, നാനൂററിഎമ്പതു വൎഷം റോമ്മാ ജനാധിപത്യവും ഭരിച്ചുവന്നിരുന്നു. റോമ്മായുടെ ഒന്നാമത്തെ എമ്പ്രദൊർ അജ്ഞാനിയായ അഗുസ്തുസും, ഇയാളുടെ പിൻഗാമികളായി അമ്പതിലധികം അജ്ഞാനി എമ്പ്രദൊരന്മാരും വാണിട്ടുണ്ടു. മിശിഹാകാലം ൩൦൬-ൽ റോമ്മായെ ആദ്യമായി ഭരിച്ച ക്രിസ്ത്യൻ ചക്രവൎത്തി ശുദ്ധ: ഏലെനാ പുണ്യവാളത്തിയുടെ മകൻ വലിയ കൊൻസ്തന്തിനൊസാണ. തന്റെ പിംഗാമികളായി പല ക്രിസ്ത്യൻ ചക്രവൎത്തികൾ വാഴുകയും, കടശി മിശിഹാകാലം ൭൫൫-ൽ, ഇടപ്രഭുവിന്റെ രാജ്യമായ റോമ്മാ, പെപ്പിനൊയെന്നയാൾ മൂന്നാമത്തെ എസ്തപ്പാനൊസ് പാപ്പായിക്കു സ്വാതന്ത്ര്യമായി വിട്ടുകൊടുക്കയും ചെയ്തു. കാലക്രമേണ മററുപല സംസ്ഥാനങ്ങളും മാൎപ്പാപ്പാന്മാരുടെ ആധീനത്തിൻ കീഴവന്നുചെൎന്നു. മാൎപ്പാപ്പായുടെ രാജ്യം ഇരുപതു സംസ്ഥാനങ്ങളായി ഭാഗിക്കപ്പെട്ടിരുന്നു; ഇവകളിൽ ഒന്നാമത്തേതു റോ

മാ സംസ്ഥാനമാകുന്നു. ശേഷമുള്ളവ രണ്ടായിഭാഗിച്ചു, ഇവകളിൽ ആറു മുഖ്യ സംസ്ഥാനങ്ങളുടെ മെലധികാരികൾ കർദിനാളന്മാരും, മറ്റുള്ളവയുടെ പ്രധാനികൾ മൊൻസിഞ്ഞോരന്മാരും ആയിരുന്നു.

മാർപ്പാപ്പായുടെ രാജ്യത്തിന്റെ അതൃത്തി, വടക്ക ലൊമ്പർദ്യാ വെനസ്യാ രാജ്യങ്ങളും, കിഴക്ക അദ്രിയാറ്റിക്ക കടലും, പടിഞ്ഞാറു തൊസ്കാനാ മൊദെനായും തെക്കം കിഴക്കും നെയാപ്പൊളിയും തെക്കം പടിഞ്ഞാറും മെദിത്തെറെനിയൻ കടലുമാകുന്നു. ഈ രാജ്യത്തിന്റെ വിസ്താരം ൧൬൦൧൭ ചതുരശ്രമൈലും ജനസംഖ്യ ൩,൧൨൪,൬൬൮ ഉം ആയിരുന്നു. ഈ രാജ്യത്തിലുള്ള പലനദികളിൽ വച്ചു "തൈബർ നദിമാത്രമെ കപ്പൽ കേറത്തക്കതൊള്ളു. ഇതിന്റെ പ്രധാന തുറമുഖങ്ങൾ "ചിവിത്തവെക്കിയാ; അങ്കൊനായെന്ന പട്ടണങ്ങളാകുന്നു. സാധാരണ ഭരണ കർത്താവു മാർപ്പാപ്പായും, തന്റെ മരണത്തിൻശേഷംഒമ്പതുദിവസങ്ങളിൽ, "കമെർലെൻ" അല്ലെങ്കിൽ പള്ളിയറ വിചാരിപ്പുകാരൻ കർദിനാളുമാകുന്നു. ഈ ദിവസങ്ങൾക്കിടയിൽ സ്വന്തനാമത്തിൽ പണം അടിപ്പിക്കുന്നതിന്നും തന്റെ മുദ്ര ഇതിന്മെൽ പതിക്കുന്നതിന്നും കർദിനാളിന്ന പാടുണ്ടു. ഒമ്പതാംദിനംവിശുദ്ധപാപ്പായെതെരിഞ്ഞെടുക്കുന്നതിന്നായി റോമ്മായിൽ ഇപ്പൊൾ ഉണ്ടായിരിക്കുന്ന കർദിനാളന്മാർ "കൊൻക്ലാവു എന്ന സ്ഥലത്തു കയറുന്നു. ഇതിനൊടുകൂടെ തന്റെ അധികാരവും തീരുന്നു. "വിക്തൊർ വിത്തൊറിയൊ എമ്മാനുവെൽ "എന്ന രാജാവു അന്യായമായി റോമ്മായെ പിടിച്ചെടുത്തതു മുതൽ മാർപ്പാപ്പാക്കു റോമ്മാമുതലായ സംസ്ഥാനങ്ങളുടെ രാജ്യഭരണം ഇല്ലാതെയിരിക്കുന്നുവെങ്കിലും, നീതിയെപാലിക്കുന്ന ദൈവം, നീതിമാന്റെ പ്രാർത്ഥനയെ ദയവോടെ കൈക്കൊള്ളാതെയിരിക്കയില്ലായെന്നു സാധാരണമായി വിശ്വസിക്കുന്നതു, നിഷ്ഫലമായി പോകയില്ലായെന്നുള്ള ശരണം പൂർത്തിയായി കാണ്മാൻ സർവ്വെശ്വരൻ വേഗം ഇടവരുത്തുമാറാകട്ടെ!!!

## മാർപ്പാപ്പാന്മാർ

ദിവ്യരക്ഷിതാവു തന്റെ തിരുരക്തത്താൽ വീണ്ടുകൊള്ളപ്പെട്ട തിരുസ്സഭയുടെ ബഹുമാനത്തിനടുത്തതും അധികാരത്തിനടുത്തതുമായ തലവനായി വിശുദ്ധ പത്രൊസിനെ നിയമിക്കുന്നും, സകല വക ആട്ടുകൂട്ടങ്ങളെ മേയിക്കുന്നതിനുള്ള അധികാരം തനിക്ക നൽകയും, ഭൂലൊകത്തിൽ തിരുസ്സഭയുടെ വികാരിയായി മിശിഹാ

ണ്ടു പകരം നിശ്ചയിച്ചുറപ്പിക്കയും ചെയ്തു. എന്നാൽ ദിവ്യരക്ഷിതാവു, തന്റെ തിരുച്ചോരയാൽ വീണ്ടുകൊള്ളപ്പെട്ട ശുദ്ധ തിരുസ്സഭയോടു നരകത്തിന്റെ വാതിൽ പ്രബലപ്പെടുകയില്ലായെന്നുള്ള ഊനമില്ലാത്ത തന്റെ വാഗ്ദത്തം തന്നെ എന്നതു നിസ്സംശയം. എങ്കിലും ശുദ്ധ തിരുസ്സഭ ലോകാവസാനം വരെ നിലനില്ക്കേണ്ടതായിരിക്കുമ്പോൾ പത്രോസിൻ മരണത്തിന്റെ ശേഷം, തന്റെ പിംഗാമികളായി. ആദിനം മുതൽ ഇന്നുവരെ, പരീക്ഷകളിലും ഞെരുക്കങ്ങളിലും ഇരിക്കുന്ന ശുദ്ധവിശ്വാസികളുടെ സഭയെ കുറവുകൂടാതെ ഭരിച്ചു, നേരിടുവാൻ പാടുള്ളസകലതെറ്റുകളിൽനിന്നും, ആപത്തുകളിൽനിന്നും മാററി നേർവഴി സദാ ചൂണ്ടിക്കാണിക്കുന്നതിന്നു പത്രോസിന്റെ സ്ഥാനമാനത്തോടു കൂടിയ ആളുകൾ തുടരെത്തുടരെ വേണ്ടിയിരിക്കുന്നുവെന്നു ലോകന്യായത്താലും സ്വാഭാവികത്താലും ദൈവജ്ഞാനത്താലും പറവാൻ ആവശ്യമായിരിക്കുന്നു. നിഷ്കളങ്കഹൃദയത്തോടെ തിരുസ്സഭയുടെ വിശ്വാസത്തെയും വേദപാരകന്മാരുടെ പഠനത്തെയും ഉററു ധ്യാനിക്കുമ്പോൾ പത്രോസിന്റെ സത്യമായ പിംഗാമികൾ റോമ്മാ മാർപ്പാപ്പാന്മാരാകുന്നുവെന്നു സ്പഷ്ടമായി അറിയാവുന്നതാണു. പരിശുദ്ധ പത്രോസു മുതൽ ഇപ്പോൾ പ്രഭയോടെ വാഴുന്ന ൰൩-ാം ലെയോൻ പാപ്പാവരെ, ദൈവസഭക്കടുത്ത സ്ഥാനാപതിമാരുടെ പുസ്തകത്തിൽ, ശുദ്ധ തിരുസ്സഭയെ ഭരിച്ചവരായി ൨൱൫൩ ശുദ്ധമാന മാർപ്പാപ്പാന്മാരുണ്ടായിട്ടുണ്ടു. ഇവരിൽ ൮൨ പേർ പുണ്യവാളന്മാർ എന്നുപേരുവിളിക്കപ്പെട്ടവരും ഒമ്പതുപേർ വാഴ്ത്തപ്പെട്ടവരുമാണു. വിശുദ്ധ പത്രോസിന്റെ അത്യുന്നത സിംഹാസനത്തിൽ പലരാജ്യങ്ങളിൽ നിന്നും മാർപ്പാപ്പാന്മാരുണ്ടായിട്ടുണ്ടു. ഇവരിൽ ൱൮൨ പേർ റോമ്മാക്കാരും, ഒമ്പതു ഗ്രേക്കകാരും, ആറു സുറിയാനിക്കാരും, രണ്ടു ആപ്രിക്കാക്കാരും, രണ്ടു ദൽമാസ്യാക്കാരും, മൂന്നു ഇസ്പാനിയാക്കാരും, ഒരു പൊത്തുഗീസുകാരനും, അഞ്ചു ജെമ്മാനിയാ ക്കാരും, പന്ത്രണ്ടു പ്രാൻസുകാരും, ഒരു ഇംഗ്ലീഷ്കാരനും, ശേഷമുള്ളവർ ഇത്താല്യായിൽ പലപട്ടണങ്ങളിൽ നിന്നും ആകുന്നു.

## മാർപ്പാപ്പായെതെരിഞ്ഞെടുക്കുന്ന ക്രമങ്ങളും.

മാർപ്പാപ്പാ കാലം ചെയ്തശേഷം, റോമ്മായിക്കു പുറത്തുതാമസിച്ചു വരുന്ന സകല കർദിനാളന്മാൎക്കും അറിയിപ്പു അയക്കയും, എട്ടുദിവസിക്കകം പാടുള്ളവർ എല്ലാവരും റോമ്മായിൽ വന്നു ചേരു

കയും വേണം. ശവസംസ്കാരം മുതലായ സകല ക്രിയകളും കഴിഞ്ഞ ഒമ്പതാം ദിനം കർദിനാളന്മാരെല്ലാവരും വത്തിക്കാൻ അരമനയിൽ സിസ്റ്റീനായെന്ന കപ്പേളയിൽ കൂടുന്നു. റൂഹാദക്കുദശായുടെ വെളിവും സഹായവും അപെക്ഷിക്കുന്നതിനായി കർദിനാളന്മാരിൽ മൂപ്പൻ, അതായത്, കർദിനാൾ എന്നസ്ഥാനം ആദ്യമായി ലഭിച്ചയാൾ, റൂഹാദക്കുദശായുടെ കുർബാന ചൊല്ലുകയും, കുർബാന കഴിഞ്ഞശെഷം പ്രദക്ഷിണമായി കർദിനാളന്മാർ എല്ലാവരും ഒരുമിച്ചു, വിശുദ്ധ പാപ്പായെ തെരിഞ്ഞെടുക്കുന്നതിന്നായി നിശ്ചയിക്കപ്പെട്ട സ്ഥലത്തെക്കു പൊകുന്നു. ഈ സ്ഥലത്തു എത്തിയ ഉടൻ ഓരൊരുത്തർ തങ്ങൾക്കു നിശ്ചയിക്കപ്പെട്ട മുറിയിൽ കയറി പൂട്ടുന്നു. ആവശ്യപ്പെട്ട സകല സാധനങ്ങളും മുറികളിൽ തയ്യാറാക്കിയിട്ടുണ്ടു. ഓരൊ കർദിനാളന്മാരുടെ ശുശ്രൂഷെക്കായി ഈ രണ്ടുപേരെ സമ്പാനിയുത്തിട്ടുണ്ടായിരിക്കും, ഇവരും ക്രമപ്രകാരം സ്വകാര്യം കാപ്പാൻ കഠിനമായി കടപ്പെട്ടിരിക്കുന്നവരാണ. കർദിനാളന്മാർ മുറിയിൽ പ്രവെശിച്ചശെഷം ലൊകസംബന്ധമായ യാതൊരു കാര്യാദികൾ നടത്തുകയാകട്ടെ, വിചാരിക്കയാകട്ടെ, ചെയ്യക്കൂടാ. ഇവർ ഈ ദിനങ്ങളിൽ താമസിക്കുന്ന സ്ഥലത്തിന്റെ പെരു "കൊൻക്ളാവു "അല്ലെങ്കിൽ രഹസ്യമുറിയെന്നു വിളിച്ചുവരുന്നു. മുറികൾ പൂട്ടുന്നതു തെരിഞ്ഞെടുപ്പിന്നായി ഇവക്കു പുറത്തുനിന്നു വേറെ ആലൊചനകൾ മുതലായവ ഉണ്ടാകാതെയിരിപ്പാൻ വേണ്ടിയാണ. വിശുദ്ധ പാപ്പായെ തെരിഞ്ഞെടുക്കുന്നതു ചിട്ടിവഴിയായും, തെരിഞ്ഞെടുപ്പിന്റെ ദിനം വരെ ദിവസത്തിൽ രണ്ടു പ്രാവശ്യം ചിട്ടിയിടുകയും ചെയ്യുന്നു. വാസ്തവമായി തെരിഞ്ഞെടുപ്പിന്നു അവിടെ കൂടിയിരിക്കുന്ന കർദിനാളന്മാരുടെ മൂന്നിൽ രണ്ടു ഭാഗം ചിട്ടിവീഴുകയും വെണം. കുറിവീണുടൻ അവരുടെയിടയിൽ പ്രസ്ഥാപിക്കയും തെരിഞ്ഞെടുക്കപ്പെട്ട കർദിനാളിനെ വിളിച്ചു സമ്മതം ചൊദിക്കയും, ഈ അത്യുന്നതസ്ഥാനത്തിലെക്കു ഉയർത്തപ്പെട്ടയാൾ ഈ ഘനമായ ഭാരത്തെ വഹിക്കുന്നതിന്നു അനുസരിച്ചശെഷം, പേരു മാറ്റുന്നു. അപ്പൊൾ നൂതനമായി തെരിഞ്ഞെടുക്കപ്പെട്ട പാപ്പായിക്കു കൂടിയിരിക്കുന്ന കർദിനാളന്മാർ വണക്കവും കീഴ്വഴക്കവും പറഞ്ഞൊക്കയും, ഈ ക്രമങ്ങൾ സകലതും നടന്നശെഷം, ഒരു കർദിനാൾ വത്തിക്കാൻ അരമനയിലുള്ള മുഖപ്പിൽ നിന്നു നൂതനമായി തെരിഞ്ഞെടുക്കപ്പെട്ട ആളിനെയും തന്റെ നാമത്തെയും പരസ്യമാക്കുന്നു.

## മാൎപ്പാപ്പായുടെ വാഴ്ച.

മാൎപ്പാപ്പായെ തെരിഞ്ഞെടുത്തു ഉറപ്പിച്ചശേഷം താൻ വാഴ്ചയെൾക്കുന്ന ദിനം നിശ്ചയിക്കുന്നു. വാഴ്ചദിനം പുത്തൻ പാപ്പായെ മാൎപ്പാപ്പാക്കടുത്ത വസ്ത്രങ്ങൾ ധരിപ്പിച്ചു ശുദ്ധമാന പത്രൊസിന്റെ പള്ളിയിലെക്കു വലരെ ആഘൊഷത്തൊടു കൂടെ എടുത്തുകൊണ്ടു പോകുന്നു. ഈ [illegible]ണക്കത്തിനടുത്ത ഓരൊ പ്രവൃത്തികൾ അനെക സ്ഥാനാപതിമാരും ജനങ്ങളും ചെയ്യുന്നതിന്നിടയിൽ പള്ളിക്രമങ്ങളുടെ തലവൻ പ്രദക്ഷിണമായി പോകുമ്പോൾ, തന്റെ ഒരു കൈയിൽ ഒരു മെഴുകുതിരിയും മറ്റെ കയ്യിൽ ഒരു വടിയുടെ അറ്റത്തു കമ്പികൊണ്ടുണ്ടാക്കിയ ഒരു ചെറിയ കൊട്ടയും, അതിന്നുള്ളിൽ പഞ്ഞിനിറച്ചുകൊണ്ടു മുമ്പെ പോകുന്നു. പ്രദക്ഷിണം അവസാനിപ്പാറാകുമ്പോൾ, പള്ളിക്രമങ്ങളുടെ തലവൻ മാൎപ്പാപ്പായുടെ മുമ്പാകെ വന്നുകൊണ്ടു "ഇപ്രകാരം ലൊകമഹിമ തീൎന്നുപൊകുന്നു„ എന്നപറഞ്ഞു അ കമ്പിക്കൊട്ടെക്കകത്തുള്ള പഞ്ഞികത്തിച്ചു കളയുന്നു. ഉടൻ മാൎപ്പാപ്പാ വലരെ ആഘൊഷത്തൊടു ദിവ്യപൂജ അണെക്കുന്നതിന്നായി ആരംഭിക്കുന്നു. ദിവ്യപൂജ കഴിഞ്ഞിട്ടു ശുദ്ധ പത്രൊസുശ്ലീഹായുടെ പള്ളിയുടെ മണ്ഡപത്തിലെക്കു എടുത്തുകൊണ്ടുപൊകയും, അവിടെ ചെന്നശേഷം, കൎദിനാളന്മാരിൽ സ്ഥാനപ്രകാരമുള്ള മൂപ്പൻ വന്നു "തലയുടെ ആഭരണമാകുന്ന കിരീടം നീ കൈക്കൊള്ളുക, രാജാക്കന്മാരുടെയും, പ്രഭുക്കന്മാരുടെയും പിതാവും, ലൊകത്തെ ഭരിക്കുന്നവനും, ഈ ഭൂമിയിങ്കൽ നമ്മുടെ രക്ഷിതാവും ഈശൊമിശിഹായുടെ വികാരിയും നീയാകുന്നുവെന്നറിക." എന്നു പറഞ്ഞുകൊണ്ടു കിരീടം ധരിപ്പിക്കയും, ഈ കിരീടം വച്ചുകൊണ്ടു റൊമ്മാപട്ടണത്തിനും ഭൂലോകം ഒക്കക്കും പിതാവിന്നടുത്തതും ഇടയന്നടുത്തതുമായ ആശിൎവാദം നാനാ ഭാഗങ്ങളിലൊട്ടും താൻ നൽകുകയും, അപ്പൊൾ തന്നെയ്യൂബിലെവിന്റെ ദണ്ഡവിമോചനവും പ്രസിദ്ധപ്പെടുത്തുന്നു. ഇതവസാനിച്ചശെഷം, മാൎപ്പാപ്പാ, തന്റെ പ്രധാന ബസീലിക്കായും മെത്രാസന പ്പള്ളിയും, ഭൂലൊകത്തിലുള്ള സകല പള്ളികളുടെമാതാവും തലയും ആയ "ലത്താറാൻ„ പള്ളിയിലെക്കു പൊകയും, ഈ പള്ളിവാതുക്കൽ അണയുമ്പോൾ, മൂപ്പൻ കൎദിനാൾ പൊന്നും വെള്ളിയും കൊണ്ടുള്ള രണ്ടു താക്കൊലുകൾ പാപ്പായുടെ ഉന്നത സ്ഥാനത്തിന്റെ ചിഹ്നങ്ങളായി, തന്റെ കയ്യിൽ കൊടുക്കുന്നു. ഇതിനൊടുകൂടെ വാഴിക്കുന്ന ക്രമങ്ങളും അവസാനിക്കുന്നു.

## കർദിനാളന്മാർ.

മാർപ്പാപ്പായുടെ സഹായികളായിട്ടും തന്റെ ആലോചനക്കാരായിട്ടും തിരിഞ്ഞെടുക്കപ്പെട്ട ശാസ്ത്രത്താലും സന്മാർഗ്ഗത്താലും കീർത്തിപെട്ടയാളുകളുടെ ഒരു സംഘം ഉണ്ടു. ഈ വിശുദ്ധ സംഘത്തിന്റെ ഓരൊ സംഘത്തിനു "കർദിനാൾ" എന്നു വിളിക്കപ്പെടുന്നു. ഈ സ്ഥാനമാനത്തൊടുകൂടിയവരുടെ ആകെ തുക എഴുപതായിരിക്കുന്നു. ഇവരു മൂന്നു പദവികളായി ഭാഗിച്ചിരിക്കുന്നു; ആറു കർദിനാൾ മെത്രാന്മാരും, അമ്പതു കർദിനാൾ പട്ടക്കാരും, പതിനാലു കർദിനാൾ ആറു പട്ടക്കാരുമുണ്ടു. കർദിനാൾ പട്ടക്കാരുടെയും ആറു പട്ടക്കാരുടെയും കൂട്ടത്തിൽ സാധാരണമായി മെത്രാപ്പോലിത്താന്മാരും മെത്രാന്മാരും ആണു. റോമ്മായിക്കരികെയുള്ള രൂപതയുടെ മെത്രാന്മാർ, കർദിനാൾ മെത്രാന്മാർ എന്നു വിളിക്കപ്പെടുന്നു. കർദിനാൾ പട്ടക്കാർ പല രാജ്യക്കാരായിരുന്നാലും, റോമ്മായിലുള്ള അമ്പതു പ്രധാനഇടവകകളുടെ റെത്തൊരന്മാർ എന്ന നാമധെയം എടുത്തിരിക്കുന്നു. ഇവരിൽ പലരും അന്യ രാജ്യത്തിൽ താമസിക്കയും രൂപത ഭരിക്കയും ചെയ്തുവരുന്നവരും അധികം പേരു ഇത്താല്യാക്കാരുമാകുന്നു. കർദിനാളന്മാരെ നിശ്ചയിക്കുന്നതു വൈദീകസഭ, അതായതു, മാർപ്പാപ്പായും കർദിനാളന്മാരും കൂടിയുള്ള ഒരു സംഘത്തിൽ വച്ചായിരിക്കുന്നു. ഈ ഉന്നതസ്ഥാനത്തിനു യൊഗ്യനായി തെരിഞ്ഞെടുക്കപ്പെട്ടയാൾക്കു ഒരു ചുവന്ന നിറമുള്ള മുക്കൊണൻ തൊപ്പി വിശെഷ ആഘൊഷമൊന്നും കൂടാതെ കർദിനാളന്മാരുടെ മുമ്പാകെ വച്ചു തലയിൽ വെക്കുന്നു. ഇതിന്റെ ശെഷം ആഘൊഷത്തൊടുകൂടെ തന്നെ മാർപ്പാപ്പാ വൈദീകസഭയിൽ വച്ചു വെറൊരു തൊപ്പി പുതുതായി നിശ്ചയിക്കപ്പെട്ട കർദിനാളിന്റെ ശിരസ്സിൽ വയ്ക്കുന്നു. രണ്ടാമത്തെ വൈദീകസഭയിൽ തന്റെ അനുവാദം കൂടാതെ ഈ സഭയിൽ വാതുറന്നു കൂടായെന്നു മാർപ്പാപ്പാ വിലക്കുകയും മൂന്നാമത്തെ വൈദീകസഭയിൽ സംസാരിക്കുന്നതിനു അനുവാദം കൊടുക്കയും ചെയ്യുന്നു. അപ്പോൾ തന്നെ മൊതിരവും കൊടുക്കയും താൻ ചെയ്യെണ്ടുന്ന ഉദ്യോഗവും അറിയിക്കയും ചെയ്യുന്നു.

## മാർപ്പാപ്പാന്മാൎക്കു ചെയ്യപ്പെടുന്ന പ്രത്യേകാചാരം.

പഴെകാലങ്ങളിൽ കിഴക്കെനാടുകളിൽ ചെയ്തുവന്നിരുന്ന ആചാരങ്ങളിൽ മുഖ്യമായിട്ടുള്ളതു ദാസന്മാർ ഉന്നത സ്ഥാനത്തിൽ ഇ

രിക്കുന്ന തങ്ങളുടെ യജമാനന്മാരുടെ കാല്പാദം മുത്തുന്നതിലായിരു
ന്നു. എന്നാലിപ്പോൾ ഈ ആചാരം മാപ്പാപ്പാന്മാൎക്കും ചെയ്തുവരുന്നു
ണ്ടു. ഇതിനെക്കുറിച്ചു ദൂഷിച്ചു പറയുന്നവർ പലരുണ്ടായിരുന്നാലും,
ദൈവത്തിന്റെ പുത്രനായ ഈശോമിശിഹാ, പാപപ്പെട്ട തന്റെ
ശിഷ്യരുടെ കാല്പാദം തന്റെ തിരു കൈകൊണ്ടു കഴുകി തുടെച്ചു
മുത്തിയതിനെ ചിന്തിക്കുന്നതായിരുന്നാൽ, ഉന്നതപദവിയിൽ ഉയൎത്ത
പ്പെട്ട മിശിഹായുടെ വികാരിയുടെ പാദം "അല്ലെങ്കിൽ, സപ്പാത്തി
ന്മെലുള്ള പൊൻ കുരിശിന്മെൽ മുത്തിനാം തന്റെനെരെയുള്ള വ
ണക്കവും നമ്മുടെ കീഴ്വഴക്കവും പ്രദൎശിപ്പിക്കുന്നതിൽ ആൎക്കും തന്നെ നി
രസിപ്പാൻ പാടില്ല.

## പരിശുദ്ധ പാപ്പായുടെ
## ശുശ്രൂഷക്കാരും പടയാളികളും.

മാപ്പാപ്പായുടെ അരമനയിൽ നൂറിലധികം പടയാളിക
ളും പള്ളിക്രമങ്ങൾ നടത്തുന്നതിനായി പരിശുദ്ധ പത്രൊസിന്റെ
പള്ളിമുതലായ സ്ഥലങ്ങളിൽ വരുമ്പൊൾ, റൊമ്മായിൽ പ്രധാനി
കളായിട്ടുള്ളവരിൽ എമ്പതു പേർ തന്റെ അരവാരത്തിനായും, ഒരു
പ്രഭു മാപ്പാപ്പായുടെ സിംഹാസനത്തിങ്കൽ സഹായിക്കുന്നതിന്നായും, ഉ
ണ്ടായിരിക്കും. ഇതുകൂടാതെ ഇടദിവസങ്ങളിൽ പ്രഭുക്കന്മാരുടെ മക്ക
ൾ തന്റെ സഹായത്തിനും ബഹുമാനത്തിനുമായി പലപ്പൊഴും
തയ്യാറാണു. മററനെക ഉദ്യോഗസ്ഥന്മാരും ശുശ്രൂഷക്കാരും ഇവി
ടെസഹവാസംചെയ്തുവരുന്നുമുണ്ടു.

## മാപ്പാപ്പാന്മാരുടെസ്ഥാനാപതിമാർ.

ശുദ്ധമാനപള്ളിയിൽ കർദിനാളന്മാർ കഴിഞ്ഞാൽ ഇനി
യും മററു പലസ്ഥാനക്കാരും ഉണ്ടായിരിക്കുന്നു- ഇവരിൽ പ്രധാനമാ
യിട്ടുള്ളവർ "ലെഗാത്തി" Lagatess. നൂൻസി, Nuncius. എന്ന സ്ഥാ
നാപതിമാർ ആകുന്നു. ഇവർ യൂറോപ്പിൻ പലഭാഗങ്ങളിലും, എമ്പ്ര
ദൊരന്മാർ, രാജാക്കന്മാർ മുതലായവരുടെ അധികാരത്തിൻ കിഴ
ക്രിസ്ത്യാനികൾ ഉള്ളപ്പൊൾ, ഇവരുടെപക്കൽ മാപ്പാപ്പാ തന്റെ അ

ധികാരത്തെ ഗ്രഹിപ്പിക്കുന്നതിന്നും, പള്ളിക്കൂട്ടത്തെ കാൎയ്യാദികൾ ക്രമമായി നടത്തിക്കുന്നതിന്നായിട്ടും അയക്കുന്നവരാണ. ഒരംസ്ഥാനത്തൊടുകൂടിയവർ, ലിസബൊനിലും വിയന്ന, പരീസു മുതലായ പട്ടണങ്ങളിലും മദ്രീഡിലും ബവെറിയായിലും മറവും ഉണ്ടു.

## മാൎപ്പാപ്പായുടെ മന്നിസ്സം

ലൊകത്തിൽ നാനാഭാഗങ്ങളിലുമുള്ള വിശ്വാസികൾക്കു റൊമ്മാസിംഹാസനത്തൊടു ഐക്യതയും സ്നെഹവും ജ്വലിപ്പിക്കുന്നതിന്നായിട്ടും മിസ്സങ്ങൾ സംബന്ധമായ സകല കാൎയ്യാദികൾ മാൎപ്പാപ്പായിക്കു പകരം നടത്തികൊടുക്കുന്നതിന്നായിട്ടും ഓരൊ രാജ്യങ്ങളിൽ താൻ അയക്കുന്നയാൾ മന്നിസ്സമെന്നു (ദെലഗാത്തു അപ്പസ്തൊലിക്കാ) വിളിക്കപ്പെടുന്നു. മാൎപ്പാപ്പാ പലരാജ്യങ്ങളിലായി എട്ടു മന്നിസ്സങ്ങളെ അയച്ചിട്ടുണ്ടു. ൧. എജിപ്തു, അറബിരാജ്യങ്ങളിൽ ൨. കൊൻസ്തന്തിനൊപ്പൊളി. ൩. ഗ്രെക്കുകാൎക്കു ൪. കിഴക്കെഇന്ത്യായിൽ. ൫. മെസൊപ്പൊത്താമിയാ. ൬. പെർസ്യാ. ൭. സീറിയായിൽ. ൮. വടക്കെ അമെരിക്കയിലും ആണ. ഇവർ വഴിയായി ഒരൊമിസ്സങ്ങളുടെ ആവശ്യങ്ങളെയും മിസ്സങ്ങളുടെ സ്ഥിതിയെയും മറവും മാൎപ്പാപ്പായെ തെര്യപ്പെടുത്തുന്നു. ഇവൎക്കു നിശ്ചയിക്കപ്പെട്ട സമയം വരുമ്പൊൾ വെറെ ഇതിലും, ഉയൎന്ന സ്ഥാനമൊ ഉദ്യൊഗമൊ കൊടുത്തു ഇവിടെ നിന്നു മാറവുന്നു.

## പാത്രിയക്കീസന്മാർ.

പാത്രിയക്കീസന്മാർ രണ്ടു വിധത്തിൽ ഉണ്ടായിരിക്കുന്നു, അതായത്തു: ഒന്നാമത്തു ബഹുമാനത്തിനടുത്തത്തു രണ്ടാമത്തു അധികാരത്തിനടുത്തത്തു: ബഹുമാനത്തിനടുത്ത പാത്രിയക്കീസന്മാർ, കൊൻസ്തന്തിനൊപ്പൊളി, അലെക്സാന്ത്ര്യാ, ഓൎശ്ലെം, അന്ത്യൊക്യാ, ലിസ്ബൊൻ, കിഴക്കെഇന്ത്യാ, പടിഞ്ഞാറെ ഇന്ത്യാ, വെനെസ്യാ ആയെന്നസ്ഥലങ്ങളുടെഎട്ടുലത്തീൻ പാത്രിയക്കീസന്മാരാകുന്നു. ഇവൎക്കുബഹുമാനത്തിനടുത്തനാമമല്ലാതെ യാതൊരു അധികാരവും മുൻപറഞ്ഞ സ്ഥലങ്ങളിലുള്ളവിശ്വാസികളൊടു ഉപയൊഗിപ്പാൻ പാടില്ല. അധികാരത്തിനടുത്തത്തും ബഹുമാനത്തിനടുത്തത്തുമായ പാത്രിയക്കീസ

ന്മാർ: അർമ്മേനിയാ, കൊപ്ത, ഗ്രേക്കമെല്ക്കീത്ത, സുറിയാനി, മറൊനീത്താസുറിയാനി, കൽദായസുറിയാനി, എന്ന ആറു റീത്തുകാർക്കുള്ളവരാണ. ൟ പാത്രിയൎക്കീസന്മാർക്ക ഇവരുടെ താഴെയുള്ള മെത്രാപ്പൊലീത്താന്മാർ, മെത്രാന്മാർ മുതലായവരുടെ മെൽ അധികാരം ഉണ്ടായിരിക്കുന്നു.

## പാത്രിയൎക്കീസിന്റെ പിന്നാലെ വരുന്ന സ്ഥാനാപതിമാർ.

ശുദ്ധ: പള്ളിയിൽ പാത്രിയൎക്കീസിന്റെ ശെഷം വരുന്നവർ: പ്രിമാത്തുസ്, മെത്രാപ്പൊലീത്താ, മെത്രാന്മാർ വികാരിഅപ്പൊസ്തൊലിക്കാ, പ്രെപത്തൂസ് അപ്പൊസ്തൊലിക്കാ, മിസ്സ്യനരി അപ്പൊസ്തൊലിക്കാ എന്നനാമധെയം ഉള്ളവരും, മെത്രാന്റെയൊ, വികാരിഅപ്പൊസ്തൊലിക്കായുടെയൊ സഹായത്തിനായും മെത്രാനൊടുകൂടെയും മറവും ഭരിക്കുന്നതിന്നായും മുൻകാലങ്ങളിൽ അൎക്കെദ്യാക്കൊൻ എന്നയാളും ഇപ്പൊൾ അതിനു പകരമായി വികാരിജനറാളും ആകുന്നു. ഇതുകൂടാതെ പലഇടവക വികാരിമാരുടെ മെലായി വികാരിപ്പൊറാനയെന്നും ഇടവകകളെഭരിക്കുന്നതിന്നായി, പാറൊക്കുസ്, റെക്തൊർ, വികാരിമുതലായ നാമധെയത്തൊടും കൂടെയുള്ളവരും ഉണ്ടായിരിക്കുന്നു.

## തിരുസ്സഭയിലുള്ള റീത്തുകൾ.

സകലവസ്തുക്കളെയും ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ച സൎവ്വവല്ലഭനായ സൎവ്വെശ്വരന്നു നിത്യസ്തുതിസ്തൊത്രമായി പലഭാഷകളിൽ പരിശുദ്ധബലി ഭൂലൊകമൊട്ടുക്ക അൎപ്പിച്ചുവരുന്നു. അവയായതു ൧. അബിസ്സീന്യാം, ൨. അൎമ്മേനിയാ, ൩. കൊപ്ത, ൪. ഗ്രെക്ക, ൫. ഗ്രെക്ക റുമെനൊ, ൬. ഗ്രെക്കബുൾഗറൊ, ൭. ഗ്രെക്കൊറുതെനൊ, ൮. ഗ്രെക്കമെല്ക്കീത്താ, ൯. സുറിയാനി, ൧൦. മറൊനീത്താസുറിയാനി, ൧൧. കൽദായസുറിയാനി, ൧൨. മലയാളസുറിയാനി, ൧൩. ലത്തീൻ, ൧൪. റീത്തുഅമ്പ്രൊസിയാനൊ. ൧൫. റീത്തുസ്ലാവൊ, ഇപ്രകാ

ഠം ൧൧. ഭാഷയിലും പതിനഞ്ചുറീത്തിലും പള്ളിക്രമങ്ങൾ നടത്തിവ രുന്നു.

ശുദ്ധമാന പള്ളിയിലുള്ള റീത്തുകൾ എത്രയുണ്ടെന്നു പറഞ്ഞ ശേഷം ഇവ ഓരൊന്നിനെക്കുറിച്ചും ഓരൊരൊ റീത്തികളിലുള്ളമെത്രാന്മാർ പട്ടക്കാർ മുതലായവരുടെ സംഖ്യയെക്കുറിച്ചും അറിയുന്നതു വിശ്വാസികൾക്ക രസകരമായിട്ടുള്ളതെന്നു കരുതി അവയെ താഴെ വിവരിക്കുന്നു.

## അബിസ്സിനിയം റീത്തു.

വിശുദ്ധ മത്തായി എവൻഗേലിസ്സാ ആദ്യമായി അബിസ്സിനിയായിൽ വേദം അറിയിക്കയും ഠം വിശുദ്ധ ശ്ലീഹായുടെശേഷം നാലാം യുഗത്തിൽ ഫ്രൂമെൻസിയൊസു പുണ്യവാളൻ ഇവിടെയ്വരികയും സത്യവെദം ഠംജനങ്ങളുടെ ഇടയിൽ വീണ്ടും പരത്തുകയുംചെയ്തു. കടശി ഠം ജനങ്ങൾ കൊപ്ത്തു ശീശ്മയിൽ പോകയും ൧൮ നൂറ്റാണ്ടിൽ കത്തൊലിക്കാ മിസ്സ്യനരിമാർ അബസ്സിനിയായിലേക്കു പൊകയും ഇവരിൽ അനേകം പെരെ വീണ്ടും സത്യവേദത്തിലെക്കു ചെക്കയും ചെയ്തു. ഇപ്പൊൾ ഠം റീത്തുകാരെ ഭരിക്കുന്നതിന്നായി ഒരുവികാരി അപ്പൊസ്തൊലിക്കായും അദ്ദെഹത്തിൻെറ അധികാരത്തിൻ കീഴ പത്തു പള്ളികളും മുപ്പതു നാട്ടുപട്ടക്കാരും പതിനൊന്നു മിസ്സ്യനരിമാരും ൩൦൦൦൦ വിശ്വാസികളും ഉണ്ടായിരിക്കുന്നു.

## അമ്മേനിയ റീത്തു.

അമ്മേനിയാ രാജ്യത്തിൽ വിശുദ്ധ ബത്ത്ലൊമ്മെ ശ്ലീഹാ ആദ്യമായി വേദം അറിയിക്കയും കത്താവിൻെറ ഠം ശ്ലീഹായുടെ പിംഗാമിയായി ദൈവം ഠം രാജ്യക്കാൎക്ക വിശുദ്ധ ഗ്രീഗൊരിയൊസിനെ അയക്കയും ഠംപുണ്യവാളൻെറ നല്ലദൃഷ്ടാന്തങ്ങളാലും പ്രസംഗത്താലും അനെകയാളുകൾ സത്യവെദത്തിൽ ചേരുകയും ചെയ്തു. അമ്മേനിയാ റീത്തുകാൎക്ക ഒരുപാത്രിയക്കീസും പതിനെട്ടുമെത്രാന്മാരും ൩൧൫ പള്ളികളും ൩൨൪ പട്ടക്കാരും ൧൩൦൦൦൦ വിശ്വാസികളും ഉണ്ടു.

## കൊപ്താത്തു റീത്തു.

ഈ വിശുദ്ധ റീത്തിൻെറ ആരംഭം പരിശുദ്ധ പത്രൊസിൻെറ ശിഷ്യനായ വിശുദ്ധ മക്കൊസു ഏവൻ ഗെലിസ്തായിൽനിന്നാണ. ഈ പുണ്യവാൻ ആദ്യമായി ഇവക്ക സത്യവേദം അറിയിക്കയും അനെകം ആളുകളെ തിരുസ്സഭയിൽ ചെക്കയും ചെയ്തു. ഈ ഏവൻഗേലിസ്താ തന്നെയാണ് അലെക്കസന്ത്രായുടെ ഒന്നാമത്തെ മെത്രാൻ. നെറൊൻ എമ്പ്രദോരിൻെറ കാലത്തിൽ വിശുദ്ധ മക്കൊസ്സ് വേദസാക്ഷിയായിമരിക്കയുംതൻെറ പിംഗാമികളായി ഈപള്ളിയെ അനേക പാത്രീയക്കീസന്മാർ ഭരിക്കയും ചെയ്തു. വിശ്വാസത്തിൽ സ്ഥിരമായിനിന്നിരുന്ന ഈ ജനം ദിയൊസ്കൊറൊസിൻെറ കാലത്തിൽ നിർഭാഗ്യമായിതിരുസ്സഭയിൽനിന്ന പിന്തിരിഞ്ഞുപൊകയും പിന്നിട്ട സത്യവിശ്വാസത്തിലെക്ക കൂടിയ വിശ്വാസികൾക്ക മെലധികാരികളായി ഇപ്പൊൾ പ്രഭയൊടെ വാഴുന്ന മാർപ്പാപ്പാ ഒരു പാത്രിയക്കീസിനെയും രണ്ടു മെത്രാന്മാരെയും കൊടുക്കയും ചെയ്തു. ഈ റീത്തിൽ ൪൩ പള്ളികളും ൪൪ പട്ടക്കാരും ൨൨൫൦൦ വിശ്വാസികളും ഉണ്ടു.

## ഗ്രെക്കറീത്തു.

ഗ്രെക്കറീത്തു, പൂവ് ഗ്രേക്കകാർ എന്നും, ഗ്രെക്ക റുമെനൊ, ഗ്രെക്കറുത്തെനൊ, ഗ്രേക്കബുൾഗറൊ, സ്ലാവൊ, ഗ്രെക്കമെല്ക്കീത്തായെന്ന പലതായിഭാഗിക്കപ്പെടുന്നു. പൂവ്വ് ഗ്രെക്കകാർ തിരുകമ്മങ്ങളും ക്രമങ്ങളും പൂവ്ഗ്രേക്കിൽ തന്നെനടത്തുന്നവരാകുന്നു. ശേഷമുള്ളറീത്തുകാർ ക്രമങ്ങൾസകലതും ഗ്രേക്കകാരുടെയും തിരുകമ്മങ്ങളിൽ ഉപയൊഗിക്കുന്ന ഭാഷകൾ അവരവരുടെ രാജ്യങ്ങളുടെയും ആകുന്നു. ശുദ്ധഗ്രേക്കകാർ അല്ലെങ്കിൽ പൂവ്ഗ്രേക്കകാരുടെ സംഖ്യ നന്നാ ചുരുങ്ങിയതെയൊള്ളു.

## ഗ്രെക്ക റുമെനൊ.

ഈ റീത്തുകാക്ക ഒരുമെത്രാപ്പൊലിത്തായും മൂന്നുമെത്രാന്മാരും ഇവരുടെ ഭരണത്തിൻ കീഴ ൧൩൯൪ പട്ടക്കാരും ൧൨൯൨ പള്ളികളും ൧൦൫൭,൩൭൦ വിശ്വാസികളും അനെകം പാഠകശാലകളും സിമ്മിനാരികളും ഉള്ളതുമാണ.

## ഗ്രെക്ക ബുൾഗറൊ.

൧൨ം റീത്തുകാൎക്ക രണ്ടുവികാരി അപ്പൊസ്തൊലിക്കാന്മാരും ൫൮ പട്ടക്കാരും, ൬൨ പള്ളികളും ൪൯,൦൦൦ സത്യവിശ്വാസികളുമുണ്ടു.

## ഗ്രെക്ക റുത്തെനൊ.

ഒന്നാമത്തെ വ്ളാദി മീറൊയെന്ന ആളിന്റെ കാലത്തിൽ ഇവർ സത്യവേദം അനുസരിച്ചു. ൧൨ം റീത്തുകാൎക്ക ഒരു മെത്രാപ്പൊലിത്തായും ൫ മെത്രാന്മാരും ൨൪൯൨ പട്ടക്കാരും ൫൯൪൦ പള്ളികളും ൬൨൮,൮൭൯ വിശ്വാസികളും ഉണ്ടു.

## ഗ്രെക്ക മേല്ക്കീത്താ.

മച്ച്യാനൊസ്സ എമ്പ്രദോര മിശിഹാകാലം ൪൫൧-ൽ കൽച്ചെയാ സൂനഹദൊസിൽ നിശ്ചയിച്ചിരുന്നവയെ ഉറപ്പിച്ചു പരസ്യമാക്കുന്നതിന്നു കല്പിക്കയിൽ, കിഴക്കെ രാജ്യത്തിലുള്ള ക്രിസ്ത്യാനികൾ ഇരുഭാഗമായി പിന്തിരിഞ്ഞുപോകയും രാജകല്പനക്കു അനുസരണയില്ലാഞ്ഞവൎക്ക "മദയാത്തി,, അല്ലെങ്കിൽ മറുതല്പിച്ചുനില്ക്കുന്നവരെന്നും, സൂനഹദൊസിൻ നിയമങ്ങൾക്ക അനുസരണയുള്ളവരായിരുന്നതിനാൽ ശേഷമുള്ളവൎക്ക "മെല്ക്കീത്തി,, അല്ലെങ്കിൽ റെഗളീസ്സെയെന്നു അന്നുമുതൽ വിളിക്കപ്പെട്ടുകയും ചെയ്തു. ഇവൎക്ക ഒരു പാത്രിയൎക്കീസും ൮ മെത്രാപ്പൊലിത്താന്മാരും ൭ മെത്രാന്മാരും ഇവരുടെ അധികാരത്തിൽ ൮൦൭ പള്ളികളും ൨൪൯ പട്ടക്കാരും ൪൪,൨൫൦ വിശ്വാസികളും ശ്ലീഹ: പത്രൊസിൻ സിംഹാസനത്തെ ഭയഭക്തിയൊടെ വന്ദിച്ചും വരുന്നു.

## സുറിയാനി റീത്തു.

സുറിയാനിക്കാർ ആറാം യുഗത്തിൽ തിരുസ്സഭയിൽ നിന്നു പിരിഞ്ഞുപോകയും ൧൭൮൪-ൽ മൂന്നാമത്തെ ഗീവറുഗീസു ശീശ്മക്കാരനായ പാത്രിയൎക്കീസു മരിച്ചശേഷം അപ്പോൾ അലെപ്പൊയുടെ മെത്രാനായിരുന്ന ദിവനാസിയോസു മിഖെൽ ജ്യാവ്വായെ അന്ത്യൊക്ക്യായുടെ കത്തൊലിക്കാ പാത്രീയൎക്കീസായി നിശ്ചയിക്കയും. ൧൭൮൬-ൽ

പരിശുദ്ധ സിംഹാസനം കത്തോലിക്കാ സുറിയാനിക്കാരുടെ പാത്രിയർക്കീസായി ഉറപ്പിക്കയും ചെയ്തു. ൟ റീത്തുകാൎക്ക ഒരു പാത്രിയൎക്കിസ്സും ൭ മെത്രാപ്പൊലീത്താന്മാരും മൂന്നു മെത്രാന്മാരും ഇവരുടെ അധികാരത്തിൽ ൩൨ പള്ളികളും ൮൫ പട്ടക്കാരും ൨൨,൦൦൦ വിശ്വാസികളുമുണ്ടു.

## കൽദായ സുറിയാനി.

ൟ പള്ളിയുടെ ആരംഭം നമ്മുടെ കൎത്താവിന്റെ എഴുപതു ശിഷ്യരിൽ ഒരുവനായ വിശുദ്ധ അദ്ദെയു് എന്ന പുണ്യവാളനിൽനിന്നാണു. ൟ റീത്തുകാരും ശീശ്മയിൽ പോയവരെങ്കിലും പിന്നീടു അനേകം പേർ തിരുസ്സഭയിൽ ചേരുകയും ചെയ്തു. ൟ റീത്തിൽ ഒരു പാത്രിയൎക്കീസ്സും രണ്ടുമെത്രാപ്പൊലീത്താന്മാരും ൪ മെത്രാന്മാരും ൩൯ പള്ളികളും ൨൭൦ പട്ടക്കാരും ൩൨,൭൦൦ വിശ്വാസികളുമുണ്ടു.

## മാറൊനീത്താ സുറിയാനി.

മാറൊനിത്താ സുറിയാനിക്കാൎക്ക ൟ നാമം വന്നതു വിശുദ്ധ മാറൊൻ എന്ന പുണ്യവാളനിൽ നിന്നാണു. ൟ റീത്തുകാർ ആരംഭം മുതൽ ഇന്നെദിനം വരെ തിരുസ്സഭയൊടു ചെൎന്നിരിക്കുന്നവരും ഇവരുടെ പള്ളികളിൽ തിരുസ്സഭെക്കു വിരൊധമൊ സപാരുമെക്കെടൊ ഇന്നെവരെ ഉണ്ടായിട്ടില്ല. ഇവരുടെ സ്ഥിരമായ നിലനില്പിനെയും അതിശയിക്കത്തക്ക വിശ്വാസത്തെയും അഭിനന്ദിക്കാത്തവർ ഉണ്ടാകയില്ല. ൟ സജ്ജനം ശീശ്മയൊടു എതൃക്കുന്നതിന്നായി ചെയ്തിരിക്കുന്ന അദ്ധ്വാനങ്ങൾ എന്തുമാത്രം എന്നു വിവരിക്കാവതല്ല. ഇവൎക്കു മെലധികാരികളായി ഒരുപത്രിയൎക്കീസ്സും മൂന്നു മെത്രാപ്പൊലിത്താന്മാരും ൪ മെത്രാന്മാരും ഇവരുടെ അധികാരത്തിൽ ൨൫ പള്ളികളും ൨൮൭ പട്ടക്കാരും ൨൭൦൦൦൦ വിശ്വാസികളും ഉള്ളതും ഇവർ പത്രൊസിന്റെ പിംഗാമികളെ തന്റെ സ്ഥാനത്തിനു തക്കവണ്ണം ബഹുമാനിച്ചുവരികയും ചെയ്യുന്നു.

## മാർ തൊമ്മാ നസ്രാണികൾ.

പരിശുദ്ധ മാർ തോമ്മാശ്ലീഹാ മലയാളത്തിൽ വന്നുവെന്നും ഈ നാട്ടുകാൎക്ക വേദം അറിയിച്ചുവെന്നും സാധാരണമായി വിശ്വസിച്ചുവരുന്നതു ആരാലും നിഷേധിപ്പാൻ പാടുള്ളതല്ല. ഈ റീത്തിൽ മൂന്നു വികാരി അപ്പസ്തോലിക്കാന്മാരും പള്ളികളും കപ്പേളകളും കൂടി ൩൦൧. പട്ടക്കാർ ൪൩൫ വിശ്വാസികൾ ൨൯൨,൦൧൨ ഉണ്ടാകും.

## ലത്തീൻ റീത്തു.

ഈ വിശുദ്ധ റീത്തിൽ ഭൂലോകത്തിന്റെ നാനാഭാഗങ്ങളിലും കത്തോലിക്കരുള്ളതും ഈ റീത്തിൽ അനേക മിസ്സ്യനരിമാർ ഭൂലൊകമൊട്ടുക്ക വേദം അറിയിക്കുന്നതിന്നായും പോകുന്നതുമാണ. ഈ തിരു റീത്തിലുള്ള മേലദ്ധ്യക്ഷന്മാരുടെയും വിശ്വാസികളുടെയും തുക താഴെ കാണിക്കുന്നു.

ഇംഗ്ലാണ്ടിൽ മെത്രാപ്പൊലിത്താ ൧ മെത്രാന്മാർ ൧൫. പള്ളികൾ ൧൪൯൨. പട്ടക്കാർ ൨൬൭൪. വിശ്വാസികൾ ൧,൩൬൨,൪൨൦ ഐർലണ്ടിൽ മെത്രാപ്പൊലിത്താന്മാർ ൪ മെത്രാന്മാർ ൨൬ പള്ളികൾ ൩൨൯൯ പട്ടക്കാർ ൩൪൪൫ വിശ്വാസികൾ ൩൫൪൭൯ സെമിനാരി പാഠകശാലകൾ മുതലായവ ൬൩൨൧ ഹൊളിന്തയിൽ മെത്രാപ്പൊലിത്താ ൧. മെത്രാന്മാർ ൬ പട്ടക്കാർ ൩൧൬൨ പള്ളികൾ ൩൧൮൦ വിശ്വാസികൾ ൧,൨൫൪,൩൪൦ ഇത്ത്യാല്യായിൽ മെത്രാപ്പൊലിത്താന്മാർ ൪൯ മെത്രാന്മാർ ൨൨൦ പട്ടക്കാർ ൪൦൦൦൦ൽ അധികമുണ്ടാകും. ഫ്രാൻസിൽ മെത്രാപ്പൊലിത്താന്മാർ ൧൬ മെത്രാന്മാർ ൬൨ പള്ളികളും പട്ടക്കാരും അനേകമുണ്ടായിരിക്കുന്നു. ഇസ്പാനിയായിൽ മെത്രാപ്പൊലിത്താന്മാർ ൯ മെത്രാന്മാർ ൪൫ അവുസ്ത്രിയായിൽ മെത്രാപ്പൊലിത്താന്മാർ ൧൨ മെത്രാന്മാർ ൪൪ പോർത്തുഗാളിൽ മെത്രാപ്പൊലീത്താന്മാർ ൩ മെത്രാന്മാർ ൯ ബെൽജിന്മിൽ മെത്രാപ്പൊലീത്താ ൧ മെത്രാന്മാർ ൫ പോലണ്ടിൽ മെത്രാപ്പൊലീത്താ ൧ മെത്രാന്മാർ ൭ ജെൎമ്മനിയിൽ മെത്രാപ്പൊലീത്താന്മാർ ൫ മെത്രാന്മാർ ൧൯ സ്കോട്ടലണ്ടിൽ മെത്രാപ്പൊലീത്താന്മാർ ൨ മെത്രാന്മാർ ൪ പട്ടക്കാർ ൪൩൨ പള്ളികൾ ൨൯൯ വടക്കെ അമെരിക്കായിലും തെക്കെ അമെരിക്കായിലും മെത്രാപ്പൊലീ

ത്താന്മാർ ൨൦ മെത്രാന്മാർ ൧൭ വടക്കെ അമെരിക്കായിൽ പട്ടക്കാർ ൧൯൮൧൩ പള്ളികൾ ൧൬൫൮൨ വിശ്വാസികൾ ൧൪൫൯൧൫ ആഫ്രിക്കായിൽ മെത്രാപ്പൊലീത്താന്മാർ മെത്രാന്മാർ വികാരിഅപ്പൊസ്തൊലിക്കാന്മാർ മുതലായവർ ൨൬ പട്ടക്കാർ ൧൦൧൭ പള്ളികൾ ൧൦൦൯ വിശ്വാസികൾ ൨൭൯൧൫൦ ഇന്ത്യയിൽ ൯ മെത്രാപ്പൊലീത്താന്മാർ മെത്രാന്മാർ ൮൨ വികാരി അപ്പൊസ്തൊലിക്കാന്മാർ ൩ പള്ളികൾ ൨൭൪ പട്ടക്കാർ മിസ്സനരിമാർ ൯൮൪ നാട്ടുപട്ടക്കാർ ൧,൭൯൦ കത്തൊലിക്കർ ൮,൦൦൭,൬൮൭ ചീനം, ജപ്പാൻ, കൊറെയാ, ഇണ്ടൊചീനം, മുതലായ രാജ്യങ്ങളിൽ ഉള്ള മെത്രാപ്പൊലീത്താ ൧ മെത്രാന്മാർ ൨ വികാരി അപ്പൊസ്തൊലിക്കാന്മാർ ൨൯ മിസ്സനരിമാർ ൧൬൬ നാട്ടുപട്ടക്കാർ ൭൨൯ വിശ്വാസികൾ ൧,൨൩൮൨,൨൦൮ ആവ്യസ്ത്രാലിയായിലും അതിനൊടുഅടുത്തസ്ഥലങ്ങളിലും മെത്രാപ്പൊലീത്താന്മാർ ൪ മെത്രാന്മാർ ൧൫ വികാരി അപ്പൊസ്തൊലിക്കാന്മാർ ൯ പ്രെ്ഫെ്ത്തു അപ്പൊസ്തൊലിക്കാമാർ ൭ പള്ളികൾ ൧൬൪൨ പട്ടക്കാരു ൧൦൯൨ വിശ്വാസികൾ ൬൦൧൦൮൦ ഇനിയും ഫ്രാൻസു പൊൎത്തുഗാൽ സ്പാനിയാ ബെൽജിയം തെക്കെ അമെരിക്കാമുതലായ രാജ്യങ്ങളിലുള്ള പട്ടക്കാർ പള്ളികൾ വിശ്വാസികൾ മുതലായവരുടെ സംഖ്യയും പറവാനുള്ളതും ആയതു തല്ക്കാലം നിശ്ചയമില്ലാത്തതിനാലും മുൻപറഞ്ഞതു കൊണ്ടു റൊമ്മാ കത്തൊലിക്കരുടെ സ്ഥിതി വെണ്ടുംപ്രകാരം ഗ്രഹിക്കാവുന്നതിനാലും വിട്ടുകളയുന്നു. എന്നാൽ ശ്രുദ്ധമാന പത്രൊസിൻെറ പിംഗാമിയായ അതിപ്രബലപ്പെട്ട ൧൩-ാം ലെയൊൻ പാപ്പായുടെ അധികാരത്തിന്നും തൻെറ കല്പനകൾക്കും സദാ കീഴ്വഴങ്ങുന്നവരുമായി കർദ്ദിനാളന്മാർ മെത്രാപ്പൊലീത്താന്മാർ മെത്രാന്മാർ മുതലായി ൧൮൭൭-ാം താൻ സിംഹാസനത്തിൽ കെറിയതിൽ പിന്നെ നൂതനമായി രണ്ടുപാത്രിക്കീസന്മാരെയും ൨ മെത്രാപ്പൊലീത്താന്മാരെയും ൧൪ മുമ്പുണ്ടായിരുന്നതിനെ വീണ്ടും സ്ഥാപിക്കയും ൯൯ മെത്രാസനപ്പള്ളികളും ൮ ഡെലഗാത്തു അപ്പൊസ്തൊലിക്കാമാർ ൭൮ വികാരി അപ്പൊസ്തൊലിക്കാന്മാർ ൧൬൦ പ്രെ്ഫെ്ത്തു അപ്പൊസ്തൊലിക്കാമാരെയും നിശ്ചയിച്ചു ഉറപ്പിച്ചിട്ടുണ്ടു.!

## റൊമ്മായിൽ ഭൂലൊകമൊട്ടുക്കുള്ള കാൎയ്യാദികൾ മാൎപ്പാപ്പാക്കു പകരം നടത്തുന്നതിന്നായിസ്ഥാപിച്ചിരിക്കുന്ന സംഘങ്ങൾ.

റൊമ്മായിൽ ഇപ്രകാരമുള്ള കാൎയ്യാദികൾ നടത്തുന്നതിന്നായി

പല സംഘങ്ങളുണ്ടായിരിക്കുന്നു. ചിലപ്പോൾ ഒരാൾ തന്നെ പല സംഘങ്ങളിൽ ആലൊചനക്കാരനായും തലവനായും തെരിഞ്ഞെടുക്കപ്പെടുന്നതുമുണ്ടു. ഈ വിശുദ്ധപട്ടണത്തിൽ മാർപ്പാപ്പാന്മാർ സ്ഥാപിച്ചിട്ടുള്ള പ്രധാന സംഘങ്ങളെതാഴെ കാണിക്കുന്നു.

## റൊമ്മായിലും മററു സകല രൂപതകളിലുമുള്ള ആകമാനകാൎയ്യാദികൾ അന്വെഷിക്കുന്നതിന്നായി ഉണ്ടാക്കപ്പെട്ടസംഘം.

ഈ സംഘം വിശ്വാസ സംബന്ധമായ കാൎയ്യങ്ങളിൽ ആരെങ്കിലും തെററുപഠിപ്പിക്കയൊ, അല്ലെങ്കിൽ വിശ്വാസത്തിനു വിരൊധമായി എന്തെങ്കിലും പ്രവൃത്തിക്കയൊ ചെയ്യുമ്പൊൾ, അവരെ അന്വെഷിക്കുന്നതിന്നും, അവരുടെ അബദ്ധ പഠനങ്ങളെ ശപിക്കുന്നതിനും ഈ അവിശ്വാസത്തിനു തക്കതായ ശിക്ഷകല്പിക്കുന്നതിനും മററും നിയമിച്ചിരിക്കുന്നതാകുന്നു. ഈ വിശുദ്ധ സംഘത്തിന്റെ തലവൻ മാർപ്പാപ്പായും തന്റെ സഹായത്തിന്നായി ഒമ്പതു കർദിനാളന്മാരും ഇരുപത്തൊന്നു ആലൊചനക്കാരും, പത്തുവേറെ സ്ഥാനാപതിമാരുമുണ്ടു. ഈ സംഘം ൧൫൪൨-ൽ മൂന്നാമത്തെ പൌലൊസു പാപ്പാ സ്ഥാപിച്ചതാണ.

## പുസ്തകങ്ങളെ പരിശോധിക്കുന്ന തിരുസംഘം.

ഈ തിരുസംഘം അഞ്ചാമത്തെ പിയൂസു മാർപ്പാപ്പാ ആരംഭിക്കയും ൧൪-ാം ബെനദിക്തൊസു മാർപ്പാപ്പാ ഇതു ഉറപ്പിക്കയും ചെയ്തു. ഈസംഘത്തിന്റെ മുഖ്യലാക്ക സന്മാൎഗ്ഗത്തിനൊ വിശ്വാസത്തിന്നൊ പള്ളിക്രമങ്ങൾക്കൊമററൊ വിരൊധമായി നൂതനമായി അടിക്കുന്ന പുസ്തകങ്ങളിൽ എന്തെങ്കിലും ഉണ്ടൊയെന്നു പരിശോധിച്ചറിയുന്നതിനും, അപ്രകാരംഉണ്ടായിരുന്നാൽ ആയതു വായിക്കുന്നതിന്നും മുടക്കുന്നതിനും മററും അധികാരമുള്ള ഒരു വിശുദ്ധ സംഘമാണ. ഇതിന്റെ തലവൻ ഒരു ഉന്നത കർദിനാളന്മാരിൽ ഒരുവനാകുന്നു. ഇദ്ദെഹത്തൊടുകൂടെ വേറെ ഇരുപത്തഞ്ചു കർദിനാളന്മാരും, ഇരുപത്തെട്ടു ആലോചനക്കാരും ഒരു സദാ സഹായിയും, സെക്രത്താരിയും മററു പലരും ഉണ്ടായിരിക്കുന്നു.

## ത്രെന്തൊസ് സൂനഹദൊസിനെ കുറിച്ചുള്ള വിശുദ്ധ സംഘം.

നാലാമത്തെയും ൫ാമത്തെയും പീയൂസ മാർപ്പാപ്പാമാർ ഈ തിരുസംഘം ആരംഭിക്കയും അഞ്ചാമത്തെ സിക്സ്തുസ് പാപ്പാ ഇപ്പൊൾ കാണുന്ന ചട്ടവട്ടങ്ങളൊടു കൂടെ ഉറപ്പിക്കയും ചെയ്തു. ഈ സംഘത്തിനത്രെ ത്രെന്തൊസ സൂനഹദൊസിൽ പറയുന്ന സകല വിശ്വാസ സന്മാർഗ്ഗം മുതലായ കാര്യങ്ങളെക്കുറിച്ചു വ്യാഖ്യാനിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും മാർപ്പാപ്പായിൽനിന്നു അധികാരമുള്ളതു. ഇതിന്റെ അധിപതി ഒരു കർദിനാളാകുന്നു. ഇദ്ദെഹത്തൊടു കൂടെ ഇരുപത്തു നാലു കർദിനാളന്മാരും പത്തു സ്ഥാനാപതിമാരും രണ്ടു സെക്രത്താരിമാരും ഉണ്ടു.

## ശുദ്ധ: പള്ളിയുടെ അധികാരത്തെയും മറ്റും ആദരിക്കുന്ന സംഘം.

൧൬൨൬-ാം കാലം എട്ടാമത്തെ ഉർബാനൊസ പാപ്പാ ശുദ്ധമാന പള്ളിയുടെ സ്വാതന്ത്ര്യത്തെയും ഈ തിരുസ്സഭയുടെ സ്ഥാനമാനങ്ങളെയും ആദരിക്കുന്നതിന്നായി സ്ഥാപിച്ച ഒരുസംഘമാകുന്നു. ഇതിന്നധിപതിയായി ഒരുകർദിനാളും ഇദ്ദെഹത്തൊടുകൂടെ വേറെ നാലു കർദിനാളന്മാരും മറ്റുപലആലൊചനക്കാരുമുണ്ടു.

## മെത്രാന്മാരുടെയും ഒരൊസഭകളിലുള്ള സന്ന്യാസികളുടെയും കാര്യാദികൾക്കായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന സംഘം.

ഈവിശുദ്ധ സംഘം അഞ്ചാമത്തെ സിക്സ്തുസ് പാപ്പാ സ്ഥാപിച്ചതാകുന്നു. ഈ തിരുസംഘത്തിലാകുന്നു മെത്രാന്മാർ രൂപത സംബന്ധമായി ചൊദിക്കുന്ന ഓരൊ ചൊദ്യങ്ങൾക്കും മെത്രാന്മാരും സന്ന്യാസികളും തമ്മിലുള്ള കാര്യാദികൾക്കും കന്യാസ്ത്രീകളുടെ പരിഞ്ഞൊപ്പു മുതലായതിനെക്കുറിച്ചും മറ്റും വിസ്തരിച്ചു സമാധാനം പറയുന്നതു. ഈ സംഘത്തിന്റെ അധിപതി ഒരുകർദിനാളും ഇദ്ദെ

ഹെത്തൊട്ടുകൂടെ വെറെ ഇരുപത്തൊമ്പതു കർദിനാളന്മാരും ഇരുപത്തെട്ടുആലൊചനക്കാരും പന്ത്രണ്ടുഉദ്യൊഗസ്ഥന്മാരും സെക്രത്താരിമാരും ഉണ്ടായിരിക്കുന്നു.

## റീത്തുകൾസംബന്ധമായിട്ടുള്ള കാൎയ്യാദികളെ കുറിച്ചുള്ളസംഘം.

റീത്തുകൾ സാംബന്ധമായി ഉണ്ടാകുന്ന ചൊദ്ദ്യങ്ങൾക്കും പള്ളിക്രമങ്ങൾ മുതലായത്തു ശരിയായി നടത്തുന്നതിന്നും ൟ വിഷയങ്ങളിലുണ്ടാകുന്ന ഓരൊ ചോദ്യങ്ങൾക്കു ത്തരിക്കുന്നതിന്നും നിയമിച്ചിരിക്കുന്ന ഒരുതിരുസംഘം ഇതാകുന്നു. ഇതുകൂടാതെ ൟതിരുസംഘത്തിൽ തന്നെയാണു പുണ്യസാംഗൊപാംഗത്തിൽ ജിവിച്ച സ്വൎഗ്ഗപ്രാപ്തരായ പുണ്യാത്മാക്കളെ വാഴ്ത്തപ്പെട്ടവരെന്നും പരിശുദ്ധന്മാരെന്നും വിളിക്കുന്ന ഗൌരവ സംഗതികളെ കുറിച്ചു ആലൊചിക്കുന്നതും. ൟതിരു സംഘത്തിന്റെയും അധിപതിയായി ഒരു കർദിനാളും തനിക്കു സഹായികളായി മുപ്പത്തിനാലു കർദിനാളന്മാരും ഇരുപത്തു ആലൊചനക്കാരും പത്തു സ്ഥാനാപതിമാരും മററു പലസഹായികളും ഉണ്ടു.

## ദണ്ഡവിമോചനത്തെപ്പററിയും തിരുശ്ശേഷിപ്പുകളെ പരിശൊധിക്ക മുതലായതിനെ കുറിച്ചുമുള്ളതിരുസംഘം.

ൟ തിരു സംഘം പതിനൊന്നാമത്തെ ക്ലെമെൻസു പാപ്പാ സ്ഥാപിച്ചതാണു. ൟ തിരുസംഘസ്ഥാപനത്തിൻ ലാക്കു മാൎപ്പാപ്പന്മാർ നൽകപ്പെടുന്ന ദണ്ഡവിമൊചനങ്ങളിൽ കൂട്ടുകയൊ, അല്ലെങ്കിൽ കളവായി പ്രസിദ്ധം ചെയ്യുകയൊ ചെയ്യുമ്പൊൾ കണ്ടുപിടിപ്പാനും മെത്രാന്മാർ മുതലായവർ ചിലപ്രത്യേക ദണ്ഡവിമൊചനങ്ങൾ തങ്ങളുടെ രൂപതകൾക്കായി ചൊദിക്കുമ്പൊൾ ആയതു ലഭിച്ചു കൊടുപ്പാനും സംശയമായതും കളവായതുമായ വസ്തുക്കൾ തിരുശ്ശേഷിപ്പുകൾ എന്നപൊലെ വന്ദിക്കുമ്പൊൾ ആയതു വിലക്കുവാനും മററും ആകുന്നു. ൟ തിരുസംഘത്തിനു അധിപതിയായി ഒരു കർദിനാളും, സഹായികളായി മുപ്പതു കർദിനാളന്മാരും ൧൭ ആ

ലൊചനക്കാരും മററുപല ഉദ്യൊഗസ്ഥന്മാരും ഉണ്ടു. ഇവർ സകല ത്തും കൃത്യമായും അതി ശുഷ്ക്കാന്തിയൊടും നടത്തിക്കൊണ്ടുവരുന്നു.

---

## കിഴക്കെ റീത്തുകാൎക്കായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രൊപ്പഗാന്ത സംഘം.

കിഴക്കെ റീത്തിലുള്ള പാത്രിയൎക്കീസന്മാർ മെത്രാന്മാർ വികാരി അപ്പൊസ്തൊലിക്കാന്മാർ മുതലായവർ തങ്ങളുടെ രൂപതകൾക്കു ആവശ്യപ്പെട്ടിരിക്കുന്ന ഓരൊ സംഗതികളെ നടത്തികൊടുക്കുന്നതി ന്നായും ൟ രൂപതകൾക്കവെണ്ടുന്ന അഭിവൃദ്ധികൾ വരുത്തികൊടു ക്കുന്നതിന്നായും ഒമ്പതാമത്തെ പീയൂസ്സ പാപ്പാ ൟ തിരുസംഘംസ്ഥാ പിച്ചു. ഇതിന്നു അധിപതിയായി ഒരു കർദിനാളും സഹായികളാ യി പന്ത്രണ്ടു കർദിനാളന്മാരും പതിനെട്ടു ആലൊചനക്കാരും അ മ്പതിൽ അധികം നടത്തുകാരും ഉണ്ടു.

---

## ലത്തീൻറീത്തു സംബന്ധിച്ചുള്ള പ്രൊപ്പഗാന്ത സംഘം.

ഭൂലൊകത്തിൽ നാനാഭാഗങ്ങളിലുള്ള ലത്തീൻ റീത്തിലുള്ള രൂപതകൾ വികാരിയാത്തു, മിസ്സങ്ങൾ മുതലായവയുടെ കാൎയ്യാദി കൾ സകലത്തും നടത്തികൊടുക്കുന്നതിന്നും പുതുരൂപതകൾ മിസ്സ ങ്ങൾ മുതലായവ സ്ഥാപിക്കുന്നതിന്നും ഇവകൾക്കു എല്ലാവക അഭി വൃദ്ധികൾ വരുത്തുന്ന പൊംവഴികളെ കാണിച്ചുകൊടുക്കുന്നതിന്നും പതിനഞ്ചാമത്തെ ഗ്രിഗൊരിയൊസ്സ പാപ്പാ ൟ അതിപ്രബലപ്പെ ട്ട തിരു സംഘം സ്ഥാപിച്ചു. ഇതിന്നു അധിപതിയായി ഒരു കർദിനാ ളും തന്നൊടുകൂടെ ഇരുപതിൽ അധികം കർദിനാളന്മാർ സഹായി കളായും മുപ്പത്തുരണ്ടു ആലൊചനക്കാരും സെക്രത്താരിമാരും, അ റു പ്രധാന ഉദ്യൊഗസ്ഥന്മാരും അതിശുഷ്കാന്തിയൊടെ സകലത്തും വി ചാരിച്ചുവരുന്നു.

---

## പള്ളിക്കടുത്ത അസാധാരണ കാൎയ്യങ്ങളെ കുറിച്ചുനിശ്ചയിക്കുന്ന സംഘം.

സൎക്കാർ സംബന്ധമായുള്ള സംഗതികളിലും പ്രയാസവും ഗൌ

രവവും ഉള്ള വിഷയങ്ങളിലും മാൎപ്പാപ്പായെ സഹായിക്കുന്നതിന്നായി ൫-ാം പീയൂസു പാപ്പാസ്ഥാപിച്ച ഒരു തിരുസംഘം ഇതാകുന്നു. ഇപ്രകാരമുള്ള കാൎയ്യാദികൾ നടത്തുന്നതിന്നു അധിപതികളായി ഹമ്പ കർദ്ദിനാളന്മാരും ൻ ആലൊചനക്കാരും മററു പല ഉദ്യൊഗസ്ഥന്മാരുമുണ്ടു. മുൻ പറഞ്ഞ ഓരൊ തിരു സംഘങ്ങളിൽ എന്തെങ്കിലും നിശ്ചയിച്ചശെഷം മാൎപ്പാപ്പായുടെ സമ്മതം ചൊദിക്കാതെ ഒരിക്കലും പരസ്യമാക്കയില്ലായെന്നതു നിശ്ചയം. ഇനിയും പലസംഘങ്ങളുണ്ടായിരുന്നാലും അവയെല്ലാം ഇവ ദീൎഘമായി പോകാതിരിക്കുന്നതിന്നു വേണ്ടി വിട്ടുകളയുന്നു.

## ശുദ്ധമാന പള്ളിയിലുള്ള സഭക്കാർ.

ശുദ്ധ: പള്ളിയുടെ വിലമതിച്ചു കൂടാത്ത ആഭരണങ്ങൾ മഹാ പുണ്യവാന്മാരാൽ സ്ഥാപിക്കപ്പെട്ട സന്യാസികളുടെയും കന്യാസ്ത്രീകളുടെയും സംഘങ്ങളും സഭകളുമാകുന്നു വെന്നതു നിസ്സംശയം. ലൊകത്തിൽ മനുഷ്യരുടെ ഇടയിൽ ദുഷ്ടതയും തിന്മയും അധികരിച്ചുവരികയും സത്യ ദൈവത്തിൻെറയും താൻ ഇഹലൊകത്തിലെക്കു യാത്രയാക്കിയ ൟശൊമിശിഹായുടെയും ജ്ഞാനവും, തന്നിലുണ്ടാകെണ്ടുന്ന വിശ്വാസവും കുറഞ്ഞുവരികയും ചെയ്യുന്തൊറും, തിരുസ്സഭയിൽ ഓരൊ സംഘങ്ങളും സഭകളും ദിനംപ്രതി വൎദ്ധിച്ചു വരികയും ൟ തിന്മകളെയും പിശാചിൻെറ ഓരൊ വക തന്ത്രങ്ങളെയും ൟ സഭകളിലും സംഘങ്ങളിലുമുള്ള അംഗങ്ങളുടെ സാംഗൊപാംഗ ജീവിതത്താലും പ്രാൎത്ഥനയാലും ശ്ലീഹാസ്സൂട്ടത്തൊരൊ പരിശ്രമങ്ങളാലും എതൃക്കുന്നതിന്നും നിൎമ്മൂലമാക്കുന്നതിന്നും സദാ പരിശ്രമിച്ചുവരികയും ചെയ്യുന്നു. ശുദ്ധമാന പള്ളിയിലുള്ള പ്രധാന സഭകൾ ഏവയെന്നാൽ ശുദ്ധ: ബസീലിയൊസു, ബെനദിക്തൊസു, അഗുസ്തീനൊസു, ഫ്രാൻസീസ്സൊസു, ദൊമിനിക്കൊസു ആദിയായ മഹാ പുണ്യവാന്മാർ സ്ഥാപിച്ചതും കൎമ്മൽദൊലെസി, ചിസ്ത്യെർച്ചെൻസി, ത്രപ്പീസ്റ്റി, കമ്മലീത്താസഭ, ൟശൊസഭ, മുതലായവയും വെറെനൂറിലധികം കന്യാസ്ത്രീകളുടെയും സന്യാസികളുടെയും സംഘങ്ങളും സഭകളും ഉണ്ടായിരിക്കുന്നു. ഇവയിൽ പ്രധാന സഭക്കാരുടെയും സംഘക്കാരുടെയും ആശ്രമങ്ങൾ അനെകം റോമ്മായിൽ ഉള്ളതും ഇവരുടെ ജനറാളന്മാർ ൟ വിശുദ്ധനഗരത്തിൽ മാൎപ്പാപ്പായുടെ കല്പനകൾ ഉടനടി

നിറവേററുന്നതിന്നായി, സഹവാസം ചെയ്യുന്നവരുമാണ. മുൻപറഞ്ഞ സഭകളിലും സംഘങ്ങളിലും അനേകായിരം സംഘങ്ങൾ ഉണ്ടായിരിക്കുന്നു വെങ്കിലും ഇവരെവരും അവരവരുടെ തലവന്മാക്കും ശ്ലീ: പള്ളിയുടെ പഠനത്തിനും മാർപ്പാപ്പായുടെ വരുതിക്കും സദാകീഴ്പ്പെട്ടിരിക്കയും, ൟ ജ്ഞാന പൂന്തോപ്പുകളിലുള്ള പരിമളം വീശിക്കൊണ്ടിരിക്കുന്ന സുകൃത പുഷ്പങ്ങളെ സൂക്ഷിക്കുന്നവരുടെ നേത്രങ്ങളിൽ തിരുസ്സഭയുടെ ഭംഗിയും മഹത്വവും പ്രഭയും സൂൎയ്യനെപ്പോലെ പ്രകാശിക്കുകയും ചെയ്യുമെന്നതിന്നു സംശയമില്ല. ൟ സഭക്കാർ തിരുസ്സഭയുടെ വൎദ്ധനക്കും ആത്മാവുകളുടെ രക്ഷെക്കും ഭൂലോകപരിഷ്കാരത്തിനും ആസ്യാ, യൂറോപ്പ, അമേരിക്കാ, അഫ്രിക്കാ, മുതലായ ഭൂഖണ്ഡങ്ങളുടെ നാനാഭാഗങ്ങളിൽ ചെയ്യുവരുന്ന പരിശ്രമങ്ങളെ ഉററു ധ്യാനിക്കുമ്പോൾ ഇവരുടെ പ്രയത്നങ്ങൾ എത്രമാത്രമെന്നു എളുപ്പത്തിൽ വിവരിക്കാവതല്ലാ. ൟ വസ്തുതയെ ഇവരുടെ സ്ഥിതികൾ പൂൎണ്ണമായി ഗ്രഹിച്ചിട്ടുള്ളവർ ഏവരും സമ്മതിക്കുന്നതാണ.

റൊമ്മാപട്ടണത്തിലുള്ള ബസീലിക്കാപള്ളികളും
ഇടവകപള്ളികളും കുരിശുപള്ളികളും
അവകളുടെ വിശേഷങ്ങളും.

റൊമ്മായിൽ അതിഭംഗിയായിട്ടുള്ളതും, പ്രധാനമായതുമായ അനേക ദേവാലയങ്ങളുണ്ട്. എന്നാലിവകളിൽവച്ചു മുഖ്യമായിട്ടുള്ളതു തലപള്ളികളുമായവ ഏഴായിരിക്കുന്നു. ഇവയിൽ നാലു റൊമ്മാകൊട്ടെക്കകത്തും, മൂന്നു കൊട്ടയുടെ പുറത്തുമാണ. കൊട്ടെക്കകത്തുള്ള ബസിലിക്കാപള്ളികൾ, വിശുദ്ധ പത്രൊസിന്റെയും ലത്തെറാൻ അതായതു ശുദ്ധ: യോഹന്നാന്റെ നാമധെയത്തിൽ പണിയിച്ചിരിക്കുന്നതും, മഞ്ഞുമാതാവിന്റെ പള്ളിയും "സന്താക്രൊച്ചെദിജെറുസലെമ്മെ, ഓറെയ്യും വിശുദ്ധ കുരിശിന്റെ യെന്നുപറയുന്ന ദേവാലയവുമാകുന്നു. കൊട്ടെക്കു പുറത്തുള്ള ബസിലിക്കാപള്ളികൾ ശുദ്ധ: പൌലൊസ ശ്ലീഹായുടെയും ശുദ്ധ: ലൌറെന്ത്യൊസു, ശുദ്ധ: സെബസ്ത്യാനൊസു എന്ന വെദസാക്ഷികളുടെ നാമധെയങ്ങളിലും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവയാകുന്നു.

## വിശുദ്ധ പത്രോസശ്ലീഹായുടെ ബസീലിക്കാ.

വിസ്മയിക്കതക്കതും, ഭൂലോകമൊട്ടുക്ക കീൎത്തിപെട്ടതും, അതി വിസ്താരമുള്ളതും, നാനാഭാഗങ്ങളിൽ നിന്നും കാണുന്നതിന്നും, കുമ്പിടുന്നതിന്നും ആയിവരുന്ന ഒരു വിശിഷ്ടദെവാലയം ശുദ്ധ: പത്രൊസ്സശ്ലീഹായുടെ നാമധെയത്തിൽ പണിയപ്പെട്ടിരിക്കുന്നതത്രെ. ൟ ബസീലിക്കായുടെ ആരംഭം വിശുദ്ധ പത്രൊസ്സ റൊമ്മായിൽ വെദസാക്ഷിത്വം ഏറ്റു, തന്റെ വിശുദ്ധ ശരീരം അവിടെഅടക്കപ്പെട്ടതു മുതൽ ഉള്ളതാകുന്നു. ഒന്നാംയുഗംമുതൽ ഇവിടെ കപ്പെളയുണ്ടായിട്ടുള്ളതും, ൟ കപ്പെള, ശുദ്ധ: പത്രൊസിനൊടു മെത്രാൻപ്പട്ടമേറ്റ ശുദ്ധ: അനെക്ലെത്തൂസ എന്നപാപ്പാ പണിയിച്ചതുമാണു. മിശിഹാകാലം ൩൨൦ൽ, കൊൻസ്സന്തിനൊസ എന്നകീൎത്തിപെട്ട എമ്പ്രദൊര, ൟ ചെറിയകപ്പെള മാൎബ്ബൽ കല്ലുമുതലായ മറ്റുപല തരവിശെഷിക്കപ്പെട്ട കല്ലുകൾകൊണ്ടു ഒരു അതിഭംഗിയായി ബസീലിക്കാപണിയിക്കയും ൟ ഉന്നതസ്ഥലം അന്നെദിനം മുതൽ, വളരെ അതിശയത്തൊടും, ഭയഭക്തിയൊടുംകൂടെ കാത്തുവരികയും ചെയ്തുവന്നിരുന്നു. ൧൪൫൦-ാം കാലം അഞ്ചാമത്തെ നിക്ക്ളാവൊസ് പാപ്പാ ഇപ്പൊൾ കാണുന്ന ദെവാലയം പണിയിപ്പിക്കുന്നതിന്ന ആരംഭിക്കയും, ആറാം പീയൂസ് പാപ്പായുടെ വാഴ്ചയിൽ ഇതിന്റെ പണി പൂൎത്തിയാക്കുകയും ചെയ്തു. ൟ അത്ഭുതകരമായ ദെവാലയം പൂൎത്തിയാക്കുന്നതിന്നായി മൂന്നുററി അമ്പതു സംവത്സരം ഇടവിടാതെ പണിയെണ്ടിവന്നു; ഇതിനിടയിൽ നാല്പത്തുമൂന്നു മാൎപ്പാപ്പാമ്മാർ വാണിട്ടുണ്ടു. ൟബസീലിക്കായുടെ പണി ഇത്രയും ദീൎഘിച്ചതിനെക്കുറിച്ചു ആലൊചിക്കുമ്പൊൾ വിസ്മയിക്കാത്തവർ ചുരുക്കമെന്നു പറഞ്ഞിട്ടാവശ്യമില്ലല്ലൊ. ൟപള്ളിയിരിക്കുന്ന സ്ഥലത്തിന്റെ വിസ്താരം ൨,൪൦,൦൦൦ ചതുരശ്ര അടിയും ൟ പള്ളിയുടെനീളം ൬൧൭ ഇംഗ്ലിഷ ചുവടും, വീതി ൧൨൦ കോലും പൊക്കം ൧൨൦തിൽ അധികവും ഉണ്ടാകും. ൟ ബസീലിക്കാ ഭൂലൊകത്തിലുള്ള സകല പള്ളികളിൽ വലിപ്പമുള്ളതാകുന്നു. അതെന്ത്യെ ഭൂലൊകത്തിൽ വെറെപ്രധാനപള്ളികൾ ഉള്ളവയിൽ ലണ്ടൻ പട്ടണത്തിൽ ശുദ്ധ: പൌലൊസിന്റെ പള്ളിയാണ. രണ്ടാമതായിവരുന്നതു ഇതിന്റെ നീളം ൫൧൦ ഇംഗ്ലീഷഅടിയും മിലാനിൽ മെത്രാസനപള്ളിക്കു ൪൪൯ അടിയും കൊൻസ്സന്തിനൊപ്പൊളി ശുദ്ധ: സൊഫിയാ പുണ്യവതിയുടെ പള്ളിക്കു ൩൫൭ അടിനീളമാകുന്നു. ശുദ്ധ: പത്രൊസിന്റെ പള്ളിക്കകത്തുഅറുപതിനായിരം ജനങ്ങൾക്കസൌകൎയ്യമായി നിന്നു തിരുകൎമ്മങ്ങൾക്കു കൂടുവാൻ പാടുണ്ടു. പള്ളിയുടെ പണി മിക്കവാറും മാൎബ്ബൽ കല്ലു മുതലായ വിലപിടിച്ച കല്ലുകൾകൊ

ണ്ടുള്ളതും, പണിവാസന വിസ്മയിക്കത്തക്കതുമാകുന്നു. ൟ പള്ളിയു
ടെ എട്ടുപട്ടത്തിൻ മുകളിൽ ഒരുതാഴിക കുടമുണ്ടു., താഴെനിന്നുനൊ
ക്കുമ്പൊൾ ഒരുചെറിയ പന്തുപൊലെ തൊന്നിപ്പൊകും. ഇതിന്നുള്ളി
ൽ പന്ത്രണ്ടുപേൎക്കു ധാരാളമായിരിപ്പാൻ വിസ്താരമുള്ളതും, ഇതു സ്വന്ത
പരിചയത്താൽ അറിഞ്ഞിട്ടുള്ളതുമാണ. പള്ളിയുടെഅകത്തുള്ള പണി
യുടെ ഭംഗിവളരെ ദിവസങ്ങൾ കൊണ്ടുമാത്രമെ കണ്ടുപിടിപ്പാൻ
പാടാകയുള്ളു. അതെന്ത്യെ ൟപള്ളിയുടെ വലിപ്പം അത്ര ഭയങ്ക
രമായുള്ളതാണ. ഓരൊസഭയെസ്ഥാപിച്ച പുണ്യവാന്മാരുടെകൊത്തു
രൂപങ്ങൾ ൟബസിലിക്കായുടെ ചുവരിന്മെൽഇവരുടെ നിത്യഓൎമ്മ
ക്കായി സ്ഥാപിക്കപ്പെട്ടിരിക്കുന്നതുകൂടാതെ എട്ടുപട്ടത്തിൻെറ മുകളി
ൽ ചുററും "നീകല്ലായിരിക്കുന്നു ൟ കല്ലിന്മെൽ എൻെറ പള്ളിയെ
ഞാൻ പണിചെയ്യും നിനക്കു മൊക്ഷരാജ്യത്തിൻെറ താക്കൊലുകളെ
തരുവെന്നുമുള്ള വാചകങ്ങൾ ലത്തീനിലും ഗ്രെക്കുഭാഷയിലും വല്യ
അക്ഷരത്തിൽ മുസായിക്ക എന്നുപറയുന്ന വിശെഷിക്കപ്പെട്ട കല്ലുക
ൾകൊണ്ടു പണതിരിക്കുന്നു. ൟ ഓരൊ അക്ഷരങ്ങൾക്കു ആറടിനീ
ളമുണ്ടു. ഇതുകൂടാതെ എട്ടുപട്ടത്തിൻെറയകത്തു നാലു ഏവൻഗേലീ
സ്താന്മാരുടെ മുൻപറഞ്ഞകല്ലുകൾകൊണ്ടുള്ള രൂപങ്ങളും ഉണ്ടായിരി
ക്കുന്നു. ശുദ്ധ: മൎക്കൊസു ഏവൻഗേലീസ്തായുടെ കയ്യിലിരിക്കുന്ന തൂ
വലിൻെറ വലിപ്പം രണ്ടു കോൽനീളവും താഴെനിന്നു നൊക്കുമ്പൊ
ൾ സാധാരണ തൂവലിൻെറവലിപ്പവും മാത്രമെയൊള്ളു.

## മാപ്പാപ്പായുടെ ത്രൊണൊസ.

മാപ്പാപ്പായുടെ ത്രൊണൊസുസ്ഥാപിക്കപ്പെട്ടിരിക്കുന്നതു ശുദ്ധ:
പത്രൊസു ശ്ലീഹായുടെ കവറിടത്തിൻ മീതെയാകുന്നു പരിശുദ്ധ
പിതാവു ൟബസീലിക്കായിൽ വരുമ്പൊഴൊക്കയുംദിവ്യപൂജ ൟ പീ
ഠത്തിന്മെൽ ചൊല്ലിവരുന്നു. ൟ പീഠത്തിൻെറമുൻവശത്തു വെറൊ
രു അൽത്താരിയുടെ മുകളിൽ ഉയരത്തിൽ ശു: പത്രൊസിൻെറസിം
ഹാസനം സ്ഥാപിച്ചിരിക്കുന്നു. വല്യപിതാക്കന്മാരായ ശുദ്ധ: അമ്പ്രൊ
സീസു, അഗുസ്തീനൊസു, അത്തനാസിസു, ഗ്രീഗൊരിയൊസു, ൟ
സിംഹാസനത്തെ താങ്ങിയിരിക്കുന്നു. ഒരുചെമ്പു കസെരക്കകത്താ
ക്കി ൟസിംഹാസനം സ്ഥാപിച്ചിരിക്കുന്നതിനാൽ കാണ്മാൻ പാടാക
യില്ല. വല്യത്രൊണൊസിൻെറ കുറെ പുറകൊട്ടുമാറി ഇടത്തുവശത്തു

ശുദ്ധ: പത്രൊസ്സശ്ലീഹായുടെ രൂപം വിശ്വാസികളുടെ വന്ദനെക്കായി വച്ചിരിക്കുന്നു. ഇതുഓട്ടുകൊണ്ടുള്ളതും പഴെറൊമ്മാക്കാർ മുഖ്യമായിവന്ദിച്ചുവന്നിരുന്ന "യൂപ്പിറെറർ„ എന്ന ദേവൻെറരൂപം ഉടെച്ചുവാൎത്തതാകുന്നുവെന്നു പറഞ്ഞുവരുന്നു. ൟരൂപം ഇരിക്കുന്നതിൻെറ നേരെമുകളിൽ ഒമ്പതാമത്തെ പീയൂസ പാപ്പാ, പാപ്പായായതിൻെറ ഇരുപത്തഞ്ചാം വത്സരം ഘൊഷിച്ചതിൻെറ ഓൎമ്മയ്ക്കായി മുസായിക്ക കല്ലുകൊണ്ടുഒരുരൂപം തീൎത്തു വച്ചിരിക്കുന്നു.

---

## പരിശുദ്ധ പത്രൊസ്സുശ്ലീഹായുടെ കവറിടം.

പരിശുദ്ധ പത്രൊസിൻെറ പള്ളിയുടെ ഒന്നാമത്തെതും വിലമതിച്ചുകൂടാത്ത ഒരാഭരണം പത്രൊസിൻെറ ശരീരവും തൻെറ കീൎത്തിപ്പെട്ട കവറിടവും ആകുന്നുവെന്നതിന്നു സംശയമില്ല. ഇവിടെവന്നുചേരുമ്പൊൾ ഹൃദയത്തിൽ ജ്വലിക്കുന്ന ഭക്തിയും ഹൃദയത്തിൻെറ സമാധാനവും പറഞ്ഞറിയിപ്പാൻ പാടാകുന്നതല്ല. ൟ വിശുദ്ധ കവറിടത്തിങ്കൽ അനെകയാളുകൾ നാനാഭാഗങ്ങളിൽ നിന്നു ദീൎഘയാത്രകഴിച്ചുവന്നു ൟശൊമിശിഹായുടെ വികാരിയും തിരുസ്സഭയുടെ തലവനുമായ പത്രൊസിൻെറ തിരുശ്ശെഷിപ്പിന്നെ ഇടവിടാതെ വന്ദിച്ചുവരുന്നു. ഇവിടെ രാവും പകലും കെടാതെ ൮൯ വിളക്കുകൾ എരിഞ്ഞുകൊണ്ടുനില്ക്കുന്നു.

---

## പാല്യൂം എന്നതിരുവസ്ത്രം.

പാത്രിയൎക്കീസന്മാൎക്കും മെത്രാപ്പൊലീത്താന്മാൎക്കും തങ്ങളുടെ അധികാരത്തിൻ ചിഹ്നമായി മാൎപ്പാപ്പാ അവരുടെഅപെക്ഷപ്രകാരം കൊടുക്കുന്ന അവസ്ത്രം "പാല്യം„ എന്നുവിളിച്ചുവരുന്നു. ൟതിരുവസ്ത്രം സംഗ്രഹിച്ചുവച്ചിരിക്കുന്നതു ശുദ്ധ: പത്രൊസിൻെറ കവറിടത്തിൻ മീതെയാകുന്നു. ൟ തിരുവസ്ത്രം വാഴ്ത്തുംക്രമം എങ്ങിനെയെന്നാൽ റൊമ്മായിൽ വിശുദ്ധ അഗ്നെസ പുണ്യവാളത്തിയുടെ തിരുനാൾദിനം രണ്ടു ആട്ടിൻകുട്ടികളെ ആഭരണങ്ങൾ, പൂമാലകൾ മുതലായതു ചാൎത്തി, ൟ പുണ്യവതിയുടെ പള്ളിയിൽ കൊണ്ടുവരികയും, പൊന്തിഫിക്കാൽ കുൎബാനകഴിഞ്ഞു, ൟകുഞ്ഞാടുകളെ കുൎബാന പാടിയകൎമ്മിനാൽ അല്ലെങ്കിൽ മെത്രാൻ ആശീൎവദിച്ചു അവയെ വ

ളുന്നതിന്നായി നിശ്ചയിച്ചിട്ടുള്ള കന്യാസ്ത്രീകളുടെ പക്കൽ ഏല്പിക്കുന്നു. അവർ തക്കപ്രായം വരുമ്പോൾ ഇവയെ കൊന്നു രോമം വെട്ടി "പാല്യം,, എന്ന വസ്ത്രം ഉണ്ടാക്കി മാപ്പാപ്പാസ്സു അയക്കയും ഉടനെ ഠരം തിരുവസ്ത്രം പത്രോസിന്റെ കവറിടത്തിങ്കൽ വയ്ക്കുന്നതിന്നായി ഏല്പിക്കയും ചെയ്യും. പാത്രിയക്കീസന്മാരെയൊ, മെത്രാപ്പൊലീത്താന്മാരെയൊ, നിശ്ചയിക്കുമ്പോൾ ഇവൎക്കു മാപ്പാപ്പാ നൽകുകയും ചെയ്യുന്നു. ഠരം തിരുവസ്ത്രം കൂടാതെ ഇവൎക്കുള്ള അധികാരങ്ങൾ നടത്തിക്കൂടാ. ഇതു കരണ്ടോമറെറാ പെരയാൽ വെറെ കിട്ടുന്നതിന്നായി അപെക്ഷിക്കയും മരിക്കുമ്പോൾ ഇതൊടുകൂടെ അടക്കുകയും വേണം.

## വിശുദ്ധ. പത്രൊസ്സ്ശ്ലീഹായുടെ പള്ളിയിലുള്ള തിരുശ്ശേഷിപ്പുകൾ.

ഠരം ബസിലിക്കായിൽ അനെക തിരുശ്ശെഷിപ്പുകളിരിപ്പുണ്ടു. പ്രധാനമായിട്ടുള്ളതു ശുദ്ധ: വെറൊനിക്കാ തുടെച്ച നമ്മുടെ ദിവ്യരക്ഷിതാവിന്റെ തിരുമുഖം പതിഞ്ഞതുവാലയും നമ്മുടെകൎത്താവിന്റെതിരുഹൃദയം കുത്തിതുറന്ന കുന്തവും ശുദ്ധമാന കുരിശിന്റെ ഒരുഭാഗവും ഇരിപ്പുള്ളതു കൂടാതെ പരിശുദ്ധ പത്രൊസു പൌലൊസ്സ്ശ്ലീഹന്മാരുടെ തിരുശ്ശേഷിപ്പുകളുടെ വലിയപങ്കും ശുദ്ധ: ക്രീസൊസ്തൊമൊസ, ശുദ്ധ:വലിയഗ്രീഗൊരിയൊസ,ശുദ്ധ:ഗ്രീഗൊരിയൊസനസിയെൻസെനൊ, ശുദ്ധ: ഒന്നാം രണ്ടാം മൂന്നാം നാലാം ലെയൊൻ പാപ്പാന്മാരുടെ തിരുശ്ശിരങ്ങളും, ആകെപ്പറഞ്ഞാൽ ഠരംവിശുദ്ധ ദെവാലയത്തിൽ അമ്പതിലധികം പുണ്യവാന്മാരുടെ ശരീരം ഇരിപ്പുണ്ടു.

## വിശുദ്ധ പത്രൊസിന്റെ പള്ളിയിലുള്ള പോൎത്തസാൻതാ അല്ലെങ്കിൽ വിശുദ്ധ വാതിൽ.

ഠരം പ്രധാനബസീലിക്കായിലെക്കു കയറുന്നതിന്നായി മുൻവശത്തു അഞ്ചു പ്രധാന വാതിലുകളുണ്ടു. ഇതിലൊന്നാണ വിശുദ്ധ വാതിലെന്നു പറഞ്ഞുവരുന്നതു. ഠരം വാതിൽ കല്ലുകൊണ്ടു തുറക്കാത്തവിധത്തിൽ അടെച്ചിരിക്കുന്നതു", എല്ലാ ഇരുപത്തഞ്ചാം സംവത്സരവും, മാപ്പാപ്പാ, കർദിനാളന്മാർ മെത്രാന്മാർ മുതലായവരൊടുകൂടെ വള

രെ ആഘോഷമായിവരികയും ഇതിന്നായി തീൎപ്പിച്ചിരിക്കുന്ന പൊൻചുററികകൊണ്ടു മൂന്നുഴം മാൎപ്പാപ്പാ അടിച്ചുതുറക്കുകയും ചെയ്യുന്നു. ഇപ്രകാരം ആണ്ടുമുഴവനും തുറന്നിരിക്കയും ൟ വാതിൽ വഴിപള്ളിയിൽ പ്രവെശിക്കുന്നവൎക്കു അനെക ദണ്ഡവിമൊചനങ്ങൾ കൈക്കൊള്ളാവുന്നതുമാണു. ൟതരം ദണ്ഡവിമൊചനങ്ങളുള്ള വാതിലു ശുദ്ധ: പത്രൊസിന്റെ ബസീലിക്കായിൽമാത്രമല്ല ലത്തെറാൻ ശുദ്ധ മറിയം മയൊർ, ശു: പൌലൊസ്സ്ലീഹായുടെയും ബസീലിക്കാകൾക്കും ഉണ്ടായിരിക്കുന്നു. ൟ വിശുദ്ധ വാതിലുകൾ മൂന്നുമുഖ്യകൎദിനാളന്മാർ പൊയി അന്നെദിനം തന്നെതുറക്കയും ചെയ്യുന്നു. ആണ്ടറുതിക്കു, മാൎപ്പാപ്പാ ശുദ്ധ: പത്രൊസിന്റെ വാതിലും മററുമൂന്നു വിശുദ്ധ വാതിലുകൾ കൎദിനാളന്മാരും പൊയിവീണ്ടും അടെക്കുന്നു. ൟ കാലത്തിനുവലിയയൂബിലെവും എന്നുപറയപ്പെടുന്നു. ൟ യൂബിലെവിന്റെആണ്ടിൽ ചിലപ്രത്യെക ദണ്ഡവിമൊചനങ്ങളൊഴികെ ശെഷമുള്ളസകല ദണ്ഡവിമോചനങ്ങളും റോമ്മാസ്സു പുറത്തുള്ള മററുസ്ഥലങ്ങളിൽ ഒക്കയും നിറുത്തപ്പെടുന്നു. ദീനക്കാർ, വയസ്സന്മാർ, കന്യാസ്ത്രീകൾ മററുചില പ്രത്യേകയനുവാദം ലഭിച്ചവരൊഴികെ, ശെഷമുള്ളവരൊക്കയും ൟ ദണ്ഡവിമോചനം കൈക്കൊള്ളുന്നതിന്നായി റോമ്മായിക്കു പോകെണ്ടിയും ഇരിക്കുന്നു.

## ശുദ്ധ: പത്രൊസ്സ്ലീഹായുടെ ബസീലിക്കായിക്കകത്തുള്ള വിശെഷിക്കപ്പെട്ട പണികളും നടപ്പുരകളും.

ൟ ദേവാലയത്തിലുള്ള പണികൾ സകലതും ഭൂലൊകത്തിൽ നാനാഭാഗങ്ങളിലും കീൎത്തിപെട്ട മികെലാഞ്ചെലൊ,, "റപെ്യെല്ലൊ; മുതലായപണിക്കാരുടെ ആയിരിക്കുന്നു. ഇതിന്റെ ഭംഗി ഒരാഴ്ചകൊണ്ടു അല്ലെങ്കിൽ മാസംകൊണ്ടു കണ്ടു പിടിപ്പാൻ പ്രയാസമെന്നതു നിശ്ചയം. (*) വേറെയൊരു വിശെഷിക്കപ്പെട്ടപണി ഇതിന്റെ നടപ്പുരകൾ ആകുന്നു. ഇവഅൎദ്ധവൃത്തമായി പള്ളിയൊടു

(*) But thou, of temples old, or altars new,
Standest alone, with nothing like to thee
Worthiest of God, the Holy and the true
Since Sionis desolation, when that He

ചേൻ രണ്ടുവശത്തും പണിതിരിക്കുകയും ഇവയെ വഹിക്കുന്നതിന്നായി ഇരുനൂറ്റി എമ്പത്തിനാലു ഉരുളൻ തൂണുകളും അറുപത്തുനാലു ചതുരത്തൂണുകളും നാലുനിരയായി ഉണ്ടാക്കിയിട്ടുണ്ടു. ൟ നടപ്പുരകളുടെ മുകളിൽ മൂന്നരക്കോൽ പൊക്കമുള്ള ൧൪൦ കൊത്തുരൂപങ്ങൾ വച്ചിരിക്കുന്നതു കാണ്മാൻ കാഴ്ചെക്കു മനോഹരമായിട്ടുള്ളതു തന്നെ. ഇവരണ്ടും ൭-ാം മത്തെ അലെക്ക്സന്ത്രിയൊസ്പാപ്പാ ബെർനീനിയെന്ന ശില്പംശാരിയെക്കൊണ്ടു പണിയിച്ചതും പൂർത്തിയാകുന്നതിന്ന ൧൦ സംവത്സരങ്ങളും വേണ്ടിവന്നതുമാണു.

## പരിശുദ്ധ പത്രൊസ്ശ്ലീഹായുടെ ബെസിലിക്കായിലുള്ള പീഠങ്ങൾ.

ശുദ്ധ: പത്രൊസിന്റെ പള്ളിയിൽ വിശേഷിക്കപ്പെട്ടതും വിസ്മയകരവുമായതുമായ മുപ്പതിലധികം പീഠങ്ങളുണ്ടു. ൟ ഓരൊ പീഠങ്ങളിന്മേൽ പണിതിരിക്കുന്ന കൈവേലകളുടെ വാസന അവർണ്ണനീയം തന്നെ. ൟ പീഠങ്ങളിൻ താഴെ അനേക പുണ്യവാന്മാരുടെ തിരുശ്ശേഷിപ്പുകൾ അടക്കിയിട്ടുമുണ്ടു. അവയെ മിക്കതും താഴെകാണിക്കുന്നു.

Forsook his former city what could be,
Of earthly structures, in his honour piled
Of a sublimer aspect ? Majesty,
Power, glory, strength, and beauty- all are aisled.
In this eternal ark of worship undefiled;
Enter, its grandeur everwhens thee not;
And why ? it is not lessen'd; but thy mind
Expanded by the genious of the spot,
Has grown colossal, and can only find
A fit abode wherein appear enshrined
Thy hopes of immortality; and thou
Shalt one day, if found worthy, so defined,
See thy God face to face, as thou dost now
His Holy of Holies nor be blasted by his brou!!

*Chlde Herold*

പാപ്പാന്മാർ, ശ്രുദ്ധ: തെലെസ്ഫെറൊസ്സ, അഗതൊന്നെ, വിത്തലിയാനൊസ്സ, ൪ാം ഫെലിക്ക്സ, ൨ാം ഗ്രിഗൊരിയൊസ്സ, സിബ്ളിച്ചിയാനൊസ്സ, സിക്ക്സത്തുസ്സ, ക്ളെമെന്തൊസ്സ, ൨ാം ബെനദിക്തൊസ്സ, പാസ്സാൽ, ൪ാം ബൊനിപ്പാസിയൊസ്സ, ഏലെവുത്തെറൊസ്സ, എവുരജന്നിയൊസ്സ, സിൽവെരിയൊസ്സ, ൧ാം ൧ പൌലൊസ്സ, ൩ാം എവുജെനിയൊസ്സ, ൧ാം പീയൂസ്സ, അനകെ്ളത്തുസ്സ, സിമ്മക്കസ്സ, വിക്തൊർ, സെർജിയൂസ്സ, ൧ാം അഗാപ്പിത്തുസ്സ, ലീനൊസ്സ, എവറീത്തുസ്സ, നിക്കൊളാവൂസ്സ, ൩ാം ഗ്രീഗൊരിയൊസ്സ, ൧ാം ജെലാസിയൊസ്സ, ഒന്നാം ഗ്രിഗൊരിയൊസ്സ, ൧ാം ലെയൊൻ, ൨ാം ലെയൊൻ, ൩ാം ലെയൊൻ, ൪ാം ലെയൊൻ, മുതലായ ശ്രുദ്ധ: പത്രൊസിന്റെ പിംഗാമികളായി മാപ്പാപ്പാന്മാരുടെയും, ശ്രു: യൊഹന്നാൻ ക്രിസൊസ്സൊമൊസ്സ, ഗ്രിഗൊരിയൊസ്സ, നസിയൻസെനൊസ്സ, മുതലായ വേദപാരഗന്മാരുടെയും, ഇജീനൊസ്സ, ഗബീനൊസ്സ, പ്രെച്ചെസ്സുസ്സ, മത്തിനിയാനൂസ്സ, തിബുസിയൂസ്സ, മാഞ്ഞുസ്സ, ഗ്രൊഗൊനിയൂസ്സ, ലബെത്തുസ്സ, അദെയൊദാത്തുസ്സ, മുതലായ വേദസാക്ഷികളുടെയും പുണ്യവാന്മാരുടെയും, ശ്രുദ്ധ: പെത്രൊനില്ലാപുണ്യവാളത്തിയുടെ തിരുശ്ശരീരങ്ങളും ഇരിപ്പുണ്ടു. ശ്രുദ്ധ: പത്രൊസിന്റെയും യൂദാ സിമൊൻ അന്ത്രയൊസ്സ ലൂക്കാ മുതലായ ശ്ലീഹന്മാരുടെയും അനേക പുണ്യവാന്മാരുടെയും തിരുശ്ശരീരങ്ങൾ അടക്കിയിരിക്കുന്ന ൟ ബസിലിക്കാ ഭൂലൊകത്തിലുള്ളതിൽ ഭയ ഭക്തിതൊന്നിക്കുന്നതിനും ഏവരും അത്യാശയൊടെ കുമ്പിടേണ്ടതുമായ ഒരു സ്ഥലമെന്നതിനെക്കുറിച്ചു ആൎക്കാണ സംശയിപ്പാൻ പാടുള്ളതു? ശ്രുദ്ധ: പത്രൊസിന്റെയും തന്റെ പിംഗാമികളായി ഉണ്ടായിരിക്കുന്ന അനെക മാപ്പാപ്പാന്മാരുടെയും തിരുശ്ശരീരങ്ങൾ തന്റെ കവറിടത്തൊടുചെൎന്നു അടക്കിയിരിക്കുന്നതു ഓൎക്കുമ്പൊൾ റോമ്മാ മാപ്പാപ്പാന്മാർ ശ്രുദ്ധ: പത്രൊസിന്റെ പിംഗാമികളാകുന്നുവൊ യെന്നു സത്യക്രിസ്ത്യാനികളിൽ ആരും തന്നെ സംശയിക്കയില്ലായെന്നതു നിശ്ചയം.

## പാപ സങ്കീൎത്തന കൂട്ടങ്ങൾ.

പാപത്താൽ ദൈവഇഷ്ടപ്രസാദം നമ്മിൽ നിന്നു പൊയ്പൊയാൽ ആയതുവീണ്ടു ലഭിക്കുന്നതിനു കൎത്താവു തന്റെ അമൃതിയില്ലാത്ത കൃപയാൽ നമുക്കു നൽകിയിരിക്കുന്ന ഒരു ക്രൂദാശ കുമ്പസാരമാകുന്നു. ആയതു സഫലമായും സൌകൎയ്യമായും ലഭിക്കുന്നതിന്നായി ശ്രുദ്ധ: പത്രൊസിന്റെ ദേവാലയത്തിൽ ഭൂലൊകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വരുന്നയാത്രക്കാരെ കുമ്പസാരിപ്പിക്കുന്നതിന്നായും അനെക

കുമ്പസാരക്കൂടുകളും സൌകൎയ്യംപോലെ കുമ്പസാരിക്കുന്നതിന്നായി പല ഭാഷകൾ പഠിച്ചിട്ടുള്ള കുമ്പസാരക്കാരെയും നിയമിച്ചിട്ടുണ്ടു.

## ലത്തറാൻ അല്ലെങ്കിൽ ശുദ്ധ: യോഹന്നാന്റെ ബസീലിക്കാ.

ശുദ്ധ: യോഹന്നാന്റെ പള്ളിക്കു ലത്തറാൻ എന്ന സേനാധിപതിയുടെ ഭവനത്തോടു ചേൎന്നിരുന്നതിനാൽ ലത്തറാൻ എന്ന പേരുവന്നു. നാലാം യുഗത്തിൽ, കൊൻസ്തന്തീനെസു എമ്പ്രദൊരു റോമ്മായുടെ മെത്രാനായ മാർപ്പാപ്പായിക്കു താമസിക്കുന്നതിന്നായി ഈ സ്ഥലം വിട്ടുകൊടുക്കയും, ലത്തറാൻ ബസിലിക്കായുടെ അടിസ്ഥാനം ഇടുന്നതിന്നായി മുൻസ്തുതിക്കപ്പെട്ട എമ്പ്രദൊരുതന്നെ തന്റെ കൈകൊണ്ടു കുഴിച്ചു പണി ആരംഭിക്കയും ചെയ്തു. കേൾവിപ്പെട്ടതും പുരാതനവുമായ ഈ ബസിലിക്കാ, ഭൂലോകത്തിലുള്ള സകല പള്ളികളുടെ മാതാവും ശിരസ്സുമെന്നു വിളിക്കപ്പെടുന്നു. ലത്തറാൻ പള്ളി(൧) ശുദ്ധ: പത്രോസിന്റെ പള്ളിക്കു ഉപരിയായി ഇപ്പൊഴും ബഹുമാനമൂപ്പും ന്യായത്താലെയും പറകയും ആചരിക്കയും ചെയ്തുവരുന്നുണ്ടു. അഞ്ചാമത്തെ ക്ലെമന്റു പാപ്പാ പഴയ പള്ളി തീപിടിച്ചുപോയതിനാൽ വീണ്ടും പണിയിക്കയും ഉണ്ടായിരുന്ന കുറവുകൾ സകലത്തും തീൎക്കയും ചെയ്തു. ലത്തറാൻ ബസിലിക്കായിൽ വച്ചു അഞ്ചു ആകമാനസൂനഹദോസു കൂടിയിട്ടുണ്ടു, ഒന്നാമത്തേതു, ൧൧൨൫-ാം കാലം മീനം ൧൯നു രണ്ടാമത്തെ ശുദ്ധ: കലിസ്തുപാപ്പായുടെ ഭരണത്തിലും, രണ്ടാമത്തെസൂനഹദോസു, ൧൧൩൯ മേടം ൧൪നു രണ്ടാമത്തെ ഇന്നൊച്ചെൻസ്യോസു പാപ്പായുടെയും മൂന്നാമത്തേതു ൧൧൭൯ മീനം ൫നു മൂന്നാമത്തെ അലെക്സന്ത്രയോസു പാപ്പായുടെ വാഴ്ചയിലും, നാലാമത്തെ സൂനഹദോസു ൧൨൧൫ വൃശ്ചികമാസം ൧൫നു മൂന്നാമത്തെ ഇന്നൊച്ചെൻസ്യോസുപാപ്പായുടെയും കടശിലത്തെ സൂനഹദോസു; ൧൫൧൨-ൽ രണ്ടാമത്തെ യൂലിയൂസ പാപ്പാ ആരംഭിക്കയും പത്താമത്തെ ലെയോൻ പാപ്പായുടെ കാലത്തു ഇതു പിന്തുടരുകയും ചെയ്തു. ലത്തറാൻ സൂനഹദോസിന്റെ ശേഷം ഉണ്ടായിട്ടുള്ളവ, ത്രെന്തോസ് എന്ന നഗരത്തിൽവച്ചുണ്ടായതുംവത്തിക്കാൻസൂനഹദോസുമാണു.

---

(1) Omnium, urbis et orbis ecclesiarum mater et Caput.

ൟ വിശുദ്ധ ബസീലിക്കായിൽ നമ്മുടെ ദിവ്യരക്ഷിതാവു തൻെറ ശിഷ്യരൊടുകൂടെ ഒടുക്കത്തെ അത്താഴം കഴിച്ച മേശയും ശുദ്ധ മറിയം എജിസിയക്കാ, ശുദ്ധ ജെഡാനൊ, എപ്പിമക്കൊ, തീച്ചൂളയിലിട്ട മൂന്നു പൈതങ്ങളുടെ തിരുശ്ശരീരങ്ങളും, ശുദ്ധ: യൊഹന്നാൻമാംദാനായുടെ അപ്പൻ സ്കറിയാ പുണ്യവാൻെറ ശിരസ്സും ൟബസിലിക്കായിൽ സൂക്ഷിച്ചു വന്ദിക്കുന്നുണ്ടു. ഇതുകൂടാതെ റൊമ്മായിലുള്ള സിമ്മനാരിയിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കു പട്ടം കൊടുക്കുന്നതും ൟ ദെവാലയത്തിൽ വച്ചു തന്നെയാണു. പട്ടം ആണ്ടിൽ പലപ്രാവശ്യം ഉള്ളതും ഓരൊ അവധിക്കു സാധാരണ ൧൨൦ പേരൊളം ഉണ്ടാകുമെ, ന്നതിനു സംശയമില്ല. ബസീലിക്കായുടെ അകത്തു രണ്ടുനിരയായി ഏകദെശം മൂന്നരശ്ശെകൊൽ പൊക്കമുള്ള ൧൨ ശ്ലീഹന്മാരുടെയും രൂപങ്ങൾ വളരെ ഭംഗിയായി സ്ഥാപിച്ചിരിക്കുന്നു. മാൎപ്പാപ്പാന്മാർ പാൎത്തുവന്നിരുന്ന ലത്തറാൻ അരമനയും കൊൻസ്തന്തീനൊസു മഹാഏമ്പ്രദൊരിൻെറ മാമ്മോദീസാപുരയും ബസിലിക്കായൊടുചേൎന്നു തന്നെയാകുന്നു.

---

## സ്കാലാസാൻതാ. വിശുദ്ധ കോവണി.

---

ലത്തറാൻപള്ളിക്കു സമീപം ശുദ്ധ: ലെനൊറെന്ത്യൊസു പുണ്യവാൻെറ നാമധെയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു ചെറിയ പള്ളിയുണ്ടു. ഇവിടെ നമ്മുടെ ദിവ്യരക്ഷിതാവിൻെറ അത്ഭുതകരമായ രൂപം ഉള്ളതുകൂടാതെ, നമ്മുടെ കൎത്താവീശൊമിശിഹാ വിധിക്കപ്പെടുന്നതിന്നായി, പീലാത്തൊസിൻെറ അരമനയിലെക്കു കയറിപ്പോയ കൊവണിയും പൂജ്യമായി സൂക്ഷിച്ചു വച്ചിരിക്കുന്നു. ൟ കൊവണി മാൎബ്ബൽ കല്ലുകൊണ്ടുള്ളതും, ൨൮ പടികളുള്ളതും വളരെ വിശെഷവുമാണു. ദൈവപുത്രനായ ൟശൊമിശിഹാ, ൟ കൊവണിമെൽ കൂടെ പൊയിക്കൊണ്ടിരുന്നപ്പോൾ തൻെറ തിരുശ്ശരീരത്തിൽ നിന്നു, തുള്ളി തുള്ളിയായി വീണിരുന്ന തിരുരക്തത്തിൻെറ അടയാളം ഇപ്പൊഴും കാണ്മാൻ പാടുണ്ടു. നൊമ്പു കാലങ്ങളിൽ ഇതിന്മെൽ കൂടെ നീന്തികയറിപ്പോക സാധാരണ നടപ്പായിരിക്കുന്നു. ഇപ്രകാരം ചെയ്യുമ്പൊഴൊക്കെയും പൂൎണ്ണദണ്ഡവിമോചനം ലഭിക്കാവുന്നതുമാണു.

## സൻതമറിയം മജ്യോർ അല്ലെങ്കിൽ
## മഞ്ഞുമാതാവിൻെറ ബസീലിക്കാ.

റൊമ്മാപുരിയിൽ മൂന്നാമത്തെ ബസിലിക്കാപള്ളിമഞ്ഞുമാതാവിൻെറ നാമധേയത്തിലുള്ളതാണ. ൟ വിശുദ്ധ ദേവാലയം പണിയപ്പെട്ടിരിക്കുന്നതു "എസകിലീൻ„ എന്ന കുന്നെലാകുന്നു. ഇതിൻെറ ആരംഭം എങ്ങിനെയെന്നാൽ റോമ്മായിൽ യൊഹന്നാൻ എന്ന പേരായ പുത്രരില്ലാത്ത ഒരുഗൃഹസ്ഥനുണ്ടായിരുന്നു, ൟയാൾക്ക പുത്രരില്ലാത്തതിനാൽ തൻെറ ധനംകൊണ്ടു എന്തുചെയ്യെണ്ടുവെന്നു ആലൊചിച്ചു ദൈവത്തൊടു പ്രാൎത്ഥിക്കയിൽ ഒരുരാത്രി, ഒരുകാഴ്ച ൟയാൾക്കുണ്ടായി. അതായതുഒരുകുന്നിൻെറ മുകളിൽ മഞ്ഞുപെയ്യുകയും മഞ്ഞുവീണിരിക്കുന്ന ആസ്ഥലത്തു, ദൈവമാതാവിൻെറ നാമധെയത്തിൽ ഒരു പള്ളിപണിയിക്കണമെന്നായിരുന്നു. ഇപ്രകാരം തന്നെ ആരാത്രിയിൽ ശുദ്ധ: പള്ളിയെ ഭരിച്ചുകൊണ്ടിരുന്ന ലിബെരിയൊസു പാപ്പായിക്കും ൟ കാഴ്ചയുണ്ടായി. പിറെറദിവസംകാലത്തു പരിശുദ്ധ ലിബേരിയൊസു പാപ്പായും മുൻപറഞ്ഞ യൊഹന്നാൻ പത്രീസിയെന്നയാളും ൟകാഴ്ചയുണ്ടായ സ്ഥലത്തെക്ക വരികയും, സൂക്ഷമായി സകലതും നിറവേറിയതിനാൽ തൻെറധനങ്ങൊണ്ടു ൩൫൨-ൽ ദൈവമാതാവിൻെറ നാമത്തിൽ ഒരുവിശെഷിക്കപ്പെട്ട ദേവാലയം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ൟ അത്ഭുതകരമായ മഞ്ഞുപെയ്യുണ്ടായതു റൊമ്മായിലെ അതിഉഷ്ണമാസമായ ചിങ്ങം ൭ാനു—അത്രെ. ൟ മാസത്തിൽ അതിശയത്താലല്ലാതെ മഞ്ഞുഒരിക്കലും പെയ്യുവാൻ പാടാകുന്നതല്ല. ആയതിനാൽ ൟ പള്ളിക്ക മഞ്ഞുമാതാവിൻെറ ബസീലിക്കാ എന്നപെർ പറയുന്നതുകൂടാതെ എല്ലാക്കൊണ്ടിലും ൟ അത്ഭുത സംഭവത്തിൻെറ നിത്യജ്ഞാപകത്തിനായി ഒരുതിരുനാൾ കൊണ്ടാടുകയും അന്നെദിനം വെസ്പരസ്സും കുർബാനെക്കും വെള്ളപുഷ്പങ്ങൾ, മുകളിൽ നിന്ന പള്ളിക്കകത്തെക്ക ഇട്ടുകൊണ്ടിരിക്കയും പതിവാണ. ൟ പള്ളിറൊമ്മായിൽ, ദൈവജനനിയുടെ നാമധെയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതിൽ മുഖ്യമായ ഒരുപള്ളിയാകുന്നതിനാൽ "സന്തമറിയാ മജ്യോർ„ മറിയത്തിൻെറ വലിയ പള്ളിയെന്നുവിളിക്കുന്നു. ൟ ദെവാലയത്തിൽനമ്മുടെരക്ഷനാഥൻപിറന്നപുൽക്കൂടിൻെറ ഒരുഭാഗമുണ്ടു. ഇതിൻ മുമ്പാകെ ഗയത്താനൊസു പുണ്യവാൻ നമസ്കരിച്ചുകൊണ്ടിരിക്കുമ്പൊൾ, പരിശുദ്ധ ദൈവ മാതാവു ഉണ്ണിൟശൊയെ ൟ പുണ്യവാൻെറ കരങ്ങളിൽ കൊടുക്കയും തനിക്ക ൟ അവസരത്തിൽ ചുംബനം ചെയ്യുന്നതിന്നു ഭാഗ്യം കിട്ടുകയും ചെയ്തു. ഇതുകൂടാ

തെ ശുദ്ധ: ലൂക്കാഏവൻഗെലീസ്താ ചിത്രമെഴുതിയ മാതാവിൻെറ വിസ്മയ കരമായ പടവും, ശുദ്ധ: മത്യാശ്ലീഹായുടെയും, അഞ്ചാമത്തെ ശുദ്ധ: പീയൂസു പാപ്പായുടെയും, ശരീരങ്ങളും, ശുദ്ധ: മത്തായി ഏവൻഗെലിസ്താടെ കൈയ്യും മററുപല പുണ്യവാന്മാരുടെ തിരുശ്ശേഷിപ്പുകളും ഇരിപ്പുണ്ടു. എന്നാൽ ശുദ്ധ: പീയൂസു പാപ്പായുടെ തിരുശ്ശരീരം ഇപ്പോഴും യാതൊരുകേടുകൂടാതെ അഴിയാതെയിരിക്കുന്നു.

## സെൻറ് ക്രോച്ചെ ഇൻജെറുസലെമ്മ!!
## ഓർശ്ലേമ്മിലെ ശുദ്ധ കുരിശിൻെറ പള്ളി.

ഇതുറൊമ്മായിലുള്ള നാലാമത്തെ ബസീലിക്കായും, കൊൻസ്തന്തീനൊസിൻെറ അമ്മ, ഏലെനാ പുണ്യവാളത്തി പണിയിച്ച ഒരു പുരാതന ദേവാലയവുമാകുന്നു ശുദ്ധ: കുരിശു കണ്ടുപിടിച്ചതും ൟ പുണ്യവതിയായിരുന്നു. ആയതിനാൽ ൟ വിശെഷിക്കപ്പെട്ട ദേവാലയം ഓർശ്ലേമ്മിലെ ശുദ്ധ: കുരിശിൻെറ നാമധെയത്തിൽ പണിയിക്കയും ചെയ്തു. ൟ ബസീലിക്കായിൽ ശുദ്ധ: കുരിശിൻെറ ഒരുവലിയപങ്കും, കർത്താവിനെ കുരിശിന്മെൽ തറെച്ച ഒരാണിയും, മുൾമുടിയിൽ നിന്നെടുത്ത ഒരു തിരു മുള്ളും യൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ൟശൊ“യെന്ന എബ്രായ, ഗ്രെക്ക, ലത്തീൻ, എന്ന മൂന്നു ഭാഷകളിൽ എഴുതിവച്ച തലവാചകവും, നല്ലകള്ളൻെറ കുരിശും വിശുദ്ധ നമ്മുടെ പിതാവുമാർ തോമ്മാശ്ലീഹായുടെ തൃണ്ടൊന്നിവിരലും മററനെക വിശേഷിക്കപ്പെട്ട തിരുശ്ശേഷിപ്പുകളും ൟ ൟബസീലിക്കായിൽ, ഇതിനായിട്ടുണ്ടാക്കപ്പെട്ട കപ്പെളയിൽ സൂക്ഷിച്ചുവച്ചിരിക്കുന്നു.

## വിശുദ്ധ പൌലൊസു ശ്ലീഹായുടെ
## ബസീലിക്കാ.

റൊമ്മാക്കൊട്ടെക്കു പുറത്തുള്ള പള്ളികളിൽ വച്ചുഒന്നാമത്തെതു വിശുദ്ധ പൌലൊസിൻെറ ബസീലിക്കായാകുന്നു' ഇതുകൊൻസ്തന്തീനൊസു എന്നക്രിസ്ത്യാനി എമ്പ്രദൊരു ആദ്യംശുദ്ധ: പൌലൊസു ശ്ലീഹായുടെ കവറിടത്തിൻ മീതെ പണിയിക്കയും വീണ്ടും മിശിഹാകാലം ൩൮൬-ൽ തെവൊസിയൂസു പൊളിച്ചുനന്നാക്കിക്കയും, കാ

ലക്രമെണ മാർപ്പാപ്പാമ്മാർ വിസ്മയകരമായതും വളരെ അലങ്കാരമായതുമായ ഒരു ബസിലിക്കായായി തീൎക്കുകയും ചെയ്തു. ശ്ലീഹ: പത്രൊസിന്റെ ബസിലിക്കാ ഇതിനൊടു താരതമ്യമായി നൊക്കുന്നതായിരുന്നാൽ ശ്ലീഹ: പത്രൊസിന്റെ തിനകത്തുള്ള വാസനയും പണിവിശെഷങ്ങളും ഇതിന്റെ ഭയങ്കര വിസ്താരത്താൽ ഉടനെ കണ്ടു ഗ്രഹിപ്പാനസാദ്ധ്യം, ശ്ലീഹ: പൌലൊസിന്റെയൊ യെന്നാൽ തൽക്ഷണം കാഴ്ചക്കാൎക്കു സന്തുഷ്ടിവരുത്തുന്നതും, അതിശയിപ്പിക്കുന്നതുമാകുന്നു വെന്നതിന്നു സംശയമില്ല. ഏറ്റവും വിശെഷിക്കപ്പെട്ട ഈ ദെവാലയത്തിനുള്ളിൽ ൧൩൮ വെള്ളകല്ലുകൾ കൊണ്ടുള്ള ഉരുളൻ തൂണുകൾ നാലുനിരയായുള്ളതും, തൂണുകളുടെ മീതെ പത്രൊസു മുതൽ ഇപ്പൊൾ വരെ ഏറ്റവും പ്രഭയൊടെ വാഴുന്ന ൧൩-ാം ലെയൊൻ പാപ്പാവരെയുള്ള മാർപ്പാപ്പാമ്മാരുടെ രൂപങ്ങൾ മസായിക്കുകല്ലുകൾ കൊണ്ടുണ്ടാക്കി വച്ചിട്ടുള്ളതുമാണ. ഈ ബസിലിക്കായിൽ ശ്ലീഹ: പൌലൊസ്സ്ലീഹായുടെ ശരീരം വളരെ പൂജ്യമായി മാർപ്പാപ്പായുടെ സിംഹാസനത്തിൻ കീഴ വച്ചിരിക്കുന്നതു കൂടാതെ, ശ്ലീഹ: ചെൽസൂസു, ശ്ലീഹ: ജലിയാനൊസ്, ശ്ലീഹ: ലൂച്ചിയൂസ് കൂട്ടുകാരുടെയും, മൂന്നാമത്തെ ശ്ലീഹ: പൌലൊസു പാപ്പാ, ശ്ലീഹ: ജുസ്തൂസു ശ്ലീഹ: നിമാത്തിയൊസും കൂട്ടുകാരുടെയും മറ്റു പല പുണ്യവാന്മാരുടെ ശരീരവും ശ്ലീഹ: അന്നായുമ്മായുടെ കൈയും ഉണ്ടു. റോമ്മാ പട്ടണത്തിൽ വരുന്നവർ ഈ വിശുദ്ധ ബസിലിക്കാ സന്ദൎശിക്കാതെ പോകുന്നതു വളരെ അപൂൎവ്വം തന്നെ.

---

## ലെയറെന്ത്യൊസു പുണ്യവാന്റെ ബസിലിക്കാ.

---

റൊമ്മാകൊട്ടക്കു പുറത്തു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആറാമത്തെ ബസിലിക്കാ ശ്ലീഹ: ലെയറെന്ത്യൊസിന്റെ നാമധെയത്തിൽ ഉള്ളതായിരിക്കുന്നു. ഈ കീൎത്തിപെട്ട ദെവാലയവും കൊൻസ്തന്തീനൊസു പണിയിച്ചതാണ. ഇവിടെ ശ്ലീ: എസ്തപ്പാനൊസ, ശ്ലീഹ: ലെയറെന്ത്യൊസ്, മൂന്നാമത്തെ ശ്ലീ: സീസ്തുസു പാപ്പാ, ശ്ലീഹ: ഇപ്പൊളിത്തൊ, ശ്ലീഹ: ഇലരൊ, ചിറിയക്കാ, മുതലായ പുണ്യവാന്മാരുടെ ശരീരങ്ങൾ ഇരിപ്പുണ്ടു. ഒമ്പതാമത്തെ പീയൂസ് പാപ്പായുടെ അസ്ഥികൾ ൧൮൮൧ കൎക്കടകം ൧൩-ാംനു-വത്തിക്കാനിൽനിന്നെടുത്തു ഈ പള്ളിയിൽ ഏറ്റം വിശെഷിക്കപ്പെട്ട ഒരു കവറിടമുണ്ടാക്കി അടക്കം ചെയ്തിരിക്കുന്നു. ഈ ബസിലിക്കായുടെ പുറകുവശത്താണ റൊമ്മായിലുള്ള സകല ക്രിസ്ത്യാനി

കളെയും അടക്കുന്നതിന്നായി ഉണ്ടാക്കപ്പെട്ടിരിക്കുന്ന മുഖ്യസിമിത്തെരി.

## ദെവസ്ത്യാനൊസു പുണ്ണ്യവാളന്റെ ബെസീലിക്കാ.

പാരമ്പൎയ്യവാൎത്താപ്രകാരം ഏഴാമത്തെതും കടശിലത്തെതുമായ ൟ ബെസിലിക്കായും, ക്രിസ്ത്യാനി ചക്രവൎത്തിയായ കൊൻസ്തന്തീനൊസ് പണിയിച്ചതാണു. ൟ വിശുദ്ധ ബസീലിക്കായിൽ അനെകപുണ്യവാന്മാരുടെ തിരുശ്ശെഷിപ്പുകളും, പ്രത്യേകമായി ശുദ്ധ: ഏവുസെബിയെം സപാപ്പായുടെയും ദെവസ്യാനൊസിന്റെയും ഇരിപ്പുണ്ടു. നമ്മുടെ ദിവ്യരക്ഷിതാവു ശുദ്ധ: പത്രൊസ്സ്ലീഹായിക്കു റൊമ്മായിൽ കാണപ്പെട്ടപ്പൊൾ തന്റെ ശ്രീപാദത്തിന്റെ അടയാളം പതിച്ച ഒരുകല്ലും ഇപ്പൊഴും ഇവിടെ സൂക്ഷിച്ചുവച്ചിരിക്കുന്നു. ശുദ്ധ: ദെവസ്യാനൊസിന്റെ ബസിലിക്കായൊടു ചേൎന്നു ശുദ്ധ: കലിസ്തുസ് പാപ്പാ, പഴെക്രിസ്ത്യാനികളൊടുകൂടെ നിവസിച്ചിരുന്ന പ്രബലപ്പെട്ട ഒരുസിമിത്തെരിയും ഇപ്പൊൾ സന്ദൎശിപ്പാൻ പാടുണ്ടു. ൟ പുരാതന സിമിത്തെരിയിൽ, കാൎളൊസ് എന്ന പുണ്യവാനും, ശുദ്ധ: ബ്രീജിത്താ, ശുദ്ധ: ജെൽത്രൂദ് മുതലായ പുണ്യവതികളും വിസീത്ത കഴിച്ചുവന്നിരുന്നു. റോമ്മായുടെരണ്ടാമത്തെശ്ലീഹായായ പീലിപ്പൊസ് നേരിഎന്നപുണ്യവാൻ, ൟ വിശുദ്ധസ്ഥലത്തു പത്തുസംവത്സരം വരെ പാൎത്തിട്ടുണ്ടു.

## റൊമ്മായിലുള്ള ഇടത്തരം പള്ളികളും ജനങ്ങളും.

റൊമ്മായിലിപ്പൊൾ പലലക്ഷം ജനങ്ങളുള്ളതിൽ നന്നാച്ചുരുങ്ങിയതുക യൂദന്മാരും അങ്ങുമിങ്ങും ചിലപ്രൊത്തസ്താന്തു മതക്കാരും ശെഷമുള്ളവർ മുഴുവനും റോമ്മാകത്തൊലിക്കരുമാകുന്നു. റൊമ്മായിൽ അമ്പതു ഇടവക പള്ളികളും മുന്നൂറിലധികം വേറെ കുരിശു പള്ളികളുമുണ്ടു. റൊമ്മാതെരുവിൽ കൂടെ നടക്കുമ്പൊൾ അഞ്ചുവിനാഴികക്കിടെ ഒരു പള്ളി കാണാതെയിരിക്കയില്ലാ. ചിലപ്പൊൾ ഇതിലും സമീപമായും ഉണ്ടാകും. സാധാരണ ൟ പള്ളികളിൽ വലിപ്പം ൟ ദിക്കിലുള്ള വലിയപള്ളികളുടെ ഇരട്ടിവലിപ്പം ഉണ്ടു.

തിരുശ്ശേഷിപ്പുകളും പുണ്യവാന്മാരുടെ ശരീരവും മില്ലാത്ത ദേവാലയങ്ങൾ നന്നാ അപൂൎവ്വം.

റൊമ്മാനഗരത്തിൽ ഇടത്തരത്തിലുള്ള പള്ളികളിൽ പ്രധാനമായവയെതാഴെ വിവരിക്കുന്നു. ഇതിൽ ഒന്നാമത്തേതു. ശുദ്ധ: പുദെൻസിയാനായെന്ന പുണ്യവാളത്തിയുടെ പള്ളിയാണു.

പുരാതനവും കീൎത്തിപ്പെട്ടതുമായ ൟ ദേവാലയം ഇരിക്കുന്നതു പുദെൻതു എന്ന ഒരു റൊമ്മാസെനാപതിയുടെ വീടിരുന്ന സ്ഥലവും, ൟ വീടു സ്വല്പം വ്യത്യാസപ്പെടുത്തിയുണ്ടാക്കിയതുമാണ. ശുദ്ധ: പത്രൊസു റൊമ്മായിൽ വന്നപ്പോൾ, ആദ്യമായി ഇവിടെ പാൎക്കയും ആദ്യമായി വേദംൟ വീട്ടുകാൎക്ക അറിയിക്കയും ചെയ്തു. ൟ ദെവാലയത്തിൽ ശുദ്ധ: പത്രൊസു പൂജഅൎപ്പിച്ചിരുന്ന പീഠം ഭക്തിയൊടെ റൊമ്മാക്കാർ ആചരിച്ചുവരുന്നു. ൟ ദെവാലയത്തിൽ (൩൦൦൦) മൂവായിരം വെദസാക്ഷികളുടെ തിരുശ്ശരീരങ്ങൾ അടക്കിയിട്ടുണ്ടു.

കൊട്ടെക്കു പുറത്തുള്ള അഗ്നെസു പുണ്യവതിയുടെ ദെവാലയം.

ൟ ദെവാലയം കൊൻസ്സന്തിനൊസിന്റെ മകളായ കൊൻസ്സാൻസ്യാ യെന്ന രാജസ്ത്രീയുടെ അപെക്ഷപ്രകാരം തന്റെ പിതാവു പണിയിച്ചതാണ. അഗ്നെസു പുണ്യവാളത്തിയുടെ ശരീരം കണ്ടുപിടിച്ചതു, ൟ ദേവാലയമിരിക്കുന്ന സ്ഥലത്തു വെച്ചാകുന്നു. ഒരിക്കൽ ൟ പള്ളിയിൽ, ഒരു വിശെഷ ദിനം. ൯ാം പീയൂസ്പാപ്പാ യെഴുന്നെള്ളുകയും, അവിടെ പൊയിട്ടുണ്ടായിരുന്ന പ്രൊപ്പഗാന്ത വിദ്യാൎത്ഥികളൊടു കൂടെ രണ്ടാന്നിലയിലുള്ള മുറിയിൽവെച്ചു പരിശുദ്ധ പിതാവു സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നിടയിൽ, മുറിയുടെ തട്ടു ഭാരത്താൽ വീണുപോകയും, ഉടൻ പരിശുദ്ധ പിതാവു "അമലൊത്ഭവകന്യാസ്ത്രീയെ! ഞങ്ങളെ സഹായിക്ക "എന്നു ചൊല്ലുകയും, ആ അപകടത്തിൽ നിന്നു, അവിടെ കൂടിയിരുന്നവരെല്ലാംവരും, ര

ക്ഷ പ്രാപിക്കയും ചെയ്തു. എന്നാലിതിനിടയിൽ പരിഭ്രമത്താൽ ഓരൊരുത്തർ ജീവനെ രക്ഷിക്കുന്നതിനുള്ള മാൎഗ്ഗം അന്വെഷിക്കയിൽ, പ്രൊപ്പഗാന്ത വിദ്യാൎത്ഥികളിൽഒരുകുട്ടി, മാൎപ്പാപ്പായുടെ കുരിശിന്മെൽ ചാടിപ്പിടിക്കയും, താൻ മാധുൎയ്യത്തൊടെ ആ കുട്ടിയെ സഹായിക്കയും ചെയ്തു. ൟ അത്ഭുതമായ സംഭവത്തിൻെറ നിത്യജ്ഞാപകത്തിന്നായി, പ്രൊപ്പഗാന്ത കൊളെജിൽ പരസ്യമായ ഒരു സ്ഥലത്തു അമലൊത്ഭവമാതാവിൻെറ ഒരു രൂപം മൎമ്മൽ കല്ലുകൊണ്ടുണ്ടാക്കി സ്ഥാപിക്കയും, അതിൻ മുമ്പാകെ ദിവസേന പുറത്തുല്ലാസിപ്പാൻ പോകുമ്പൊൾ ഒരു നന്മനിറഞ്ഞ മറിയം എന്നനമസ്കാരവും, അമലൊത്ഭവ കന്യാസ്ത്രീയെ! ഞങ്ങളെസഹായിക്ക. "എന്ന സുകൃതജപവും ചൊല്ലിവരുന്നതു കൂടാതെ, കൂട്ടമായി എവിടെയെങ്കിലും പോകയും പിന്തിരികയും ചെയ്യുമ്പൊഴും ൟ സുകൃതജപം ഉയൎന്നസ്വരത്തിൽ ചൊല്ലിവരുന്നു. ആണ്ടുതോറും, ൟ അപകടത്തിൽ നിന്നു രക്ഷപെട്ടദിനം, മുൻപറഞ്ഞ കൊളെജ്ജിലെ ശുമ്മാശ്ശന്മാർ, കുട്ടികൾ കൂട്ടമായി ശുദ്ധ: അഗ്നെസിൻെറ പള്ളിയിൽ പോയി, ദിവ്യപൂജകണ്ടു ദിവ്യ കാരുണ്യവും ഉൾക്കൊണ്ടു, "തെദെവും„ എന്ന സംഗീതം ഉപകാരസ്മരണയായി പാടുകയും പതിവാണു.

## ആഗുസ്തീനൊസു പുണ്യവാളൻെറ പള്ളി.

ൟ പള്ളി ൧൪൮൩-ാം കാലം ഉള്ളതും വളരെ കീൎത്തിപെട്ടതുമാകുന്നു. ൟ പള്ളിയിൽ പരിശുദ്ധ ദൈവമാതാവിൻെറ അത്ഭുതകരമായ ഒരുരൂപം റൊമ്മാക്കാർ മഹാഭക്തിയൊടെ വന്ദിച്ചുവരുന്നു. ൟ രൂപത്തിൻ ചുറ്റും, ൟ പരിശുദ്ധ ജനനിഓരൊരുത്തൎക്കു ലഭിച്ചുകൊടുത്തിട്ടുള്ള ഓരൊവരപ്രസാദത്തിൻെറഓൎമ്മക്കായി,പൊൻ, വെള്ളി, മുതലായവകൊണ്ടുള്ള അനവധി ചങ്കുകൾ വെച്ചിരിക്കുന്നു. അത്ഭുതങ്ങൾ സംഭവിപ്പാൻ പാടുണ്ടൊയെന്നു സംശയിക്കുന്നവർ, ൟ ദെവാലയത്തിൽ വന്നുസന്ദൎശിക്കട്ടെ!!! ഇവിടെത്തന്നെ പരിശുദ്ധആഗുസ്തീനൊസിൻെറ അമ്മയായ മൊനിക്കാ പുണ്യവതിയുടെ ശരീരവും, ശുദ്ധ: യൊഹന്നാൻ ദെപ്ക്കൊൻദൊ, ശുദ്ധ:ത്രീപോൻ മുതലായവരുടെ തിരുശ്ശെഷിപ്പുകളും കാണാവുന്നതാണു. ൟ ദെവാലയത്തൊടുചെൎന്ന, ആഗുസ്തീനൊസ് സഭക്കാരുടെഒരു കൊവെന്തയും, ൧൬൦൪-ൽ ആഞ്ചെലൊറൊക്കൊസ് യെന്നയാൾ സ്ഥാപിച്ചിട്ടുള്ള ഒരു പുസ്തകശാലയുമുണ്ടു. ഇതിൽ ൪൦,൦൦൦ പുസ്തകങ്ങളും, ൨൰൱൲

കൈയെഴുത്തു പുസ്തകങ്ങളും ഉണ്ടു.

## പ്രാത്തെ എന്നസ്ഥലത്തുള്ള ശുദ്ധ: അന്ത്രയൊസുശ്ലീഹായുടെ പള്ളി.

ൟ പള്ളിയിൽ മനൊഗുണമാതാവിന്റെ വിശെഷിക്കപ്പെട്ടതും അത്ഭുതകരമായതുമായ ഒരു രൂപം ഉണ്ടു. ഒരിക്കൽ മഹാദുഷ്ടനായ ഒരു യൂദൻ ൟ വിശിഷ്ടദേവാലയത്തിൽ പ്രവെശിക്കയും, അപ്പൊളുടൻ ദൈവജനനി ൟ ദൈവദ്രൊഹിക്കു കാണപ്പെടുകയും, തന്റെ സംഭാഷണത്താൽ ൟ കഠിനഹൃദയക്കാരനെ മനസ്സുതിരിക്കയും ചെയ്തു. ൟ പള്ളിയുടെ വിചാരിപ്പുകാരർ, ശുദ്ധ: പ്രംസീസ്സൂസ് ദെ പൌളായെന്ന പുണ്യവാൻ ഉണ്ടാക്കിയ "മീനിമ്മി" എന്ന സഭക്കാരാകുന്നു. ൟദെവാലയം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു പ്രൊപ്പഗാന്ത കൊളെജിനു സമീപം ആണു.

## ൟശൊസഭക്കാർ നടത്തിവരുന്ന ശുദ്ധ: അന്ത്രയൊസുശ്ലീഹായുടെ പള്ളി.

ൟ ദെവാലയത്തിനു സമീപമാണ ൟശൊസഭക്കാരുടെ നൊവിസിയാത്തുകൊവെന്ത. ൟസ്ഥലത്തു ൟശൊസഭക്കാരുടെ രണ്ടാമത്തെജനറാളായ പ്രംസിസ്സൂസു ബൊർജിയയെന്ന പുണ്യവാൻ പാർത്തിരുന്ന ഒരുമുറി ഇപ്പൊഴും കാണ്മാനുണ്ടു. മാലാകൾക്കൊത്ത ശുദ്ധ: സ്തനിസ്ലാവൊസ് കൊസ്തക്കാ എന്ന പുണ്യവാൻ മരിച്ചമുറിയും ഇതിനൊടു ചെന്നാണ. ൟ പുണ്യവാന്റെ തിരുശ്ശരീരം ശുദ്ധ: അന്ത്രയൊസുശ്ലീഹായുടെ പള്ളിയിൽ ഇപ്പൊഴും മഹാഭക്തിയൊടെ ജനങ്ങൾ വന്ദിച്ചുവരുന്നതു കൂടാതെ വൃശ്ചികം ൧൩-ാം നു- ൟപുണ്യവാന്റെ തിരുനാൾ വളരെ ആഘൊഷത്തൊടു കൂടെ കൊണ്ടാടിവരുന്നു. ശുദ്ധ: സ്തനിസ്ലാവൊസ് പൊളൊനിയായിൽ കൊസ്തക്കാ യെന്ന പ്രഭുക്കന്മാരുടെ ഭവനത്തിൽ പിറന്നവനും, ശിശുപ്രായത്തിൽ തന്നെ തന്റെ മാതാ പിതാക്കന്മാർ, ദൈവ പെടിയിലും ദൈവസ്നേഹത്തിലും വളർത്തുകയും, തക്കപ്രായത്തിൽ പഠിക്കുന്നതിന്നായി ഔസ്ത്രീയായുടെ തലസ്ഥാനമായ വിയെന്നായെന്ന പട്ടണത്തിൽ അയക്കയും അവിടെ വളരെ ശ്രദ്ധയൊടെ തന്റെ പാഠങ്ങളെ പഠിക്കയും

ചെയ്തിരുന്നു. ഇതിനിടയിൽ ദൈവസ്നേഹത്തിൽ കത്തിജ്വലിച്ചിരുന്ന സ്തനിസ്ലാവൊസിന്നു, ഒരു കഠിനരൊഗം പിടിപെടുകയും ഇതിൽ നിന്നു രക്ഷപെടുമെന്നു ആരും തന്നെവിചാരിച്ചിരുന്നില്ല. എങ്കിലും ശുദ്ധ: സ്തനിസ്ലാവൊസ് ദൈവമാതാവിൽ ശരണപ്പെടുകയും, തനിക്ക ദിവ്യകാരുണ്യം ഉൾകൊണ്ടശെഷം മാത്രം തന്നെ മരിപ്പിക്കെണമെന്നു ദൈവജനനിയൊടു സാദ്ധ്യമായി അപെക്ഷിക്കയും ചെയ്തു വന്നിരുന്നു. കടശി ൟ അനുഗ്രഹമുള്ള മാതാവും, ൟ വാത്സല്യ ഭക്തന്റെ അപെക്ഷയെ ദയയൊടെ കെട്ടു, തന്റെ ൟ കഠിന ദീനത്തിനിടയിൽ, ഒരുമാലാക ശുദ്ധ: കുമ്പാന എഴുന്നെള്ളിച്ചു കൊടുക്കയും, ദൈവമാതാവു ശുദ്ധ:സ്തനിസ്ലാവൊസിന്നു കാണപ്പെട്ടു തന്റെ ദീനം സുഖമാക്കിയശെഷം, ൟശൊസഭയിൽ കൂടുന്നതിന്നായി കല്പിക്കയും ചെയ്തു. താൻ താമസിയാതെ കുമ്പസാരക്കാരന്റെ യെഴുത്തും വാങ്ങിറൊമ്മാപട്ടണത്തിലെക്ക യാത്രയാരംഭിച്ചു. വഴിമദ്ധ്യെ ഒരാറു കടപ്പാൻ പാടില്ലാതെ വരികയും അത്ഭുതമായി ഒരുമാലാക തനിക്ക കാണപ്പെട്ടു തന്നെ ൟയാറുകടത്തുകയും ചെയ്തു. റൊമ്മായിൽ എത്തിയശെഷം, പ്രൊത്തസ്താന്തുമദക്കാരുടെ ഒരുപള്ളിയിൽ അറിയാതെ കയറി, ശുദ്ധ: കുമ്പാനകൈക്കൊള്ളുന്നതിന്ന ആസ്ഥപ്പാടുകൂട്ടിനിന്നിരുന്നു. കടശി തന്റെ അബദ്ധത്തെ കണ്ടുപിടിക്കയും വിന്തിരിവാൻ ഭാവിച്ചസമയം വീണ്ടും ഒരുമാലാക കാണപ്പെട്ടു അതിശയമായി ശുദ്ധമാന കുമ്പാന എഴുന്നെള്ളിച്ചു കൊടുക്കയും ചെയ്തു. അപ്പൊൾ ശുദ്ധ: സ്തനിസ്ലാവൊസിനുണ്ടായ ദൈവത്തിൻ നേരെയുള്ള കൃതജ്ഞതയെയും, തന്റെ ഹൃദയത്തിലെ സന്തൊഷാനന്ദത്തെയും എപ്രകാരം പറഞ്ഞറിവിപ്പാൻ പാടുണ്ടു!!!! താൻ ൟശൊസഭയിൽ കൂടിയസമയം പതിനാറു വയസ്സുമാത്രമെ യുണ്ടായിരുന്നൊള്ളു. കുറഞ്ഞൊരു കാലംകൊണ്ടു പുണ്യസാംഗൊപാംഗത്തിന്റെ ഒന്നാമത്തെ പദവിയിൽ കയറി, എല്ലാവരിലും തന്റെ ഹൃദയത്തിൽ എരിഞ്ഞിരുന്ന ദൈവസ്നേഹാഗ്നിയുടെ കതിരുകളെ പ്രകാശിപ്പിച്ചശെഷം പരിശുദ്ധ: സ്തനിസ്ലാവൊസിന്റെ പതിനെഴാം വയസ്സിൽ ചിങ്ങം ൧൫-ാംനു- പരിശുദ്ധ ദൈവമാതാവിന്റെ കരെറ്റതിരുനാൾ ദിനം, ൟ ദൈവജനനി ൟവാത്സല്യ മകന്റെ ആത്മാവിനെ, തന്നൊടുകൂടെ പരലൊകത്തിലെക്ക കൂട്ടികൊണ്ടു പോകയും ചെയ്തു. ഹാ! മാതാപിതാക്കന്മാർ തങ്ങളുടെ മക്കളെ സത്യവിശ്വാസത്തിൽ വളൎത്തി ദൈവഭക്തിയിൽ അവരുടെ ശിശുപ്രായത്തിൽ തന്നെ അഭ്യസിപ്പിച്ചിരുന്നുവെങ്കിൽ, എത്രയൊ പൈതങ്ങൾ സന്മാൎഗ്ഗജീവിതംകഴിക്കുമായിരുന്നു!! എത്രയൊ പൈതങ്ങൾ പുണ്യത്തിന്റെ എകരപ്പെട്ടപദവികളിലെക്ക ഉയൎത്തപ്പെടുമായിരുന്നു!!! ഹാ! പൈതങ്ങളെ! നിങ്ങൾ ശുദ്ധ: സ്തനിസ്ലാവൊസിനെ കണ്ടുപഠിപ്പിൻ!!!

## ശുദ്ധ: അന്ത്രയൊസ ശ്ലീഹായുടെ മൂന്നാമത്തെ പള്ളി.

ഈ പള്ളിയിൽ ആണ്ടുതൊറും ദെനഹായിക്കു മൂന്നുരാജാക്കൾ കാഴ്ചവെച്ച തിരുനാൾ, തുടങ്ങി, എട്ടാമിടംവരെ എല്ലാറിത്തിലും പൊന്തിപ്പിക്കാൽ കുബ്ബാനയും, പലഭാഷകളിൽ മൂന്നുരാജാക്കളുടെ സ്തുതിക്കായി പ്രസംഗംമുതലായതും ശുദ്ധ: കുബ്ബാനയുടെ വാഴ്‌വും ആഘൊഷമായി, കർദിനാളന്മാരാലിയായി കഴിക്കയും ഈ തിരുക്കർമ്മങ്ങൾക്കു ദിനംതൊറും, മാറിമാറി, റൊമ്മായിൽ നാനാഭാഗങ്ങളിൽ നിന്നും വന്നു പഠിക്കുന്ന ഓരൊ കൊളെജുകളിലുള്ള വിദ്യാൎത്ഥികൾ, ശെമ്മാശന്മാർ, മുതലായവർ ശുശ്രൂഷചെയ്യു വരികയും ചെയ്യുന്നു. രാജാക്കൾ കിഴക്കൻ രാജ്യങ്ങളിൽ നിന്നുവന്നു, ബെത്സ്ലഹമ്മിൽ, ഉണ്ണിഈശൊയിക്കു കാഴ്ചകൾ വെക്കുന്ന പ്രകാരത്തിലുള്ള ഓരൊ വിശെഷിക്കപ്പെട്ട രൂപങ്ങളും ഇവിടെ ഉണ്ടാക്കിവെക്കുന്നു.

## പന്ത്രണ്ടുശ്ലീഹന്മാരുടെ സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന പള്ളി.

ഇതു. ആറുനൂറാംകാലം ഉണ്ടായിട്ടുള്ള ഒരു ദെവാലയം ആകുന്നു ഈ പള്ളിയിൽ ശുദ്ധ: പീലിപ്പൊസു, ശുദ്ധ:ചെറിയ യാക്കൊ എന്ന ശ്ലീഹന്മാരുടെ തിരുശ്ശെഷിപ്പുകളും, മററനെകം വിശുദ്ധ വസ്തുക്കളും ഇരിപ്പുണ്ടു.

## “സെൻത മറിയ ഇൻ ആറച്ചെളി,” എന്ന ദൈവജനനിയുടെ പള്ളി.

ഈ പള്ളി “യൂപ്പിറെറർ,, എന്ന വലിയ ദേവന്റെ അമ്പലം ഇരുന്ന സ്ഥലത്താണ സ്ഥാപിച്ചിരിക്കുന്നതു. ഇതു വളരെ പുരാതനമായതും, ഇവിടെ റൊമ്മാക്കാർ ഒരു വിശെഷിക്കപ്പെട്ട ഉണ്ണിഈശൊയുടെ കൊത്തുരൂപം ഭയഭക്തിയൊടെ വന്ദിച്ചുവരുന്നു. ഈ രൂപം പ്രൻസീസ്ക്കൊസു സഭക്കാരുടെ നാളാഗമത്തിൽ പറയും പ്രകാരം ഒരു പ്രൻസീസ്ക്കൊസ് സഭക്കാരൻ സൈത്തു മലയിൽ വളൎന്നുവന്നിരുന്ന ഒ

ത്ര വൃക്ഷത്തിൽ നിന്നു ഉണ്ടാക്കിയെന്നും ഈ പുണ്യയാത്രക്കാരൻ ഉറങ്ങിക്കിടന്നിരുന്ന സമയം, ശുദ്ധ: ലൂക്ക. ഏവൻഗെലീസ്താവന്നു ഈ രൂപത്തിനു ചായമിട്ടതെന്നുമാണ. ഈ ഉണ്ണീശോയുടെ രൂപത്തിന്മെൽ ഒരു ലക്ഷത്തിൽ അധികം ഫ്രാങ്കു വിലപിടിച്ച ആഭരണങ്ങളും ഉണ്ടായിരിക്കുന്നു. വിശെഷിക്കപ്പെട്ടതും പുരാതനവുമായ ഈ ദെവാലയത്തിലെക്ക കയറിപ്പോകുന്നതിന്നായി ൧൨൪ പടിയുള്ള ഒരു മാബ്ബൽ കല്ലുകൊണ്ടുള്ള കൊവണിയും അതിഭംഗിയായി പണിതിരിക്കുന്നു.

## ശുദ്ധ: ബത്ത്ലൂമ്മാശ്ലീഹായുടെ പള്ളി.

ഇതു റൈറെബർ നദിയുടെ ഒരു ദ്വീപിന്മെൽ പണിയപ്പെട്ടിരിക്കുന്നതും ഈ പള്ളിയിരിക്കുന്ന സ്ഥലം "എവുസ്കുലാപ്പീയൂസ്", എന്ന ദേവന്റെ അമ്പലമിരുന്നിടത്തുമാണ. ഇവിടെ ശുദ്ധ: ബത്ത ലൂമ്മാശ്ലീഹായുടെയും, ശുദ്ധ: അദെൽബത്തൊസ് ശുദ്ധ: പൌളീനൊസ്, ശുദ്ധ: സബീനൊസ്, മച്ചെല്ലൂസ് മുതലായ പുണ്യവാന്മാരുടെയും, തെവൊദൊരാ എന്ന പുണ്യവതിയുടെയും ശരീരവുമിരുപ്പുണ്ടു.

## ശുദ്ധ: "ചെച്ചിലിയാ", കിക്കിലിയാ പുണ്യവതിയുടെ പള്ളി.

ഈ പള്ളി ഒന്നാമത്തെ ഉബ്ബാനൊസ് മാപ്പാപ്പാ ൨൩൦-ൽ കിക്കിലിയാ പുണ്യവതിയുടെ നാമധെയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, ഈ പള്ളിയിരിക്കുന്ന സ്ഥലം ഈ പുണ്യവതിയുടെ വീടായിരുന്നു. ഈ വീടിന്റെ ഒരു ഭാഗം ഇപ്പൊഴും കാണ്മാനുണ്ടു. ഇവിടെ കിക്കിലിയാ പുണ്യവതിയുടെ ശരീരവും ശുദ്ധ: ലൂച്ചിയൊസ്, ശുദ്ധ: ഉബ്ബാനൊസ്, എന്ന പാപ്പാന്മാരുടെയും ശുദ്ധ: തിബ്ബൂർസിയൊസ, വലെരിയാനൊസ്, മാർക്സിമൊസ്, എന്ന വെദസാക്ഷികളുടെ ശരീരങ്ങളുമിരുപ്പുണ്ടു.

## ശുദ്ധ: ക്ലെമ്മീസുപാപ്പായുടെപള്ളി.

ഇതു റൊമ്മായിലുള്ള പള്ളികളിൽ വച്ചു മുഖ്യമായിട്ടുള്ളതും, വളരെ പുരാതനവുംമായ ഒരു പള്ളിയാണ. ൟ പള്ളിയിരിക്കുന്ന സ്ഥലം ശുദ്ധ: ക്ലെമന്റു പാപ്പായുടെ വീടായിരുന്നു എന്നു പാരമ്പൎയ്യവാൎത്ത, ശുദ്ധ: പൌലൊസു സ്ലീഹാ റൊമ്മാക്കാൎക്കുള്ള കുറിയിൽ പ്രസ്ഥാപിച്ചിട്ടുള്ളതു കൂടാതെ, റൊമ്മാസിംഹാസനത്തിൽ സ്ലീഹാസ്സുടുത്ത ആത്മശക്തിയൊടെ വാണ മൂന്നാമത്തെ പാപ്പായുമാണെ. ൟ പള്ളിയിൽ ശുദ്ധ: ഇഗ്നാസിയൊസ് സഹദായുടെ തിരുശ്ശെഷിപ്പും. ശുദ്ധ: ക്ലെമീസു പാപ്പായുടെയും, ശുദ്ധ: ചിറില്ലൊസ് മെത്തൊദിയൊസ്, പ്ളവിയൊസ്. ക്ലെമൻസ്, മുതലായ വെദസാക്ഷികളുടെ ശരീരങ്ങളുമിരുപ്പുണ്ടു.

## കൊൻസ്റ്റാൻസാ പുണ്യവതിയുടെ പള്ളി.

ൟ പള്ളി കൊൻസ്ത്തന്തീനൊസ് എമ്പ്രദൊരു പണിയിച്ചതിൽ വച്ചൊന്നാണ. ഇവിടെ വച്ചാണ തന്റെ പെങ്ങളെയും തന്റെ പുത്രിയെയും മാമ്മൊദീസാമുക്കിയതു. ശുദ്ധ: കൊൻസ്റ്റാൻസാ പുണ്യവതിയുടെ ശരീരവും ഇവിടെ ഇരിപ്പുണ്ടു.

## ശുദ്ധ: കുസുമൊസ് ദമിയാനൊസ് എന്നിരുസഹൊദരന്മാരുടെ പള്ളി.

“റേമൊസ്„ എന്ന ദേവന്റെ ക്ഷേത്രമിരുന്ന സ്ഥലത്തു വിശിഷ്ടദേവാലയം സത്യദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഇതു വളരെ പുരാതനമായതു എന്നതിന്നു സംശയമില്ലാ. ഇവിടെ തന്നെയാണ ശുദ്ധ: കുസുമൊസ്, ദമിയാനൊസ്, എന്നിരുവരുടെയും രണ്ടാമത്തെ ശുദ്ധ: ഫെലിക്സപാപ്പാ, ത്രൻക്വീല്ലിനൊസ് എന്നിരു വേദസാക്ഷികളുടെയും ശരീരങ്ങളിരിക്കുന്നതു.

## ഫ്രംസിസ്കാ റൊമാനാ എന്ന പുണ്യവതിയുടെ പള്ളി.

ഈ ദേവാലയം രണ്ടു ദേവന്മാരുടെ ക്ഷേത്രങ്ങൾ പണിചെയ്യപ്പെട്ടിരുന്ന സ്ഥലത്തു സ്ഥാപിച്ചിരിക്കുന്നു. ഇവിടെ ശുദ്ധ: ഫ്രംസിസ്കാ റൊമാനാ എന്ന പുണ്യവതിയുടെ തിരുശ്ശരീരം മഹാ ഭക്തിയൊടെ റൊമ്മാക്കാർ വന്ദിച്ചുവരുന്നു. ഇതുകൂടാതെ ഈ സ്ഥലത്തു ഒരത്ഭുതമായ സംഭവം നടന്നതിനെ പറയാം. അതായതു, ശുദ്ധ: പത്രൊസശ്ലീഹാ റൊമ്മായിൽ വന്നപ്പൊൾ, റൂഹാദക്കുദശായെ വിലയ്ക്കു വാങ്ങുന്നതിന്നു തുനിഞ്ഞ കൂടൊത്രക്കാരനായ സിമൊൻ എന്നവനും റൊമ്മായിൽ വരികയും, മനുഷ്യരെ തട്ടിക്കുന്നതിന്നായിപിശാചിന്റെ സഹായത്താൽ പറന്നുകൊണ്ടിരിക്കയും, അപ്പൊൾ ശുദ്ധ: പത്രൊസു, മനുഷ്യർ ഈ തെററിൽ അകപ്പെടാതിരിപ്പാൻ വെണ്ടി താൻ മുട്ടുകുത്തി ദൈവത്തൊടു സാദ്ധ്യമായി അപെക്ഷിക്കയും ഉടൻ ആകാശത്തിൽ നിന്നു ഇവൻ വീഴുകയും ചെയ്തു. ഇതിനാൽ ഇവന്റെ തന്ത്രങ്ങൾ സകലക്കും ബൊധപ്പെടുകയും, പത്രൊസിന്റെ പഠനത്തെ ഇതിനാൽ പലരും പിഞ്ചെന്നു സത്യവേദം അനുസരിക്കയും ചെയ്തു. ഈ പള്ളിയിൽ ഇപ്പൊഴും ശുദ്ധ: പത്രൊസശ്ലീഹാ മുട്ടുകുത്തി അപേക്ഷിച്ച കല്ലു കാണ്മാനുണ്ടു.

## ശുദ്ധ: യൊഹന്നാനും പൌലൊസുമെന്നിരു സഹൊദരന്മാരുടെ പള്ളി.

ഈ വിശിഷ്ട ദേവാലയം പ്രതിഷ്ഠിച്ചിരിക്കുന്നതു ശുദ്ധ: യൊഹന്നാന്റെയും പൌലൊസിന്റെയും ഭവനത്തിന്റെ അടിസ്ഥാനത്തിലാണ. ഇവരിരുവരും സഹൊദരന്മാരും പടയാളികളുമായിരുന്നു. ഇവർ സത്യക്രിസ്ത്യാനികളായിരുന്നതിനാൽ, ക്രൂരഎമ്പ്രദൊരായിരുന്ന യൂലിയാനൊസ് എന്നവേദദ്രൊഹി, ഇവരെ കഠിന വേദനകൾ അനുഭവിപ്പിച്ചു കൊല്ലുകയും, ഇവർ സത്യ വേദത്തെക്കുറിച്ചു വെദസാക്ഷികളായി മോക്ഷകിരീടം പ്രാപിക്കയും ചെയ്തു. ഈ വെദസാക്ഷികൾ പാടുപെട്ട സ്ഥലവും ഇപ്പൊഴു പ്രസിദ്ധമായതു തന്നെ. ആയതു ഈ ദെവാലയത്തിന്റെ താഴെത്തെ നിലയിൽ വച്ചാണ. ഈ പള്ളിയിൽ ശുദ്ധ: യൊഹന്നാൻ, പൌലൊസു എന്നിരുസഹൊദരന്മാരുടെയും, വെറെ അഞ്ചു വേദസാക്ഷികളുടെയും സത്തുർന്നീ

നൊസ് കുരിശിൻ പൌലൊസ്, എന്നപുണ്യവാന്മാരുടെയും ശരീരങ്ങളിരിപ്പുണ്ടു. ശുദ്ധ: കുരിശിൻ പൌലൊസു പാൎത്തിരുന്ന മുറിയും ദിവസെന ദിവ്യപൂജ അൎപ്പിച്ചുവന്നിരുന്ന ത്രൊണൊസും സന്ദൎശിപ്പാൻ പാടുള്ളതുകൂടാതെ, ഈ സ്ഥലങ്ങളിൽ താൻ ഉപയൊഗിച്ചു വന്നിരുന്ന വസ്ത്രങ്ങൾ, തന്നെത്താൻ നൊമ്പരപ്പെടുത്തിവന്നിരുന്ന കരുവുകൾ, മുതലായവ കാണുന്നതിൽ വളരെ ഭക്തിതൊന്നിപൊകുന്നു. ഈ പുണ്യവാൻ ഭംഗപ്പാടിന്റെ സഭ സ്ഥാപിച്ച ആദ്യ കൊവെന്ത ഇതൊടുചെൎന്നാകുന്നു.

## „ജെസു„, അല്ലെങ്കിൽ ഈശൊയുടെ പള്ളി.

റൊമ്മായിൽ വിശെഷിക്കപ്പെട്ട ദേവാലയങ്ങളിൽ വെച്ചുപ്രധാനമായൊന്നു ഈശൊയുടെ നാമത്തിൽ പണിയപ്പെട്ടിരിക്കുന്നതാകുന്നുവെന്നതു നിശ്ചയം. ഈ പള്ളി അലെക്ക്സാന്ദ്രപ്ൎന്നെസ് എന്നു കെൾവിപ്പെട്ട കൎദിനാളിന്റെ ഔദാൎയ്യത്താൽ പണിയിച്ചിട്ടുള്ളതും, ഇതിന്നുള്ളിൽ പലനിറമുള്ളതും വിശേഷിക്കപ്പെട്ടതുമായ മാൎബൾ കല്ലുകൾ കൊണ്ടു അലങ്കരിച്ചിട്ടുള്ളതുമാണ. ഈ പള്ളിയുടെ ഇടത്തുവശത്തുള്ള ത്രൊണൊസിന്മെൽ ഈശൊസഭയെ സ്ഥാപിച്ച ശുദ്ധ: ഈനാസിന്റെ തിരുശ്ശരീരമിരിക്കുന്നു. ഈ പുണ്യവാൻ മുഖാന്തരത്താലാണ ഇന്ത്യായിക്കു, പ്രംസീസ്കൊസു ശൌൎയ്യാർ, ശ്ലീഹായായി തിൎന്നതു, അതെങ്ങിനെയെന്നാൽ ശൌൎയ്യാർ പുണ്യവാൻ, പരീസു പട്ടണത്തിൽ തത്വശാസ്ത്രം പഠിപ്പിച്ചു കൊണ്ടിരിക്കയിൽ, ശുദ്ധ: ഈനാസിയൊസ് ലൊയൊളാ പരീസു പട്ടണത്തിൽ വരികയും, അവിടെവച്ചു ശുദ്ധ: ശൌൎയ്യാരിനെ കണ്ടു ഭൂലൊകമൊക്കെ നേടിയാലും ആത്മാവു നശിച്ചുപൊയാൽ എന്തുഫലമെന്നു താൻപറഞ്ഞതിനെ കെട്ടു, ധ്യാനിച്ചു മനസ്സുതിരികയും, കടശി ശുദ്ധ: ഈനാസിയൊസിന്റെ പ്രത്യേകസ്നെഹിതനും ശിഷ്യനുമായി തീരുകയും ചെയ്തു. എന്നാൽ സത്യവെദം പുറജാതിക്കാൎക്കു അറിയിക്കുന്നതിന്നായി തന്റെ ശിഷ്യരിൽ ഓരൊരുത്തരെ അയക്കുന്നതിന്നായി ശുദ്ധ: ഈനാസിയൊസു നിശ്ചയിച്ചപ്പൊൾ ശുദ്ധ: പ്രംസീസ്കൊസു ശൌൎയ്യാരിനെ നമ്മുടെ ഇന്ത്യാരാജ്യത്തെക്കു വേദം അറിയിക്കുന്നതിന്നായി അയക്കുകയും ചെയ്തു. ശൌൎയ്യാർ പുണ്യവാൻ നമ്മുടെ ഇന്ത്യായിക്കുവെണ്ടിചെയ്ത ശ്ലീഹാസ്ഥാനത്തടുത്ത അദ്ധ്വാനങ്ങളെ മാനുഷ നാവാൽ പറഞ്ഞറിയിപ്പാൻ പാടാകുന്നതല്ല. ഈ പുണ്യവാൻ ഇന്ത്യായിൽ പത്തു ലക്ഷത്തിലധികം അജ്ഞാനികൾക്കു ജ്ഞാനസ്നാനം കൊടുത്തിട്ടുണ്ടു. ഇത്രയ

ധികം ആളുകൾക്കു ജ്ഞാനസ്നാനം കൊടുത്ത ആവാഴ്ത്തപ്പെട്ട കരം റൊമ്മായിൽ ൟഗെശൊയെന്ന പേരായ ൟ വിശുദ്ധ ദേവാലയത്തിൻ വലത്തുവശത്തുള്ള പീഠത്തിന്മേൽ വച്ചിരിക്കുന്നു. ൟപീഠത്തിന്മെലാണയെൻറനവപൂജയണച്ചതു. വിശുദ്ധ ശൌൎയ്യാരിൻെറ കരമിവിടെവരാനുള്ളസംഗതിയെന്തെന്നാൽ,ൟപുണ്യവാൻെറ ശരീരം റൊമ്മായിംലെക്കു കൊണ്ടു പൊകുന്നതിന്നായി നിശ്ചയിക്കയും, അപ്പൊൾ ശരീരംവളരെപ്രയത്നംകഴിച്ചിട്ടും ഇളകാതെയിരിക്കയും, ൟ അത്ഭുതസംഭവം റൊമ്മായിൽ അറിവിക്കയും ചെയ്തു. അപ്പൊൾ ൟ പുണ്യവാൻെറ തിരുശ്ശരീരം ഇന്ത്യായിൽ നിന്നു കൊണ്ടുപോകുന്നതിന്നു തൃപ്തിയില്ലായെങ്കിൽ, തൻെറ കയ്യെങ്കിലും, ക്രിസ്ത്യാനികളുടെതലസ്ഥാനമായ റൊമ്മയിൽ വച്ചുവന്ദിക്കുന്നതിന്നു അനുവദിക്കെണമെന്നുശ്ലീഹായൊടപെക്ഷിക്കയും, അപ്രകാരംസമ്മതിച്ചുവെങ്കിലും,കൈ മുറിച്ചെടുത്തുടൻ, താൻ ഇന്ത്യായിൽ മുഴുവനും ഇരിപ്പാൻ മനസ്സായിരുന്നുവെന്നതി ൻെറഅടയാളമായി മുറിവിൽ കൂടെ അനവധി രക്തം ഒഴുകികൊണ്ടിരിക്കയും ചെയ്തിരുന്നു. ൟ വാഴ്ത്തപ്പെട്ട കരം റൊമ്മായിൽ ൟഗെശൊയെന്ന ൟദേവാലയത്തിൽ മഹാഭക്തിയൊടെ വന്ദിച്ചുവരുന്നുണ്ടു. ആരെങ്കിലും മീനം ൪ാം-നു- മുതൽ ൧൨-ാംനു- വരെശൌൎയ്യാർ പുണ്യവാൻെറസ്തുതിക്കായിഒരുനൊവെന കഴിക്കുന്നതായിരുന്നാൽ ൟ ദിവസങ്ങളിൽ ഓരൊരുത്തർ ചൊദിക്കുന്ന നന്മകൾ ദൈവസ്തുതിക്കു യൊഗ്യമുള്ളതായിരുന്നാൽ താൻ ലഭിച്ചുകൊടുക്കാമെന്നു ഒരിക്കൽ ഒരു ൟശൊസഭക്കാരനു കാണപ്പെട്ടു വാഗ്ദത്തം ചെയ്തിട്ടുള്ളതുമാകുന്നു.

വിശെഷിച്ചു ൟ ദെവാലയത്തിൽ, ൟനാസിയൊസുപുണ്യവാൻ പ്രത്യെകമായ വിധത്തിൽ വന്ദിച്ചുവന്നിരുന്ന അത്ഭുതകരമായ ദൈവജനനിയുടെ ഒരു വിന്താരമുണ്ടു. ഇതിൻ മുമ്പാകെയാണ ൟപുണ്യവാൻ പൂജഅണെച്ചു വന്നിരുന്നതു. പിന്നെയും ശുദ്ധ: അബൊന്തിയൊസു, ലാസറു, എന്ന വിശുദ്ധിമാന്മാരുടെയും, വെറെ അഞ്ചുവെദസാക്ഷികളുടെയും, പുൾക്കെറിയാ പുണ്യവാളത്തിയുടെയും, തിരുശ്ശരീരങ്ങളും, മററുപലപുണ്യവാന്മാരുടെ തിരുശ്ശെഷിപ്പുകളും ഉണ്ടു.

## മമ്മെത്തീനൊ എന്ന തടവും
## വിശുദ്ധമാർ യൌസെപ്പുപിതാവിൻെറ പള്ളിയും.

മമ്മെത്തീനൊയെന്ന ൟ തടവു വളരെ പുരാതനവും ഇതിന്നുള്ളിൽ അശെഷം വെട്ടം പ്രവെശിക്കാത്ത ക്രൂരിരുട്ടായ ഒരുസ്ഥലവു

മാണ. ക്രൂരഎമ്പ്രദൊരായ നെറൊന്റെ വാഴ്ച്ചയിൽ, ശുദ്ധ: പത്രൊസിനെയും, പൌലൊസിനെയും പൂട്ടിയിട്ടിരുന്നതു ഇവിടെയാകുന്നു. ശുദ്ധ: പത്രൊസിനെ ഈ സ്ഥലത്തെക്കു പടയാളികൾ, കൊവണിവഴി കൊണ്ടുപൊകയിൽ അവിടെയുണ്ടായിരുന്ന ഒരു കല്ലുമെൽ ശുദ്ധ: പത്രൊസിന്റെ തലമുട്ടുകയും തന്റെ തലയുടെ ഭാഷയിൽ അവിടം കുഴിഞ്ഞുപൊകയും ചെയ്തു. ഈ അടയാളം ഇപ്പൊഴും കാണ്മാനുണ്ടു. ഉയിരില്ലാത്ത കല്ലുകൂടെയും, ഈ ശ്ലീഹായുടെമെൽ അലിവു തൊന്നിയിട്ടും ആ ദുഷ്ട, എമ്പ്രദൊരിനും സെവകന്മാൎക്കും തന്റെ സെവകന്മാൎക്കും തന്റെ നെരെ കരുണയുണ്ടായില്ലാ. പാപമെന്ന കഠിനവസന്തയിൽ മുഴുകി കിടന്നവരുടെ ഹൃദയം എന്തുമാത്രം കാഠിന്യമായിട്ടുള്ളതെന്നു ഈ ദൃഷ്ടാന്തം കൊണ്ടു വായനക്കാർ ഗ്രഹിക്കട്ടെ. ഇതിന്റെശെഷം നിശ്ചയിക്കപ്പെട്ട സ്ഥലത്തെക്കു കൊണ്ടുപൊയിപൂട്ടിയിടുകയും ഇവർ കൎത്താവിനെക്കുറിച്ചു സകലത്തും സഹിക്കയും ചെയ്തു. ഇവരെ പൂട്ടിയിട്ടിരുന്ന കല്ലിന്മെലുള്ള ദ്വാരം ഇപ്പൊഴും കെടുഭവിക്കാതെയിരിക്കുന്നു. പിന്നെയും ശ്ലീഹന്മാർ ഈ കഠിന തടവിൽ താമസിക്കുമ്പൊൾ തങ്ങളൊടുകൂടെ ഇട്ടിരുന്നവർ പത്രൊസിന്റെ ഉപദേശത്താൽ ജ്ഞാനസ്നാനം കൈക്കൊള്ളുന്നതിന്നു ഇടവരികയും വെള്ളംഅന്വെഷിച്ചപ്പൊൾഅവിടെഇല്ലാതിരുന്നതിനാൽ,ശുദ്ധ: പത്രൊസു തന്റെ കൈകൊണ്ടു ഒരുകുഴി കുഴിക്കയും, അവിടെ നിന്നു അത്ഭുതമായി വെള്ളം പുറപ്പെടുകയും, ആ വെള്ളംകൊണ്ടു അവൎക്കു ജ്ഞാനസ്നാനം കൊടുക്കയും ചെയ്തു. ആ കുഴി ഇപ്പൊഴും ഉള്ളതും അതിൽ നിന്നു ഇന്നുവരെയും വിശെഷിക്കപ്പെട്ടതും നിൎമ്മലവുമായ ജലം അത്ഭുതമായി വന്നുകൊണ്ടിരിക്കുന്നു. ഈ കുഴിയുടെ ആഴം ഒരൊത്ത മുഴത്തിൽ കൂടുകയില്ല. എന്തുമാത്രം വെള്ളം ഇവിടെനിന്നു കൊരിയെടുത്താലും വറ്റുകയില്ലെന്നു മാത്രമല്ല, എപ്പൊഴും സമനിലയിൽ നില്ക്കയും ചെയ്യുന്നു. ഈ കുഴി ഞാൻപലപ്പൊഴും കണ്ടിട്ടുള്ളതു കൂടാതെ ഇതിലെ വിശുദ്ധവെള്ളവും കുടിച്ചിട്ടുണ്ടു. ശുദ്ധ: പത്രൊസിനെ മാലാക ശങ്ങലവെട്ടി പുറത്തയച്ചതുംഈ തടവിൽനിന്നാണ.ഈസ്ഥലം ഒരുദെവാലയം ആയിതീരുകയും വളരെയാളുകൾ ഈ സ്ഥലം സന്ദൎശിക്കയും ചെയ്തുവരുന്നു. ഈ തടവിന്റെ നേരെമുകളിലാണ വിശുദ്ധ മാർയൌസെപ്പുപിതാവിന്റെനാമധെയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന വിശിഷ്ടദെവാലയം.

## ൟഗ്നാസിയൊസ്സു ലൊയൊളാ എന്ന പുണ്യവാന്റെ പള്ളി.

ൟ ദെവാലയം വളരെ വിശെഷിക്കപ്പെട്ടതും ഇവിടെ ളൂയിസ്സു ഗൊൻസാഗായെന്ന പുണ്യവാന്റെയും ശുദ്ധ: യൊഹന്നാൻ ബെൎക്കുമാൻസിന്റെയും തിരുശ്ശരീരങ്ങൾ അടക്കിയിരിക്കുന്നു. ൟ വിശുദ്ധിമാന്മാർ പഠിച്ചതും ഭാഗ്യപ്പെട്ട മരണം പ്രാപിച്ചതും കീൎത്തിപ്പെട്ട റൊമ്മൻ കൊളെജിൽ വച്ചാണു. ഇവർ താമസിച്ചിരുന്ന മുറികളും, ഉപയൊഗിച്ചിരുന്ന സാമാനങ്ങളും, കൈയെഴുത്തുകളും, ഇപ്പൊഴും സന്ദൎശിച്ചുവരുന്നു. ഇവരിൽവച്ചു ളൂയീസു പുണ്യവാൻ, ഗൊൻസാഗായെന്ന അതി പ്രബലപ്പെട്ട ഭവനത്തിൽ നിന്നുള്ളവനും, ഒരു പ്രഭുവിന്റെ പുത്രനുമായിരുന്നുവെങ്കിലും, ലൊകബഹുമാനം ദ്രവ്യം മുതലായ ൟ ഭൂലൊകനന്മകളെ ഉപെക്ഷിച്ചു, ൟശൊസഭയിൽ കൂടുകയും, അവിടെ കഠിനതപസ്സു മുതലായതു ചെയ്തു, ഒരു മാലാഖയെ പൊലെ ജീവിച്ചു തന്റെ ഇരുപത്തുനാലാം വയസ്സിൽ തന്റെ ഭാഗ്യപ്പെട്ട മരണത്തിൻ ശെഷം തെരിഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണത്തിൽ ചെൎക്കപ്പെടുകയുംചെയ്തു. താൻ മരിച്ചിട്ടു പതിമൂന്നാം സംവത്സരം വാഴ്ത്തപ്പെട്ടവൻ എന്നു പെരുവിളിക്കപ്പെടുകയും, തന്റെ ഭാഗ്യപ്പെട്ടഅമ്മതന്റെപുത്രനായളൂയിസിന്റെപടത്തിൻ മുമ്പാകെ മുട്ടുകുത്തി അപെക്ഷിക്കുന്നതിന്നിടയാകയും ചെയ്തു. ശുദ്ധ: ളൂയീസിന്റെ ജീവിതകാലത്തിൽ, മുലപ്പാലൊടു കൂടെ തന്നെ ദൈവസ്നെഹത്തെയുംസന്മാൎഗ്ഗത്തെയുംസദാഅഭ്യസിപ്പിച്ചുതഴക്കിയൟമാതാവിന്നു, നീതിമാനായ ദൈവം തന്റെൟ ജീവിതകാലത്തിൽ കൂടെയും ഒരുത്തമസമ്മാനം നൽകിയതിനെക്കുറിച്ചു ആൎക്കും വിസ്മയിപ്പാനില്ല. ശുദ്ധ: ളൂയീസു സകലവക പുണ്യങ്ങളാലുംഅലങ്കരിക്കപ്പെട്ടവനും വലിയ പുണ്യവാനും ആയിരുന്നുവെന്നതു നിശ്ചയം. അതെന്തുകൊണ്ടെന്നാൽ, തന്റെ ജീവിതകാലത്തിൽ, രണ്ടു ചെറിയ കുറ്റങ്ങൾ മാത്രമെ ചെയ്തിട്ടുള്ളു. ഒന്നു ഒരിക്കൽ തന്റെ അപ്പന്റെ അനുവാദം കൂടാതെ അല്പം വെടിമരുന്നെടുത്തതും, രണ്ടാമത്തെതു, അൎത്ഥം ഗ്രഹിക്കാതെ ഒരു ദുഷിവാക്കു പറഞ്ഞുപോയതും മാത്രമാണു. ഒ! എത്രയൊമാതാപിതാക്കന്മാർ നിൎഭാഗ്യമായി ജീവിക്കുന്ന തങ്ങളുടെ മക്കൾ, ദുൎമ്മാൎഗ്ഗവഴിയിൽ നടന്നുവരുന്നുവെങ്കിലും, അവൎക്കുനൽ വഴികാട്ടികൊടുക്കാതെയും ശാസിക്കാതെയും അവർ നരകപാതാളത്തിലെക്കു വീണുകൊണ്ടിരിക്കുന്നതിനെ ദിവസെന കണ്ടു വരുന്നു!! അയ്യൊ! അവൎക്കു എന്തൊരുദുരിതം!!

യൊഹന്നാൻ ബെൎക്കമാൻസ എന്ന പുണ്ണ്യവാനൊയെന്നാൽ തൻെറ മാതാപിതാക്കന്മാർ, ഇഹലൊകസമ്പത്തിൽ കുറവുള്ളവരെങ്കിലും, തങ്ങളുടെ മകനായ യൊഹന്നാനെ എല്ലാജ്ഞാനങ്ങളുടെയും ആദിയും അടിസ്ഥാനവുമാകുന്ന ദൈവപേടിയിൽ, ശിശുപ്രായത്തിൽ തന്നെ അഭ്യസിപ്പിക്കയും, അതിൻെറ ശേഷം ഒരുപട്ടക്കാരൻെറ സഹായത്താൽ അദ്ധ്യപാനങ്ങൾ സകലതും ഉത്സാഹത്തൊടെ പഠിപ്പിക്കയും ചെയ്തു. കടശി ശുദ്ധ: യൊഹന്നാനെ ദൈവം ൟശൊ സഭയിൽ കൂട്ടുന്നതിന്നു വിളിച്ചതിനാൽ ൟശൊ സഭയിൽ കൂട്ടുകയും, രണ്ടാമത്തെ വിശുദ്ധ: ലൂയീസെന്നു സകലരും യൊഹന്നാനെ വിളിക്കയും പുണ്ണ്യവാന്മാരുടെ പുസ്തകത്തിൽ ശുദ്ധ: ലൂയീസിനെപ്പൊലെ തൻെറ നാമവും എഴുതപ്പെട്ടതും എല്ലാവൎക്കും പ്രസ്ഥാപമായ സാഗതിതന്നെ. ഇതാ! മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്കു ചൂണ്ടിക്കാണിക്കേണ്ടും പുണ്ണ്യവാന്മാർ! ശുദ്ധ: ലൂയീസും! ശുദ്ധ: യൊഹന്നാൻബെൎക്കമാൻസും!!

## ശുദ്ധ: വലിയഗ്രീഗൊരിയൊസ് പാപ്പായുടെ പള്ളി.

ശുദ്ധ: വലിയഗ്രിഗൊരിയൊസിൻെറ ഭവനമിരുന്ന സ്ഥലത്തു ൟ പള്ളി സ്ഥാപിച്ചിരിക്കുന്നു. ഇവിടെ ൟ മാപ്പാപ്പാ പന്ത്രണ്ടു ദരിദ്രൎക്കു തീൻ കൊടുത്തിരുന്ന മാൎബ്ബൾ കല്ലുകൊണ്ടുള്ള ഒരു മേശയുണ്ടു

## ശുദ്ധ: ലൊറെൻസൊ-ദാമസൊപാപ്പായുടെ പള്ളി.

ൟ ദെവാലയത്തിൽ ശുദ്ധ: ദമസ്സുസ് പാപ്പായുടെയും ശുദ്ധ: എവുസ്സൊക്കിയൊസ, ബൊനൊ, മാവുറൊസ്, ഇപ്പൊലിത്തൊസ് എന്നപുണ്ണ്യവാന്മാരുടെ ശരീരങ്ങളിരിപ്പുണ്ടു. ൟ പള്ളിയിലാണു പ്രംസിസ്സ്കൊസ് ശൌയ്യ്സ്യാർ പുണ്ണ്യവാൻ റൊമ്മായിൽ താമസിച്ചനാളുകളിൽ പ്രസംഗിച്ചതു.

## „സെൻതമറിയ ദെല്ലി ആഞ്ചെലി,,എന്ന ദൈവ മാതാവിൻെറ പള്ളി.

ദ്യൊക്ലെസിയാനൊസ് എന്നഎമ്പ്രദൊരിൻെറ കുളിപ്പുരയിരുന്ന സ്ഥലത്തു, ൟ ദെവാലയം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഇതുവ

ളരെ വിസ്താരമായിട്ടുള്ളതും, പലതരം വിശേഷിക്കപ്പെട്ട കല്ലുകൾ കൊണ്ടു പണിതിരിക്കുന്നതും ആകുന്നു.

## സൻതമറിയ ഇൻകൊസമെദിൻ
## എന്നപള്ളി.

ഈ പള്ളിമൂന്നാം യുഗത്തിൽ ശുദ്ധ: ദിവനാസിയൊസ് എന്ന പാപ്പാ പണിയിച്ചതാണു. ഇതു ʻചെരെസെന്നും, പ്രൊസെപ്പീനായെന്നുംപേരായ ദേവന്മാരുടെ ക്ഷേത്രമിരുന്ന സ്ഥലത്തു, സകലയാരാധനക്കുയൊഗ്യമായ സത്യ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

## മിനെവ്വാഎന്നസ്ഥലത്തുള്ള
## ദൈവ ജനനിയുടെ പള്ളി.

പൊമ്പെയൂസ് എന്നരാജാവു ആസ്യായിൽ യുദ്ധം ചെയ്വാനായി പോകയും ഈയുദ്ധത്തിൽ താൻ ജയം പ്രാപിക്കയും ചെയ്തതിന്റെ നിത്യജ്ഞാപകത്തിന്നായി "മിനെവ്വാ„ എന്ന ദേവിയുടെ നാമത്തിൽ ഒരു ക്ഷേത്രം പണിയിക്കയും ചെയ്തു. എന്നാലിപ്പോൾ ഈ അശുദ്ധ വിഗ്രഹത്തെ വന്ദിച്ചിരുന്നസ്ഥലം, സകലത്തെയും ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കയും ദൈവത്തിന്റെ മാതാവും സകല അജ്ഞാനത്തെയുംഇടത്തുടിനെയുംനിർമ്മൂലമാക്കിയ അമലൊത്ഭവരാജ്ഞിയുടെയും നാമധെയത്തിൽ സകല അവിശ്വാസങ്ങളൊടും എതൃക്കുന്നതിന്നായി, ഇതാ വിസ്മയിക്കതക്ക ഒരുദേവാലയം പണിചെയ്യപ്പെട്ടിരിക്കുന്നു.! ഈദേവാലയത്തിന്റെ വലിയപീഠത്തിൻ താഴെ ശുദ്ധ: കത്രീനാ ദെസ്യെനാ എന്ന പുണ്യവതിയുടെ ശരീരം മഹാ ഭക്തിയൊടെ വന്ദിച്ചുവരുന്നു. ഇതിനൊടു ചെന്നാണു. ദൊമ്മനിക്കൊസ് സഭക്കാരുടെ ഒരു മുഖ്യകൊവെന്ത സ്ഥാപിച്ചിരിക്കുന്നതു. ഈകൊവെന്തയിൽ, ഒരുലക്ഷത്തി ഇരുപതിനായിരം അച്ചടിച്ച പുസ്തകങ്ങളും, നാലായിരത്തഞ്ഞൂറു കൈയെഴുത്തുപുസ്തകങ്ങളും അടങ്ങിയിരിക്കുന്ന ഏററം വിശേഷിക്കപ്പെട്ട ഒരുപുസ്തകശാലയും ഉണ്ടു.

## ടൈബെർ നദിക്കരികെയുള്ള ദൈവജനനിയുടെ പള്ളി.

ശ്രുദ്ധ: കലിസ്തൂസ് എന്നപാപ്പാ ൨൨൪-ൽ ഈ വിശെഷിക്കപ്പെട്ട ദേവാലയം പണിയിച്ചു. റൊമ്മായിൽ ആദ്യമായി ക്രൂദാശ ചെയ്യപള്ളി ഈ ദൈവജനനിയുടെയാണ. ഇവിടെ ശ്രുദ്ധ: കലിസ്തൂസ്, യൂലിയാനൊസ് എന്ന പാപ്പാമാരുടെയും കിരിനൊസ് ദൊമെത്തെയാ എന്ന വേദസാക്ഷികളുടെയും ശരീരങ്ങളിരുപ്പുണ്ടു.

## „സെൻത മറിയ ദെൽ പോപ്പൊളൊ„ എന്ന ദൈവമാതാവിൻ പള്ളി.

സൎവ്വശക്തനും കൃപയുള്ളവനുമായ ദൈവം അഹംഭാവികളെ താഴ്ത്തുകയും എളിമപ്പെട്ടവരെ ഉയൎത്തുകയും ചെയ്യുന്നതു സാധാരണ പതിവാണ. ആയതിനാൽ മഹാപാപിയും, സിംഹത്തെപ്പൊലെക്രൂരനുമായനെരൊൻ എന്ന റൊമ്മാ എമ്പ്രദൊരിന്റെ തലയെ തകൎക്കുന്നതിന്നായും തന്റെ കാഠിന്യത്തിന്റെയും ദുഷ്ടതയുടെയും പരിഹാരത്തിന്നായുമെന്നപൊലെ ഇയാളുടെ അസ്ഥികൾ കണ്ടെത്തിയയിടത്തു, സകല ജയങ്ങളുടെയും മഹിമയുടെയും രാജ്ഞിയായ ശ്രുദ്ധ: ജനനിയുടെ നാമധെയത്തിൽ ഒരുവിശെഷിക്കപ്പെട്ട ദേവാലയം ത്രിലോക സൎവ്വെശ്വരനാ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു! ഇത്രയനേക ക്ഷേത്രങ്ങൾ വിഗ്രഹാരാധനക്കായി ഉണ്ടാക്കിയിരിക്കയിൽ, കടശി ദൈവജനനിയുടെ നാമധെയത്തിൽ പല പള്ളികളും പ്രതിഷ്ഠിച്ചിരിക്കുന്നതു ഓൎക്കുമ്പോൾ ഈ ശ്രുദ്ധ: ജനനി വിഗ്രഹത്തെയും, വിഗ്രഹാരാധനക്കാരരെയും ജയിക്കുന്നവളെന്നും, സകലവക അജ്ഞാനത്തെയും ഇടത്തൂടിനെയും നിൎമ്മൂലമാക്കുന്ന ഉന്നത രാജസ്ത്രീയെന്നും പ്രത്യെകമായിപറഞ്ഞുധരിപ്പിക്കണമെന്നുണ്ടൊ? ഈ ദേവാലയത്തിൽവിശെഷിക്കപ്പെട്ടതും അത്ഭുതകരവുമായ ദൈവജനനിയുടെ സ്വരൂപം ഉള്ളതും വിശ്വാസികൾ അതിഭക്തിയൊടെ ഈ പടം വന്ദിച്ചുവരുന്നതും നിശ്ചയമായ ഒരു സംഭവംതന്നെ.

## "സൻത മറിയ ഇൻ വലിച്ചെല്ലാ,, എന്ന പരിശുദ്ധ മാതാവിൻ ദേവാലയം.

ഇതു പീലിപ്പൊസ് നേരിയെന്ന പുണ്യവാൻ പണിയിക്കയും ഇതിനൊടടുത്ത താൻസ്ഥാപിച്ച കൊവെന്തയിൽ താമസിക്കയും ഇവിടെത്തന്നെ ൟ പുണ്യവാനെ ദൈവം പരലൊകത്തിലെക്ക വിളിക്കയും ചെയ്തു. ശുദ്ധ: പീലിപ്പൊസ് നമ്മുടെ ഇന്ത്യായിൽ വന്നു വെദം അറിയിക്കുന്നതിന്നു അത്യാശയുള്ളവനായിരുന്നു വെങ്കിലും, അറുതിയില്ലാത്ത കാലം മുമ്പുതന്നെ റൊമ്മായുടെ സ്ലീഹായായി ദൈവം നിശ്ചയിച്ചിരുന്നതിനാൽ ഇവിടെ അനേകയാളുകളെ നേർ വഴിയിലാക്കി ൟ വിശുദ്ധ പട്ടണത്തിന്റെ സ്ലീഹായായി മരിക്കയും ചെയ്തു. ൟ പുണ്യവാന്റെ ശരീരം സൻത മറിയ ഇൻവലിച്ചെല്ലായെന്ന ൟ പള്ളിയിൽ വന്ദിച്ചുവരുന്നു.

## "സേൻത മറിയ ഇൻ വിയാലാത്താ,, "സേൻത മറിയ ദെല്ലാ നവിച്ചെല്ലാ,, എന്ന പള്ളികൾ.

നവിച്ചെല്ലാ യെന്ന പള്ളി. ചിരിയാക്കായെന്ന പുണ്യവതിയുടെ വീടിരുന്ന സ്ഥലത്തും, ഇൻവിയാ ലാത്തായെന്ന പള്ളി ശുദ്ധ: പൌലൊസു സ്ലീഹാ ചെന്തുരിയൊന്റെ കൂടെ താമസിച്ചിരുന്ന വീട്ടിൻ സ്ഥലത്തുമാകുന്നു. ൟ പള്ളിയിലാകുന്നു കുറ്യാക്കൊസു പുണ്യവാന്റെയും കൂട്ടുകാരുടെയും ശരീരങ്ങൾ ഇരിക്കുന്നതു.

## "സേൻത മറിയ ദെല്ലാ വിത്തൊറിയാ,, എന്ന മാതാവിന്റെ പള്ളി.

ഇടത്തരം പള്ളികളിൽ വച്ചു മുഖ്യമായിട്ടുള്ളതും ഏററം വിശേഷിക്കപ്പെട്ടതും പലതരം മാബൽ കല്ലുകൾ കൊണ്ടുപണിതിരിക്കുന്നതിൽ ഒന്നിതാകുന്നു. ഇവിടെ സദാ അതിശയം ചെയ്തുവരുന്നു. ഒരു മാതാവിന്റെ സ്വരൂപം വിശ്വാസികളുടെ വന്ദനയ്ക്കു തുറന്നു വച്ചി

തിക്കുന്നു. ൟ മാതാവിൻ മദ്ധ്യസ്ഥത്താൽ തുൎക്കികളോടുള്ള യുദ്ധത്തിൽ വെച്ചു ജയം പ്രാപിക്കയും ചെയ്തു. ൟ പള്ളിനടത്തി വരുന്നതിപ്പോൾ, കൎമ്മലീത്തഡിസ്കാൽസ്സു സഭക്കാരാകുന്നു.

## സെൻ മത്തീനൊ ആയിമൊന്തി,
## മത്തീനൊസ് പുണ്യവാൻെറ പള്ളി.

ശുദ്ധ: സിമ്മക്കൊസ് പാപ്പാ രണ്ടാമത്തു മുമ്പിരുന്ന പള്ളിയുടെ അടിസ്ഥാനത്തിൽ ൟ ദേവാലയം പണിയിച്ചു. ഇവിടെ ശുദ്ധ: സിൽവെസ്ത്രൊസ്, മൎത്തീനൊസ്, എന്ന പാപ്പാന്മാരുടെ തിരുശ്ശരീരങ്ങളിരുപ്പുണ്ടു. കൊൻസ്തന്തിനൊസ് എമ്പ്രദോരു, സത്യവേദം അനുസരിച്ചശേഷം ഒന്നാമത്തെ ആകമാന സൂനഹദോസു കൂടിയതും ൟ പള്ളിയിൽ വെച്ചാണു.

## ശുദ്ധ: നെരെയൊ അക്കില്ലെയൊയെന്ന
## വേദസാക്ഷികളുടെ പള്ളി.

ഒന്നാമത്തെ യൊഹന്നാൻ പാപ്പാ ൬൨൯-ൽ ൟ ദേവാലയം പണിയിക്കയും ശുദ്ധ: വലിയഗ്രീഗൊരിയൊസു പാപ്പാ തൻെറ ഇരുപത്തെട്ടാമത്തെ പ്രസംഗം ഇവിടെ വച്ചുപറഞ്ഞുവെന്നതും നിശ്ചയം. അതെന്തുകൊണ്ടെന്നാൽ താൻ പറഞ്ഞ പ്രസംഗത്തിൻെറ ഒരു ഭാഗം ഇപ്പൊഴും, താൻ അന്നു ഇരുന്നു പ്രസംഗിച്ചിരുന്നവിലപിടിച്ച മാൎബൽകല്ലുകൊണ്ടുള്ള സിംഹാസനത്തിന്മെൽ ൟ ദിവസത്തിൻെറ നിത്യജ്ഞാപകത്തിന്നായി അതിഭംഗിയായും വെടിപ്പായി വായിക്കത്തക്കവിധത്തിലും കൊത്തിയിരിക്കുന്നു.

## ശുദ്ധ: പൌലൊസ്സ ശ്ലീഹായുടെ ത്രെപ്പ്ഫൊന്താനെ മൂന്നു ഓലിഉറവകളുടെ പള്ളി.

ഈ പള്ളിയുടെ സ്ഥാനം കോട്ടസ്സപുറത്തു ശുദ്ധ: പൌലൊസ്സ ശ്ലീഹായുടെ ബസിലിക്കായിൽ നിന്നു ഒന്നര മൈൽ ദൂരെയാണ. ശുദ്ധ: പൌലൊസ്സ ശ്ലീഹാ തലകണ്ടിക്കപ്പെട്ട രക്തസാക്ഷിയായി മരിച്ചതു ഈ സ്ഥലത്തുവച്ചാണ. ശുദ്ധ: പൌലൊസിന്റെ തലകണ്ടിച്ചു നിലത്തു വീഴകയിൽ മൂന്നുഴം ഉരുളുകയും ഈ സ്ഥലങ്ങളിൽ നിന്നു, അത്ഭുതമായി നിമ്മലജലത്തൊടു കൂടിയ മൂന്നു ഓലി ഉറവകൾ പുറപ്പെട്ടുകയും ഇന്നും ഈ അത്ഭുതം കാണാവുന്നതും ഞാനെന്റെ കണ്ണാൽ കണ്ടിട്ടുള്ളതുമാകുന്നു. ഈ മൂന്നു ഓലി ഉറവകളിൽ നിന്നു പുറപ്പെടുന്ന നിമ്മല ജലത്തിന്റെ രസം വ്യത്യാസമായിട്ടുള്ളതും ഞാൻ ഈ മൂന്നുതരം വെള്ളവും രസിച്ചു തന്നത്തു പരിചയത്താൽ അറിഞ്ഞിട്ടുള്ളതുമാണ. പൌലൊസ്സ മരിച്ച സ്ഥലത്തു ഒരു വിശെഷപള്ളിയുള്ളതുകൂടാതെ ഇതൊടുചേന്നു വെറെ രണ്ടു പള്ളികളുമുണ്ടു. ഒന്നാമത്തെതു ശുദ്ധ:വിനസന്ത്യോസിന്റെയും അനസ്താസ്യൊസിന്റെയും നാമധെയത്തിലും രണ്ടാമത്തെതു "സൻത മറിയ സ്കാളാചേളി" എന്ന പേരായി പരിശുദ്ധ ദൈവമാതാവിന്റെ നാമധെയത്തിലും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതുമാണ. ഈ പള്ളിയുടെ സ്ഥാനം ശുദ്ധ: സെനൊൻ എന്ന പുണ്യവാന്റെ സിമിത്തെരിയുടെ മുകളിലാകുന്നു. ദിയൊക്ലാസ്യാനൊസ് എന്ന ദുഷ്ടചക്രവത്തിയുടെ കാലത്തിൽ അനേകം ക്രിസ്ത്യാനികളെ ഇയാൾ വേദത്തെക്കുറിച്ചു കൊല്ലുകയും ഇവരിൽ പന്തീരായിരം വേദസാക്ഷികളുടെ ശരീരങ്ങൾ സെനൊൻ എന്ന പുണ്യവാന്റെ സിമിത്തെരിയിൽ അടക്കിയിട്ടുമുണ്ടു. ഇതാ സത്യവേദം തിരിച്ചറിവാനുള്ള പ്രധാന അടയാളം! വേദസാക്ഷിത്വം വേദസാക്ഷികൾ ഈ സ്ഥലങ്ങളും, ഇതുവരെ പറഞ്ഞിട്ടുള്ളതും ഇനി ഈ പുസ്തകത്തിൽ എന്തെല്ലാം പറവാനിരിക്കുന്നുവൊ അവയെല്ലാം എന്റെ സ്വന്തകണ്ണാൽ ഗ്രഹിച്ചിട്ടുള്ളതാണ.

## പരിശുദ്ധ പത്രൊസ്സ ശ്ലീഹായുടെ തുടലിരിക്കുന്ന പള്ളി.

മൂന്നാമത്തെ വലെന്തിനിയാനൊസിന്റെ ഭാര്യ എവുദൊസിയാണ ഈ ദേവാലയം പണിയിച്ചതു. ഒന്നാമത്തെ ശുദ്ധ: ലെ

ജൊൻ പാപ്പായുടെ ഭരണത്തിൽ മിശിഹാകാലം ൧൧൨—ൽ ശ്ലീഹാ: പത്രൊസിനെ ഓശ്ലമ്മിൽ പൂട്ടിയിട്ടിരുന്ന ആ ചങ്ങല റൊമ്മായിൽ കൊണ്ടുവരികയും, ഈ ദെവാലയത്തിൽ സകല വിശ്വാസികളുടെ വന്ദനസ്സിന്നായി സൂക്ഷിച്ചു വച്ചിരിക്കയും ചെയ്യുന്നു. ഈ പള്ളിയിൽ തന്നെ ഭൂലോകമൊട്ടുക്ക കീൎത്തിപ്പെട്ട മിഖെലാഞ്ചെലൊ എന്ന പണിക്കാരനാൽ ഉണ്ടാക്കപ്പെട്ട മാൎബ്ബൾ കല്ലുകൊണ്ടുള്ള ഒരു മൂശ നിവ്യായുടെ കൊത്തുരൂപമുണ്ടു. ആരെങ്കിലും കണ്ടാൽ ജീവനുണ്ടെന്നു പറവാൻ തക്കവണ്ണം അത്രെക്ക പണി അതിശയിക്ക തക്കതാണു.

## ‘മൊടിൻത ചിത്തൊറിയൊ, എന്ന മലമെലുള്ള ശുദ്ധ: പത്രൊസു ശ്ലീഹായുടെ പള്ളി.

പരിശുദ്ധ പത്രൊസു ശ്ലീഹായെ തല കീഴായി കുരിശിന്മെൽ തൂക്കിക്കൊന്നതു മൊൻെറ ചിത്തൊറിയൊ എന്നു പറയുന്ന ഈ മലമെലാണ. കൊൻസ്സന്തീനൊസെന്ന ക്രിസ്ത്യാനി എമ്പ്രദോരു ശുദ്ധ: പത്രൊസിൻെറ സ്തുതിക്കായി ഇപ്പൊൾ കാണുന്ന ഈ വിശെഷിക്കപ്പെട്ട ദേവാലയം പണിയിച്ചുവെന്നു പാരമ്പൎയ്യവാൎത്ത. ശുദ്ധ: പത്രൊസിനെ കുരിശിന്മെൽ തൂക്കിയസ്ഥലവും കുരിശു ഉറപ്പിച്ചിരുന്ന ആ കുഴിയും ഇപ്പൊഴും സന്ദൎശിക്കാൻ പാടുണ്ടു. കുരിശുനാട്ടിയിരുന്ന കുഴിയിൽ നിന്നു അനേകായിരം പേർ മണ്ണു എടുത്തുകൊണ്ടു പോയിവരുന്നു. ഈ മണ്ണിൻെറ നിറം പൊൻ നിറവുമാകുന്നു. ശുദ്ധ: പത്രൊസു റൊമ്മായിൽ വന്നിട്ടില്ലായെങ്കിൽ എപ്രകാരം ഇവിടെ മരിപ്പാൻ ഇടയായിയെന്നു ആലൊചിപ്പിൻ!!

## പ്രീസ്കാ പുണ്യവതിയുടെ പള്ളി.

പ്രീസ്കായെന്ന പുണ്യവതി ശുദ്ധ: പത്രൊസു ശ്ലീഹായുടെ ശിഷ്യത്തിയും തന്നാൽ മാമ്മൊദീസാ കൈക്കൊണ്ടവളുമാകുന്നു. ഈ പള്ളി ശുദ്ധ: പ്രീസ്കായിക്കു പത്രൊസു മാമ്മൊദീസാ കൊടുത്ത സ്ഥലത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ പള്ളിതന്നെ ശുദ്ധ: പത്രൊസു റൊമ്മായിൽ വന്നുവെന്നും, താൻ വേദം അറിയിച്ചു ഈ പുണ്യവതിക്കെങ്കിലും മാമ്മൊദീസാ കൊടുത്തുവെന്നു സ്പഷ്ടമായി നമ്മെ പഠിപ്പിക്കുന്നു. ശുദ്ധ: പത്രൊസു റൊമ്മായിൽ വന്നു എന്നതിനെ നിഷെധി

ക്കുന്നവരുടെ മൂഢത്വം എന്തുമാത്രം എന്നു ഹാ! വിശ്വാസികളെ നിങ്ങൾ ഗ്രഹിപ്പിൻ! അവരെ കുറിച്ചു നിങ്ങൾ സദാ പ്രാൎത്ഥിപ്പിൻ.

## തെവൊദൊരായെന്ന പുണ്യവതിയുടെ പള്ളി.

ഇതു "വെസ്താ„ യെന്ന ദേവിയുടെ അമ്പലമിരുന്ന സ്ഥലത്തു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. പ്രിയപ്പെട്ട വായനക്കാരരെ, വിഗ്രഹങ്ങൾ, ക്ഷെത്രങ്ങൾ, മുതലായവ സത്യദൈവത്തെ കുമ്പിട്ടാരാധിക്കുന്നതു സൂക്ഷിച്ചു ധ്യാനിപ്പിൻ. സത്യദൈവം ഒന്നായിരിക്കുന്നുവെന്നും, ഈ ദൈവമൊഴികെ ശേഷമുള്ള ദേവന്മാർ മരവും കല്ലുമാകുന്നു വെന്നും ഹൃദയം കൊണ്ടു ഗ്രഹിച്ചു പറവിൻ.

## എസ്കുപ്പാനൊസു പുണ്യവാന്റെ പള്ളി.

ഈ വിശുദ്ധ ദേവാലയത്തിൽ ശുദ്ധ വലിയ ഗ്രീഗൊരിയോസ് പ്രസംഗിച്ചിരുന്ന ഒരു സിംഹാസനവും മററും ഉള്ളതു കൂടാതെ ഈ പള്ളിയുടെ ചുവരിന്മെൽ അനേക വേദസാക്ഷികൾ പലവക വേദനകൾ അനുഭവിച്ചു പാടുപെട്ടതിന്റെ പലതരം ചിത്രാരങ്ങളും എഴുതിയിരിക്കുന്നു. ഈ ചിത്രാരങ്ങളിൽ നിന്നു ദുഷ്ട എമ്പ്രദോരന്മാർ, സേവകന്മാർ മുതലായവരുടെ മൂൎക്ക്വത്വവും കാഠിന്യവും എന്തുമാത്രമെന്നു ഗ്രഹിക്കാവുന്നതു നിശ്ചയം. ഈ പള്ളി വൃത്തത്തിലായിരിക്കുന്നതിനാൽ "വൃത്തകസ്തുപ്പാൻ„ "സന്തൊ സ്തെപ്പനൊ "റൊത്തൊന്തൊ„ എന്നു വിളിച്ചുവരുന്നു.

## ലൌറെന്ത്യോസു പുണ്യവാന്റെ പള്ളി.

ഇതു അന്തൊനിനൊസ് പീയൂസ് എന്നഎമ്പ്രദൊരിന്റെ ക്ഷേത്രമിരുന്ന സ്ഥലത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

## ശുദ്ധ: ഉൎബ്ബാനൊസ് പാപ്പായുടെ പള്ളി.

ഈ ദേവാലയം "ബാക്കൂസ്„ ( ലഹരിയുടെ ) ദേവന്റെ ക്ഷേത്രംമിരുന്ന സ്ഥലത്തു സത്യദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

## പ്രസ്സെദെ യെന്ന പുണ്യവതിയുടെ പള്ളി.

---

ഈ പുരാതനമായ ദേവാലയം ഒന്നാമത്തെ പിയൂസ് പാപ്പാ
സത്യ ക്രിസ്ത്യാനികളെ ക്രൂരഎമ്പ്രദൊരന്മാർ ദുരിതപ്പെടുത്തിയിരുന്ന
കാലത്തിൽ ആ മൂക്ഷ്പസേവകന്മാരിൽ നിന്ന രക്ഷപെട്ടു ഉറപ്പുള്ള
ഒരു സങ്കേതം പ്രാപിക്കുന്നതിന്നും, തിരുകൎമ്മങ്ങൾ നടത്തുന്നതിന്ന
സൌകൎയ്യമുള്ള ഒരു സ്ഥലമായും മിശിഹാകാലം ൧൬൦-ൽ പണിയി
ച്ചതാണു. ഇപ്പോൾ കാണുന്നപള്ളിയൊ യെന്നാൽ ൮൨൨-ൽ ഒന്നാ
മത്തെ പസ്കാൽ എന്ന പാപ്പാ അതിവിസ്താരമായും, അലങ്കൃതമായും,
ശുദ്ധ: പ്രസ്സെദെയെന്ന മുൻ പറഞ്ഞ പുണ്യവതിയുടെ നാമധെയ
ത്തിൽ, പണിയിച്ചിരിക്കുന്നു. ഈ ദേവാലയത്തിൽ, പ്രസ്സെദെ പുണ്യ
വതി ഉറങ്ങി വന്നിരുന്ന ഒരുകല്ലും, വേദസാക്ഷികളുടെ രക്തം
കൊണ്ടുവന്നു പൂജ്യമായി സംഗ്രഹിച്ചിരുന്ന ഒരു സ്ഥലവും വിശ്വാസി
കൾ ഭക്തിവിനയത്തൊടെ ആചരിച്ചുവരുന്നു. ഈ വിശുദ്ധ ദേവാ
ലയത്തിൽ തന്നെ ശുദ്ധ: സെനൊൻ എന്ന വേദസാക്ഷിയുടെ ഒരു
കപ്പേളയുള്ളതും, ഈ കപ്പേളയുടെ അവൎണ്ണനീയമായ അലങ്കാരത്താ
ലും വിശേഷിക്കപ്പെട്ട പണികൾകൊണ്ടും ഇതിന്നു; "പറുദീസായുടെ
തോട്ടമെന്നു പേരുവിളിക്കപ്പെടുന്നു. ഓശ്ലേം പുരിയിൽനിന്നു
൧൨൨൩-ൽ കൎദിനാൾ കൊലൊന്നാ യെന്നദേഹം കൊണ്ടുവന്ന
നമ്മുടെ ദിവ്യരക്ഷിതാവിനെ കെട്ടിയടിച്ച കൽതൂണിന്റെ ഒരുവ
ലിയ ഭാഗവും, ഇവിടെ ഇതിന്നായിട്ടുണ്ടാക്കിയ കപ്പേളയിൽ സ്ഥാപി
ച്ചു സദാജനങ്ങൾ ബഹുമാനിച്ചുവരുന്നു. ശേഷമുള്ള കൽതൂണിൻ
ഭാഗം ഓശ്ലേം പുരിയിൽ ഇപ്പൊഴും ഉണ്ടായിരിക്കുന്നുവെന്നു അറി
യുന്നു. പിന്നെയും ഈ ദേവാലയത്തിൽ ശുദ്ധ: പത്രൊസു പ്രസ്സെദി
ന്റെ അപ്പൻ, പുദെന്ത് എന്നയാൾക്കു സമ്മാനം കൊടുത്ത നമ്മു
ടെ കൎത്താവിന്റെ ഒരു രൂപവും ശുദ്ധ: പ്രസ്സെദിന്റെയും, സെനൊ
ൻ, വളെന്തിനിയാനൊസ് മുതലായ വേദസാക്ഷികളുടെയും ശരീര
ങ്ങളും, മറ്റനെക പുണ്യവാന്മാരുടെ തിരുശ്ശേഷിപ്പുകളും സന്ദൎശി
ക്കാമെന്നതു നിശ്ചയം തന്നെ. പാരമ്പൎയ്യമായി ശുദ്ധ: പൌലൊസു
ശ്ലീഹാ റൊമ്മായിൽ വന്നപ്പോൾ താമസിച്ചതും പ്രസ്സെദിന്റെ അ
പ്പനായ പുദെന്തിന്റെ ഭവനത്തിലായിരുന്നുവെന്നു പറയുന്നു: ശു
ദ്ധ: പത്രൊസും പൌലൊസും റൊമ്മായെന്ന ഈ വിശുദ്ധ പട്ടണ
ത്തിൽ വന്നു വെദം അറിയിച്ചു അനേകം പെരെ സത്യതിരുസ്സഭയിൽ
ചെൎത്തിട്ടുണ്ടെന്നുള്ളതിന്റെ നിഷേധിച്ചുകൂടാത്ത അടയാളങ്ങൾ എ
ന്തുമാത്രമെന്നു ഭാഗ്യപ്പെട്ട വിശ്വാസികളെ! നിങ്ങൾ വീണ്ടും ആലൊ
ചിപ്പിൻ! വിശ്വാസത്തിൽ സ്ഥിരമായിനിന്നു നിങ്ങൾക്കു ദൈവം

നൽകിയ വിലമതിപ്പു കൂടാത്ത ഉപകാരങ്ങൾക്കു കൃതജ്ഞതയുള്ളവരായി തനിക്കു സ്തുതിസ്തോത്രം ചെയ്തുകൊൾവിൻ!!....

## സബീനായെന്ന പുണ്യവതിയുടെ പള്ളി.

"ജൂനൊ" എന്ന രാജസ്ത്രീയുടെ ക്ഷേത്രമിരുന്ന സ്ഥലത്താണ ഈ ദേവാലയം പണിചെയ്യപ്പെട്ടിരിക്കുന്നതു. ഇതുഒന്നാമത്തെ ചെലെസ്തീനൊസ് എന്നപാപ്പായുടെഭരണത്തിൽ ആരംഭിക്കയും, ൪൩൨-ൽ മൂന്നാമത്തെ സിക്കസ്തൂസ് പാപ്പായുടെ വാഴ്ചയിൽ ഈപള്ളിയുടെ പണി അവസാനിക്കയും ചെയ്തു. അലങ്കാരമായ ഈ തിരുസ്ഥലം ധനവാനായ ഒരു ഗ്രെക്കുപീത്തില്യുള്ള പട്ടക്കാരൻ തന്റെ സ്വന്തപണം ചിലവിട്ടു പണിയിക്കയും ഇതിന്റെ ശേഷം വിശുദ്ധ പാപ്പാന്മാരുടെ വാസസ്ഥലമായി തീരുകയും ചെയ്തു. ൧൨൨൨-ൽ മൂന്നാമത്തെ ഒന്നൊരിയൊസ് എന്ന പാപ്പാ ഇതിന്റെ അററകുററങ്ങൾ സകലതും തീൎക്കയും ഇവിടെവെച്ചു ദൊമ്മനീക്കൊസു പുണ്യവാന്റെ സഭയും ഈ സഭയുടെ ക്രമങ്ങൾസകലതും ഉറപ്പിക്കയും ചെയ്തുവെന്നതു നിശ്ചയം. ഇതിന്റെ ശേഷം ദൊമ്മിനീക്കൊസു സഭക്കാരുടെ ഉപയൊഗത്തിന്നായി ഈ പള്ളിയും ഇതിനൊടുചെൎന്ന കൊവെന്തയും വിട്ടുകൊടുക്കയും ചെയ്തു. നാലാമത്തെ ഒനൊരിയൊസ് പാപ്പായുടെ സഹവാസം ഇവിടെ യായിരുന്നു. ഇവിടെവച്ചാണ നാലാമത്തെ നിക്കൊളാവൊസിനെ പാപ്പായെന്ന അത്യുന്നതസ്ഥാനത്തിലെക്കു ഉയൎത്തിയതു. ശുദ്ധ: ദൊമ്മനീക്കൊസു താമസിച്ചിരുന്ന മുറിയും, ശുദ്ധ: ഫ്രാൻസീസ്സൊസ് അസീസ്സിയെന്ന പുണ്യവാന്മാരൊടുകൂടെ താൻ സംഭാഷണം ചെയ്തുകൊണ്ടിരുന്ന സ്ഥലവും, അഞ്ചാമത്തെ ശുദ്ധ: പീയൂസ് പാപ്പായുടെ മുറിയും ഈ കൊവെന്തയില്വും ഉണ്ടു. ദൊമ്മിനിക്കൊസ് പുണ്യവാൻ അനെകം പെരെ മനസ്സുതിരിക്കയും അത്ഭുതങ്ങൾ ഇടവിടാതെ ചെയ്തുവന്നതു കാരണത്താൽ പിശാചിന്നു സഹിപ്പാൻ വഹിയാതെ തന്നെ കൊല്ലുന്നതിന്നു നിശ്ചയിക്കയും, ഒരിക്കൽ ഒരു വലിയകല്ലെടുത്തെറിഞ്ഞുവെങ്കില്വും ദൈവസഹായത്താൽആ മരണ യൊഗ്യത്തിൽ നിന്നു രക്ഷപെടുകയും, പിശാചു ലജ്ജിച്ചു പിൻ മാറുകയും ചെയ്തു. പിശാചു വലിച്ചെറിഞ്ഞ ഘനമുള്ള കല്ലു പരസ്യമായി പള്ളിയുടെ നടുവിൽ സകല വിശ്വാസികൾക്കും കാണത്തക്കവിധത്തിൽ ഒരു തൂണിന്മെൽ സ്ഥാപിച്ചിരിക്കുന്നു. ഇതുകൂടാതെ നമ്മുടെ കൎത്താവിനെ നാലു ആണികളിന്മെൽ തറെച്ചിരിക്കുന്നതായി

ഢരു തുങ്ങപ്പെട്ട രൂപവും ഉണ്ടു, ഇപ്രകാരം ഈ പള്ളിയിൽ മാത്രമെ കാണുന്നുള്ളൂ. ഈ പള്ളിയൊടു ചെന്ന ഒരു ചെറിയ തൊട്ടത്തിൽ ശുദ്ധ: ദൊമ്മനീക്കൊസിന്റെ കയ്യികൊണ്ടു നട്ടഒരു മധുരനാരകമുണ്ടു. താൻ മരിച്ചിട്ടിപ്പൊൾ എണ്ണൂറു വൎഷത്തൊളം ആയിരിക്കുന്നുവെങ്കിലും ഈ നാരകത്തിനു ഇതുവരെ യാതൊരു കേടും ഭവിക്കാതെയിരിക്കുന്നു. ഇവിടെ നിന്നു നാരെങ്ങ, ഇലകൾ മുതലായതു പറിച്ചു അനെക നാടുകളിലെക്കു അയക്കുന്നുമുണ്ടു.

## അല്ലെസു പുണ്യവാന്റെ പള്ളി.

ഈ പള്ളി സബീനായെന്ന പുണ്യവതിയുടെ ദേവാലയത്തിനു സമീപമാണ. ഇവിടെ ശുദ്ധ: അല്ലെസു പുണ്യവാന്റെയും, മറ്റു പല പുണ്യവാന്മാരുടെയും തിരുശ്ശേഷിപ്പുകൾ ഉണ്ടു. ഈ പള്ളിയൊടുചെന്നു കുരുടന്മാരായിരിക്കുന്ന പൈതങ്ങളെ പാൎപ്പിച്ചു വളൎത്തിവരുന്ന ഒരു അനാഥമഠമുണ്ടു. കാഴ്ചയില്ലാത്ത ഈ പൈതങ്ങളെ, സൂചിമുനപോലെയുള്ള അക്ഷരങ്ങൾകൊണ്ടടിച്ച പുസ്തകങ്ങൾ കൈകൊണ്ടു തടഞ്ഞു വായിപ്പാൻ ഇവരെ അഭ്യസിപ്പിക്കുന്നതു ഓൎക്കുമ്പൊൾ വിസ്മയിക്കാത്തവർ നന്ന അപൂൎവം. ഇതാ! സൎവ്വശക്തനായ സൎവ്വേശ്വരന്റെ വല്ലഭം!

## സന്ത മറിയാ എജിസിയക്കാ എന്ന, പുണ്യവതിയുടെ പള്ളി.

പൊത്തുനാവീറീലിസ് എന്ന ക്ഷെത്രത്തിൻ അടിസ്ഥാനത്തിൽ ഈ വിശുദ്ധ ദേവാലയം പണിതിരിക്കുന്നു.

## നിക്കൊളാവൊസ് പുണ്യവാന്റെ പള്ളി.

ഈ പള്ളി "ജൂനൊ മൂമ്പാ" എന്ന അമ്പലം ഇരുന്ന സ്ഥലത്തു സ്ഥാപിച്ചിരിക്കുന്നു. ഇപ്പൊഴും ഇവിടെയുള്ള തൂണുകൾ മുത

ൻ

ലായവ മുമ്പു ൧രം ക്ഷേത്രത്തിൽ വച്ചിരുന്ന പ്രകാരം തന്നെ യാതൊരു വ്യത്യാസവും ചെയ്യാതെ ഓരോന്നു അതാതിന്റെ സ്ഥാപനങ്ങളിൽ നില്ക്കുന്നു.

## യൊവു കപ്പിത്തോളീനൊ, എന്നു പറയുന്നക്ഷേത്രം.

റോമ്മായിൽ വിഗ്രഹാരാധനക്കായി പ്രതിഷ്ഠിച്ചിട്ടുള്ളതിൽ മുഖ്യമായ ക്ഷേത്രങ്ങളിലൊന്നു ഇതാണ. മിശിഹാക്കു എമ്പത്തിമൂന്നു വൎഷം മുമ്പു ഇതു കത്തിപ്പോകയും വീണ്ടും ഇത സില്ലായെന്നാളാൽ പണിയിക്കയും ചെയ്തുവെന്നു പറഞ്ഞുവരുന്ന ൧രം ക്ഷേത്രം ശുദ്ധ: അഗുസ്തീനൊസ്, അമ്പ്രൊസീസ്, ശുദ്ധ: ൧ൟറാനിമ്മൊസ് മുതലായ വേദപാരഗന്മാരുടെ കാലംവരെ യുണ്ടായിരുന്നുവെന്നു ഇവർ സാക്ഷിച്ചിരിക്കുന്നു. അനേക ക്ഷേത്രങ്ങൾ റോമ്മായിൽ ഉണ്ടായിരുന്നവയിൽ മുക്കാൽ പങ്കും ദേവാലയമായി പകരപ്പെട്ടുകയും ശേഷമുള്ളവ ജീൎണ്ണം ഭവിച്ചു പോകയും ചെയ്തു.

## പാന്തെയോൻ എന്ന ക്ഷേത്രം (൧)

റോമ്മായിൽ ഇട്ടിനംവരെ കേടുഭവിക്കാതെ നില്ക്കുന്ന ക്ഷേത്രം ഇതു മാത്രമെയുള്ളു. നാലാമത്തെ ബൊസിപ്പാസിയൊസ് പാപ്പാ ഇതു സത്യദൈവത്തെ ആരാധിക്കുന്ന ഒരു ദേവാലയമായി

---

(൧) Simple, erect, Severe, austere, Sublime,
Shrine of all saints and temple of allgods
From Jove to Jesus–spared and blessed by time
Looking tranquility, while falls or nods
Arch, empire, each thing round thee and man plods
His way through thorns to ashes-glorious dome
Shalt not thou last? Time's Scythe and tyrant's rods
Shiver upon thee–sanctuary and home
Of art and purity–Pantheon! pride of Rome.
Childe Harold

ച്ചമെക്കുന്നതിന്ന്, അറുനൂററെട്ടാംകാലം, പെ്രാക്കൊസ് എമ്പ്രദോരിനോടു ചോദിക്കയും, അപേക്ഷപ്രകാരം ഇയാൾ സമ്മതിച്ചശേഷം, പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ ഈ പള്ളിപ്രതിഷ്ഠിക്കയും ചെയ്തു. ഈ ക്ഷേത്രം പള്ളിയാക്കുന്നതിന്നായി വിശേഷമാററങ്ങൾ യാതൊന്നും തന്നെ ചെയ്തിട്ടില്ല. ഇതിന്നുള്ളിൽ ഫന്നമബ്ൾ കല്ലുകൊണ്ടുള്ള മുഴവൻ തൂണുകൾ ഉള്ളതിൽ, മൂന്നു തൂണുകളൊഴികെ ശേഷമുള്ളതെല്ലാം മുൻനിന്നിരുന്ന നിലയിൽ ഇന്നാൾവരെ നില്ക്കുന്നു. ഈ ഓരൊ മുഴവൻ തൂണിന്റെ നീളം നാല്പത്താററര ഇംഗ്ലീഷ് ചുവടും അഞ്ചടി കനവും വൃത്തമായി പണതിരിക്കുന്നതിനാൽ വീതിയും നീളവും നൂററിനാല്പത്തിമൂന്നു അടിയും, ഭിത്തിയുടെ കനം ഇരുപതടിയും പൊക്കം ഫരന്ന ചുവടും ആണു. വത്തിക്കാൻ, പണിയുന്നതിന്നായി ഇവിടെ നിന്നു ൧൫൦, ൨൫൦, റാത്തൽ ഓടു കൊണ്ടുപോയിട്ടുണ്ടു!

സൻജൊവാന്നി ആപൊത്താ ലത്തീനാ. ലത്തീൻ വാതുക്കലുള്ള ശുദ്ധ: യോഹന്നാന്റെ പള്ളി.

ഈ പള്ളി സ്ഥാപിച്ചിരിക്കുന്നതു റോമ്മാ കോട്ടെക്കുപുറത്തു ഏകദേശം ഒരു മണിക്കൂറു ദൂരെയാണു്. ഈ സ്ഥലത്തു വച്ചാണു, ശുദ്ധ: യോഹന്നാൻ ഏവൻഗേലിസ്താായെ ദൊമിസിയാനോസ് എമ്പ്രദോരുതിളെച്ച എണ്ണെക്കകത്തിട്ടു കൊല്ലുന്നതിന്നു് കല്പിച്ചതു. കല്പന പ്രകാരം എണ്ണെക്കകത്തിട്ടുവെങ്കിലും അത്ഭുതമായി അതിൽ നിന്നു് രക്ഷപെടുകയും ചെയ്തു. ഇപ്പൊഴും തന്നെയിട്ടിരുന്ന ആ ജാറയും തന്നെപൂട്ടിയിരുന്ന തുടലുംസന്ദശിക്കാവുന്നതും ഞാൻസന്ദശിച്ചിട്ടുള്ളതുമാണ്ടു്.

കത്താവെ!! നീ എവിടെക്കു പോകുന്നു? അഥവാ ദൊമിനേ! കൊ്വാവാദിസ് എന്ന കപ്പേള.

ഈ സ്ഥലത്തുവച്ചു നമ്മുടെ ദിവ്യരക്ഷിതാവും പത്രൊസ്സ് ശ്ലീഹായും തമ്മിൽ കാണുകയും ഉടനെ ശുദ്ധ: പത്രോസ്സ നമ്മുടെ ദിവ്യ രക്ഷിതാവിനൊടു കത്താവെ! നീ എവിടെ പോകുന്നുവെന്നു ചൊദിച്ചു അന്നുമുതൽ ഈ സ്ഥലത്തിന്നു കത്താവെ! നീ എവിടെ പോ

കുന്നു? അല്ലെങ്കിൽ ദൊമിനെക്കൊവാദിസ് എന്ന പേരുണ്ടാകയും ചെയ്തു. ൟ അത്ഭുത സംഭവം നടന്ന സ്ഥലത്തെ നിത്യജ്ഞാപകപ്പെടുത്തുന്നതിന്നായി ഇവിടെ ഒരു വിശേഷ കപ്പേള പണുതിരിക്കുന്നതു ഇപ്പൊഴും സന്ദൎശിപ്പാൻ പാടുണ്ടു.

## ശുദ്ധ: മൎക്കൊസിന്റെ പള്ളി.

ൟ പള്ളി റോമ്മായിൽ ഉള്ളതിൽ പുരാതനമായിട്ടുള്ള തെന്നതിന്നു് സംശയമില്ല. കൊൻസ്തന്തീനോസ് എമ്പ്രദോരിന്റെ കാലത്തിൽ ഒന്നാമത്തെ ശുദ്ധ: മൎക്കോസു പാപ്പാ ശുദ്ധ: എവൻഗേലീസ്ഥായുടെ സ്തുതിക്കായി ഇതു പ്രതിഷ്ഠിച്ചു. ൟ വിശുദ്ധ ബസീലിക്കയുടെ വലിയ പീഠത്തിൻതാഴെ ശുദ്ധ: മൎക്കോസ് പാപ്പായുടെ തിരുശ്ശരീരവും മററുപല പീഠങ്ങളിന്മേൽ ശുദ്ധ: അബ്ദോൻ, സെന്നെൻ എന്നു പേരായ വേദസാക്ഷികളുടെ തിരുശ്ശേഷിപ്പുകളും ഇരിപ്പുണ്ടു.

## ക്ഷേത്രങ്ങൾ.

റോമ്മായിൽ മിക്കക്ഷേത്രങ്ങളും സത്യദൈവാരാധന സ്ഥലമായി പകരപ്പെട്ടുവെങ്കിലും റോമ്മാ അജ്ഞാനികളുടെ സ്ഥിതിയെയും അവരുടെ വിഗ്രഹാരാധന സ്ഥലങ്ങളെയും മുഴുവനും കളയാതെ പിംഗാമികളുടെ ഓൎമ്മക്കായി ഇപ്പൊഴും നിറുത്തിയിരിക്കുന്നു. അവയെവയെന്നാൽ സത്തുൎന്നൊസ്, വെസ്പസിയാനൊസ് മുതലായവരുടെയാകുന്നു. ഇവയെല്ലാം റോമ്മാ സന്ദൎശനക്കാൎക്കു കാണാവുന്നതും ആകുന്നു.

## റോമ്മാപട്ടണത്തിലുള്ള സിമ്മനാരികളും കൊളെജ്കളും.

മാൎപ്പാപ്പാമാർ പരിഷ്കാരത്തിന്മേൽ താല്പൎയ്യമുള്ളവർ ആകുന്നുവൊ എന്നും തിരുസ്സഭ ശ്ലീഹാക്കൂട്ടത്തും ആകമാനമായിട്ടുള്ളതുമെന്നും ഇവർ തിരുസ്സഭയുടെ തലവന്മാരും മിശിഹായുടെ വികാരിയും

ആകുന്നുവൊ എന്നും ഇവർ തങ്ങളെ ഭരമേല്പിച്ച ആട്ടിൻകൂട്ടത്തെ എപ്രകാരം ഭരിച്ചുകൊണ്ടു പോകുന്നുവെന്നു അറിവാൻ ആഗ്രഹമുള്ളവർ റോമ്മാ മാൎപ്പാപ്പാന്മാർ റോമ്മായിൽ ചെയ്തിരിക്കുന്നതും സദാ ചെയ്തുവരുന്നതുമായ ശ്ലീഹാസ്ഥൂടത്തഅദ്ധ്വാനങ്ങളെ സൂക്ഷിക്കട്ടെ! സകല രാജ്യങ്ങൾക്കും പ്രത്യേകം നമ്മുടെ തിരുസ്സഭെക്കും സിദ്ധിപ്പാൻ പാടുള്ള അനേക ഗുണങ്ങൾ ഓരോ നാട്ടിലുള്ള സൽഗുണവാന്മാരായ ജനങ്ങളിൽ നിന്നും മേലധികാരികളിൽ നിന്നുമാണെന്നുള്ളതു നിഷേധിച്ചുകൂടാത്ത ഒരു സംഗതിയാണ്. എന്നാൽ ഇതു ഫലസിദ്ധിയുള്ളതായി തീരുന്നതിന്ന്, ഓരോ നാട്ടിലുള്ള പൈതങ്ങളെ അവരുടെ ശിശുപ്രായത്തിൽ തന്നെ സന്മാൎഗ്ഗ ലൌകിക ശാസ്ത്രങ്ങളെ അഭ്യസിപ്പിക്കുന്നതിനും പരോപകാര സ്നേഹത്തെ ഇവരുടെ ആത്മാവിൽ ജനിപ്പിക്കുന്നതിന്നും അത്യാവശ്യമെന്ന് റോമ്മാമാൎപ്പാപ്പാന്മാർ സംശയമെന്ന്യെ ഗ്രഹിച്ചിട്ടുണ്ടെന്നുള്ളത് ഇവർ റോമ്മാ വിദ്യാൎത്ഥികൾക്കായും കിഴക്കെരാജ്യക്കാർ, യൂറോപ്പ്, അമേരിക്കാ മുതലായ ഇതര രാജ്യങ്ങളിലുള്ള വിദ്യാൎത്ഥികളുടെ അഭിവൃദ്ധിക്കായും ഈ വിശുദ്ധ നഗരത്തിൽ സ്ഥാപിച്ചിരിക്കുന്ന അനേക കൊളെജ്കളിൽ നിന്നും സിമിനാരി മുതലായവയിൽ നിന്നും സ്പഷ്ടമാകുന്നതാണ്. റോമ്മാവിദ്യാൎത്ഥികൾക്കായി സ്ഥാപിച്ചിരിക്കുന്ന സിമിനാരികൾ ഏവയെന്നാൽ സിമിനാരി റോമാനൊ, സിമിനാരി പീയൊ, വത്തിക്കാനൊ, എന്നിവയാകുന്നു. ഈ കൊളേജ്കളിൽ ഇത്താല്യായിലുള്ള പല രൂപതകളിലെ വിദ്യാൎത്ഥികളെയും എടുക്കുന്നതുമാകുന്നു. ഇതര രാജ്യക്കാൎക്കുള്ള കൊളേജ്കൾ ൧. പ്രൊപ്പഗാന്ത ൨. മാറൊനീത്താ കൊളെജ് ൩. ഗ്രെക്ക. ൪. ഗ്രെക്കറുത്തെനൊ. ൫. കപ്രാനിക്കാ. ൬. ജെൎമ്മൻ കൊളെജ്. ൭. ഐലണ്ട്കാൎക്കു ൮. സ്കോട്ടലണ്ട്. ൯. ഇംഗ്ലാണ്ട്. ൧൦. തെക്കെ അമേരിക്കാ. ൧൧. വടക്കെഅമേരിക്കാ. ൧൨. ബെൽജിയം. ൧൩. തെവുത്തൊനിക്കൊ. ൧൪. ഇല്ലീരിക്കൊ. ൧൫. പീയൊഇംഗ്ലെസ്സ്. ൧൬. തെവുത്തൊനിക്കൊ. ൧൭. പൊലണ്ട്. ൧൮. അൎമ്മെനിയാ. ൧൯. ബൊഹെമിയാ. ൨൦. സ്പെയിൻ. ൨൧. കനഡാ. ൨൨. തിരുഹൃദയത്തിന്റെ കൊളെജ്. ൨൩. ശ്രു: അമ്പ്രോസീസിന്റെയും കാൎളൊസിന്റെയും. ൨൪. ആഫ്രിക്കായിൽ വേദം അറിയിക്കുന്നതിന്നു പോകുന്നതിനുള്ള ഫ്രെഞ്ചു കൊളെജ്. ൨൫. അന്യമിസ്സങ്ങളിൽ പോയി വേദം അറിയിക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന കൊളേജ്. ൨൬. പ്രാൻസുകാരുടെ കൊളെജ്. ൨൭. കൊളെജ്യയൊ റൊമാനൊ ൨൮. ദൊമിനിക്കൊസ്സ് സഭക്കാരുടെ കൊളെജ്. ൨൯. പ്രാൻസീസ്കൊസ്സ് സഭക്കാരുടെതു. ൩൦. ബെനദിക്തൊസ്സ് സഭക്കാരുടെതു. ൩൧. ശുദ്ധ: അന്തൊനീസ്സ് പുണ്യവാന്റെ നാമധേയത്തിലുള്ളതു. ഇവ എട്ടാമത്തെ ഉൎബ്ബാനോ

സ്. പത്താമത്തെ ഗ്രീഗൊരിയൊസ്സ്, എട്ടാം ക്ലെമെൻസ്സ്, പതിനാറാം ഗ്രിഗൊരിയൊസ്സ്, ഒമ്പതാമത്തെ പീയൂസ്സ്, ഇപ്പൊൾ പ്രഭയൊടെ വാഴുന്ന പത്താമത്തെ ലെയൊൻ മുതലായ മാർപ്പാപ്പാമാരുടെ സ്ലീഹാസ്ഥാനത്ത പരിശ്രമങ്ങളാൽ സ്ഥാപിച്ചിട്ടുള്ളതാണ്. മുൻപറഞ്ഞ ഓരൊ സിമിനാരി, കൊളെജികളിലുള്ള വിദ്ദ്യാൎത്ഥികൾ ഏതുകൊളെജിൽ പഠിക്കുന്നുവെന്ന് തിരിച്ചറിയുന്നതിന്നായി വിവിധതരമായ വസ്ത്രങ്ങൾ ധരിക്കുന്നതിനാൽ ഇവരുടെ കൂട്ടം കാണുന്നതു രസകരമായിട്ടുള്ളതുമാണ്. ഇവർ ഓരൊരുത്തർ ഗുരുപട്ടാന്തസ്സിന്ന നിയമിക്കപ്പെട്ടവരായിരിക്കുന്നതിനാൽ തക്കസമയത്തു ഗുരുപട്ടമേറ്റു തങ്ങളുടെ രാജ്യങ്ങളിലുള്ള രൂപതകളിലെക്കു പിന്തിരിയുന്നു. എന്നാൽ പഠനകലാലയങ്ങളിൽ മേൽ പറയപ്പെട്ട വിദ്ദ്യാൎത്ഥികൾ കൂട്ടമായി പഠിക്കുന്നതിന്ന സൌകൎയ്യമില്ലായ്കയാൽ പ്രധാന വിദ്യശാലകളായ പ്രൊപ്പഗാന്ത, ഗ്രെഗൊരിയാനൊ, വത്തിക്കാൻ, മിനെർവ് മുതലായ സ്ഥലങ്ങളിൽ പലകൂട്ടമായി പഠിച്ചുവരുന്നു. ഈ ഈസ്ക്കൊളകളിൽ പഠിപ്പിക്കുന്ന വാദ്ധ്യാന്മാർ എല്ലാവരും സകല വിഷയങ്ങളിലും സമൎത്ഥന്മാരും മാർപ്പാപ്പായാൽ തെരിഞ്ഞെടുക്കപ്പെട്ടവരും പട്ടക്കാരുമാണ്. ഈ കൊളെജ്കൾ സിമ്മനാരികൾ മുതലായവ മാർപ്പാപ്പായുടെ അധീനത്തിൻകീഴ് ക്രമമായും അതിശുഷ്കാന്തിയൊടും ദിനംപ്രതി പരിഷ്കാരപ്പെട്ടത്തിയും കൊണ്ടുപോകുന്നതു വിചാരിക്കുമ്പൊൾ സജ്ജനങ്ങൾ വിസ്മയിക്കാതെയിരിക്കയില്ലായെന്നതു നിശ്ചയം.

## പ്രൊപ്പഗാന്ത കൊളെജ്ജ്.

മുൻ പ്രസ്ഥാപിച്ച കൊളേജ്കൾ ഓരൊ രൂപതകൾക്കു അല്ലെങ്കിൽ മിസ്സത്തിന്ന പ്രത്യേകിച്ചു ഉണ്ടാക്കിയതെങ്കിലും പ്രൊപ്പഗാന്ത എല്ലാമിസ്സങ്ങൾക്കും പൊതുവായ ഒരു കൊളെജാകുന്നു. ഈ പ്രബലപ്പെട്ട കൊളേജിൽ ഭൂലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും തിരുസ്സഭയിലുള്ള സകല റീത്തുകാരും വന്നു പഠിച്ചുവരുന്നു. ഈ കൊളേജിൽ നാല്പതിൽ അധികം ഭാഷകൾ സംസാരിച്ചുവരുന്നതു ഓൎക്കുമ്പൊൾ തിരുസ്സഭയുടെ മഹത്വത്തെയും സാൎവ്വത്രികത്വത്തെയും പ്രദൎശിപ്പിക്കുന്ന വെറൊരു കൊളേജ് ഭൂലോകത്തിൽ ഒരിടത്തും കാണ്മാൻ പാടാകുന്നതല്ല. ഈ ഭാഷകളിൽ തന്നെ ആണ്ടിലൊരിക്കൽ ഇവിടെയുള്ള വിദ്യാൎത്ഥികൾ കവിതകൾ മുതലായവയുണ്ടാക്കി മഹാജനത്തിൻ മുമ്പാകെ വായിക്കപതിവാണ്. ഇല്ലിനം ഓരൊ ഭാഷകളു

ടെ രീതിയെയും ശബ്ദവും അറിയുന്നതിന്നായി അനേകം ജനം ഈ കൊളേജിൽ കൂടിവരുന്നു. ഇതു കൂടാതെ മകരം ൬-ാംനു- പ്രൊപ്പഗാന്ത വിദ്യാൎത്ഥികളുടെ ദേവാലയത്തിൽ മൂന്നു രാജാക്കളുടെ തിരുനാൾ ദിനം ശുദ്ധമാന പള്ളിയിലുള്ള സകല രീത്തുകളിലും ദിവ്യപൂജ ഈ രാജാക്കന്മാരുടെ സ്തുതിക്കായി മഹാ ആഘോഷത്തോടെ അണെച്ചും വരുന്നു. ഈ വിശിഷ്ട ദേവാലയത്തിലാണ ഇപ്പൊഴും ശുദ്ധ: യച്ചിന്തുസ്, ശുദ്ധ: പെ്ാത്തുനാത്തുസ് എന്നിരു വേദസാക്ഷികളുടെ ശരീരമിരിക്കുന്നതു. ഇവിടെ പഠിക്കുന്നവരുടെ ചിലവു സകലതും പ്രൊപ്പഗാന്ത സംഘത്തിൽ നിന്നും ഒരാൾക്കു ആണ്ടിൽ ൧൨൦൦ ഫ്രാങ്കു നിരന്തരം ആകുന്നതുമാണു്. പ്രൊപ്പഗാന്ത കൊളേജിൽ തന്നെ വേറൊരു കെട്ടിടത്തിൽ ഈ വിശുദ്ധ സംഘത്തിന്റെ തലവൻ കർദിനാളും സെക്രത്താരിമാരും നിവസിച്ചു മിസ്സങ്ങൾ സംബന്ധമായ സകല കാൎയ്യാദികളും നടത്തിയും വരുന്നു. ഈ വിശുദ്ധ സംഘവും ഈ പ്രബലപ്പെട്ട കൊളേജും എട്ടാമത്തെ ഉൎബാനോസ് ൧൬൨൭-ാം കാലം സ്ഥാപിച്ചതുമാണു്.

## പാഠകശാലകളും സ്കൂളുകളും.

ഈ നഗരത്തിൽ ഈശോസഭക്കാർ, ബനർബീത്തി, സലെസിയാനി, ക്രിസ്ത്യൻ സഹോദരന്മാർ മുതലായ പല സഭക്കാർ നടത്തിവരുന്ന അനേകസ്കൂളുകളും പാഠശാലകളും ഉണ്ടു. ഇവിടെ ഇത്താല്യയിലുള്ളപലപട്ടണങ്ങളിൽനിന്നു വന്നു പഠിച്ചു വിദ്വാന്മാരായി പിന്തിരിയുന്നു. ഇവയെല്ലാം ഓരൊന്നായി വിവരിച്ചു പറയുന്നതായിരുന്നാൽ ദീൎഘമായി പൊകുമെന്നു് വിചാരിച്ചു തല്ക്കാലം വിട്ടു കളയുന്നു.

## കൊത്തുപണിമുതലായവകൾ പഠിപ്പിക്കുന്നസ്കൂളുകൾ.

മാൎപ്പാപ്പാന്മാർ ശാസ്ത്രങ്ങൾ സംബന്ധമായ വിഷയങ്ങളിൽ തന്നെയല്ലും ഉത്സാഹികളായിരിക്കുന്നതു വിന്നെയൊ പലവിധ വിദ്യകൾ ചിത്രാരങ്ങൾ കൊത്തുരൂപങ്ങൾ മുതലായ കൈവേലകൾ അഭ്യസിപ്പിക്കുന്നതിന്നായും എല്ലാക്കാലങ്ങളിലും അതിതല്പരന്മാരാ

യിരുന്നു. ൟ വക പണികൾ അഭ്യസിപ്പിക്കുന്നതിന്നു ഉണ്ടാക്കപ്പെട്ട ഒരു പ്രത്യേകശാല ൲൫൱൮൰൮-ൽ അഞ്ചാംശുദ്ധ: സിക്സ്തൂസ് പാപ്പാ അക്കദെമിയ ദിസൻ ലൂക്കാ എന്ന നാമത്തൊടു കൂടി പണിയിച്ചതാണ്. മാർപ്പാപ്പാമാർ ൟ വക പണികൾ തന്നെയല്ലാ ഭൂലൊകത്തിൽ എന്തെല്ലാം പരിഷ്കാരം വരുത്തുവാൻ പാടുണ്ടൊ ആയവയെല്ലാം പരത്തുന്നതിന്നും അതിശുഷ്കാന്തിയുള്ളവരായിരുന്നു വെന്നതു ൟ ഭൂലൊകത്തിൻ നാനാഭാഗങ്ങളിലുള്ള അനെകരാജ്യങ്ങളിൽ (അമെരിക്കാ, എജിപ്തു, ചീനാ, ഇന്ത്യാ, ഇത്താല്യാ, ജൎമ്മനിയ്യാ, ബെൽജിയം, മുതലായ നാടുകളിൽ) ൟശൊസഭക്കാർ, ബെനദീക്തൊസു സഭക്കാർ, സലെനിയാനി ബനർബീത്തി, ഡൊമ്മിനിക്കൊസ് സഭക്കാർ മുതലായവർ സ്ഥാപിച്ചിരിക്കുന്ന അനെക കൊളെജികളിൽ നിന്നും ഏവക്കും ബൊധപ്പെടാവുന്നതാണു.

## ആശുപത്രികളും അനാഥമഠങ്ങൾ മുതലായവയും.

ഭൂലൊകത്തിൽ നാനാ ഭാഗങ്ങളിലുള്ള രാജ്യങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ആശുപത്രി അനാഥശാലകൾ മുതലായവയിൽ കീൎത്തിപെട്ടതു റൊമ്മാ നഗരത്തിലുള്ളതായിരിക്കുന്നു. അതെന്തുകൊണ്ടെന്നാൽ ൟശൊമിശിഹായുടെ സ്നേഹം ആരിലെങ്കിലും ഉണ്ടാകേണ്ടതും എന്നാൽ പ്രത്യേകമായി തിരുസ്സഭയുടെ തലവനും ൟശൊമിശിഹായുടെ വികാരിയുമായ മാർപ്പാപ്പായിൽ വിളങ്ങി ശോഭിച്ചിരിക്കെണ്ടതുമാണു. പത്രൊസിന്റെ പിൻഗാമിയായ മാർപ്പാപ്പാ മിശിഹായുടെ സ്നേഹത്തെയും ശമറായക്കാരന്റെ അനുഗ്രഹത്തെയും എപ്രകാരം പിഞ്ചെല്ലുന്നുവെന്നു ഗ്രഹിക്കെണമെങ്കിൽ റൊമ്മായിൽ ഇവർ സ്ഥാപിച്ചിരിക്കുന്ന അനെക ആശുപത്രികളെയും അനാഥമഠങ്ങൾ മുതലായവയെയും സൂക്ഷിച്ചാൽ മാത്രം മതിയായിരിക്കുന്നു. ഇവയെല്ലാം വിവരിക്കുന്നതിന്നു പ്രയാസമായിരിക്കുന്നതിനാൽ മുഖ്യമായ ചിലതിനെ താഴെ സംഗ്രഹമായി പറയുന്നു.

## സാന്തൊ സ്പിരിത്തൊ യെന്ന ആശുപത്രി.

റൊമ്മായിൽ ഉള്ളതിൽ അതിവിസ്താരമായ ഒരു ആശുപത്രി ഇതായിരിക്കുന്നു. ഇതു മൂന്നാമത്തെ ഇന്നൊച്ചെൻസൊസ് പാപ്പാ ശ്രുദ്ധ: പത്രൊസിന്റെ ബസിലിക്കയുടെയും റൈബർ നദിയുടെയും മദ്ധ്യെ ഫൻവ്വ-ൽ പരജനത്തിന്റെ ഉപകാരത്തിന്നായും റൊമ്മാ പട്ടണ നിവാസികൾക്കായും പണിയിച്ചതാണ. ഈ ആശുപത്രി തന്നെ മൂന്നാമത്തെ പൌലൊസ് പതിംമൂന്നാമത്തെ ഗ്രീഗൊരിയൊസ് ഏഴാമത്തെ അലെക്ക്സന്ത്രയൊസ് പതിന്നാലമത്തെ ബെനദിക്തൊസ് എന്നശ്രുദ്ധ:പാപ്പാന്മാർവീണ്ടും അതിവിസ്താരമുള്ളതായും യൂറോപ്പ രാജ്യങ്ങളിൽ ഉള്ളതിൽ പ്രധാനമായിട്ടുള്ളവയൊടു സമമായും പണിയിക്കയുംചെയ്തു. കടശിഒമ്പതാമത്തെ പീയൂസു പാപ്പാ ഭ്രാന്തന്മാൎക്കായി ഇതിനൊടു ചെൎന്ന ഒന്നു പണിയിച്ചിട്ടുമുണ്ടു. ഈ ആശുപത്രിയിൽ രണ്ടായിരം ആളുകൾക്കു സൌകൎയ്യമായി കട്ടിലിട്ടു കിടക്കാവുന്നതും അപ്രകാരം നടന്നുവരുന്നതും മാണ. ഇവിടത്തെ നിത്യചിലവിന്നായി ആണ്ടിൽ അഞ്ചുലക്ഷത്തിലധികം ഫ്രാങ്കുകൊടുത്തുവരുന്നതു ഓൎക്കുമ്പോൾ മാൎപ്പാപ്പാന്മാൎക്കു രോഗത്താലും കഠിന വ്യാധികളാലുംപീഡിക്കപ്പെട്ടിരിക്കുന്ന സമസൃഷ്ടികളുടെനേരെ എന്തുമാത്രംഅനുഗ്രഹവും സ്നേഹവും ഉണ്ടായിരിക്കുന്നു വെന്നു ഏവരും ആലൊചിക്കെണ്ടിയിരിക്കുന്നു. ഈ ആശുപത്രി കൂടാതെ ഇനിയും പലതും റൊമ്മായിലുണ്ടായിരിക്കുന്നു. അവയെവയെന്നാൽ സൻജൊവാന്നി, സൻഗള്ളിക്കാനൊ, ലാകൊൻസളസിയൊനെ, സൻ ജ്യാക്കൊമൊ, ഫ്ലാത്തെബെനെ ഫ്രാത്തെള്ളി, ത്രീനിത്താദെയിപെള്ളെഗ്രീനി, സൻറൊക്കൊ എന്നവകളാകുന്നു. ഇവകളിലൊക്കെ അനേക രൊഗക്കാൎക്കു പാൎപ്പാൻ തക്കവണ്ണം അതിവിസ്താരമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നു.

## ശ്രുദ്ധ: മിഖേൽ റെശ്രുമാലാഖയുടെ നാമധെയത്തിൽ പണിയപ്പെട്ടിരിക്കുന്ന ആശു പത്രി.

ഈ ആശുപത്രി ഫനവ്വന്നാ-ൽ പന്ത്രണ്ടാം ശ്രുദ്ധ: ഇന്നൊച്ചെൻസൊസ് പാപ്പാ ആരംഭിക്കയും ഫഫ-ാമത്തെ ക്ളെമൻസ് ആറാമത്തെ പീയൂസു മുതലായ മാൎപ്പാപ്പാന്മാർ അവസാനിപ്പിക്കയും ചെയ്തു. ഈ ആശുപത്രി അനാഥ പൈതങ്ങളെ പാൎപ്പിപ്പാനായി ആദ്യം നിയമിക്കയും പിന്നീടു സകലവക കൈവേലകൾ നെയ്ത്തു,

പിന്താരം, കുത്തുരുപപ്പണി, വാദ്യങ്ങൾ മുതലായവ അഗതികളായ പൈതങ്ങളെ അഭ്യസിപ്പിക്കുന്നതിന്നായി നിയമിച്ചുറപ്പിക്കയും ചെയ്തു. ഈ പൈതങ്ങളെ സകലരെയും പഠിപ്പിക്കുന്നതിന്നായും സകലതും ക്രമമായി നടത്തിക്കൊണ്ടു പോകുന്നതിന്നായും എണ്ണൂറിലധികം ആളുകളെ ശമ്പളം കൊടുത്തു നിറുത്തിവരുന്നു.

## നക്ഷത്രബെക്ളാവു.

റോമ്മായിൽ മുഖ്യമായിട്ടുള്ള നക്ഷത്രബെക്ളാവു വത്തിക്കാൻ തോട്ടത്തിലുള്ളവയാണ്. ഇവ മാർപ്പാപ്പായുടെ അധികാരത്തിൻകീഴുള്ളതും ഇവയുടെ മേൽവിചാരക്കാർക്കു പരിശുദ്ധ പിതാവു തന്നെ ശമ്പളം കൊടുത്തുവരുന്നതുമാണ്.

## ബെസിലിസ്സു. അല്ലെങ്കിൽ ഓർമ്മസ്തംഭങ്ങൾ.

ഈ സ്തംഭങ്ങളെപ്പോലെ പുരാതനമായവ റോമ്മായിൽ യാതൊന്നും തന്നെ കാണ്മാനില്ല. ഇവകൾ റോമ്മാ രാജാക്കന്മാർ ഇതരരാജ്യത്തിലുള്ള രാജാക്കന്മാരിൽ നിന്നു ജയം പ്രാപിച്ചതിന്റെ ഓർമ്മെക്കായി ഇവർ മെസ്രെൻനാട്ടിൽനിന്നു കൊണ്ടുവന്നവയാണ്. ഇവയെല്ലാം മാർപ്പാപ്പാന്മാർ, റോമ്മായുടെ ആഭരണങ്ങളായി ഈ പുരിയുടെ പലഭാഗങ്ങളിലും സ്ഥാപിച്ചിരിക്കുന്നു. ഇവയിൽ മുഖ്യമായിട്ടുള്ളവയെ വായനക്കാരുടെ അറിവിനുവേണ്ടി താഴെ കാണിക്കുന്നു.

## വത്തിക്കാൻ ചതുരസ്തംഭം.

ഇതു "കലിഗുള" എലിയൊപ്പൊളിയെന്ന സ്ഥലത്തു നിന്നു കൊണ്ടുവന്നതാണ്. ഈ ഭാരിച്ച സ്തംഭം കപ്പലിൽ കേററി റോമ്മായിൽ കൊണ്ടുവന്നതിന്നു ചെയ്ത അദ്ധ്വാനം വിവരിക്കാവതല്ല. അഞ്ചാമത്തെ സിക്സത്തുസ്പാപ്പാ മുന്നിരുന്ന സ്ഥലത്തുനിന്നു മാററി ൧൫൮൬-ൽ ശുദ്ധ: പത്രൊസ്ശ്ലീഹായുടെ മുൻവശത്തു ദൊമിനി

ക്കൊസ് പെ്ാൻതാനായെന്ന ചില്പാശാരിയെക്കൊണ്ടു സ്ഥാപിപ്പിച്ചു. ഇതിൻെറ സ്ഥാപനത്തിൻ മുറയെങ്ങിനെയെന്നാൽ, ആദ്യമായി ശുദ്ധ: പത്രൊസിൻെറ ബസിലിക്കയിൽ ഒരു പാട്ടുകുർബ്ബാന പാട്ടുകയും ഇതിൻെറ ശേഷം പണിയുടെ മേസ്തിരിയായ ദൊമ്മിനിക്കൊസു പെ്ാന്താനായെന്നയാളെയും, ശെഷം പണിക്കാരെയും, മാപ്പാപ്പാ ആഘൊഷമായി ആശിർവ്വദിച്ചു. ൟ സ്തംഭം ഉയൎത്തി സ്ഥാപിക്കുന്ന സമയം, യാതൊരുത്തരും ഒരക്ഷരം പോലും സംസാരിച്ചു കൂടായെന്ന മരണശിക്ഷയിൻകീഴ വിലക്കുകയും ചെയ്തു. എന്നാൽ ബ്രെസ്സായെന്ന കുഡുംബത്തിൽ നിന്നുണ്ടായിരുന്ന ഒരാൾ ൟ സ്തംഭം സ്ഥാപിപ്പാനുള്ള സ്ഥലത്തിൽ നിന്നും മാറിയിരിക്കുന്നുവെന്നും ആലാത്തുകൾ വലിഞ്ഞ പൊട്ടിപ്പൊകാറായിരിക്കുന്നുവെന്നും ഇതിനാൽ അനേക ആൾനാശവും വസ്തുനാശവും ഭവിപ്പാനിരിക്കുന്നു വെന്നു കണ്ടു മാപ്പാപ്പായുടെ കല്പനയെ ലംഘിച്ചു ആലാത്തു പൊട്ടാറായിരിക്കുന്നുവെന്നും അതിന്നു എണ്ണയൊഴിപ്പിനെന്നും വിളിച്ചുപറഞ്ഞു മരണശിക്ഷയെ ഭയപ്പെടാതെ അനെകമാളുകളെ രക്ഷിപ്പാനുള്ളത അവൻെറ ഉദ്ദെശത്തിനും അവൻെറ അസാമാന്യ ധൈൎയ്യത്തിനും സാമൎത്ഥ്യത്തിനും പ്രതിപകരമായി അവന്നു പ്രത്യെക ബഹുമാനങ്ങൾ ചെയ്തുകൂടാതെ ഇന്നേദിനം വരെയും ബ്രെസ്സായെന്ന ഭവനത്തിനും ചെയ്തുവരുന്നു. ൟ ഭാരിച്ച സ്തംഭം മുൻ പറഞ്ഞ സ്ഥലത്തു ഉയൎത്തുന്നതിന്നായി, ൬൦൦ ആളുകളും ൧൪൦ കുതിരകളും, ൪൬ ബകയന്ത്രങ്ങളും, വെണ്ടിവന്നു. ഒററക്കല്ലായ ൟ സംഭത്തിൻെറ പൊക്കം ൧൩൨ ചുവടും വീതി ൮ ചുവടും ൧൦ അംഗുലവും, ഇതിൻെറ തൂക്കം ൯൬൩,൫൩൭ റാത്തലുമാണു. ഇതിൻെറ മുകളിൽ ഒരു വിശേഷിക്കപ്പെട്ട കുരിശും ഇതിന്നുള്ളിൽ ശുദ്ധ: കുരിശിൻെറ ഒരുപങ്കും വച്ചിട്ടുണ്ടു. രാവുമുഴുവനും ൟസംഭത്തിനു ചുററും വിളക്കുകൾകത്തിയെരിയുന്നു!

---

### ശുദ്ധ: മറിയം മജ്ജ്യോർ, അഥവാ മഞ്ഞുമാതാവിൻ പള്ളിയുടെ മുൻവശത്തുള്ള ചതുരസ്തംഭം.

---

ഇതു ക്ളാവിദിയൊസ് എമ്പ്രദൊരു മിശിഹാകാലം ൫൦-ൽ മെസ്രെൻ (എജിപ്തു)നാട്ടിൽ നിന്നു കൊണ്ടുവന്നതാണു. ൟ സ്തംഭം അഞ്ചാമത്തെ സിക്സത്തൂസു പാപ്പാ മഞ്ഞുമാതാവിൻ പള്ളിയു

ടെ മുൻവശത്തു സ്ഥാപിപ്പിച്ചിരിക്കുന്നതും ഇതിന്റെ മുകളിൽ ഒരു കുരിശു വച്ചിട്ടുള്ളതുമാണ. ഈ സ്തംഭത്തിന്റെ പൊക്കം ൱൧൫ അടിയുണ്ടാകുന്നുവെന്നു പറയുന്നുണ്ട.

## ലത്തറാൻപള്ളിയുടെഅരികെയുള്ള ചതുരസ്തംഭം.

കൊൻസ്തന്തിനൊസ് എമ്പ്രദോരു ഈ സ്തംഭം ആദ്യമായി അലെക്സാന്ത്ര്യായിലെക്കു കൊണ്ടുപോകയും, അവിടെനിന്നു തന്റെ മകൻ കൊൻസ്സാൻസിയൂസ് വീണ്ടും റൊമ്മായിലെക്കു എടുപ്പിക്കയും ചെയ്തു. അഞ്ചാമത്തെ സിക്സത്തുസു പാപ്പായാണ ഫൊന്താനായെന്ന ശില്പാശാരിയെക്കൊണ്ടു ലത്തറാൻ പള്ളിക്കരികെ ൧൫൮൮-ൽ ഇപ്പൊളിരിക്കുന്ന പാഥയിൽ സ്ഥാപിപ്പിച്ചതു. ഈ സ്തംഭത്തിനു ൱൫ അടി ഉയരമുള്ളതും, ൪൫൦,൦൦൦ റാത്തൽ തൂക്കമുള്ളതുമാണ.

## പിയാസ്സാ ദെൽ പൊപ്പുളൊ ജനപാഥയെന്ന സ്ഥലത്തുള്ള സ്തംഭം.

ഹെലിയോപ്പൊളിയെന്ന പട്ടണത്തിൽ സൂൎയ്യദേവന്റെ സ്തുതിക്കായി, അവന്റെ ക്ഷേത്രത്തിൻ മുമ്പാകെ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ഒരു സ്തംഭം ഇതായിരുന്നു. സ്തംഭത്തിന്റെ പഴക്കം സൂക്ഷിക്കുന്നുവെങ്കിൽ മൊശനിവ്യായുടെകാലത്തൊടു അടുത്തിരിക്കുമെന്നു ഒരു ചരിത്രക്കാരൻ എഴുതിയിരിക്കുന്നു. ഇതുറോമ്മാ എമ്പ്രദൊരായ അഗുസ്തുസ് മെസ്രെൻ രാജ്യംപിടിച്ചു ജയപ്രാപ്തനായതിന്റെഓൎമ്മക്കായി കൊണ്ടുവന്നതും ഒരുതരം ചുവന്നനിറമുള്ള കല്ലുകൊണ്ടുള്ളതും ൱൧൫ അടി ഉയരമുള്ളതുമാണ. അഞ്ചാമത്തെ സിക്സത്തുസ് പാപ്പാ ഈ സ്തംഭത്തിൻ മുകളിൽ ഒരുകുരിശും വെപ്പിച്ചു, ജനപാഥയെന്നു വിളിക്കപ്പെടുന്നഒരുവിശേഷസ്ഥലത്തുസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ വിശിഷ്ടപട്ടണത്തിന്റെ മഹിമയെയും, ഇതര രാജ്യക്കാരൊടു യുദ്ധം ചെയ്തു ജയംപ്രാപിച്ചതിന്റെ അടയാളമായി കൊണ്ടുവന്നമറ്റു പലസ്തംഭങ്ങളെയും ഇനിയും പ്രസ്ഥാപിപ്പാനുണ്ടു. അവയേവയെന്നാൽ, നവോനാ, മിനെർവാ, പാന്തെയൊൻ, മൊന്തെകവാല്ലൊ, ത്രീനിത്താ ദെമൊന്തി,

മൊന്തെചിത്തൊരിയൊ, മൊന്തെപിഞ്ചിയാനൊ, പില്ലൊമത്തെയി, എന്നപ്രധാന പാഥകളിൽ ൧൦-ാം ഇന്നൊചെന്തിയൊസ് ൭-ാം അലെക്സാന്ത്രയൊസ്സ, ൧൧-ാം ക്ലെമൻസ്സ, ൯-ാം പീയൂസ്സ ൭-ാം പീയൂസ്സ, മുതലായ മാപ്പാപ്പാന്മാർപിൻഗാമികളുടെനിത്യജ്ഞാപകത്തിന്നായി വീണ്ടും സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ. ഇവയെല്ലാം വിവരിക്കുന്നതു ദീൎഘമായിരിക്കുന്നതിനാൽ അവയെ തല്ക്കാലം വിട്ടുകളയുന്നു.

## റോമ്മാ എമ്പ്രദൊരന്മാർ ഓരൊരൊ വലിയസംഭവങ്ങൾ നടന്നപ്പൊൾ സ്ഥാപിച്ചിട്ടുള്ള സ്തംഭങ്ങളും വളവുകളും.

ഈ പട്ടണത്തിൽ അനേക സ്മരണ സ്തംഭങ്ങളും വളവുകളും ഉണ്ടായിരിക്കുന്നുവെങ്കിലും അവയെല്ലാം വിവരിക്കുന്നതായിരുന്നാൽ സംഗ്രഹമായി എഴുതാമെന്നു ആദ്യമായി ധരിപ്പിച്ചതു തെററിപ്പൊകുന്നതിനാലും ചിലപ്പൊൾ വായനക്കാൎക്കു അസഹ്യമായെക്കുമൊ എന്നു ഭയന്നും പ്രധാനമായവയെ താഴെ പറയുന്നു.

## മാൎക്കൊ അവുറെലിയൊ അന്തൊനീനൊസിൻെറ ഉരുളസ്തംഭം.

ഈ സ്തംഭം "മാൎക്കൊ അവുറെലിയൊസ്" എന്ന എമ്പ്രദൊരിൻെറ ഓൎമ്മക്കായിറൊമ്മാസെനാധിപന്മാരും ജനങ്ങളും ഈ എമ്പ്രദൊരിൻെറ മഹിമയെ സദാകാലം നിലനിൎത്തുന്നതിന്നു മിശിഹാകാലം ൧൯൩-ൽ ഉയൎത്തപ്പെട്ടതാണ. ഇതിന്മെൽ "മാൎക്കൊമാനിക്ക" എന്നയുദ്ധചരിത്രവും, മഴയില്ലാതെ യിരിക്കയിൽ ക്രിസ്ത്യാനികളുടെദൈവത്തൊടു പ്രാൎത്ഥിച്ചാൽ മഴയുണ്ടാകുമെന്നും അയതിനാൽ ക്രിസ്ത്യാനികളൊടു, എമ്പ്രദൊരു കല്പിക്കെണമെന്നു പടയാളികൾ അപെക്ഷിക്കയും, അപ്രകാരം ചെയ്തശെഷം, ക്രിസ്ത്യാനികളുടെ അപെക്ഷയാൽഉടൻ ആകാശത്തിൽ നിന്നു മഴധാരാളമായി പെയ്യുകയും ചെയ്തതിൻെറചരിത്രവുംസംഭവവും ഈ സ്തംഭത്തിന്മെൽകൊത്തിയിരിക്കുന്നഇതിന്നു ൧൩൨ അടി പൊക്കവും, ൧൧ൽ അടി വീതിയുമുണ്ടു. ഇരുപത്തെട്ടുഖണ്ഡങ്ങൾ വെള്ളമാൎബ്ബൽ കല്ലുകൊണ്ടു പണിതിരിക്കുന്നു.

ഈ സ്തംഭത്തിന്റെ ഉള്ളിൽ കൂടെ മുകൾ വരെ കയറുന്നതിന്നു നൂററിത്തൊണ്ണൂറു പടികളും ഇതിനിടയിൽ ൪൨ വാതിലുകളും ഉണ്ടു. അഞ്ചാമത്തെ സിക്സ്തൂസ പാപ്പാ ഈ സ്തംഭത്തിൻ മുകളിൽ ൧൦ അടി ഉയരമുള്ള ശുദ്ധ: പൗലൊസ്ലീഹായുടെ ഒരു രൂപം ഈ ശ്ലീഹാ ഇവിടെ വന്നതിന്റെ നിത്യജ്ഞാപകത്തിനായി സ്ഥാപിച്ചിരിക്കുന്നു.

## ത്രയ്യാൻ എമ്പ്രദൊരിന്റെസ്തംഭം.

ഇതു മിശിഹാകാലം ൧൧൪-ൽ ത്രയ്യാൻ എന്ന റോമ്മാ എമ്പ്രദൊരിന്റെ മഹിമയുടെ ഓൎമ്മക്കായി റൊമ്മാ സെനാധിപന്മാരും ജനങ്ങളും കൂടെ സ്ഥാപിച്ചതാണ് ഈ സ്തംഭം ൩൪ വലിയ വെള്ളമാൎബൽ ഖണ്ഡങ്ങൾ കൊണ്ടുണ്ടാക്കിയിരിക്കുന്നതും, ൧൨൮ അടിപൊക്കവും, മുകളിൽ കയറുന്നതിന്നു ൧൮൪ പടികളും ഇതിനിടയിൽ ൪൨ വിളക്കുകളുമുണ്ടു. ഇതിന്മെൽ രണ്ടായിരത്തി അഞ്ഞൂറുപടയാളികളുടെയും അനേകം കുതിരകളുടെയും രൂപങ്ങൾ കൊത്തിയിരിക്കുന്നതു കൂടാതെ, യുദ്ധസംബന്ധമായ സകല ചരിത്രങ്ങളും അതി ഭംഗിയായി കാണിച്ചിരിക്കുന്നു. ഇത്രവിശേഷമായ ഒരുസ്തംഭം ഭൂലൊകത്തിലൊരിടത്തും കാണ്മാനില്ല. ഇതിന്റെ പണിവാസന അവൎണ്ണനീയം തന്നെ. ഇതിൻ മുകളിൽ ൧൧ അടിപൊക്കമുള്ള ശുദ്ധ: പത്രൊസ്ലീഹായുടെ ഒരു രൂപം പൊന്നിട്ടു, അയാൾ റൊമ്മായിൽ വന്നു വേദം അറിയിച്ചു ഇവിടെ പാടുപെട്ടു വേദസാക്ഷി കിരീടം ധരിക്കപ്പെട്ടതിന്റെ ജ്ഞാപകത്തിന്നായി അഞ്ചാമത്തെ സിക്സ്തൂസ പാപ്പാ സ്ഥാപിച്ചിരിക്കുന്നു. ഇതാ! റൊമ്മാ ജനത്തിന്റെയും വേദപാരഗന്മാരുടെയും നിഷെധിച്ചുകൂടാത്ത പുരാതനവും ആകമാനവുമായ വിശ്വാസം!! വിശുദ്ധ പത്രൊസു റൊമ്മായിൽ വേദസാക്ഷിയായി മരിച്ചു വെന്നതു എല്ലാവരും സമ്മതിക്കെണ്ടിയിരിക്കുന്നു.

## പ്രൊപ്പഗാന്ത കൊളെജിനു മുൻവശത്തുള്ള ഉരുളൻ തൂണു.

ഇതു ൯-ാം വിശുദ്ധ പീയൂസ പാപ്പാ ൧൮൫൪ ധനുമാസം ൮-ാംനു ദൈവ ജനനിയായ പരിശുദ്ധ കന്യാസ്ത്രീമറിയം ജന്മപാപം കൂടാതെ ഉത്ഭവിച്ചു, എന്ന ഈ വിശ്വാസ സത്യത്തെ, തന്റെ

സിംഹാസനത്തിൽ നിന്നു ഉറപ്പിച്ചു പരസ്യപ്പെടുത്തിയ ദിവസത്തിൻ നിത്യജ്ഞാപകത്തിന്നായിട്ടു സ്ഥാപിക്കപ്പെട്ട ഒരു സ്തംഭമായിരിക്കുന്നു. ഈ സ്തംഭം ഏകദേശം ൨൦-ൽ അധികം കോൽ നീളമുള്ളതും വെള്ളക്കല്ലുകൾ കൊണ്ടുള്ളതുമാണു.

ഈ സ്തംഭത്തിൻെറ മുകളിൽ ഏകദേശം ൧ൽ കോലിലധികം ഉയരമുള്ളതും ചെമ്പുകൊണ്ടുള്ളതും ൧൨ നക്ഷത്രങ്ങളാൽ ചൂഴപ്പെട്ടിരിക്കുന്നതും തൻെറ നേത്രങ്ങളും കരങ്ങളും ആകാശങ്ങളിലെക്കു ഉയൎത്തപ്പെട്ടിരിക്കുന്നതുമായ ആകൃതിയിൽ അമലൊത്ഭവജനനിയുടെ ഒരു പ്രതിമ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഈ സ്തംഭത്തിൻെറ ചുവട്ടിൽ ദൈവജനനിയെക്കുറിച്ചു നാലു നിവ്യന്മാർ വചിച്ചിരിക്കുന്ന ദീൎഘദൎശനങ്ങൾതൻെറ തൻെറ കൈയിൽ പിടിച്ചുകൊണ്ടു നാലു കോണിലും നില്ക്കുന്നു.

## കൊൻസ്തന്തീനൊസിൻെറ വളവു.

റൊമ്മായിൽ കീൎത്തിപെട്ടതും വിശേഷമായതുമായ ഒരു വളവു മക്കെ്സൻസിയൊടു യുദ്ധം ചെയ്തു ജയം പ്രാപിച്ച ക്രിസ്ത്യാനി എമ്പ്രദൊരായ കൊൻസ്തന്തീനൊസിൻ ജയത്തിൻ നിത്യജ്ഞാകപത്തിന്നായി ഉണ്ടാക്കപ്പെട്ടതാണു. ഈ വലിയ വളവിൽ മൂന്നു വളവുകളുള്ളതും, ഒന്നിൻെറയുള്ളിൽ സമാധാനത്തെ സ്ഥാപിച്ചവനും, നഗരത്തിൻെറ രക്ഷകനും (൧) എന്നു എഴുതിയിരിക്കുന്നു. അതെന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികളുടെ ഞെരുക്കവും ദുഃഖവും ഈ കൊൻസ്തന്തീനൊസിൻെറ വാഴ്ചയിൽ അവസാനിക്കയും പൂൎണ്ണസമാധാനത്തിൻ കൊടി ഉയൎത്തപ്പെടുകയും ചെയ്തു. ഇതുകൂടാതെ ഈ വളവുകളിന്മെൽ യുദ്ധസംബന്ധമായ സകല സംഗതികളും, കൊൻസ്തന്തീനൊസിൻെറ ജീവിത ചരിത്രവും കൊത്തിയിരിക്കുന്നു.

## തീത്തുസ് എമ്പ്രദൊരിൻെറ വളവു.

ഇതു തീത്തുസു ഓൎശ്ലെം പുരി പിടിച്ചതിൻെറ ഓൎമ്മെക്കായി റൊമ്മാക്കാർ സ്ഥാപിച്ചതാണു. ഈ വളവു പല ഓൎമ്മസ്ഥാപനങ്ങളിൽ വെച്ചു കീൎത്തിപെട്ടതും മുഴുവനും മാൎബ്ബൽ കല്ലുകൊണ്ടുള്ളതുമാ

(1) Fundatori Quietis, Leberatori Urbis.

കുന്നു. ഏഴാമത്തെ പീയൂസു പാപ്പാ ഈ വളവിനു സംഭവിച്ചു കേടു ഭവിച്ചതിനെ തീർത്തു മുന്നിരുന്ന സ്ഥിതിയിൽ തന്നെയാക്കിയിരിക്കുന്നു. ഇതിന്മെൽ ഓശ്ലെം പിടിച്ചതിന്റെയും ദേവാലയത്തിലുണ്ടായിരുന്ന സാമാനങ്ങൾ, പൂജപാത്രങ്ങൾ, പൊൻമേശ, ഏഴുകൈയ്യുള്ള മെഴുകുതിരിക്കാൽ വെള്ളി തമ്പെർ മുതലായവ കൊണ്ടുവരുന്ന വിധവും എമ്പ്രദോർ ജയപ്രാപ്തനായി റൊമ്മായിൽ ആദ്യമായി പ്രവെശിക്കുന്ന പ്രകാരവും കൊത്തിയിരിക്കുന്നു.

## സെപ്തിമൊസെവേരിന്റെ വളവു.

സെപ്തിമൊ സെവെരിന്റെ വളവു മിശിഹാകാലം ൨൦൩-ൽ ഇയാൾ പെർസ്യാക്കാർ, പാത്തിയാക്കാർ, മുതലായവരൊടു യുദ്ധം ചെയ്കയും, ഈ യുദ്ധത്തിൽ നിന്നു ജയം പ്രാപിക്കയും ചെയ്തതിന്റെ ഓർമ്മെക്കായി തന്റെയും, കക്കാള്ളായെന്നും, ഗെത്തായെന്നും പേരായ ഇരുപുത്രന്മാരുടെയും ഓർമ്മെക്കായി ഉണ്ടാക്കിയെന്നതു നിശ്ചയം. ഈ വളവു മുഴുവനും ഗ്രെക്കമബ്ൾ എന്നു പറയപ്പെടുന്ന വിശെഷിക്കപ്പെട്ട ഒരുതരം കല്ലുകൊണ്ടു പണിതിരിക്കുന്നതും ഇതിന്മെൽ യുദ്ധസംഗതികളും മററുംകൊത്തിയിരിക്കുന്നതും വെടിപ്പായികാണാവുന്നതുമാണ.

## എമ്പ്രദൊരന്മാരുടെ കുളിപ്പുരകൾ.

റൊമ്മായിൽ മുഖ്യമായിട്ടുള്ള കുളിപ്പുരകൾ അഗ്രീപ്പായുടെതു മിശിഹാക്കു ൨൭ വർഷം മുമ്പെ പണിയപ്പെട്ടതും കക്കാള്ളയുടെതു മിശിഹാക്കാലം ൨൧൭-ൽ ഈ കുളിപ്പുരയുടെ നീളം [illegible] ചുവടും [illegible] ചുവടു വീതിയുമാണ. ദിയൊക്ലാസിയാനൊസിന്റെതു മിശിഹാക്കാലം ൩൦൨-ൽ പണിയിക്കയും, ഇതു അവസാനിക്കുന്നതുവരെ ഈ ക്രൂരഎമ്പ്രദൊരു നാല്പതിനായിരം ക്രിസ്ത്യാനികളെകൊണ്ടു വേല ചെയ്യിച്ചിട്ടുണ്ടെന്ന ബറൊനിയൊസു എന്ന ചരിത്രക്കാരൻ പറയുന്നു. ഈ കുളിപ്പുരയിരുന്ന സ്ഥലത്താണ "സന്ത മറിയ ദെല്ലി അഞ്ചെലി എന്ന ദൈവമാതാവിൻ ദേവാലയം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു. ഇയാൾ കൂടാതെ കൊൻസ്തന്തിനൊസ്, നെരൊൻ, അലെക്സാന്ത്രസെവെരുസു, തീത്തൂസു മുതലായ പല എമ്പ്രദോരന്മാരുടെ കുളിപ്പുരകൾ ഉണ്ടായിരുന്നു. എന്നാൽ ഈസ്ഥലങ്ങളിൽ ദേവാലയ

ങ്ങൾ മുതലായവ സ്ഥാപിക്കപ്പെട്ടിരിക്കുന്നതിനാൽ ഇപ്പൊൾ അവകൾ കാണ്മാനില്ല.

## കുഴിമാടങ്ങൾ.

സ്തംഭങ്ങൾ, വളവുകൾ, കുളിപ്പുരകൾ മുതലായതു കഴിഞ്ഞാൽ വരുന്നതു കുഴിമാടങ്ങൾ ആണ്. അവകളിൽ മുഖ്യമായിട്ടുള്ളതു അഗുസ്തൂസ്, ബിബുള്ളൂസ് പ്ളവിയൂസ, ചെച്ചില്യാ മെന്നെള്ളാ, ഷിപ്പിയൊൻ മുതലായവരുടെ താകുന്നുവെന്നതു നിശ്ചയം. റോമ്മായിൽ ഉള്ളതിൽ വിശെഷിക്കപ്പെട്ടതു ഷിപ്പിയൊന്റെ കുഴിമാടവും മെത്താള്ളയുടെയുമാണ്. ഹാറൊൽഡ് ഷിപ്പിയൊന്റെ കുഴിമാടത്തെക്കുറിച്ചു വളരെ സ്തുതിച്ചു പറഞ്ഞിരിക്കുന്നു. (൧)

## വെള്ളപ്പാത്തികൾ അല്ലെങ്കിൽ വെള്ളച്ചാട്ടക്കുഴലുകൾ.

റോമ്മാക്കാർ കുടിക്കുന്ന വെള്ളം റോമ്മായിക്കു പുറത്തുനിന്നു കുഴൽവഴിയായി വളരെ നാഴികദൂരെയുള്ള ആറു, മലകൾ മുതലായവയിൽനിന്നു വരുന്നതാണ്. ഇതു ആദ്യം റോമ്മാ എമ്പ്രദൊരന്മാർ ഉണ്ടാക്കിക്കയും പിന്നീടു റോമ്മാമാർപ്പാപ്പാന്മാർ കേടുഭവിച്ചതിനെ നന്നാക്കിക്കയും ചെയ്തു. ഓരൊ വെള്ളപ്പാത്തിയുടെ പേരുകൾ അപ്പിയാ, മാർച്ചാ, വിർജെം, അലിയെസ്സീനാ, തെപ്പുളാ, ക്ളാവുദിയാ, എന്നാകുന്നു. ഇതിൽ ഒന്നു ഒന്നിനെക്കാൾ വിശെഷമായിട്ടുള്ളതും ഇതു റോമ്മാപട്ടണംവരെ തന്നെയല്ലാ ഓരൊ ഭവനങ്ങളിൽ കൂടെയും കുഴൽവഴി ചെല്ലുന്നതും ആകുന്നു.

## വെള്ളച്ചാട്ടങ്ങൾ.

വെള്ളച്ചാട്ടങ്ങൾ റോമ്മായിൽ പലതുണ്ടെങ്കിലും പ്രധാനമായിട്ടുള്ളവ ൧൬൧൨-ൽ അഞ്ചാം പൌലൊസ്സമാർപ്പാപ്പാ ജനിക്കളൊ

(൧) The Scipios' tomb contains no ashes now
The very sepulchres lie tenantless
Of their heroic dwellers.

എന്നസ്ഥലത്തു പണിയിച്ചതും, ൧൭൩൨-ൽ ൧൨-ാം ക്ലെമൻസ് മാപ്പാപ്പാ ത്രെവിയെന്ന സ്ഥലത്തുണ്ടാക്കിയതും നവൊനായെന്ന പാഥയിൽ ൧൬-ാം ഗ്രിഗൊരിയൊസു പാപ്പാ പണിയിച്ചതുമാണ്. ഈ വെള്ളവും വെള്ളപ്പാത്തിവഴി മലകളിൽ നിന്നും ആറുകളിൽ നിന്നും വരുന്നതും ഇവ കാണുന്നതിന്നു വളരെ രസമായിട്ടുള്ളതു എന്നതു നിശ്ചയം.

## അൻഡ്രിയാനെൻറഗോപുരം.

അൻഡ്രിയാനൊസ് എന്നുപ്രഭൊരുഈ ഗൊപുരംമിശിഹാക്കാലം ൧൩൦-ൽ സ്ഥാപിച്ചതാണ. മാപ്പാപ്പാന്മാർറോമ്മാരാജ്യം ഭരിച്ചിരുന്നപ്പൊൾ പടയാളികൾ താമസിച്ചിരുന്നതു ഇവിടെയായിരുന്നു. (൧) ഈ സ്ഥലത്തുവച്ച ഒരത്ഭുതം നടന്നതെന്തെന്നാൽ മിശിഹാക്കാലം ൫൯൦-ൽ റോമ്മാപട്ടണത്തിൽ ഒരു കഠിന വസന്തയും അതിനൊടുകൂടെ ഒരു വെള്ളപ്പൊക്കവുമുണ്ടായി. അപ്പൊൾ ഈ വസന്തയിൽ നിന്നു റോമ്മാജനം രക്ഷപെടുന്നതിന്നായി, വലിയ ഗ്രീഗൊരിയൊസ് എന്ന മാപ്പാപ്പാ, മഞ്ഞുമാതാവിൻെറ പള്ളിയിൽ സ്ഥാപിച്ചിരുന്ന ശുദ്ധ: ലൂക്കാ ഏവൻഗെലീസ്സാ പിന്താരിച്ച മാതാവിൻെറ രൂപം, ഈ പള്ളിയിൽ നിന്നു, ശുദ്ധ: പത്രൊസു ശ്ലീഹായുടെ പള്ളിവരെ എടുത്തു പ്രദിക്ഷണം കഴിക്കുന്നതിന്നു നിശ്ചയിക്കയും അൻഡ്രിയാനൊസിൻെറ ഗൊപുരത്തിന്നരികെ വന്നപ്പൊൾ, വലിയ ഗ്രീഗൊരിയൊസ് പാപ്പാ, മാലാക മാരുടെ ഒരു കൂട്ടവും ഇവരുടെ ഇടയിൽ ശുദ്ധ: മിഖായെൽമാലാക കയ്യിൽ വാളൂരി പിടിച്ചിരിക്കുന്നതിനെകാണുകയും, അപ്പൊൾ ആ മാലാകമാരുടെ കൂട്ടം പരലൊകരാജസ്ത്രീയെ മനൊത്തുച്ചി വൃരിക്കായെന്ന സംഗീതം പാടുന്നതിന്നാരം

(൧) Turn to the mob which Handrian rear'd on high
Imperial mimic of old Egypt's piles
Colossal Copyst of deformity
Whose travell'd phantasy from the far niles
Enormous model, doomed the artists toils
To build for giants, and for his vain earth,
His shrunken ashes, raise this dome! Howsmiles
The gazer's eye with philosop hic mirth (birth
To view the huge design which sprung from such a

ഭിച്ചു. ഞങ്ങൾക്കുണ്ടി സർവ്വേശ്വരനൊടു പ്രാൎത്ഥിക്കയെന്നിടത്തു വന്നപ്പോൾ ശുദ്ധ: ഗ്രെഗോരിയോസ് മാലാകമാരൊടു കൂടെ ചെന്നുകൊണ്ടു പ്രാൎത്ഥിക്കയും, വാളൂരി പിടിച്ചുകൊണ്ടു നിന്നിരുന്ന ശുദ്ധ: മിഖായെൽ, ഉടൻ തന്റെ ഉറയിലെക്കു വാളിട്ടുകയും അപ്പോൾ തന്നെ ൟ വസന്ത നീങ്ങുകയും ചെയ്തു. ൟ അത്ഭുതം സംഭവിച്ചതു ൟ ഗോപുരത്തിനു മുകളിലായിരിക്കുന്നതിനാൽ ഇവിടെയൊരുകപ്പെളയും, റോമ്മായുടെ നാനാഭാഗങ്ങളിൽ നിന്നും നൊക്കിയാൽ കാണത്തക്കവണ്ണം ഒരു മിഖെൽ റെശ്ശുമാലാകയുടെ രൂപം വാളും കൈയിൽ പിടിച്ചു ൟ അത്ഭുതം നടന്നതിന്റെ നിത്യജ്ഞാപകത്തിന്നായി സ്ഥാപിച്ചിരിക്കുന്നു.

## പിഞ്ച്യൊയെന്ന സ്ഥലം.

ഇതു റോമ്മാ നിവാസികളുടെ ഉല്ലാസത്തിനായിട്ടും കാഴ്ച്ചക്കായിട്ടും ഉണ്ടാക്കിയിരിക്കുന്ന ഒരു പ്രധാനസ്ഥലമാണ. ൟ സ്ഥലത്തു അനേകതരം പുഷ്പച്ചെടികളും വിശെഷിക്കപ്പെട്ട വൃക്ഷങ്ങളുമുള്ളതു കൂടാതെ, ഇത്താല്യായിലുണ്ടായിട്ടുള്ള പ്രധാന ശാസ്ത്രജ്ഞന്മാരുടെയും പ്രസംഗികളുടെയും, കവികളുടെയും രൂപങ്ങൾ മാൎബൾക്കല്ലുകൊണ്ടുണ്ടാക്കി ജനങ്ങളുടെ കാഴ്ച്ചക്കും അറിവിനുമായി സ്ഥാപിച്ചിരിക്കുന്നു. ഉഷ്ണകാലങ്ങളിൽ റോമ്മാക്കാരുടെ ഒരു പ്രധാന ആശ്വാസസ്ഥലം ഇതായിരിക്കുന്നു.

## അംപീതെയാത്രൊ പ്ളവിയാനൊ അല്ലെങ്കിൽ കൊലൊസെയും എന്ന കാഴ്ചസ്ഥലം.

റോമ്മായെന്ന ൟ വിശുദ്ധ നഗരം സന്ദൎശിക്കുന്നവൎക്കു അത്ഭുതമായതും രസകരമായതുമായ ഒരു സ്ഥലം "പ്ളവിയാൻ അപീതെയാത്രൊ അല്ലെങ്കിൽ കൊളൊസെയും„ എന്നതാണ്. ൟസ്ഥലം മിശിഹാക്കാലം ൭൨-ൽ വെസ്പസിയാനൊസ് എമ്പ്രദൊര ആരംഭിക്കയും ൮൦-ൽ തീത്തുസ് എമ്പ്രദൊരിന്റെ ഭരണത്തിൽ ഇതിന്റെ പണി അവസാനിപ്പിക്കയും ചെയ്തു. ഇതു പണിയുന്നതിന്നു പ്ളാൻ എടുത്തതു ഗൌദെൻസിയൊസ് എന്ന ഒരു ക്രിസ്ത്യാനിയാണ. ഇതിന്റെ അദ്ധ്വാനക്കാരായി അപ്പോൾ തടവിലിട്ടിരു

ന്ന അനേക യൂദന്മാർ കഠിന വേലകൾ ചെയ്കയും ഇവരുടെ അദ്ധ്വാനവും ഞെരുക്കങ്ങളും മാനുഷനാവാൽ പറഞ്ഞറിയിപ്പാൻ പാടുള്ളതുമല്ല. ഈ ഭാരിച്ച കെട്ടിടത്തിൻെറ വാസ്പോലിക്ക ൫൦൦൦ കാട്ടുമൃഗങ്ങളെ കൊല്ലുകയും ഈ ആഘോഷം നൂറുദിവസത്തേക്ക നീളിക്കയും ചെയ്തു. ഒരു വിസ്മയം! ഈ ഭയങ്കര കെട്ടിടത്തിൻെറ പണി സകലതും ഇഷ്ടികകൊണ്ടുള്ളതും ഇതു വൃത്താകൃതിയുമാണ്. ഇതിന്നു നാലുനിലകളുണ്ടു. താഴത്തെ മൂന്നു നിലകൾ മുഴുവനും വലിയ വളവുകളും ഓരൊനിലയിൽ എമ്പതു വളവുകളുമുണ്ടു. ഒന്നാമത്തെ നിലയുടെ പൊക്കം ൩൦ ച്ചുവടും, രണ്ടാമത്തേതിന്നും മൂന്നാമത്തേതിനും ൩൪ ച്ചുവടും, നാലാമത്തെ നിലെക്ക ൪൪ ഉം ഇതിൻെറ ഉള്ളുവിസ്താരം ൬൨൦ ച്ചുവടുമാണ കണ്ടുവരുന്നതു. ഇതു ഭാരിച്ചതും, ഭയങ്കരവുമായ ഒരു സ്ഥലമെന്നതു നിശ്ചയം. എന്തുകൊണ്ടെന്നാൽ ക്രൂരഎമ്പ്രദൊരന്മാരുടെ കാലത്തിൽ, ക്രിസ്ത്യാനികളുടെ നാമം അവൎക്കു വളരെ ഹീനമായി വിചാരിക്കയും, ആരെയെങ്കിലും ക്രിസ്ത്യാനിയെന്നു കണ്ടുപിടിച്ചാൽ ഉടൻ ഈ "കൊളെസെയും,, എന്നസ്ഥലത്തു ഇവരെ കൊണ്ടുവന്നു മൃഗങ്ങളാൽ കൊല്ലപ്പെടുന്നതും പതിവായിരുന്നു. ധീരന്മാരായ ക്രിസ്ത്യാനികളൊയെന്നാൽ മിശിഹായുടെ നാമത്തെ പ്രതി സകലതും സഹിക്കുന്നതിന്നാസ്ഥമായി സത്യക്രിസ്ത്യാനികൾ എന്നു പ്രദൎശിപ്പിക്കുന്നതിൽ ഭയപ്പെടാതെയും ലജ്ജിക്കാതെയും ഒരു വലിയ വിരുന്നിനു ക്ഷണിക്കപ്പെട്ടവരെപ്പോലെ എമ്പ്രദൊരന്മാരുടെ മുമ്പാകെ അണഞ്ഞിരുന്നു. ഓ! കത്തോലിക്കാമതത്തിലുള്ള എത്രയൊ ക്രിസ്ത്യാനികൾ സാരമില്ലാത്തതും മാഞ്ഞുപൊകുന്നതുമായ ചില സംഗതിയിൽ മിശിഹായെയും മിശിഹായുടെ കല്പനകളെയും ലംഘിക്കുന്നതു സൂക്ഷിക്കുമ്പോൾ ഇവർ സത്യക്രിസ്ത്യാനികളാകുന്നുവൊയെന്നു ഹാ! വായനക്കാരരെ! നിങ്ങൾ പറവിൻ! "കൊളെസെയും,, എന്ന ഈ സ്ഥലത്തു മൃഗങ്ങൾക്കിരയായി പാടുപെട്ടു മരിച്ച വേദസാക്ഷികളുടെ സംഖ്യ കണ്ടുപിടിപ്പാനസാദ്ധ്യം! അസംഖ്യ വിശ്വാസികൾ തങ്ങളുടെ ഭൂലൊകായുസ്സിനെ ത്യജിച്ച ചോരചിന്തി തങ്ങളെത്തന്നെ സൎവ്വെശ്വരന്നു ബലിയായി കാഴ്ചവെച്ച ഈ വിശുദ്ധസ്ഥലം നമ്മളെയും നമ്മുടെ വിശ്വാസത്തെയും ഉറപ്പിക്കുന്നുവെന്നതിന്നു സംശയമില്ല. ഈ വിശുദ്ധസ്ഥലം സന്ദൎശിച്ചതിൽ എത്രയൊ പതിതർ സത്യവിശ്വാസം ഏതെന്നു തിരിച്ചറിഞ്ഞു കത്തോലിക്കാ തിരുസ്സഭയുടെ മടിയിൽ ചെന്നിരിക്കുന്നു!! ഈസ്ഥലത്തു വെച്ചുതന്നെയാണ അന്ത്യോക്കായുടെ മെത്രാനായ ശുദ്ധ: ഇഗ്നാസിയൊസും മൃഗങ്ങൾക്കിരയായി തീൎന്നു സത്യവേദസാക്ഷിയായി മൊക്ഷകിരീടത്തിനു പാത്രവാനായതു. ഓ! കൊളെസെയും! നീ ഞങ്ങളെ സത്യവേദത്തിൽ ഉറപ്പിക്കുന്നു!

എത്രയൊ ആളുകൾ നിന്നെ സന്ദർശിച്ചു സത്യവേദം അനുസരിപ്പാ
നിരിക്കുന്നു! "കൊളൊസെയും" എന്നൊരു വിശുദ്ധസ്ഥലത്തു ഒരു ക
പ്പെളയിൽ മുൻകാലങ്ങളിൽ ദിവ്യപൂജ അണെച്ചു വന്നിരുന്നതും മാ
സത്തിൽ ചില ദിനങ്ങളിൽ പ്രസംഗിച്ചു വന്നിരുന്നതുമാണു്. എന്നാ
ൽ തല്കാലം പലസംഗതിവശാൽ നിറുത്തൽ ചെയ്തിരിക്കുന്നു. വെ
ദസാക്ഷികളുടെ രക്തം ഒഴുകി ശുദ്ധീകരിച്ച ഒരു ഉന്നതസ്ഥലത്തി
നു "കൊളൊസെയും" എന്നു പേരു കൊടുത്തു വന്ദിക്കപ്പെട്ട ബെ
ദായെന്ന പുണ്യദേഹമാണു്. ഇദ്ദേഹം ഇതിനെക്കുറിച്ചു താഴെ പറ
യും പ്രകാരം പറഞ്ഞിരിക്കുന്നു. "കൊളൊസെയും" നില്ക്കുമ്പോൾ
റോമ്മായും നില്ക്കും, കൊളൊസെയും വീഴുമ്പോൾ റോമ്മായുംവീഴും,
റോമ്മാവീഴുമ്പോൾ ഭൂഗോളവും. (൧) വിശേഷിച്ചു വാതുവ്യ വാതി
ലിൻ ഇരുവശത്തും ഓരൊ കുരിശു സ്ഥാപിച്ചിട്ടുള്ളതും, ആയതു മു
ത്തുന്ന ഓരൊ പ്രാവശ്യം ഇരുനൂറു ദിവസത്തെ ബന്ധവിമോചനം
ശുദ്ധ: പാപ്പാ കല്പിച്ചിട്ടുള്ളതുമാണു്

---

(൧) "When Stands the Coloseum, Rome shall Stand,
When falls the Coloseum, Rome shall fall.
When Rome falls, the world"
Malfred says the fallowing.
I do remember me, that in my youth
When I was wandering–upon such a night
I stood within the coliseum's wall,
Midst the chief relics of Almighty Rome;
The trees which grew along the broken arches
Waded dark in the blew midnight, and the stars
Shone through the rents of ruin; from afar
The watch dog bay'd beyond the Tiber: and
More near from, out the Ceasar's palace came
The owls long cry and interruptedly,
Of distant sentinels the fitful song
Began and died upon the gentle wind.
Some Cypresses beyond the time–worn breach
Appear to skirt the horizon, yet they stood
Within a bowshot where the Ceasars dwelt,
And dwell the tuneless birds of night, amidst,
A grove which springs through levell'd battlements
And twines its roots with imperial hearths

## റോമ്മാപ്പട്ടണത്തിലുള്ള അരമനകളും കെട്ടിടങ്ങളും.

ഈ പട്ടണത്തിൽ അനേക കെട്ടിടങ്ങളും വിശേഷിക്കപ്പെട്ട അരമനകളും ഉണ്ടായിരുന്നാലും ആയവയെല്ലാം വിവരിക്കാതെ മുഖ്യമായിട്ടുള്ളവയെ മാത്രം താഴെ പറയുന്നു.

### വത്തിക്കാൻ അരമന.

ഭൂലോകത്തിൽ അത്യുന്നത കീൎത്തി ലഭിച്ചതും വിസ്മയകരമായതുമായ ഒരു കെട്ടിടം വത്തിക്കാൻ അരമനയാകുന്നു. ഈ അരമനയുടെ വലിപ്പവും, അതിൽ അടങ്ങിയിരിക്കുന്ന പണിവിശേഷങ്ങളും പറഞ്ഞു ഗ്രഹിപ്പിപ്പാനസാദ്ധ്യമായ ഒരു സംഗതി തന്നെയെന്നതു നിശ്ചയം. കൊൻസ്തന്തീനോസ് എമ്പ്രദൊരിന്റെ കാലത്തിൽ, ശുദ്ധ: പത്രോസ ശ്ലീഹായുടെ പള്ളിയോടു ചെൎന്നു ഒരു അരമന ഉണ്ടായിരുന്നുവെന്നു പറഞ്ഞുവരുന്നു. എന്നാൽ എട്ടാം യുഗത്തിൽ ഇവിടെയൊരു അരമന ഉണ്ടായിരുന്നുവെന്നതു സ്പഷ്ടമായ സംഗതി

---

Ivy usurps the laurel's place of growth:—
But the gladiator's blody Circus stands,
A noble wreck in ruinous perfection!
While Ceasars champers and Augustan halls
Grovel on earth in indistinct decay—
And dist shine, thou rolling moou, upon
All this, and cast a wide and tender light,
Which softened down the hoar austerity
Of rugged desolation, and filled up,
As'twere anew, the gaps of centuries;
Leaving that beautiful which still was so
And making that which was not, till the place
Became Religion, and the heart ran o'er
With Silent worship of the Great of old!
The dead but sceptred Sovereigns, who still rule
Our spirit from their urns."

തന്നെ. അതെന്തുകൊണ്ടെന്നാൽ, ഇത്താല്യാ പിടിച്ചടക്കുകയും, റോമ്മാ മുതലായ പട്ടണങ്ങൾ മാർപ്പാപ്പാന്മാൎക്കവിട്ടുകൊടുക്കയും ചെയ്തുവെന്ന കാർളൊമാൻ ഇവിടെ താമസിക്കയും മൂന്നാമത്തെ ശുദ്ധ: ലെയൊൻ പാപ്പായാൽ എമ്പ്രദൊരിൻ സ്ഥാനചിഹ്നങ്ങൾ ഇയാൾ ഇവിടെ വച്ചു ധരിക്കപ്പെട്ടുകയും ചെയ്തു. ഇതിന്നു ൧൮-ാം നൂറാണ്ടിൽ ജിൎണ്ണം ഭവിച്ച ശേഷം മൂന്നാമത്തെ ഇന്നൊച്ചെൻസൊസ് പാപ്പാ വീണ്ടും പണിയിക്കയും, കാലക്രമെണ മാർപ്പാപ്പാന്മാർ ഇതിൻെറ അററകുററങ്ങൾ സകലതും തീൎത്തു വത്തിക്കാൻ അരമനയിൽ താമസിപ്പാനാരംഭിക്കയും ചെയ്തു. റോമ്മാ മാർപ്പാപ്പാന്മാർ ൧൩൭൭-ാം കാലംവരെ താമസിച്ചു വന്നിരുന്നതു ലത്തറാൻ ബസിലിക്കാപള്ളിയൊടു ചെൎന്നുള്ള ലത്തറാൻ അരമനയിലായിരുന്നു. പതിനൊന്നാമത്തെ ഗ്രീഗൊരിയൊസു പാപ്പായാണ ആദ്യമായി വത്തിക്കാൻ അരമന റോമ്മാ മാർപ്പാപ്പാന്മാരുടെ വാസസ്ഥലമായി ഉപയൊഗിച്ചതു. അഞ്ചാമത്തെ നിക്കൊളാവൊസ് പാപ്പാ, വത്തിക്കാൻ അരമന ഭൂലൊകത്തിലുള്ള സകല അരമനകളെക്കാൾ വിസ്താരമുള്ളതായും അതിഭംഗിയായും പണിയിക്കുന്നതിന്നായി ആരംഭിച്ചുവെങ്കിലും തീൎന്നുകാണാതെ മരിക്കയും, ആറാമത്തെ അലെക്ക്സാന്ത്രു പാപ്പായുടെ വാഴ്ചയിൽ അവസാനിപ്പിക്കയും ചെയ്തു. ഇതിൻെറ ശെഷം, നാലാമത്തെ സിക്ക്സത്തുസ് പാപ്പാ സിസ്റ്റിനായെന്ന കപ്പേളയും, മൂന്നാമത്തെ പൌലൊസു "രാജസാളാ" എന്ന സ്ഥലവും എട്ടാമത്തെ കെ്ളമൻസ്, എട്ടാമത്തെ ഉൎബ്ബാനൊസ്, പതിന്നാലാമത്തെ കെ്ളമൻസ്, ആറാമത്തെ പീയൂസ്, ഏഴാമത്തെ പീയൂസ്, പന്ത്രണ്ടാമത്തെ ലെയൊൻ മുതലായ മാർപ്പാപ്പാന്മാർ, മററുപല വിശെഷിക്കപ്പെട്ട സ്ഥലങ്ങളും പണിയിപ്പിക്കയും ചെയ്തിട്ടുണ്ടു. ൟ അതിവിസ്താര കെട്ടിടത്തിൻെറ നീളം ൧൧൫൧ ഇംഗ്ലീഷ ചുവടും വീതി ൭൬൭-ളം ആകുന്നു. വത്തിക്കാൻ തൊട്ടവും അരമനയും ഒരുമിച്ചുകൂട്ടി നൊക്കിയാൽ, ഇത്താല്യായിൽ തൊറിനൊയെന്ന പട്ടണത്തിൻെറ വലിപ്പമുണ്ടാകുമെന്നു പാരമ്പൎയ്യവാൎത്ത. പ്രാബല്യമായ ൟ അരമനെക്കകത്തു, പതിനോരായിരം മുറികളും, ഇരുപതു വല്യ മിററങ്ങളും, ഇരുനൂറു പടവികളുള്ള എട്ടുവല്യ കോവണികളും, ഇരുനൂറു ചെറിയ കോവണികളും ഉണ്ടു്. ഇവ സൂക്ഷിക്കുമ്പൊൾ ൟ അരമന എത്രയൊ ഭാരിച്ചതെന്നും, വിസ്മയിക്കത്തക്കതെന്നും ഏവൎക്കും ഗ്രഹിക്കാവുന്നതാണ്.

## രാജകോവണി അല്ലെങ്കിൽ സ്കാള റെജിയാ.

കീൎത്തിപ്പെട്ട ബെൎനീനിയെന്ന ശില്പാശാരി ഉണ്ടാക്കിയ കൊവണി പ്പടികൾ ഇതായിരിക്കുന്നു. "സാള റെജിയാ„ രാജ സാ ളയിലെക്കു പോകുന്നതു ഇതു വഴിയായിട്ടാണ. മൂന്നാമത്തെ പൌ ലൊസു പാപ്പാ, ഓരൊ സ്ഥാനാപതിമാരെ കൈക്കൊള്ളുന്നതിന്നാ യി ഈ സാള പണിയിക്കയും, ഇതിന്നകത്തു ശുദ്ധ: പാപ്പാമാരുടെ ചരിത്ര സംബന്ധമായ പല വിഷയങ്ങൾ ചിത്താരിച്ചിരിക്കയും ചെ യ്യുന്നു.

## സിസ്റ്റീനായെന്ന കപ്പെള്ള.

ഈ കപ്പെള്ള നാലാമത്തെ സീക്ക്സത്തുസ് പാപ്പാ ൧൪൭൩-ൽ പണിയിച്ചതും, ഈ പാപ്പായുടെ പേരിൽ നിന്നു സിസ്റ്റീനാ ക പ്പെള്ള യെന്ന നാമം ഉണ്ടായതുമാണ. ഇതിന്നു ൧൩൩ ചുവടു നീളവും, ൪൫ ചുവടു വീതിയുമുണ്ടു. ഈ കപ്പെള്ളയ്ക്കകത്തു പഴെ നിയമത്തിന്റെ യും, പുതിയ നിയമത്തിന്റെയും ചരിത്രം ഇത്താല്യായിലുള്ള പ്രശം സിക്കപ്പെട്ട ചിത്താരക്കാർ എഴുതിയിരിക്കുന്നു. എന്നാലിവകളിൽ അ തിവാസനയായിട്ടുള്ള ചിത്താരം പൊതു വിധിയെ കുറിച്ചുള്ളതാണ. ഈ അത്ഭുത കരമായ ചിത്താരം ഏഴാമത്തെ ക്ലെമെൻസ പാപ്പായുടെ വാഴ്ചയിൽ, മിഖെലാഞ്ചെലൊ എന്നയാളിനെ കൊണ്ടു ആരംഭിക്ക യും ഇയാൾ തന്നെ മൂന്നാമത്തെ പൌലൊസു പാപ്പായുടെ വാഴ്ച യിൽ, എട്ടുവൎഷം വേല ചെയ്തശെഷം അവസാനിപ്പിക്കയും ചെയ്തു. ഈ ചിത്താരക്കാരന്റെ പണിവാസന എന്തുമാത്രമെന്നു ഇതിൽ നി ന്നു ഏവൎക്കും ഗ്രഹിക്കാവുന്നതാണ. ശുദ്ധ: പാപ്പാ പലപ്പോഴും ഇവി ടന്നു കുൎബ്ബാന ചൊല്ലുന്നും ഉണ്ടു.

## കപ്പെള്ളാ പൌളീനാ.

ഇതു സിസ്റ്റീനാ കപ്പെള്ളയുടെ അരികെ ൧൫൪൦-ൽ മൂന്നാമ ത്തെ പൌലൊസു പാപ്പായുടെ ഉത്സാഹത്താൽ പണിയിപ്പിച്ചതാണ. ഇതിന്റെ അകത്തെ വിശേഷിക്കപ്പെട്ട ചിത്താരം മിഖേലാഞ്ചെലൊ

എന്നയാൾ എഴുതിയ, ശുദ്ധ: പൌലൊസു ശ്ലീഹായുടെ മനസ്സുതിരിവും, ശുദ്ധ: പത്രൊസു ശ്ലീഹായുടെ വേദസാക്ഷിത്വവും ആണ.

## കൊത്തുരൂപങ്ങൾ വച്ചിരിക്കുന്ന നാടകശാല.

ഇതിന്നുള്ളിൽ ലത്തീൻ, ഗ്രെക്ക ഭാഷകളിൽ റോമ്മാനിവാസികളായിരുന്ന അജ്ഞാനികളുടെയും പഴെ ക്രിസ്ത്യാനികളുടെയും കുഴിമാടങ്ങൾ മുതലായവകളിൽ വച്ചിരുന്ന ഓരൊ ജ്ഞാപകയെഴുത്തുകൾ ഈ ശാലയുടെ ഇരുവശത്തും സ്ഥാപിച്ചിരിക്കുന്നു. ഇപ്രകാരമുള്ള എഴുത്തുകൾ അടങ്ങിയിരിക്കുന്ന സ്മരണക്കല്ലുകൾ മൂവായിരത്തിലധികം കാണ്മാനുണ്ടു ഈ വിശെഷിക്കപ്പെട്ട ശാലയുടെ നീളം ൩൩൧ കോലാണ.

## കാരമൊന്തിയെന്ന നാടക ശാല.

ഇതു ഏഴാമത്തെ ശുദ്ധ: പീയൂസ് പാപ്പാ പണിയിച്ചതാണ. ഇതിന്നുള്ളിൽ ൩൦ മുറികളിലായി എഴനൂറിലധികം കൊത്തുരൂപങ്ങൾ സ്ഥാപിച്ചിട്ടുണ്ടു.

## ഭൂഗൊള പടമെഴുതിയിരിക്കുന്ന നാടക ശാല.

ഇതു ചിത്രമെഴുതിയതു ൧൫൮൧—ൽ ഇഗ്നാസിയൊസ് ദാന്തി എന്നപട്ടക്കാരൻ ആണ. ചിത്രങ്ങൾ വളരെ വിശേഷമായിട്ടുള്ളതും, കാഴ്ചെക്കുവളരെ രസകരമായിട്ടുള്ളതും എന്നതിന്നു സംശയമില്ല. ഈ ഭൂഗൊള നാടക ശാലയുടെ നീളം ൪൨൦ അടിയാകുന്നു.

## കൈവേല ചെയ്യുന്നതിന്നായി ശേഖരിച്ചു വച്ചിരിക്കുന്ന കല്ലുകളുടെ നാടകശാല.

റൊമ്മാപട്ടണം സന്ദശിപ്പാൻ വരുന്നവർ ഈ നാടക ശാല കാണാതെപോകുന്നതു നന്നാഅപൂൎവം. എന്തുകൊണ്ടെന്നാൽ വില

പിടിച്ചതും പലനിറത്തിലുള്ളതുമായ അനേകതരം കല്ലുകൾ, രൂപങ്ങൾ മുതലായതു ഉണ്ടാക്കുന്നതിന്നായി ശേഖരിച്ചു വെച്ചിരിക്കുന്നതു, വത്തിക്കാനിൽ ഉള്ളതുപോലെ മറ്റു സ്ഥലങ്ങളിൽ കാണ്മാൻ പ്രയാസം, ൟ കല്ലുകളുടെ പേർ "മുസാക്ക്സ" എന്നാകുന്നു. ഇതു ചെറിയ ചെറിയ കഷണങ്ങളായും നേൎമ്മയായും കണ്ടിച്ചു അവശ്യപ്പെട്ടനിറമ്പൊലെ അതാതു സ്ഥലത്തു പററിക്കയും കടശി വളരെ സൂക്ഷത്തൊടെ മിനുസപ്പെടുത്തുകയും ചെയ്യുന്നു. ൟ പണിപഠിക്കുന്നതിന്നു വളരെ കാലവും നല്ല ക്ഷമയുള്ളവരും വേണ്ടിയിരിക്കുന്നു. അതെന്തുകൊണ്ടെന്നാൽ ൟ കല്ലുകൾ കൊണ്ടു ഒരു രൂപം തീൎക്കുന്നതിന്നായി ചിലപ്പൊൾ പത്തിലധികം സംവത്സരങ്ങൾ വേണ്ടിവരും. ഞാൻ റൊമ്മായിൽ ചെല്ലുന്നതിന്നു മുമ്പു തുടങ്ങിയ ചിലരൂപങ്ങൾ, അവിടെനിന്നു പിന്തിരിഞ്ഞതുവരെയും അതായതു (പത്തുവഷംആയിട്ടും) ഇപ്പൊഴും പണിതീരാതെയിരിക്കുന്നതിനെക്കണ്ടു. ൟ വകപണികൾക്കായി ശേഖരിച്ചു വെച്ചിരിക്കുന്ന കല്ലുകളുടെ തരം ൧൦,൦൦൦ പതിനായിരത്തിൽ അധികമുണ്ടു.

## വത്തിക്കാൻ പുസ്തകശാല.

അതിപ്രശംസിക്കപ്പെട്ട ൟ പുസ്തകശാല ൧൪൪൭-ൽ അഞ്ചാമത്തെ നിക്ക്ളാവോസു പാപ്പാ സ്ഥാപിക്കയും, ശുദ്ധ: ഇലാരിയൊസ് പാപ്പാ ലത്തറാൻ അരമനയിൽ ശേഖരിച്ചുവച്ചിരുന്ന പുസ്തകങ്ങളും, ൟ വത്തിക്കാൻ പുസ്തകശാലയിലെക്കു കൊണ്ടുവരികയും ചെയ്തു. നിക്ക്ളാവോസു പാപ്പായുടെ മരണം വരെ ഇവിടെ (൯൦൦൦) ഒമ്പതിനായിരം കൈയെഴുത്തു പുസ്തകങ്ങൾ ഉണ്ടായിരുന്നു. എന്നാൽ മൂന്നാമത്തെ കലീസ്തുസു പാപ്പായുടെ വാഴ്ചയിൽ ഇവയിൽ പലപുസ്തകങ്ങളും പൊയ്പ്പോകുന്നതിന്നിടയാകയും ൟ നഷ്ടം തീൎക്കുന്നതിന്നു നാലാമത്തെ സിക്ക്സത്തുസ് പാപ്പാ വളരെ ഉത്സാഹിക്കയും, കടശി മുമ്പിലത്തെ പ്രഭയിൽ തന്നെ ആക്കുകയും ചെയ്തു. ഇപ്പൊൾ കാണുന്ന ൟ കെട്ടിടം അഞ്ചാമത്തെ സിക്ക്സത്തുസ് പാപ്പായുടെ ഭരണത്തിൽ ഉണ്ടാക്കപ്പെട്ടതാണു. ൟ പുസ്തകശാലയിൽ അടങ്ങിയിരിക്കുന്ന പുസ്തകങ്ങളുടെ തുക താഴെകാണിക്കുന്നു. എബ്രായാഭാഷയിൽ ൫൯൦ പുസ്തകങ്ങൾ, അറബി ഭാഷയിൽ ൭൮൭; കൊപ്ത ൮൦; എത്തിയൊപ്യാഭാഷയിൽ ൭൧, സുറിയാനി പുസ്തകങ്ങൾ ൪൫൯, തുൎക്കിഭാഷയിൽ, ൬൪, പേൎസ്യാ ഭാഷ ൬൫; സമറീത്താൻ ഭാഷ. ൨. അൎമ്മേനിയാ ഭാഷ. ൧൩, ഇമ്പെറിയൻ ൨, ഇന്ത്യാ ഭാഷയി

ൽ ററ, ഷീനഭാഷയിൽ, ഫ൦, സ്ലാവൊനിയാ ഭാഷയിൽ ഫവ്വ, ഗ്രെക്ക, ലത്തീൻ ൟ ഭാഷകളിൽ നറ,൫വ്വ൦ കൈയെഴുത്തു പുസ്തകങ്ങളും,അച്ചടിച്ച പുസ്തകങ്ങൾ ഒരുലക്ഷത്തിലധികവുമുണ്ടു. ഭൂലൊകത്തിലുള്ള പുസ്തകങ്ങളിൽ വച്ചു വിശേഷിക്കപ്പെട്ടവയും അപൂൎവ്വമായിട്ടുള്ളവയും വത്തിക്കാൻ പുസ്തകശാലയിൽ ഉള്ളവയാണെന്നുള്ളതു നിശ്ചയം. ൟ പുസ്തകശാലയുടെ അലങ്കാരത്തിനായും ഇതുസന്ദൎശിക്കുന്നവരുടെ കാഴ്ചെക്കായും ഏമ്പ്രദോരന്മാർ, രാജാക്കന്മാർ, പ്രഭുക്കൾ, മുതലായ ഓരൊ ആളുകൾ മാൎപ്പാപ്പാന്മാൎക്കു കാഴ്ചയായും, ദാനമായും അയച്ച ഓരൊ വിശേഷിക്കപ്പെട്ട വസ്തുക്കൾ വച്ചിട്ടുള്ളതു കൂടാതെ ൟ പുസ്തകശാലയുടെ ഭിത്തിമേലും, മേൽപുരമേലും, മാൎപ്പാപ്പാന്മാരുടെ ചരിത്രവും, മററു പല വിഷയങ്ങളെയും പിന്താരിച്ചിട്ടുമുണ്ടു. മാൎപ്പാപ്പാന്മാർ ഇത്താല്യായിൽ പല പട്ടണങ്ങളിലും, പ്രത്യേകം റൊമ്മാ പട്ടണത്തിലും ചെയ്യിരിക്കുന്ന ഓരൊരൊ വേലകൾ സൂക്ഷിക്കുന്നതായിരുന്നാൽ ഇവർ പരിഷ്കാര തല്പരന്മാരായിരുന്നൊയെന്ന് ആൎക്കും തന്നെസംശയിപ്പാൻ പാടില്ല. ഇവർ മേല്പറഞ്ഞ പട്ടണങ്ങളിൽ തന്നെയല്ലാ. ഭൂമിയുടെ നാനാഭാഗങ്ങളിലും ചെയ്യിട്ടുള്ളതും. ഇടവിടാതെ ചെയ്തുവരുന്നതുമായ ഓരൊരൊ സംഭവങ്ങൾ കൊണ്ടു ഉറപ്പിക്കാവുന്നതുമാകുന്നു.

## വത്തിക്കാൻ തോട്ടം.

ൟ തോട്ടം അഞ്ചാമത്തെ ശ്ലുദ്ധ: നിക്കൊളാവൂസ് പാപ്പായുടെ ഭരിപ്പിൻ കീഴ് പണിയിച്ചതാണു. ൟ തോട്ടം ചുററി നടക്കുന്നതിന്നായി ഏകദേശം ഒന്നര മൈൽ നേരമുണ്ടാകും. ഫവ്വൻന്ന കൎക്കടമാസത്തിൽ അതി പ്രബല കോട്ടയം മിസത്തിൽ വികാരി അപ്പൊസ്തൊലിക്കാ ഏ: പെ: പെ: ബ: ലവീഞ്ഞ മെത്രാനച്ചനൊടു കൂടെ ഏ: പെ: പെ: ബ: ളൂയീസുമെത്രാനച്ചനും അപ്പൊൾ മലയാളത്തിൽ നിന്നു പ്രൊപ്പഗാന്തയിൽ പഠിച്ചിരുന്നവരായ വട്ടക്കളത്തിൽ ബ: മത്തായി അച്ചനും, മാക്കീയിൽ ബ: യൌസെപ്പച്ചനും, ഞാനും കൂടെ പരിശുദ്ധ പിതാവിനെ സന്ദൎശിപ്പാനായി പൊകയും, പരിശുദ്ധ പിതാവു ൟ തോട്ടത്തിലുള്ള ബങ്കളാവിൽ, അശ്വസിപ്പാൻ പോയിരുന്നതിനാൽ,"ഇവിടെ വച്ചു ഏകദേശം ഒരു നാഴികയൊളം സംഭാഷണം ചെയ്യുന്നതിന്നു ഭാഗ്യം കിട്ടുകയും ചെയ്തു. അപ്പൊൾ മലയാളത്തെക്കുറിച്ചും ഞങ്ങളൊരൊരുത്തരൊടും തിരിച്ചു തിരിച്ചു സംസാരിക്കയും കടശി മലയാളത്തിലുള്ള സകലൎക്കും ഞങ്ങളുടെമേ

ല്പം തൻെറ പ്രത്യേകയാശീൎവ്വാദമുണ്ടാകെണമെന്നു അപേക്ഷിക്കയും ചെയ്തു.

## മൊൻെറ കവാളെല്ലായെന്ന സ്ഥലത്തുള്ള അരമന.

മാപ്പാപ്പാമ്മാൎക്കു താമസിക്കുന്നതിന്നായി മുൻ പറഞ്ഞ അരമനക്കൂടാതെ "മൊൻെറ കവാളെല്ലാ" എന്ന സ്ഥലത്തു കിരീരിനാൽ എന്ന പേരായ ഒരു അരമനയുണ്ടു. ൟ അരമന ൧൩൭൦-ാം ശ്രുധഃ ഗ്രിഗോരിയൊസ് പാപ്പായുടെ വാഴ്ചയിൽ ആരംഭിക്കയും, അഞ്ചാമത്തെ സീസ്റ്റുസ് പാപ്പായുടെയും എട്ടാമത്തെ ക്ളെമന്റു പാപ്പായുടെയും വാഴ്ചയിൽ അവസാനിപ്പിക്കയും ചെയ്തു. ഇപ്പൊൾ കാണുന്ന സ്ഥിതിയിലാക്കിയതു പത്താമത്തെ ഇന്നൊച്ചെൻസ്യൊസിൻെറയും പന്ത്രണ്ടാമത്തെ ക്ളെമിസു പാപ്പായുടെയും ഭരിപ്പിലാണു. മാപ്പാപ്പാമ്മാരെ തെരിഞ്ഞെടുത്തിരുന്നതും തെരിഞ്ഞെടുത്തശേഷം പരസ്യം ചെയ്തിരുന്നതും ൟ സ്ഥലത്തുവച്ചായിരുന്നു. ഇപ്പൊൾ ൟ അരമനയും, എട്ടാമത്തെ ഉൎബ്ബാനൊസ് പാപ്പാ ഇതിനൊടടുത്തു ഉണ്ടാക്കിച്ച തോട്ടവും ഇത്താല്യാരാജാവു കവൎന്നു സ്വന്തമായി ഉപയൊഗിച്ചു വരുന്നു.

## റോമ്മാ സിമിത്തെരികൾ.

റോമ്മാപട്ടണത്തിലുള്ള ഓരൊ വിശേഷങ്ങൾ, ബസീലിക്കാ പള്ളികൾ, അരമനകൾ, ഗോപുരങ്ങൾ മുതലായവയെ കുറിച്ചു സംഗ്രഹമായി പറഞ്ഞശേഷം ഇതിലും മനൊഹരമായതും, സത്യവിശ്വാസികൾക്കും പൂൎവ്വീക കാൎയ്യങ്ങൾ മുതലായവയെക്കുറിച്ചു അറിവാൻ ആഗ്രഹമുള്ളവൎക്കും രസകരമുള്ളവയായ സ്ഥലങ്ങളെക്കുറിച്ചു ഇനിയും പറയാം ഇവ റോമ്മാപട്ടണത്തിനടിയിലുള്ള സിമിത്തെരികളാണു. ക്രിസ്ത്വാബ്ദം ൩൦൦ വരെ ക്രിസ്ത്യാനികൾ എമ്പ്രദോരന്മാരുടെ ഞെരുക്കത്താൽ തിരുസ്സഭക്കടുത്ത തിരുകൎമ്മങ്ങൾ നടത്തുന്നതിന്നു മുടക്കിയിരുന്നതിനാലും, ഇവർ ഓരൊ സംഘങ്ങൾ കൂടി വിശ്വാസ രഹസ്യങ്ങൾ പഠിപ്പിക്കുന്നതിന്നു വിരോധിച്ചിരുന്നതിനാലും ആക്രൂര എമ്പ്രദൊരന്മാരുടെ ഭരണത്തിൽ മരിച്ചവരെ റോമ്മാ പട്ടണത്തിനകത്തു അടക്കിക്കൂടായെന്നു കഠിന കല്പന ഉണ്ടായിരുന്നതിനാലും തിരുകൎമ്മങ്ങൾ മുതലായവ നടത്തുന്നതിന്നും വെ

ദസാക്ഷികളുടെ തിരുശ്ശരീരങ്ങൾ അടക്കുന്നതിന്നു നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥലങ്ങൾ ൟ സിമിത്തേരികളാണ. ഇവ റോമ്മായിൽ തന്നെയല്ലാ, അപ്രീക്കായിലും, എജിപ്തു മുതലായ രാജ്യങ്ങളിലും കാണ്മാനുണ്ടു. എന്നാൽ കീൎത്തിപെട്ടവ ഇത്താല്യായിലും പ്രത്യേകം റോമ്മാ നഗരത്തിലുമാണ. ഇവഭൂമിക്കടിയിൽ വലിയ വരാന്തകളായി അഞ്ചു നിലവരെയും താഴെയൊട്ടു പണിതിരിക്കുന്നതും ഓരൊന്നിന്നു പതിനാറായിരം പതിനേഴായിരം കോൽ നീളമുള്ളതും ഉണ്ടു. ഇതിനകത്തു പൂൎവക്രിസ്ത്യാനികൾ സംഘം കൂടി വേദപുസ്തകം വായിക്കയും പ്രസംഗം മുതലായതു കെൾക്കയും ചെയ്തിരുന്നതു കൂടാതെ ദിവ്യപൂജ അണെക്കുന്നതിന്നായി കപ്പെളകളും ബലിപീഠങ്ങളും കാണ്മാനുള്ളതും ഞാൻ ൟ സ്ഥലങ്ങളിൽ ദിവ്യപൂജ അണെച്ചിട്ടുള്ളതുമാണ. അൎമെല്ലിനിയെന്ന അൎക്കെലൊജിയ ശാസ്ത്രജ്ഞന്റെ സാക്ഷി പ്രകാരം റോമ്മാപട്ടണത്തിലുള്ളതും അവിടെ നിന്നു ഒരൊ ശിഖരങ്ങളായിപോയിരിക്കുന്നതുമായ സിമിത്തെരികളുടെ നീളം അറുലക്ഷത്തി എമ്പതിനായിരംകൊൽ നീളമുണ്ടെന്നാണ. ഒ! വിസ്മയം! ൟ സിമിത്തെരികളിൽ വേദസാക്ഷികൾ മുതലായവരുടെ മുപ്പതുലക്ഷം പ്രെതാലയങ്ങൾകണ്ടുപിടിച്ചിരിക്കുന്നതുസൂക്ഷിക്കുമ്പൊൾഇതിലും അയിരം പ്രാവശ്യം വിസ്മയിക്കേണ്ടിയിരിക്കുന്നു! റോമ്മാമുഴുവനും വേദസാക്ഷികളുടെ തിരു രക്തത്താൽ നനയപ്പെട്ടഒരു അതിപ്രബലപ്പെട്ടതും പരിശുദ്ധമായതു മായ ഒരു സ്ഥലം അല്ലെന്നു ഇവ അറിയുന്നവരിൽ ആക്കു പറവാൻ ധൈൎയ്യമുണ്ടു? ഒ! വിസ്മയം!! ൟ വിശുദ്ധ നഗരത്തിൽ ഉള്ള വകളിൽ പ്രധാനമായവയെ താഴെ പറയുന്നു.

## പരിശുദ്ധ കലീസ്തൂസ്സ് പാപ്പായുടെ സിമിത്തെരി.

വിശ്വാസത്തിൽ സ്ഥിരതയും, ബുദ്ധിക്കു തെളിവും, ഹൃദയത്തിനു സന്തുഷ്ടിയും വരുത്തുന്ന ഒരു പുരാതന സിമിത്തെരി ശുദ്ധ: കലീസ്തൂസു പാപ്പായുടെ തായിരിക്കുന്നു. ൟ സിമിത്തെരി ഉണ്ടാക്കുവാനുള്ള പ്രധാന ലാക്കു പരിശുദ്ധ പത്രൊസിന്റെ അനുഗാമികളായിരിക്കുന്ന റോമ്മാ മാൎപ്പാപ്പാന്മാരെ അടക്കുന്നതിന്നായിട്ടായിരുന്നു. ഇവിടെ അടക്കപ്പെട്ടിരിക്കുന്നവർ സിക്ക്സത്തുസു, കൊൎണ്ണെലിയൊസു, പൊൻസിയാനൊസ്, പ്ബിയാനൊസു, എവുസേബിയൊസ്, ദിവനാസിയൊസ്, പേ്ലീക്ക്സ, എവുത്തിക്ക്യാനോസ്, കായൂസ്, മിൽസിയദെസ്, എസ്സെപ്പാനൊസു, ലൂച്ചിയൂസു, അന്ത്രയൊസു, ലാവുദിച്ചെയൊസു, പോലിക്കാൎപ്പൂസു, ഉൎബാനൊസു, മാന്നൊ, ന

മിദിയാനൊസു, യൂലിയാനൊസു, ഒപ്പുത്തൂസു, മുതലായവരാകുന്നു. ഇതു കൂടാതെയും ഇവിടെ അടക്കിയിരിക്കുന്ന വേദസാക്ഷികൾ അസംഖ്യമാണെന്നു ശുദ്ധ ദാമസൂസു പാപ്പായും, ഇവരുടെയെണ്ണം ദൈവത്തിനു മാത്രമെ അറിവാൻ പാടുള്ളുവെന്നു പരിശുദ്ധ പസ്കാൽ സു പാപ്പായും പറഞ്ഞിരിക്കുന്നു (*) എങ്കിലും നാല്പ കൂട്ടമായി വേദസാക്ഷികളായി മരിച്ചവരുടെ സംഖ്യ ഇപ്പൊഴും ഈ സിമിത്തെരിയിൽ കാണ്മാനുണ്ടു. ഒന്നാമത്തെ സ്ഥലത്തു ൨൬. വേറൊരിടത്തു ൧൨൭ മൂന്നാവതൊരു സ്ഥലത്തു. ൨൭൦ കടശി ൧൦൦൦൦. ഈ സ്ഥത്തു തന്നെയാണു പരിശുദ്ധ കിക്കിലിയാ പുണ്യവതിയുടെ തിരുശ്ശരീരം കണ്ടുപിടിച്ചതു ഈ പുണ്യവതി റൊമ്മായിൽ ഒരു അജ്ഞാനിയായ സേനാപതിയുടെ പുത്രിയായിരുന്നു. ഇയാൾ തന്റെ മകളെ വലെരിയാനൊസു എന്ന ഒരു അജ്ഞാനിയെ കൊണ്ടു വിവാഹം കഴിപ്പിപ്പാൻ നിശ്ചയിച്ചുറെച്ചു. അപ്പൊൾ കിക്കിലിയാ തന്റെ കന്യാവ്രതത്തെ ആകാശമണവാളനു പ്രതിഷ്ഠിച്ചിരിക്കുന്നതിനാൽ അയതിന്നു സമ്മതിച്ചില്ല. വിവാഹ ദിനം അടുത്തുവന്നപ്പൊൾ കിക്കിലിയാ തന്റെ ഭർത്താവിനെ ഉർബാനൊസു പാപ്പായുടെ പക്കൽ അയക്കയും ഈ വിശുദ്ധ പാപ്പായുടെ ഉപദേശത്താൽ സത്യവിശ്വാസം വലെരിയാനൊസു അനുസരിക്കയും കിക്കിലിയായുടെ സഹൊദരനും ഈ പുണ്യവതിയും തന്റെ ഭർത്താവും അനുസരിച്ച വേദത്തിൽ കൂടുകയും ചെയ്തു. ഈ പുണ്യവതിയുടെ പിതാവു ഇതറിഞ്ഞുടൻ ഇവരെ കുലസ്ഥു വിധിക്കയും അപ്രകാരം കൊല്ലുകയും ചെയ്തു. ഇവരെ വിധിപ്പാനിരുന്നയാളൊ എന്നാൽ ഇവരുടെ ധൈര്യവും മാഹാത്മ്യവും കണ്ടു, വലെരിയാനൊസിന്റെയും മറും വേദം സത്യവേദം എന്നു തിരിച്ചറിഞ്ഞു, തിരുസ്സഭയിൽ ചേരുകയും ചെയ്തു. ഇവരുടെ ശേഷം കിക്കിലിയായെ ഒരു മഹാ ചൂടുള്ള മുറിയിലിട്ടു പൂട്ടുകയും ഇതിനാൽ മരിക്കാതെയിരുന്നതിനാൽ തല വെട്ടികൊല്ലുന്നതിന്നു കല്പനയുണ്ടാകയും രാജനിയമ പ്രകാരം മൂന്നുഴം വെട്ടിയിട്ടും മരിക്കാതെയിരുന്നതിനാൽ മരണ പ്രമാദത്തിൽ ആക്കിയിട്ടെച്ചു പോകയും ചെയ്തു. ഇതിനിടയിൽ തന്നെ കാണ്മാൻ വന്നിരുന്ന വിശ്വാസികളൊടു സത്യവേദത്തെക്കുറിച്ചു പറഞ്ഞു ഇവരെ വിശ്വാസത്തിൽ ഉറപ്പിക്കയും ചെയ്തിരുന്നു. മൂന്നാം ദിനം ഈ പുണ്യവതി കിടന്നിരുന്ന മുറിയിൽ തന്നെ കാണ്മാനായി ശുദ്ധ: ഉർബാനൊസു പാപ്പാ വരികയും അപ്പൊൾ ഈ പുണ്യവതിയുടെ ഭവനം ഇരിക്കുന്ന സ്ഥലത്തു ഒരു ദേവാലയം പണിയിക്കണമെന്നും തന്നൊടു അപെക്ഷിച്ച ശേഷം തന്റെ പരിശുദ്ധ ആത്മാവു സ്വർഗ്ഗപ്രാപ്തിയാകയും താൻ കിടന്നിരുന്ന കിടപ്പിൽ തന്നെ ഒരു പെട്ടിയിൽ വച്ചടെച്ചു പരിശുദ്ധ കലീസ്തൂസു പാപ്പായുടെ സിമിത്തെരിയിൽ കൊണ്ടുചെന്നു അടക്കയും ചെയ്തു. ൨൨൭—ൽ മരിച്ച ഈ പു

ണ്യവതിയുടെ ശരീരം ഹന്നഹമെൽ യാതൊരു ഭംഗം കൂടാതെ ൟ സിമിത്തെരിയിൽ കണ്ടുപിടിക്കയും ൟ പുണ്യവതിയുടെ നാമധെയത്തിൽ പണിതിരിക്കുന്ന ദേവാലയത്തിൽ വീണ്ടെടുത്തു അടക്കുകയും ചെയ്തു. ൟ സിമിത്തെരിയിൽ അനേക ചിത്രങ്ങൾ കാണ്മാനുണ്ടു. പ്രധാനമായിട്ടുള്ളവ നമ്മുടെ ദിവ്യരക്ഷിതാവു ലാസറിനെ ഉയൎപ്പിക്കുന്നതും. ഒട്ടകത്തെ അത്താഴം, മൂശനിവ്യാ, മുതലായ പിന്തരങ്ങളും ആണു.

## ദോമിത്തില്ലായെന്ന പുണ്യവതിയുടെ സിമിത്തെരി.

പൂൎവ്വ ക്രിസ്ത്യാനികൾ പ്രത്യേകമായ വിധത്തിൽ വന്ദിച്ചു വന്നിരുന്ന സ്ഥലങ്ങളിൽ ഒന്നിതാകുന്നു. ൟ സിമിത്തെരിയുടെ ചുവരിന്മെൽ ൟശൊമിശിഹായെ നല്ലയിടയന്റെ ആകൃതിയിലും ദിവ്യരക്ഷിതാവു ലാസറിനെ ഉയൎപ്പിക്കുന്നതും, ഏലിയ നിവ്യാരണ്ടു കുതിര കെട്ടിയ വണ്ടിമെൽ കയറി ഓടിക്കുമ്പൊൾ തന്റെ ശിഷ്യൻ ഏലീശായിക്കു തന്റെയൊരു വസ്ത്രം കൊടുക്കുന്ന സ്വരൂപവും ദിവ്യരക്ഷിതാവു പരിശുദ്ധ പത്രൊസിന്റെയും, പൌലൊസിന്റെയും നടുവിൽ നില്ക്കുന്നതായും, താൻ ശ്ലീഹന്മാരെ പഠിപ്പിക്കുന്നതായും, പരിശുദ്ധ കന്യാസ്ത്രി മറിയം ഉണ്ണി ൟശൊയെ കൈയിൽ പിടിച്ചിരിക്കുന്നതും, മൂന്നുരാജാക്കൾ വന്നു ദിവ്യരക്ഷിതാവിനെ ആരാധിക്കുന്നതായും പല സ്വരൂപങ്ങൾ ൟ സ്ഥലത്തു ചിത്രിച്ചിരിക്കുന്നതു നോക്കുമ്പൊൾ രൂപവന്ദന പൂൎവ്വീക കാലത്തിൽ തന്നെ ഉണ്ടായിരുന്നു വെന്നു തെളിവാകുന്നു.

## വത്തിക്കാൻ സിമിത്തെരി.

റോമ്മായിൽ വളരെ പുരാതനമായ ഒരു സിമിത്തെരി വത്തിക്കാനിൽ ഉള്ളതാണു. ൟ സ്ഥലത്താണു പരിശുദ്ധ പത്രൊസിന്റെയും തന്റെ അനുഗാമികളായ പല ശുദ്ധ പാപ്പാന്മാരുടെയും ശരീരങ്ങൾ അടക്കിയിരിന്നതു. ഇതിന്റെ തെളിവിന്നായി മൂന്നാം യുഗത്തിൽ ജീവിച്ചിരുന്ന കായുസ്സ് എന്ന പട്ടക്കാരൻ ഇതിനെക്കുറിച്ചു ധിവരീതമായി ധരിച്ചിരുന്ന പ്രൊക്കുളൊസ്സ് എന്ന എടത്തൂട്ടുകാര

നൊട്ട പറഞ്ഞതിനെ കേട്ടുകൊൾവിൻ "നീ വത്തിക്കാൻ എന്നസ്ഥലത്തു അതായതു പത്രൊസിൻെറ പ്രേതാലയം ഇരിക്കുന്ന സ്ഥലം) അല്ലെങ്കിൽ ഓസ്റ്റിയെൻസ് എന്ന വഴിയിലൊ (അതായതു ശുദ്ധ: പൌലൊസിൻെറ ശരീരം ഇരിക്കുന്നസ്ഥലം) പോകുവാൻ മനസ്സാകുന്നുവെങ്കിൽ തങ്ങളുടെ സാംഗൊപാംഗത്താലും പ്രസംഗത്താലും ഈ പള്ളിയെ (റോമ്മാപള്ളി) ഉറപ്പിച്ച ശ്ലീഹന്മാരുടെ അടയാളം ഉള്ളതായി നിനക്കു ഞാൻ കാണിച്ചുതരാം" (൧) ഇതുകൂടാതെ ശുദ്ധ പത്രൊസിൻെറ അനുഗാമികളുടെയും അതായതു ശുദ്ധക്ലെമൻസ് പാപ്പായുടെ അനുഗാമിയും പരിശുദ്ധ പത്രൊസു പട്ടംകൊടുത്ത ആളുമായ ശുദ്ധ അനക്ലെത്തുസ് പാപ്പാമുതൽ മിശിഹാക്കാലം ൨൦൩-ൽ ജീവിച്ചിരുന്ന ശുദ്ധ വിക്തൊർ പാപ്പാ വരെ ഉള്ളവരുടെ തിരുശ്ശരീരങ്ങൾ വത്തിക്കാൻ സിമിത്തെരിയിൽ ശുദ്ധ പത്രൊസിൻെറ ശരീരത്തോടു ചേൎന്നു അടക്കിയിട്ടുണ്ടെന്നുള്ളതിൻെറ എവുസേബിയൊസ് എന്നചരിത്രക്കാരൻെറ സാക്ഷിയും പറയാം. "പത്രൊസ് പട്ടണത്തിൻെറ പടിഞ്ഞാറെ ഭാഗത്തു കൊൎന്നെലിയായെന്നവഴിക്കരികയും ... ചിലരൊഴികെ ശുദ്ധ പാപ്പാന്മാരുടെ ഒരു നിര, ആ സ്ഥലത്തുതന്നെയുള്ള കുഴിമാടത്തിൽ ആശ്വസിക്കുന്നു. ഈ സ്ഥലത്തു തന്നെ അനേക വേദസാക്ഷികളുടെ തിരുശ്ശരീരങ്ങൾ അടക്കിയിട്ടുള്ളതും ശ്ലീഹന്മാരുടെ കാലം മുതൽ തന്നെയുണ്ടായിട്ടുള്ള ഒരു സിമിത്തെരിയുമാണു.

## അഗ്നെസുപുണ്യവതിയുടെ സിമിത്തെരി.

അഗ്നെസുപുണ്യവതിയുടെ സിമിത്തെരിയും വളരെ പുരാതനവും ഇവിടെ പല വിന്താരങ്ങൾ കാണ്മാനുള്ളതുമാണ്. ഈപുണ്യവതിയുടെ ശരീരം കണ്ടുപിടിച്ചതു ഇവിടെയാണ്.

(൧) Ego Apostolorum tropœa possum ostendere tibi, nam si lubet in Vaticanum proficisce aut in viam quae ostienses te conferre tropœa eorum qui istam Ecclesiam suo sermone et virtute fermaverunt. Petrus in parte occidentali civitatis juxta viam Corneliam ad milliarum primum requiescit et Pontificalis ordo excepto numero pauco in eodem loco in tumbis propriis requiescit (Eusebius Hist. Eccl.)

## പരിശുദ്ധ പ്രെസ്താത്തുസിന്റെ സിമിത്തെരി.

ഠരം സിമിത്തെരി ശുദ്ധ: കലിസ്തുസ് പാപ്പായുടെ സിമിത്തെരിക്കു സമീപമാണ് സ്ഥാപിച്ചിരിക്കുന്നതു്. ശുദ്ധ: വെല്ലിച്ചിത്താ പുണ്യവതിയുടെ മകൻ ശുദ്ധ യനുവാരിയൊസിന്റെ ശരീരം ഇരിക്കുന്നതും ഇവിടെയാണ്. നാലാംയുഗത്തിൽ ജീവിച്ചിരുന്ന ശുദ്ധ: ദാമസൂസ് പാപ്പാ ഠരം വേദസാക്ഷിയുടെ ഓൎമ്മെക്കായി "എത്രയും വാഴ്ത്തപ്പെട്ട യനുവാരിയോസ് വേദസാക്ഷിയുടെ ഓൎമ്മക്കു ദാമസൂസ് പാപ്പാ സ്ഥാപിച്ചതു" എന്നു തന്റെ പ്രേതാലയത്തിൽ എഴുതിയിരിക്കുന്നു. ഇതു കൂടാതെ ഇവിടെ വേദസാക്ഷികളുടെ പല ഓൎമ്മകളും പൂൎവ്വക്രിസ്ത്യാനികൾ ഇവരുടെ മദ്ധ്യസ്ഥം അപേക്ഷിച്ചിരുന്നുവെന്നു് നമ്മെ നിത്യജ്ഞാപകപ്പെടുത്തുന്ന പുണ്യവാന്മാരൊടുള്ള പല അപേക്ഷകളും ഇപ്പൊഴും കാണ്മാനുണ്ടു്. അവകളിൽ ഒന്നു, വേദസാക്ഷികളെ! വിധി ദിവസത്തിൽ ജയംപ്രാപിപ്പാനായി നിങ്ങൾ എന്നെ സഹായിക്കു, എന്നതാകുന്നു.

## പ്രീഷില്ലാപുണ്യവതിയുടെ സിമിത്തെരി.

ഠരം സിമിത്തെരിയിലാണ് ശുദ്ധ: പൌലൊസു റോമ്മാക്കാൎക്ക എഴുതിയ കുറിയിൽ പ്രസ്താവിച്ചിരിക്കുന്ന ശുദ്ധ: പ്രീസ്കാ, അകിലിയാ, പ്രസ്സെദെ, പുദെൻസിയാനാ മുതലായ പുണ്യവതികളുടെ തിരുശ്ശരീരങ്ങളും അടക്കിയിരിക്കുന്നതു്. പരിശുദ്ധ പത്രൊസു ശ്ലീഹായുടെ പ്രസംഗത്താൽ സത്യവേദം അനുസരിച്ചു വേദത്തെ പ്രതി മരിച്ച പൂൎവ്വക്രിസ്ത്യാനികളുടെയും പരിശുദ്ധ മൎച്ചെല്ലീനൊസ്, പരിശുദ്ധ മൎച്ചെല്ലൂസ്, സിൽവെസ്ത്രൊസ്, ലിബൊരിയൊസ്, സിരിച്ചിയൊസ്, ചെലെസ്റ്റീനൊസ്, വിജീലിയൊസ്, മുതലായ ശുദ്ധ: പാപ്പാന്മാരുടെ പ്രേതാലയങ്ങളും ഇവിടെയാണ്. ഇവരുടെ തിരുശ്ശരീരങ്ങൾ, ഠരം മാൎപ്പാപ്പാന്മാരുടെ നാമധെയത്തിൽ പണിയിക്കപ്പെട്ടിരിക്കുന്ന ദേവാലയങ്ങളിൽ ഇപ്പൊഴും വന്ദിപ്പാൻ പാടുണ്ടു. ഇവകൾ കൂടാതെ ഠരം വിശുദ്ധ സിമിത്തെരിയിൽ ശുദ്ധ: പത്രൊ

Succurite martyres, ut vincam in die judicii

സ്ലീഹായുടെയും ശുദ്ധ: പൌലൊസിന്റെയും പല വിശെഷിക്കപ്പെട്ട ഓൎമ്മകൾ കാണ്മാനുള്ളതും, ശുദ്ധ: കുൎബ്ബാന ഒടുക്കത്തെ അത്താഴത്തിൽ സ്ഥാപിക്കുന്നതിന്റെയും ദൈവജനനിയുടെ പല സ്വരൂപങ്ങളും, നമ്മുടെ ദിവ്യരക്ഷിതാവു ഭൂഗൊളത്തിന്മെൽ ഇരുന്നുകൊണ്ടു് ശുദ്ധ: പത്രൊസിന്നു തിരുസ്സഭയുടെ വികാരിയെന്നുള്ള അടയാളമായും സകല ജനങ്ങളെയും വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിന്നായും ഏവൻഗെലിയൊൻ കൊടുക്കുന്ന ഒരു പിന്താരവും ഉണ്ടു്. ശുദ്ധ: തൊമ്മാസ്ലീഹാ ഇന്ത്യായിലും നമ്മുടെ മലയാളത്തും യാക്കൊവു ഒശ്ലമ്മിലും മത്തായി എത്യൊപ്യായിലും മൎക്കൊസു അലെക്സന്ത്രിയായിലും ശെഷമുള്ള സ്ലീഹന്മാർ മറ്റൊരൊ രാജ്യങ്ങളിലുംപൊയി സത്യവെദം അറിയിച്ചു ഇവരെ തിരുസ്സഭയിൽ ചെൎത്തുവെന്നു് തെളിവായിരിക്കുന്നതിനെക്കാൾ ശുദ്ധ: പത്രൊസു ദൈവതൊന്നിപ്പാൽ റൊമ്മായിൽ വന്നുവെന്നും ഇവിടെ അനെകംപെരെ സത്യവെദത്തിൽ ചെൎത്തു് റൊമ്മായുടെ മെത്രാനായി മരിച്ചുവെന്നതാണു് ഇതുറപ്പിക്കുന്നതിനായി ൟ വിശുദ്ധ നഗരത്തിൽ അസംഖ്യസാക്ഷികളും പൂൎവ്വക്രിസ്ത്യാനികളുടെ എഴുത്തുകളും ഓൎമ്മസ്തംഭങ്ങൾ മുതലായവയും ഉണ്ടായിരിക്കുന്നു.

## സിമിത്തെരി ഒസ്ത്രീയാനൊ.

ൟ സിമിത്തെരി ശുദ്ധ: പത്രൊസു റൊമ്മായിൽ പ്രസംഗിച്ചിരുന്ന ആ കാലംമുതൽ ഉള്ളതാണെന്നതിന്നു് സംശയമില്ല. അതെന്തുകൊണ്ടെന്നാൽ ഇതിനകത്തു ശുദ്ധ: പത്രൊസ് മാമ്മൊദീസാ മുക്കിയിട്ടുള്ളതും അന്നുമുതൽ ൟ സിമിത്തെരിക്കു "ശുദ്ധ: പത്രൊസിന്റെ ഓലിയുറവയുടെ സിമിത്തെരിയെന്നു് (൧) നാമധെയം ഉള്ളതുമാണു്. ശുദ്ധ: വലിയ ഗ്രീഗൊരിയൊസിന്റെ കാലത്തിൽ ൟ സിമിത്തെരിയിൽ ശുദ്ധ: പത്രൊസിന്റെ ഒരു കസേരയുണ്ടായിരുന്നുവെന്നും ഇവിടെ "പത്രൊസു ആദ്യമായിരുന്ന ഇരിപ്പിടം! (൨) എന്നു എഴുതിയിരിക്കുന്നതായി കണ്ടുവെന്നും ഇതിന്റെ മുമ്പാകെ രാവും പകലും വിളക്കുകൾ കത്തിച്ചിരുന്നതായും സന്ദൎശിപ്പാൻ ഇടയായി എന്നും പറഞ്ഞിരിക്കുന്നു. ഇതുകൂടാതെ തെവൊലിന്തായെന്ന രാജസ്ത്രീക്കു ശുദ്ധ: പത്രൊസിൻ കസെരയിൻ മുമ്പാകെ കത്തിച്ചിരുന്ന വിളക്കിൽ നിന്നു് കുറെ എണ്ണ കുപ്പിയിലാക്കി അയക്കയും ൟ കുപ്പി

(൧) Cemeterium fontis S. Petri
(൨) Sedes ubi prius sedit S. Petrus

യുടെ പുറത്തു പത്രൊസ് ആദ്യമായിരുന്ന ഇരുപ്പിടത്തിൽ നിന്നുള്ള എണ്ണ (൧) എന്നു എഴുതിയിരിക്കുന്നതും ആയതു ഇന്നെദിനംവരെ സൂക്ഷിച്ചു വച്ചിരിക്കുന്നതുമാണ്. വിശെഷിച്ചും ൟസിമിത്തെരിയിലും അനെക പുണ്യവാന്മാരുടെ പിറതാരങ്ങളും, ദൈവജനനിയുടെ ഒരു സ്വരൂപവുമുള്ളതും ൟ അനുഗ്രഹമുള്ള മാതാവിൻെറ സ്വരൂപത്തിനരികെ "ജയത്തിൻെറ കന്യകയൊടു പ്രാൎത്ഥിക്ക" (൨) എന്നു എഴുതിയിരിക്കുന്നതു ഇപ്പൊഴും സന്ദൎശിക്കാവുന്നതുമാണ്.

## പരിശുദ്ധ സെബസ്ത്യാനൊസിൻെറ സിമിത്തെരി.

ൟ കീൎത്തിപെട്ട സിമിത്തെരി റോമ്മാപട്ടണത്തിൽ നിന്ന് ഒന്നരമണിക്കൂറു ദൂരമുണ്ടാകും. കിഴക്കെ രാജ്യത്തിൽനിന്ന് പലർ ശുദ്ധ: പത്രൊസിൻെറയും പൌലൊസിൻെറയും തിരുശ്ശരീരങ്ങൾ എടുത്തുകൊണ്ടു പൊകുന്നതിന്നായി വരികയും അപ്പൊൾ റോമ്മായിലുള്ള ക്രിസ്ത്യാനികൾ ൟ വിശുദ്ധ നഗരത്തിനു ൟ തിരുശ്ശേഷിപ്പുകൾ പൊയ്പ്പൊകാതെയിരിപ്പാൻ വേണ്ടി ശുദ്ധ: സെബസ്ത്യാനൊസിൻെറ സിമിത്തെരിയിൽ എടുത്തു കൊണ്ടുപൊയി ഒളിച്ചുവച്ചു. ൟ പട്ടണത്തിൽ വേദസാക്ഷികളായി മരിച്ച ൟ ശ്ലീഹന്മാരുടെ തിരുശ്ശരീരങ്ങൾ ൟ സ്ഥലത്തിരുന്നുവെന്നു ശുദ്ധ: ദാമാസൂസ് പാപ്പാ നാലാംയുഗത്തിൽ ഇവരുടെ തിരുശ്ശരീരങ്ങൾ സൂക്ഷിച്ചുവച്ചിരുന്ന സ്ഥലത്തു മുൻപറഞ്ഞ സംഭവം എഴുതിയിരിക്കുന്നു. (൩) ഇവയെല്ലാം ശുദ്ധ: പത്രൊസ് റോമ്മായിൽ വന്നുവെന്നും ഇവിടെ പ്രസംഗിച്ചു രക്തസാക്ഷിയായി മരിച്ചുവെന്നും നമ്മെ ധരിപ്പിക്കുന്നു. ഇനിയും അനേകസ്ഥലങ്ങളിലും ൟ വിശുദ്ധ ശ്ലീഹായുടേ ഓൎമ്മകൾ കാണ്മാനുണ്ടെങ്കിലും അവയെല്ലാം പറയുന്നതായിരുന്നാൽ ദീൎഘമായി പോകുമെന്നു വിചാരിച്ചു വിട്ടുകളയുന്നു.

---

(൧) Oleo de sede ubi prius sedit S. Petrus.

(൨) Victoriae Virgini pete.

(൩) Hic habitasse prius Sanctos cognoscere debes
Nomina quisque Petri pariter Pauliqae requiris
Discipulos Oriens misit quod sponte fatermur
Sanguinis ob meritum Christum per astra secuti
Aethereos petiere sinus regnaque piorum
Roma suos potius meruit defendere cives
Haec Damasus vestras referat nova sidera laudes.

## ഒരു സംശയം.

ഈ പറഞ്ഞ സിമിത്തേരികളും ഇനി പറവാനുണ്ടായിരിക്കുന്ന അനേക സിമിത്തേരികളും ഇതിനുള്ളിൽ എഴുതിയിരിക്കുന്ന ചിന്താരങ്ങൾ മുതലായവ നൂതനമായി ഉണ്ടാക്കിയതായിരിക്കുമൊ എന്ന് പലരും സംശയിക്കുമായിരിക്കാം. എന്നാൽ ആറുലക്ഷത്തിഎമ്പതിനായിരം കോൽ നീളത്തിൽ ഭൂമിക്കടിയിൽ അഞ്ചുനിലവരെ ഉണ്ടാക്കിയിരിക്കുന്ന ഈ സിമിത്തേരികളും ഇവകളിൽ ചിത്രമെഴുതിയിരിക്കുന്ന സ്വരൂപങ്ങളും പൂൎവ്വീകമായിട്ടുള്ളതല്ലായിരുന്നുവെങ്കിൽ റോമ്മാക്കത്തോലിക്കർ വിശ്വാസം നൂതനമായി സദാ ഉണ്ടാക്കുന്നുയെന്ന് പറയുന്ന പതിതർ, സകല വിശ്വാസ സത്യങ്ങളും അടങ്ങിയിരിക്കുന്ന ഈ പരിശുദ്ധസ്ഥലം പാപ്പാന്മാർ നൂതനമായി ഉണ്ടാക്കിയതല്ലായെന്ന് ഇംഗ്ലാണ്ടു, ജെൎമ്മനിയാ മുതലായ രാജ്യങ്ങളിലെ അതി വിദ്വാന്മാരായ പ്രൊത്തസ്താന്തികൾ ഈ സിമിത്തേരികൾ സന്ദൎശിക്കുമ്പോൾ എപ്രകാരം മൌനമായിരുപ്പാൻ പാടുണ്ടു? നൂതനമായി ഉണ്ടാക്കപ്പെട്ട സ്ഥലങ്ങളിൽ അല്ലെങ്കിൽ സിമിത്തേരികളിൽ മുപ്പതുലക്ഷം ക്രിസ്ത്യാനികളുടെയും വേദസാക്ഷികളുടെയും കുഴിമാടങ്ങളും, അസ്ഥി മുതലായവയും എപ്രകാരം കണ്ടുപിടിപ്പാൻ പാടുണ്ടു? ഈ വിശുദ്ധ സ്ഥലങ്ങൾ സന്ദൎശിച്ചുവരുന്ന പ്രൊത്തസ്താന്തികളിൽ ആരും തന്നെ നിഷേധിച്ചിട്ടില്ലായെന്നു മാത്രമല്ല ഇവ സന്ദൎശിച്ചവരിൽ അനേകമാളുകൾ മനസ്സുതിരിഞ്ഞു് ശുദ്ധ: പത്രോസിന്റെ പിൻഗാമിക്കു കീഴ്‌വഴങ്ങുകയും ഇവരിൽ പലരൊടുകൂടെ ഒരുമിച്ചു ഒരേക്ലാസ്സിൽ ഞാനും പഠിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം തന്നെ ദൈവജനനിയുടെയും മറ്റു പല പുണ്യവാന്മാരുടെയും സ്വരൂപങ്ങളും പൂൎവ്വക്രിസ്ത്യാനികളുടെ ഇടയിൽതന്നെ ചിത്രമെഴുത്തുകാരും ഉണ്ടായിരുന്നതിനാൽ ഇവരാൽ ഉണ്ടാക്കപ്പെട്ടതെന്ന് മുൻപറഞ്ഞ ന്യായത്താൽ പറയെണ്ടിയിരിക്കുന്നു അല്ലാതെ ഏതൊരു ചിത്രമെഴുത്തുകളും നൂതനമായി ഉണ്ടാക്കുന്നതായിരുന്നാൽ ഉടനടി ആൎക്കെലൊജിയാ ശാസ്ത്രത്തിൽ വിദ്വാന്മാരായിരിക്കുന്നവർ കണ്ടുപിടിക്കുന്നതും ആകുന്നു എന്നതിന്നു സംശയമില്ല. എന്നാൽ സ്വരൂപങ്ങൾ ചിന്താരിച്ചതു എന്തു കാരണത്താൽ ആയിരുന്നുവെന്നതു വിധിദിവസത്തിൽ ജയം പ്രാപിപ്പാൻ എന്നെ നിങ്ങൾ സഹായിക്കണമെന്ന് വേദസാക്ഷികളുടെ കുഴിമാടത്തിൽ എഴുതിയിരുന്നതുകൊണ്ടു ഗ്രഹിക്കാവുന്നതാണ്.

രണ്ടാം ഭാഗം സമാപ്തം.

# മൂന്നാം ഭാഗം.

ഇതുവരെയും റോമ്മായുടെ ആരംഭം തിരുസംഘങ്ങൾ പള്ളി, സിമിത്തെരികൾ മുതലായവയെക്കുറിച്ചു പറഞ്ഞ ശേഷം ഈ നാട്ടു ഭാഗത്തിൽ റോമ്മാപള്ളിയുടെ പഠനങ്ങളിൽ മുഖ്യമായിട്ടുള്ളതിൽ ചിലതിനെ വിശ്വാസികളുടെ അറിവിന്നായും ആത്മോപകാരത്തിന്നായും പറയാം.

## നമ്മുടെ മാതാവായ റോമ്മാകത്തോലിക്കാ പള്ളി നമ്മെ പഠിപ്പിക്കുന്ന വിശ്വാസ രഹസ്യങ്ങൾ.

ആകാശത്തിലും ഭൂമിയിലും ഉള്ള കാണപ്പെട്ടതും കാണപ്പെടാത്തതുമായ സകല വസ്തുക്കളെയും ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ച സർവ്വവല്ലഭനായ ഒരു ദൈവമുണ്ടെന്നും ഈ ദൈവത്തിൽ തമ്മിൽ വെവ്വെറെയായിരിക്കുന്ന ബാവാ, പുത്രൻ, റൂഹാദക്കുദശാ എന്ന മൂന്നാളുകൾ ഉണ്ടെന്നും ബാവായിൽ നിന്നു പുത്രൻ പുറപ്പെടുന്നുവെന്നും റൂഹാദക്കുദശാ, ബാവായിൽ നിന്നും പുത്രനിൽനിന്നും പുറപ്പെടുന്നുവെന്നും രണ്ടാമാളായ പുത്രൻ എപ്പോഴും കന്യകയും അമലോത്ഭവയുമായ മറിയത്തിന്റെ ഉദരത്തിൽ റൂഹാദക്കുദശാ ഈ പരിശുദ്ധ കന്യകയുടെ രക്തത്താൽ ഒരു ശരീരം നിർമ്മിച്ചു അതിൽ ബുദ്ധിയുള്ള ഒരാത്മാവിനെ സൃഷ്ടിച്ചു സത്യമായ ദൈവവും സത്യമായ മനുഷനുമായി ബെസലഹേമ്മിൽ ഒരു തൊഴുക്കൂട്ടിൽ പിറന്നു. എട്ടാം ദിനം ഛേദനാചാരം ചെയ്യപ്പെടുകയും അതിന്റെ ശേഷം മ്ഗൂശന്മാരാൽ ഈ ദിവ്യപൈതൽ ആരാധിക്കപ്പെടുകയും ചെയ്തു. താൻ മുപ്പതു സംവത്സരം വരെയും മറയപ്പെട്ട ഒരു ജീവിതം കഴിച്ചു. കടശിലത്തെ മൂന്നു വർഷങ്ങളുടെ ഇടയിൽ തനിക്കു പന്ത്രണ്ടു പ്രധാന ശിഷ്യരെ തെരിഞ്ഞെടുക്കുകയും ഈ മൂന്നു സംവത്സരങ്ങളിൽ എല്ലാവക അത്ഭുതങ്ങൾ ചെയ്തു തന്റെ സുവിശേഷത്തെ പ്രസംഗിക്കയും തന്റെ ഒടുക്കത്തെ അത്താഴത്തിൽ തന്റെ അറുതിയില്ലാത്ത സ്നേഹത്തിന്റെ അടയാളമായി ശുദ്ധ: കുർബ്ബാനയെയും സ്ഥാപിച്ചശേഷം തന്റെ ശ്ലീഹന്മാരിൽ ഒരുവനായ യൂദാ ത

ന്നെ ഒററിക്കൊടുക്കയും വെള്ളിയാഴ്ചദിനം ഗാഗുൽത്താ മലമെൽ നമ്മുടെ പാപവിമോചനത്തിനായി രണ്ടു കള്ളന്മാരുടെ നടുവിൽ മരിക്കയും ചെയ്തു. മൂന്നാം ദിനംമഹാ പ്രഭയൊടും സൌന്ദൎയ്യത്തൊടും കൂടെ തന്റെ സ്വന്തശക്തിയാൽ ഉയിൎക്കയും നാല്പതുനാൾ വരെ തന്റെ ശിഷ്യൎക്ക കാണപ്പെട്ടു ഇവരെ വേദസത്യങ്ങളിൽ ഉറപ്പിക്കയും ഇതിനിടയിൽ വിശുദ്ധ പത്രൊസിനെ ഇവരുടെ തലവനായും സകലരുടെയും ആകമാന ഇടയനായും സ്ഥാപിച്ചു. താൻ ആകാശത്തിലെക്ക എഴുന്നെള്ളി പന്തക്കുസ്താദിനം പരിശുദ്ധ ജനനിക്കും ശ്ലീഹന്മാൎക്കും പരിശുദ്ധ അരൂപിയെ യാത്രയാക്കി ശ്ലീഹന്മാർ ലോകമൊക്കയിലും പൊയി പ്രസംഗിക്കയും മിശിഹായുടെ തിരുരക്തത്താൽ വീണ്ടുകൊള്ളപ്പെട്ട ആത്മാവുകൾക്ക പാപ പൊറുതിയും രക്ഷയും സകലവക വരപ്രസാദങ്ങളും നൽകുന്നതിന്നായി താൻ സ്ഥാപിച്ചുവെന്ന കൂദാശകളെ കൊടുക്കയും ചെയ്തു. അവയായതു മാമ്മൊദീസാ, മുമ്പിലത്തെ ഒപ്രുശുമാ, കുൎബ്ബാനാ, കുമ്പസാരം, ഒടുക്കത്തെ ഒപ്രുശുമാ, പട്ടം, വിവാഹം ഇവ ഏഴിൽ മാമ്മൊദീസാ, മുമ്പിത്തെ ഒപ്രുശുമാ, പട്ടം എന്നവ മുദ്രപതിയുന്ന കൂദാശകൾ ആയിരിക്കുന്നതിനാൽ വീണ്ടും കൊടുപ്പാൻ പാടില്ലാത്തവയും ആകുന്നു. ശുദ്ധ: കുൎബ്ബാനയിൽ സൎവ്വവല്ലഭനായ ദൈവത്തിനു തക്കതായ ഒരു ബലി സമൎപ്പിക്കുന്നുവെന്നും ൟ പരിശുദ്ധ: കുൎബ്ബാനയിൽ പട്ടക്കാരൻ അപ്പത്തിന്മെലും വീഞ്ഞിന്മെലും കൂദാശ മൊഴിചൊല്ലുന്ന അക്ഷണത്തിൽ നമ്മുടെ ദിവ്യരക്ഷിതാവിന്റെ തിരുശ്ശരീരവും തിരുച്ചൊരയുമായി പകരപ്പെടുന്നുവെന്നും, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ഓരൊന്നിൽ തന്റെതിരുശ്ശരീരവും ചൊരയും ആത്മാവും ദൈവസ്വഭാവും അതായതു താൻ മുഴുവനും ഉണ്ടായിരിക്കുന്നുവെന്നു നാം സത്യമായി വിശ്വസിക്കുന്നു. പാപത്തിനു പൂൎണ്ണ പരിഹാരം ചെയ്യാതെ ഇഹലൊകത്തിൽ നിന്നു് പുറപ്പെടുന്ന ആത്മാവുകളെ ശുദ്ധീകരിക്കുന്ന ഒരു സ്ഥലമുണ്ടെന്നും. അയതിനു ശുദ്ധീകരസ്ഥലം അല്ലെങ്കിൽ വെസ്സൃക്കൊനായെന്നും പറയുന്നു. ദൈവജനനിയേയും പുണ്യവാന്മാരെയും, ഇവരുടെ തിരുശ്ശേഷിപ്പുകളെയും സ്വരൂപങ്ങളെയും വണങ്ങേണ്ടതെന്നും ശുദ്ധ: കത്തൊലിക്കാ റൊമ്മാപ്പള്ളി സകല പള്ളികളുടെ മതാവും ഗുരു നാഥയും, റോമ്മാമേല്പട്ടക്കാരൻ ശ്ലീഹന്മാരുടെ തലവനായ ശുദ്ധ: പത്രൊസിന്റെ അനുഗാമിയും ൟശൊമിശിഹായുടെ വികാരിയുമാകുന്നുവെന്നും താൻ തിരുസിംഹാസനത്തിൽ നിന്നു് മല്പാനടുത്തതും ഇടയനടുത്തതുമായ അധികാരം വഹിച്ചു സന്മാൎഗ്ഗത്തിനും വിശ്വാസത്തിനുമടുത്ത വിഷയങ്ങളെക്കുറിച്ചു പഠിപ്പിക്കുമ്പോൾ തെറ്റുവാൻ പാടില്ലായെന്നും ൟ തിരുസ്സഭയുടെ തലവനു കീഴ്പ്പെടാത്തവനു രക്ഷ

പ്രാപിപ്പാൻ പാടില്ലായെന്നു മാകുന്നു.          ശേഷവും ...

## ൧൦ംശൊമിശിഹാ ശുദ്ധകുബ്ബാനയിൽ സത്യമായി എഴുന്നെള്ളിയിരിക്കുന്നു എന്നതിന്മേൽ.

തിരുസ്സഭയിൽ എന്തെങ്കിലും പരിശുദ്ധമായിട്ടുള്ളതും വിസ്മയിക്കത്തക്കതും മനുഷ്യബുദ്ധിക്കു മേലായിട്ടുള്ളതും ഉണ്ടായിരുന്നാൽ ആയതു സംശയമെന്ന്യെ ദിവ്യരക്ഷിതാവു മാനുഷമക്കളുടെ നേരെയുള്ള തന്റെ അറുതിയില്ലാത്ത സ്നേഹത്തിന്റെ അടയാളമായി സ്ഥാപിച്ച തന്റെ തിരുശ്ശരീരവും ചോരയും ആത്മാവും ദൈവസ്വഭാവവും അടക്കിക്കൊള്ളുന്ന കുബ്ബാനയെന്നക്രൂദാശയാകുന്നു. എന്നാൽ തിരുസ്സഭെക്കുവിരോധമായി എല്ലാവിധത്തിലും എതൃക്കുന്ന ൧൦ം തിരുസ്സഭയുടെ ശത്രുക്കൾസകല വരപ്രസാദങ്ങളുടെയും ഓലിയുറവയാകുന്ന ദിവ്യകാരുണ്യത്തിൽ ൧൦ംശൊമിശിഹാ എഴുന്നെള്ളിയിരിക്കുന്നുവെന്നതു നിഷെധിക്കുന്നതിലും വായനക്കാരായ നിങ്ങൾ അശ്ചര്യപ്പെടണ്ടാ, തിരുസ്സഭയുടെ സകല പഠിനങ്ങൾക്കും കിഴ്പ്പെട്ടുന്നതിന്നാസ്ഥമായിരിക്കുന്ന നമുക്കു ൧൦ം സത്യം തെളിവാക്കുന്നതിന്നായി തന്റെ ജീവീതകാലത്തിൽ താൻ ചെയ്തുവാഗ്ദത്തങ്ങളെയും, മിശിഹാ തന്റെ ഒടുക്കത്തെ അത്താഴത്തിൽ തന്റെ ശ്ലീഹന്മാരൊടു പറഞ്ഞ ആ കടശീലത്തെവചനങ്ങളേയുംമാത്രംനിഷ്കളങ്കഹൃദയത്തോടെ ഉറവു ധ്യാനിക്കുമ്പോൾ ൧൦ം ദിവ്യദ്രവ്യാനുമാനത്തിന്മേൽ നമ്മുടെ ഭക്തിയും വിശ്വാസവും അതിശയിക്കത്തക്കവിധത്തിൽ കത്തി ജ്വലിക്കുമെന്നതു നിശ്ചയം. താൻ ചെയ്തുവാഗ്ദത്തം എന്തെന്നു ആദ്യമായി സൂക്ഷിപ്പിൻ. ൧൦ംശൊമിശിഹാ ഗലിലേയാ കടലിൻ തീരത്തുക്കൂടെ പ്രസംഗിച്ചുകൊണ്ടിരിക്കയിൽ പതിവിൻ പ്രകാരം അനേകജനം തന്റെ അതിശയങ്ങളെ കാണുന്നതിന്നും തന്റെ നിത്യായുസ്സിന്റെ വചനങ്ങളെ കേൾക്കുന്നതിന്നായും ഇതാ തന്നെ പിഞ്ചെല്ലുന്നു. എന്നാൽ അക്കൂടിയിരുന്ന ജനങ്ങൾക്കു ഭക്ഷണമില്ലായിരുന്നുവെന്നു അറിഞ്ഞു,

അഞ്ചപ്പവും രണ്ടു മീനും തന്റെ അത്ഭുതത്താൽ പെരുപ്പിക്കയും സ്ത്രീകളെയും പൈതങ്ങളെയും നീക്കി അയ്യായിരം പേൎക്കു ധാരാളമായി കൊടുക്കയും ചെയ്തു. ഈ അവസരത്തിൽ തന്നെ ഗലീലേയാനാട്ടിലെ ഒരു ദിനമൊ അയ്യായിരം പേൎക്കൊ മാത്രമല്ല പിന്നെയൊ അനേകായിരം കോടി ജനങ്ങൾക്കു, ഭൂലൊകത്തിന്റെ നാനാഭാഗങ്ങളിലും ഭൂലൊകത്തിന്റെ അവസാനംവരേയും താൻ കൊടുപ്പാനിരിക്കുന്ന തന്റെ തിരുശ്ശരീരവും ചൊരയും ദൈവസ്വഭാവും അടക്കികൊള്ളുന്ന ആ ആകാശത്തിന്നടുത്ത അപ്പത്തെക്കുറിച്ചു പറവാൻ ഇപ്രകാരം ആരംഭിക്കുന്നു. ഞാൻ ആയുസ്സിന്റെ അപ്പമായിരിക്കുന്നു. നിങ്ങളുടെ പിതാക്കന്മാർ മന്നാ ഭക്ഷിച്ചു എന്നാൽ അവർ മരിച്ചുപോയി ആകാശത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പം തിന്നുന്നുവെങ്കിൽ അവൻ എല്ലായ്പൊഴും ജീവിക്കും ഞാൻ തരുന്നയപ്പം ഭൂലൊകത്തിന്റെ ആയുസ്സിന്നായി കൊടുക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. അപ്പൊൾ യൂദജനം നമുക്കു എപ്രകാരം തന്റെ ശരീരത്തെ ഭക്ഷിപ്പാനായി തരുവാൻ പാടാകും എന്നു പറഞ്ഞു, അവരുടെ ഇടയിൽ വാദിപ്പാൻ തുടങ്ങി അപ്പൊൾ ഈശൊ അവരൊടു പറഞ്ഞതായതു സത്യം സത്യമായി നിങ്ങളൊടു ഞാൻ പറയുന്നു. മനുഷ്യപുത്രന്റെ ശരീരത്തെ ഭക്ഷിക്കയും തന്റെ ചോരയെ പാനം ചെയ്കയും ചെയ്യില്ലായെങ്കിൽ നിങ്ങളിൽ ആയുസ്സുണ്ടാകയില്ല. എന്റെ മാംസത്തെ ഭക്ഷിക്കയും രക്തത്തെ പാനം ചെയ്യുകയും ചെയ്യുന്നവന്നു നിത്യാജീവനുണ്ടു. ഞാൻ അവനെ ഒടുക്കത്തെ ദിനം ഉയിൎപ്പിക്കയും ചെയ്യും എന്തുകൊണ്ടെന്നാൽ എന്റെ ശരീരം സത്യമായിട്ടു ഭക്ഷണമാകുന്നു. എന്റെ ചോര സത്യമായിട്ടു പാനം ആകുന്നു. നമ്മുടെ ദിവ്യരക്ഷിതാവു അനേക അതിശയങ്ങൾ ചെയ്തതായി യൂദജനം കണ്ടിട്ടുണ്ടായിരുന്നിട്ടും താൻ മധുരം നിറഞ്ഞ വചനങ്ങളെയും വാഗ്ദത്തങ്ങളെയും പറഞ്ഞശേഷം അവിശ്വാസികളായ ഇവർ ഹാ! ഈ സംസാരം വളരെ കഠിനമായിട്ടുള്ളതാകുന്നു. ഇതുകേൾപ്പാൻ ആൎക്കുവശമാകും? എന്നു പറഞ്ഞു നമ്മുടെ ദിവ്യരക്ഷിതാവിനൊടു കൂടിയിരുന്ന ജനങ്ങളും തന്റെ ശിഷ്യരിൽ പലരും തന്നെ വിട്ടുപിരിഞ്ഞു പോയിട്ടും താൻ വീണ്ടും പറയുന്നതായതു. സത്യം സത്യമായി നിങ്ങളൊടു ഞാൻ പറയുന്നു. മനുഷ്യപുത്രന്റെ ശരീരത്തെ ഭക്ഷിക്കയും ചോരയെ പാനം ചെയ്കയും ചെയ്യില്ലായെങ്കിൽ നിങ്ങളിൽ ഒരിക്കലും ആയുസ്സുണ്ടാകയില്ല. ഇതിന്റെ ശേഷം നമ്മുടെ ദിവ്യരക്ഷിതാവു താൻ പറഞ്ഞതു വാസ്തവമെന്നും ഒരിക്കലും സംശയിച്ചു കൂടാത്തതെന്നും അതിബലമായി ഉറപ്പിക്കുന്നതിന്നായി തെരിഞ്ഞെടുക്കപ്പെട്ട തന്റെ പന്ത്രണ്ടു ശിഷ്യരൊടു ചൊദിച്ചതായതു: നിങ്ങൾകൂടെയും എന്നിൽനിന്നകന്നു പോകുന്നില്ലയൊ? ഈ തന്റെ

ചോദ്യത്തിന്റെ അൎത്ഥം എന്തെന്നാൽ ഞാൻ ഇതുവരെയും പറഞ്ഞതിനെപ്പറ്റി നിങ്ങൾ എന്തുപറയുന്നു? എന്നിൽ നിന്നു അനേക വരപ്രസാദങ്ങൾ കിട്ടിയ യൂദജനവും. എന്റെ ശിഷ്യർ കൂടെയും ഞാൻ പറഞ്ഞതു വിശ്വസിക്കാതെ സകല അനുഗ്രഹങ്ങളുടെയും ഓലിയുറവയായിരിക്കുന്ന എന്നെ വിട്ടുമാറിപ്പോയതു കണ്ടില്ലയൊ? നിങ്ങളും ഞാൻ പറഞ്ഞതു വിശ്വസിക്കാതെ എന്നിൽ നിന്നു പോകുന്നില്ലയൊ? ഹാ! നിങ്ങൾ എന്തുപറയുന്നു? പറവിൻ! വേഗം പറവിൻ! അപ്പൊൾ വിശുദ്ധ പത്രൊസു തന്റെ സഹോദരന്മാർ എല്ലാവരുടെയും നാമത്തിൽ ഉത്തരിച്ചതായതു: ഒ! കൎത്താവെ! ഞങ്ങൾ ആരുടെ പക്കലെക്കു പോകും? നിനക്കു നിത്യായുസ്സിന്റെ വചനങ്ങൾ ഉണ്ടല്ലൊ. ഇതിന്റെശേഷം തന്റെ ജ്ഞാനത്തിന്റെ മൌനതയാൽ തന്നെ മുഴുവനും ശുദ്ധ: കുൎബ്ബാനമൂലം സത്യമായി കൊടുപ്പാനിരിക്കുന്നുവെന്നും തന്റെ വാഗ്ദത്തങ്ങൾക്കു യാതൊരു ഭംഗവും വരികയില്ലായെന്നു ഗ്രഹിപ്പിച്ചു ഉറപ്പിക്കയും ചെയ്തു. ൟ സംഭാഷണത്തിൽ നാം ആരുടെ ഭാഗത്തിൽ ചേരും? യൂദജനത്തൊടു കൂടെ ഹാ! ൟ സംസാരം വളരെ കഠിനമായിട്ടുള്ളതാകുന്നു. ഇതു കേൾപ്പാൻ ആൎക്കുവശമാകും? എന്നു പറഞ്ഞു നമ്മുടെ ദിവ്യകൎത്താവിനെവിട്ടുപിരിഞ്ഞു പോകണമൊ അല്ലെങ്കിൽ വിശുദ്ധ പത്രൊസിനൊടു കൂടെ മഹാ എളിമയൊടും വിശ്വാസത്തൊടും കൂടെ ഹാ! കൎത്താവെ ഞങ്ങൾ ആരുടെ പക്കലേക്കു പോകുന്നു വെന്നു പറയണമൊ?

വിശേഷിച്ചും ൟ തന്റെ സംഭാഷണത്തിൽ പ്രത്യേക ഒരു സംഗതി സൂക്ഷിച്ചു ആലൊചിപ്പാനുണ്ടു. അതെന്തെന്നാൽ നമ്മുടെ ദിവ്യരക്ഷിതാവു ഏതൊരു വിഷയത്തെപ്പറ്റിയെങ്കിലും ശ്ലീഹന്മാരൊടും തന്റെ ശിഷ്യരൊടും സംസാരിച്ചുകൊണ്ടിരിക്കുമ്പൊൾ താൻ പറഞ്ഞിരുന്നതിൽ എന്തെങ്കിലും ഇവൎക്കു മനസ്സിലാകാതെ വന്നിരുന്ന ആ അവസരങ്ങളിൽ ഒക്കെയും ഇവരെ ഓരൊദൃഷ്ടാന്തങ്ങൾ കൊണ്ടു നിക്കൊദെമൊസിനെ ഗ്രഹിപ്പിച്ചതു പോലെ വ്യക്തമായി ഗ്രഹിപ്പിക്ക പതിവായിരുന്നു. എന്നാൽ താൻ തന്റെ തിരുശ്ശരീരത്തെയും തിരുരക്തത്തെയും കുറിച്ചു സംഭാഷണം ചെയ്തുകൊണ്ടിരിക്കയിൽ താൻ പറഞ്ഞതു വ്യത്യാസമെന്ന്യ അപ്രകാരമെന്നു തന്നെ കേൾവിക്കാരെ ധരിപ്പിക്കുന്നതിന്നായി വീണ്ടും പറഞ്ഞതിനെ ആവൎത്തിച്ചു ഉറപ്പിക്കയും ചെയ്തു.

എന്നാൽ നമ്മുടെ ദിവ്യരക്ഷിതാവായ ൟശൊമിശിഹാ സത്യമായിട്ടു ൟ ദിവ്യകൂദാശയിൽ എഴുന്നെള്ളിയിരിക്കുന്നു വെന്നു താൻ ൟ പരിശുദ്ധ കൂദാശ സ്ഥാപിച്ച ആ മാണിക്യമായ വചനങ്ങളിൽ നിന്നു ഇതിന്റെ വാസ്തവം നിഷേധിപ്പാൻ പാടില്ലാത്ത വിധത്തിൽ തെളിവാകുന്നു. ഇതാ! ൟശൊമിശിഹാ തന്റെ മര

ണത്തിന്റെ തലെ ദിനം തന്റെ പിതാവിന്റെ പക്കലെക്കു പി
ന്തിരിവാനുള്ള സമയം അടുത്തിരിക്കുന്നു വെന്നറിഞ്ഞു, ഒരു പിതാവു
തന്റെ മക്കളെ വിളിച്ചുകൂട്ടി തനിക്കുള്ള സകല സമ്പത്തുകളും ശ
രിയായിഭാഗിച്ചു മരണ പത്രിക എഴുതുന്നതുപോലെ അനുഗ്രഹം
നിറഞ്ഞ നമ്മുടെ ഈശോ തന്റെ ഒടുക്കത്തെ അത്താഴത്തിൽ ത
ന്റെ വാത്സല്യശിഷ്യരായ ശ്ലീഹന്മാരെ തന്റെ മേശക്കു വിളി
ച്ചു തന്റെ തിരുവായ്തുറന്നു പറയുന്നതുപോലെ സൂക്ഷിപ്പിൻ!

ഇതാ ഞാൻ പൊകുന്നു, നിങ്ങൾ എവരും എന്റെ അന്ത്യ
വചനത്തെ സൂക്ഷിച്ചുകേൾപ്പിൻ! എന്റെ മരണപത്രിക എന്തെന്നു
വ്യക്തമായി ഗ്രഹിപ്പിൻ! ഈശോ, അപ്പം എടുത്തു വാഴ്ത്തി മുറിച്ചു
എടുത്തുകൊണ്ടു പറഞ്ഞതായതു. നിങ്ങൾ മെടിച്ചു ഭക്ഷിപ്പിൻ ഇതു
എന്റെ ശരീരമാകുന്നു. കാസായെടുത്തു ഉപകാരസ്മരണചെയ്തു അ
വൎക്കു കൊടുത്തുകൊണ്ടു പറഞ്ഞതായതു. ഇതിൽനിന്നു് നിങ്ങൾ എ
വരും കുടിപ്പിൻ. എന്തുകൊണ്ടെന്നാൽ പാപ പ്പൊറുതിക്കായി
അനെകൎക്കുവെണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിൽ എന്റെ
ചൊര ഇതാകുന്നു. (മത്തായി ൨൬. ൨൬. ൨൮.)

എന്നാൽ ഗ്രെക്കുഭാഷയിൽ ഉള്ള സുവിശെഷങ്ങളിൽ ഇപ്ര
കാരം കാണുന്നു. "ഞാൻ ഭക്ഷിപ്പാൻ തരുന്ന ഇതു എന്റെ ശരീരം
തന്നെയാകുന്നു. നിങ്ങൾക്കായിതന്നെ തരുന്ന ഇതു നിങ്ങൾക്കു കുടി
പ്പാനായി തരുന്നതു എന്റെ ചൊരതന്നെയാകുന്നു. പുതിയ നിയമ
ത്തിന്റെ ചൊരതന്നെ. അനെകൎക്കുവെണ്ടി ചിന്തപ്പെടുന്ന ഇതുത
ന്നെ" വിശ്വാസികളെ ഇതാ നമ്മുടെ കൎത്താവിന്റെ മരണപത്രി
കാ! ഇപ്പൊൾ നിങ്ങൾ താനൊരിക്കൽ തന്റെ തിരുശ്ശരീരത്തെയും
തിരുരക്തത്തെയും നിചപാപികളായിരുന്ന യൂദജനത്തിനും തന്റെ
ശിഷ്യൎക്കും ഭക്ഷിപ്പാനും പാനംചെയ്യുന്നതിനായും കൊടുക്കുമെന്നു് വാ
ഗ്ദത്തം ചെയ്തിരുന്ന ആ തിരുവചനങ്ങളൊടു കൂടെ ഈശോ തന്റെ ക
ടശീലത്തെ പരിശുദ്ധ കുൎബാനയെ സ്ഥാപിക്കുന്ന വചനങ്ങളെയും
താരതമ്യപ്പെടുത്തി നിഷ്കളങ്കഹൃദയത്തൊടെ ആലൊചിക്കുന്നുവെ
ങ്കിൽ നമ്മുടെ ദിവ്യരക്ഷിതാവിന്റെ വാഗ്ദത്തം പൂൎണ്ണമായും വ്യ
ക്തമായും നിറവേറിയിരിക്കുന്നു വെന്നു എവൎക്കും ബൊധപ്പെടാവുന്ന
താണു. എന്നാൽ മാനുഷമക്കളിൽ ആൎക്കെങ്കിലും ഈശോ തന്റെ തിരു
വചനത്തെക്കാൾ തെളിവായും വ്യക്തമായും മുൻപറഞ്ഞ വാസ്തവ
ത്തെ ഉറപ്പിക്കുന്നതിന്നും സത്യത്തെ തെളിയിക്കുന്നതിന്നും പറഞ്ഞു
ധരിപ്പിപ്പാൻ പാടുണ്ടൊ? ഹാ! താൻ തന്റെ മരണ പത്രികയെ
എത്രയൊ സ്പഷ്ടമായും നിഷെധിച്ചുകൂടാത്ത വിധത്തിലും പറഞ്ഞു
വ്യാഖ്യാനിച്ചിരിക്കുന്നു! വിവെകിയും ജ്ഞാനിയുമായ ഒരു പിതാവു ത
ന്റെ മക്കൾക്കു മരണ പത്രികയെഴുതി തന്റെ മുദ്രവെക്കുമ്പൊൾ

പിന്നീട്ട തന്റെ മക്കളുടെ ഇടയിൽ സമാധാനക്കേടെന്നും വഴക്കു കൾക്കുംഇടയാകാതെ ഇരിക്കാൻഎന്തുമാത്രംസൂക്ഷത്തൊട്ടും ആലൊചനയൊട്ടും വ്യക്തമായും ചെയ്യുമായിരിക്കും എന്ന ആലൊചിപ്പിൻ!

ഹാ! മനുഷ്യരുടെ ഇടയിൽ ഇപ്രകാരമിരിക്കയിൽ സൎവ്വ ജ്ഞാനിയായിരിക്കുന്ന ദൈവപുത്രൻ ഈശൊമിശിഹാ തന്റെ ഈ അന്ത്യകാലത്തിൽ തന്റെ ശ്ലീഹന്മാരൊടുള്ള കടശീലത്തെ സംഭാഷണത്തിൽ തന്റെ തിരുച്ചൊരയെയും ശരീരത്തെയും കുറിച്ചു പറകയിൽ ഈ തന്റെ മരണ പത്രിക വെറൊരു പ്രകാരത്തിൽ അൎത്ഥം തിരിക്കാൻ പാടുണ്ടായിരുന്നു വെങ്കിൽ ആയതു തന്റെ ശ്ലീഹന്മാരെ ഗ്രഹിപ്പിക്കാതെ താൻ ഇവരിൽ നിന്നു് വിട്ടു പിരിയുമായിരുന്നൊ? തന്റെചൊരയാൽ വീണ്ടുകൊള്ളപ്പെട്ട തിരുസ്സഭ, ആ തന്റെ കടശിലത്തെ വചനങ്ങളെ പറഞ്ഞ ആ ക്ഷണം മുതൽ ഇന്നുവരേയും ഇന്നുമുതൽ ലൊകാവസാനംവരേയും ഈവലിയ അന്ധകാരത്തിൽ മുഴുകി അത്ര സഹിച്ചു കൂടാത്ത അബദ്ധങ്ങളെ പഠിപ്പിക്കുന്നതിന്നു മിശിഹായുടെ തിരുഹൃദയം അനുവദിക്കുമായിരുന്നൊ ? ഈ തന്റെമണവാട്ടിയായ ശുദ്ധപള്ളി കഠിന പാപമായ വിഗ്രാരാധനസ്സൂടത്ത പ്രവൃത്തിചെയ്യുന്നതിന്നു ഈ തന്റെജ്ഞാനമണവാളൻ എപ്രകാരംവ സമ്മതിക്കയില്ലാ? ഈ ദിവ്യ കാരുണ്യത്തിൽ താൻ സത്യം സത്യമായി എഴുന്നെള്ളിയിരുപ്പില്ലായെങ്കിൽ തന്നെത്തന്നെ പരിശോധിക്കാതെ ഈ അപ്പത്തെ തിന്നുന്നുവെങ്കിൽ ഇവൻ കൎത്താവിന്റെ ശരീരത്തിന്റെയൊ ചൊരയുടെയൊ ദ്രൊഹിയെന്നു എപ്രകാരം വിശുദ്ധ പൌലൊസിന്നു വാദിപ്പാൻ പാടുണ്ടു. ഈ ശ്ലീഹാതന്നെവീണ്ടും നമ്മൊടു ചൊദിക്കുന്നതായതു നാം വാഴ്ത്തുന്നുവെന്ന ആശീൎവ്വാദത്തിന്റെ ( അല്ലെങ്കിൽ അനുഗ്രഹത്തിന്റെ) കാസാ മിശിഹായുടെ ചോരയൊടു ഐക്യതപ്പെടുന്നതു (അല്ലെങ്കിൽ ചൊരയെ കൈക്കൊള്ളുന്നതു) അല്ലയൊ ? നാം മുറിക്കുന്ന (അല്ലെങ്കിൽ കണ്ടിക്കുന്ന)ആ അപ്പം നമ്മുടെ കൎത്താവിൻ ശരീരത്തിന്റെ ഐക്യതയല്ലയൊ?

ഈ സാക്ഷികളുടെ ശേഷം ശുദ്ധ പത്രൊസിന്റെ ശിഷ്യനായ വിശുദ്ധ ഈനാസിയൊസും ശുദ്ധ യൊഹന്നാന്റെ ശിഷ്യനായശുദ്ധ:പൊലിക്കാർപ്പുസ് മുതൽലുത്തറിന്റെ വേദം ഉണ്ടാകുന്നതിന്നു നാലുയുഗങ്ങൾക്കു മുമ്പുണ്ടായ ശുദ്ധ: ബെൎന്നാൎദ്ദുസു വരെ എല്ലാ വേദപാരഗന്മാരും വിശ്വാസികളും നമ്മുടെ ദിവ്യരക്ഷിതാവു ശുദ്ധമാന കുൎബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്നുവെന്നു വിശ്വസിച്ചുവന്നതായി രണ്ടായിരത്തിൽ അധികം സാക്ഷികളും വിശുദ്ധ ബെൎന്നാൎദ്ദുസു മുതൽ ഇന്നു വരെ വിശ്വസിക്കുന്നതായി അസംഖ്യ സാക്ഷികളും "സ്ത്രുത്തും പ്രീദൈ„ എന്നപ്രൊപ്പഗാന്തയിൽ അടിച്ച പുസ്തകത്തിൽ

നിന്നു തെളിവാകുന്നതാണു. എങ്കിലും ചില പ്രധാന വേദപാരഗന്മാരുടെ സാക്ഷികൾ വിശ്വാസികളുടെ അറിവിന്നായി ഇവരിൽ ഈ കൂദാശമേലുള്ള ഭക്തി വൎദ്ധിപ്പിക്കുന്നതിന്നായും താഴെ പറയുന്നു. വിശുദ്ധ പത്രോസിന്റെ ശിഷ്യനായ ശുദ്ധ. ഈനാസിയോസ്സ് സ്മീർന്നെ കാൎക്കുള്ള എഴുത്തിൽ ൭-ാം അദ്ധ്യായം നമുക്കുവേണ്ടി പാടുപെട്ടു മരിച്ച ഈശോമിശിഹാ കൎത്താവിന്റെ ശരീരം ശുദ്ധ കുൎബ്ബാനയിൽ ഉണ്ടെന്നു വിശ്വസിക്കാത്തതിനാൽ ഇടത്തൂട്ടുകാർ (പരിശുദ്ധബലിയുടെ) പ്രാൎത്ഥനകളിൽ നിന്നും ശുദ്ധ കുൎബ്ബാനയിൽ നിന്നും വിട്ടുമാറുന്നു. ദൈവത്തിന്റെ ഈ അനുഗ്രഹത്തിനു വിരോധമായി പറയുന്നവർ തൎക്കിച്ചുകൊണ്ടു മരിക്കുന്നു. ആയതിനാൽ നിങ്ങൾ ഏവരും അവരോടു കൂടെ തനിച്ചോ പരസ്യമായോ സംഭാഷണം ചെയ്യാതെ ഇവരിൽ നിന്നു് അകന്നിരിക്കുന്നതു ഉചിതമായിട്ടുള്ളതാകുന്നു. (സ്വാരുമയില്ലാത്തവർ) ഐക്യതയില്ലാത്തവരിൽ നിന്നു നിങ്ങൾ ഓടി ഒളിപ്പിൻ! ഈശോമിശിഹാ തന്റെ പിതാവിന്നു് കീഴ്വഴങ്ങിയിരുന്നതുപോലെ നിങ്ങളെവരും നിങ്ങളുടെ മെത്രാനും ശ്ലീഹന്മാൎക്കു കീഴ്വഴങ്ങുന്നതുപോലെ പട്ടക്കാൎക്കും കീഴ്വഴങ്ങുവിൻ! ദൈവപ്രമാണത്തെ ബഹുമാനിക്കുന്നതു പോലെ ആറാം പട്ടക്കാരനെയും ബഹുമാമാനിപ്പിൻ! ശേഷം... (൧) ശുദ്ധ യോഹന്നാൻ ശ്ലീഹായുടെ ശിഷ്യൻ വിശുദ്ധ പോലിക്കാൎപ്പൂസു പറയുന്നതായതു നാം ഇവയെ (തിരുശ്ശരീരത്തെയും തിരുച്ചോരയെയും) സാധാരണ അപ്പം പോലെ എടുക്കുന്നില്ല (കൈക്കൊള്ളുന്നില്ല) ദൈവത്തിന്റെ വചനം, നമ്മുടെ രക്ഷിതാവീശോമിശിഹാ മാനുഷനായി.

നമ്മുടെ ശരീരത്തെയും ആത്മാവിനെയും അത്രുപ്തിക്കുടുത്ത പ്രകാരത്തിൽ തീറവുന്നതു മാനുഷാവതാരം ചെയ്ത ഈശോയുടെ ശരീരവും ചോരയുമാകുന്നു "ഓൎശലമ്മിലെ മെത്രാനായ ശുദ്ധ ക്രൂറില്ലോസ്സ്" ഇതെന്റെ ശരീരമാകുന്നുവെന്നു് കൎത്താവു തന്നെ ഈ അപ്പത്തെക്കുറിച്ചു തെളിവായി പറഞ്ഞിരിക്കയിൽ ഇതിനെക്കുറിച്ചു സംശയിപ്പാൻ ആൎക്കു ധൈൎയ്യമുണ്ടു? ഇതെന്റെ ചോരയാകുന്നുവെന്നു് താൻ തന്നെ ഉറപ്പിച്ചു പറഞ്ഞിരിക്കയിൽ ഇതു കൎത്താവിന്റെ ചോരയോയെന്നു പറഞ്ഞു ആരു സംശയിക്കും? നിനക്കിതു വെറും അപ്പമായിതോന്നുന്നുവെങ്കിലും ഇതപ്പമല്ല, പിന്നെയോ മിശിഹായുടെ ശരീരമാകുന്നു. നിനക്കു വീഞ്ഞായി തോന്നുന്നതു വീഞ്ഞല്ല പിന്നെയോമിശിഹായുടെ ചോരയായിരിക്കുന്നു. (൩) ക്രിസ്ത്വാബ്ദം ൪൧൨

---

Scutum fide. kol. I. usque ad 12. V.

(൧) Epistola S. Ignatii ad Smyrn Cap. VII.

(൨) S. Polycarpus Apolog. I. 65. 66.

(൩) S. Cyrillus Jerusoly Catech IV.

—ൽ ജീവിച്ചിരുന്ന അലെക്ക്സാന്ത്രിയിലെ മെത്രാനായ ശുദ്ധ ചി
രില്ലോസ്സ് പറയുന്നതായത് എന്റെ ശരീരത്തെ ഭോജനം ചെയ്ക
യും, ചോരയെപാനം ചെയ്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അ
വനിലും വസിക്കും എന്നു മിശിഹാ പറഞ്ഞു. ഇതിൽ ഗൌരവമാ
യി സൂക്ഷിപ്പാൻ ഒരു പ്രത്യേക വിഷയമുണ്ടു. അതുഎന്തെന്നാൽ മി
ശിഹാ സ്നേഹസംബന്ധമായി നമ്മിൽ ഉണ്ടാകുമെന്നു മാത്രമല്ല പി
ന്നെയൊ തന്റെ സ്വഭാവികസഹവാസത്താൽ കൂടെയും നമ്മളിൽ
ഉണ്ടാകുമെന്നാണ.

(൧) ക്രിസ്തുാബ്ദം ൩൯൦—ൽ ജീവിച്ചിരുന്നശുദ്ധ: മക്കാറിയോ
സു മഞ്ഞെത്തെ എന്ന പുണ്യവാൻ ചില ഇടത്തൂട്ടുകാർ ആകാല
ങ്ങളിൽ യൂദജനം ൟ വിശുദ്ധ കുൎബാനയിൽ മിശിഹായുടെ ചോ
രയും തിരുശ്ശരീരവും എപ്രകാരം തരുവാൻ കഴിയുമെന്ന് തൎക്കിച്ചി
രുന്നതു പോലെ ഇവരും ഇവരുടെ ബുദ്ധിഹീനതയാലും വെള്ളം
വീഞ്ഞാക്കുവാനും മരിച്ചവരെ ഉയൎപ്പിപ്പാനും സൎവ്വശക്തനായ മി
ശിഹായുടെ വല്ലഭം ഗ്രഹിക്കാതെയും താൻ പരിശുദ്ധ കൂദാശയിൽ
സാദൃശത്താലും ഓൎമ്മയാലും മാത്രം ഉള്ളുയെന്നു വാദിച്ചതിന്നു വിപ
രീതമായി ൟ പുണ്യവാൻ പറഞ്ഞതിനെ കേൾപ്പിൻ! തന്റെ
ചോരയുടെയും ശരീരത്തിന്റെയും സാദൃശത്തിൽ എന്നു ചിലർ അ
വരുടെ മൂഢതത്താൽ പറയുന്നതുപോലെയല്ലാ പിന്നെയൊ സ
ത്യമായി തന്റെ ചോരയും ശരീരവുമാകുന്നുവെന്ന് (നമ്മെ ഉറപ്പി
പ്പാൻ) മിശിഹാ ഇതെന്റെ ശരീരമാകുന്നു വെന്നു പറഞ്ഞു (൨)
ഇവയുടെ ശേഷം ഇതേവരെയും നാം സംഗ്രഹമായി പറഞ്ഞ മി
ശിഹായുടെ തിരുവചനങ്ങളിൽ നിന്നും ശ്ലീഹന്മാരുടെ പഠിനങ്ങ
ളിൽനിന്നും വേദപാരഗന്മാരുടെ പൂൎവ്വവിശ്വാസത്തിൽ നിന്നും പ
ഠിനത്തിൽ നിന്നും നമ്മുടെ രക്ഷനാഥനായ ൟശൊമിശിഹാ സ
കല അനുഗ്രഹങ്ങളുടെയും ഭണ്ഡാരവും ഓലി ഉറവയുമായിരിക്കുന്ന
പരിശുദ്ധ കുൎബാനയിൽ എഴുന്നെള്ളിയിരിക്കുന്നു വെന്നു എല്ലാപ്ര
കാരത്തിലും തെളിവായിരിക്കുന്നു. ഇതു തന്നെയായിരിക്കുന്നു. പൂൎവ്വി
കവിശ്വാസികളുടെയും പഠിനവും വിശ്വാസവും. ഭൂലൊകത്തിലു
ള്ള സകല റീത്തുകാരും കത്തോലിക്കരായിരുന്നാലും ശരി ഇടത്തൂട്ടു
കാർ ആയിരുന്നാലും ശരി ആകമാന വിശ്വാസം ഇതായിരിക്കുന്നു.
ൟ വിശ്വാസത്തെ ഉറപ്പിപ്പാനായി അസംഖ്യ വേദസാക്ഷികൾ
രക്തം ചിന്തി ജീവനെ ഉപെക്ഷിച്ചുവെന്നതും അനേക അത്ഭുതങ്ങ
ൾ ചെയ്തു വെന്നതും നിഷെധിച്ചുകൂടാത്ത ഒരു സത്യം തന്നെയല്ല
യൊ?

---

(൧) In Joan. I. X. 7. IV.
(൨) Galland Bibliot. T. III. p. 541.

എന്നാൽ ഈ ദിവ്യകാരുണ്യത്തെയും പിന്നെ ദിവ്യപൂജ മുതാലായതിനെക്കുറിച്ചു മഹാശാസ്ത്രിയും സാമൎത്ഥ്യനുമായ എനെൎസ്സുസ് ഗ്രാബെറുസ്, എന്ന പ്രൊത്തസ്സാന്തു മതക്കാരർ എന്തുപറയുന്നുവെന്നു കേൾപ്പിൻ! "ഈ പഠനം ഒരെപള്ളിയൊ, ഒരു പ്രത്യേക വേദപാരഗനൊ പഠിപ്പിക്കുന്ന പഠിനമല്ല പിന്നെയൊ ആകമാനമായി പള്ളി പഠിപ്പിക്കുന്ന ഒരു പഠിനവും ആചാരവുമാകുന്നു. പള്ളിക്കു ഇതു ശ്ലീഹന്മാരിൽ നിന്നും ശ്ലീഹാന്മാൎക്കു മിശിഹായിൽ നിന്നും ഇതു ലഭിച്ചു. (൧) കടശിയായി തിരുസ്സഭെക്കുവിരോധമായി എന്തെങ്കിലും ചെയ്യുന്നതിന്നു തുനിഞ്ഞുകൊണ്ടിരുന്നവനും സകല നൂതന പഠനങ്ങൾക്കും മുഖ്യകാരണക്കാരനും വിശുദ്ധ പാപ്പായൊടു വളരെ വിരൊധവുമുള്ളവനുമായിരുന്ന മൎത്തിനൂസ് ലുത്തെർ ദിവ്യകാരുണ്യത്തിൽ നമ്മുടെ കൎത്താവീശൊമിശിഹാ സത്യമായി എഴുന്നെള്ളിയിരിപ്പില്ലായെന്നു തെളിയിപ്പാനായി അനെക അദ്ധ്വാനങ്ങൾ ചെയ്തശെഷം സാധിക്കാഞ്ഞതിനാൽ ഇപ്രകാരം അൎജെൻതീനിക്കുള്ള എഴുത്തിൽ പറയുന്നതിനെ സൂക്ഷിച്ചുകേൾപ്പിൻ!

കാൎള്ളൊസ്സാദിയൊസൊ മറ്റാരെങ്കിലും ശുദ്ധ: കുൎബാശയിൽ അപ്പവും വീഞ്ഞും മാത്രം ഉള്ളവെന്നു എന്നെ ബൊധപ്പെടുത്തുന്നുവെങ്കിൽ ഇവർ ഇനിക്കു വളരെ ഉപകാരം ചെയ്യുമായിരുന്നു. ഇതിപ്രകാരമെന്നു തെളിയിക്കുന്നതായിരുന്നാൽ, ഈ വിഷയത്തിൽ പാപ്പായിക്കു വളരെ അസഹ്യം ഇനിക്കു വരുത്തുവാൻ പാടുണ്ടെന്നു കരുതി ഞാൻ ഇവയെ മറിക്കുന്നതിന്നു എന്റെ ശക്തിയൊക്കെയൊടും കൂടെ ശ്രമിക്കുമായിരുന്നു. എന്നാൽ യാതൊരു പ്രകാരത്തിലും ഇതിനെ വ്യത്യാസപ്പെടുത്തുവാനും എതിരായി വ്യാഖ്യാനിപ്പാനും പാടില്ലാത്തവണ്ണം അത്രെക്കു തെളിവായി (തന്റെ തിരുച്ചൊരയുടെയും ശരീരത്തിന്റെയും കുറിച്ചു) വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതായി കണ്ടു ബദ്ധപ്പെടുന്നു. (൧) ഇപ്രകാരം നമ്മുടെ ദിവ്യരക്ഷിതാവു തന്നെത്തന്നെ ഈ ദേവദ്രവാനുമാനത്തിൽ തന്നിരിക്കുന്നുവെന്നു പലസാക്ഷികളാലും തെളിവായിരിക്കയിൽ ഞാൻ ചോദിക്കുന്നതായതു. വിശ്വാസികളെ! നിങ്ങൾ യൂദജനത്തൊടു കൂടെ എപ്രകാരം തന്റെ ശരീരത്തെ നമുക്കു ഭക്ഷിപ്പാൻ തരുവാൻ പാടുണ്ടെന്നും ഈ സംസാരം കഠിനമായിട്ടുള്ളതാകുന്നു. ഇതു കേൾപ്പാൻ ആൎക്കു കഴിയുമെന്നും പറഞ്ഞു തന്നെവിട്ടുപിരിഞ്ഞു പോകുമൊ? അതൊ അല്ലെങ്കിൽ ഈ ദിവ്യകുൎബാശയിൽ നീ സത്യമായി ഒളിക്കപ്പെട്ട ദൈവമാകുന്നുവെന്നും വിശുദ്ധ പത്രൊസിനൊടുകൂടെ ഹാ കൎത്താവെ! ഞങ്ങൾ ആരുടെ പക്കൽ പോകെണ്ടു?

(൧) Ad Iren. Cap. IV. 17. Adnot.
(൧) Littera agli argentini.

നിനക്കു നിത്യായുസ്സിന്റെ വചനം ഉണ്ടെന്നു മഹാഎളിമ വിനയത്തൊടു കൂടെ പറഞ്ഞു ഈ ദിവ്യകാരുണ്യത്തെ കുമ്പിട്ടാരാധിക്കുമൊ? ഹാ നിങ്ങൾ സകല അനുഗ്രഹങ്ങളുടെ ഓലിയുറവും ഭണ്ഡാരവുമായിരിക്കുന്ന ദിവ്യദ്രവ്യാനുമാനത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശൊമിശിഹാ നാമെല്ലാവരെയും ഏററം മാധുൎയ്യത്തൊടെ ക്ഷണിച്ചു വിളിക്കുന്നതിനെ സൂക്ഷിപ്പിൻ! അതായതു പ്രയാസപ്പെടുന്നവരും ഭാരംചുമത്തപ്പെടുന്നവരുമായ നിങ്ങളെവരും എന്റെ പക്കൽവരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഹാ! സകലമനുഷ്യരും ഈ ഒളിക്കപ്പെട്ട ദൈവത്തിങ്കലെക്കു പോകുമാറാകട്ടെ! സകലരും തന്നെയറിഞ്ഞു സ്നേഹിക്കുമാറാകട്ടെ! തിരുസ്സഭയിൽ നിന്നു വേർപിരിഞ്ഞ സഹൊദരന്മാർ ആണ്ടുതോറും ഇംഗ്ലാണ്ടിൽ പതിനയ്യായിരം പേർ മനസ്സുതിരിഞ്ഞു ഈ ദിവ്യകാരുണ്യത്തിൽ നമ്മുടെ രക്ഷെക്കായി എഴുന്നെള്ളിയിരിക്കുന്ന ഒളിക്കപ്പെട്ട ദൈവത്തെ അറിഞ്ഞു ആരാധിക്കുന്നതു പോലെ ശേഷമുള്ള നമ്മുടെ സഹൊദരന്മാർ ഏവരും ഇവരുടെ ദൃഷ്ടാന്തത്തെ പിഞ്ചെന്നു രക്ഷിതാവിന്റെ ഓലിയുറവയിൽ നിന്നു ആയുസ്സിന്റെ വെള്ളത്തെ കുടിച്ചു തന്നെ അറിഞ്ഞു ആരാധിച്ചു സന്തുഷ്ടിയുള്ളവരാകുവാൻ ഈ ഒളിക്കപ്പെട്ട ദൈവം തന്നെ ഇടവരുത്തുമാറാകട്ടെ!

## അൾമേനികൾ അപ്പത്തിന്റെ സദൃശത്തിൽ മാത്രം ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിന്റെ ആന്തരമെന്തു?

നമ്മുടെ ദിവ്യ രക്ഷിതാവായ ഈശൊമിശിഹാ ശിഷ്യൎക്കു തന്റെ ഒടുക്കത്തെ അത്താഴത്തിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശത്തിൽ തന്റെ തിരുശ്ശരീരത്തെയും തിരുരക്തത്തെയും കൊടുത്തുവെന്നതു സംശയ മില്ലാത്ത ഒരു സംഗതി തന്നെ. എന്നാൽ താൻ ഇപ്രകാരം ചെയ്തുവെങ്കിൽ തിരുസ്സഭയിൽ ദിവ്യ പൂജ അണെക്കുന്ന പട്ടക്കാർ ഒഴികെ ശെഷമുള്ളവരൊക്കയും അപ്പത്തിന്റെ സാദൃശത്തിൻ മാത്രം ഉൾക്കൊള്ളുന്നതിന്റെ ആന്തരമെന്തെന്നു വ

ല്ലവരും ചോദിച്ചേക്കാം. വിശ്വാസികളുടെ ഈ സംശയത്തെ തീൎപ്പാനായി ഇതിനെക്കുറിച്ചു സംക്ഷേപമായി പറയാം. തിരുസ്സഭ നമ്മെ പഠിപ്പിക്കുന്നതു നമ്മുടെ കൎത്താവീശോമിശിഹാ അപ്പത്തിന്റെ അല്ലെങ്കിൽ വീഞ്ഞിന്റെ സാദൃശത്തിൽ താൻ മുഴുവനും ഉണ്ടായിരിക്കുന്നുവെന്നു മാണു. അതായതു അപ്പത്തിന്റെ സാദൃശ്യത്തിൽ തിരുശ്ശരീരവും ചോരയും വീഞ്ഞിന്റെ സാദൃശ്യത്തിൽ തിരുച്ചോരയും ശരീരവും ഉണ്ടായിരിക്കുമെന്നാണ്. മിശിഹാ തന്റെ സുവിശേഷത്തിൽ പറയുന്നതായതു. ആകാശത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പത്തിൽ നിന്നു് ആരെങ്കിലും ഭക്ഷിക്കുന്നുവെങ്കിൽ അവൻ എല്ലായ്പ്പോഴും ജീവിക്കും. ഇതാ മാധുൎയ്യം നിറഞ്ഞ രക്ഷിതാവു തന്റെ തിരുശ്ശരീരം മാത്രം ഭക്ഷിക്കുന്നതിൽ നിത്യായുസ്സു പറഞ്ഞൊത്തിരിക്കുന്നു. താൻ തന്നെക്കുറിച്ചു ജീവനുള്ള അപ്പമെന്നു പറഞ്ഞിരിക്കയിൽ ഈ ജീവനുള്ള അപ്പത്തോടുകൂടെ (തിരുശ്ശരീരത്തോടുകൂടെ) തിരുരക്തവും ഉണ്ടാകുവാനാവശ്യകമായിരിക്കുന്നു. ആയതിനാൽ കൎത്താവിന്റെ തിരുശ്ശരീരത്തെ ഭക്ഷിക്കുന്നവൻ തന്നെ മുഴുവനും കൈക്കൊള്ളുകയും ചെയ്യുന്നു. വിശുദ്ധ പൌലൊസു എന്തു പറയുന്നുവെന്നു സൂക്ഷിപ്പിൻ!

ആരെങ്കിലും യോഗ്യതകൂടാതെ ഈ അപ്പത്തെ തിന്നുകയും അല്ലെങ്കിൽ കൎത്താവിന്റെ കാസായെ കുടിക്കയും ചെയ്യുന്നവൻ കൎത്താവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും ദ്രോഹിയായിരിക്കും. ഇതിൽ നിന്നു തെളിവാകുന്നതെന്തെന്നാൽ ഒരുത്തൻ തിരുശ്ശരീരവും ചോരയും വെവ്വേറെ ഉൾക്കൊള്ളുന്നതായിരുന്നാലും താൻ ഇതിലൊരൊന്നിൽ മുഴുവനും ഉണ്ടായിരിക്കുന്നതിനാൽ മിശിഹായുടെ ദ്രോഹിയായി തീരുന്നുവെന്നും. ദൈവേഷ്ടപ്രസാദത്തിൽ തിരുശ്ശരീരം അല്ലെങ്കിൽ തിരുച്ചോര കൈക്കൊള്ളുന്നവർ തന്നെ മുഴുവനും യോഗ്യതയോടുകൂടെ കൈക്കൊള്ളുന്നുവെന്നുമാണ്. ഈ അഭിപ്രായം തന്നെ തിരുസ്സഭയുടെ ദ്രോഹികളായിരുന്ന ലുത്തെറും ലൈബ്നിററസും സമ്മതിച്ചു പറഞ്ഞിരിക്കുന്നു. ലൈബ്നിററസു നാം കൎത്താവിനെ മുഴുവനും ഓരോതരത്തിലും കൈക്കൊള്ളുന്നുവെന്നതു നിഷേധിച്ചുകൂടാത്ത കാൎയ്യം തന്നെ (൧) എന്നും "ലുത്തെർ" സൂനഹദൊസിനെയും അതിന്റെ നിശ്ചയങ്ങളെയും കൂട്ടാക്കാതെ ഒരു വിധത്തിൽ ഉപയോഗിക്കും. ഒരിക്കലും രണ്ടുംകൂടെ ഉപയോഗിക്കയില്ല (അതായതു ചോരയും ശരീരവും) അപ്രകാരം രണ്ടു തരത്തിലും വേണമെന്നു സമ്മതിക്കയൊ നിശ്ചയിക്കയൊ ചെയ്യുന്നതായിരുന്നാൽ ഒരിക്കലും ഞങ്ങൾ സമാധാനപ്പെടുന്നതല്ല. (൨)

---

(൧) De systema Theologica
(൨) De formula missae

തിരുസ്സഭയുടെ വേദപാരഗന്മാരും മല്പാന്മാരുമായ ചിപ്രീയാനൊസു, തെർത്തുല്ലിയാനൊസ്, ബസീലിയൊസു, അമ്പ്രോസീസു മുതലായ മഹാ പുണ്യവാന്മാരും പറയുന്നതും ഇപ്രകാരം തന്നെ. വിശുദ്ധ അഗുസ്റ്റിനൊസു എന്തുപറയുന്നു വെന്നു സൂക്ഷിപ്പിൻ! നാം ഓരൊരുത്തരു ഓരൊ ചെറിയ കഷണത്തിൽ കൂടെയും മിശിഹാ കർത്താവിനെ ഉൾക്കൊള്ളുന്നു. (൩) ഇതാ! വേദപാരഗന്മാരുടെയും പൂർവ് ക്രിസ്ത്യാനികളുടെയും വിശ്വാസം. എന്നുതന്നെയുമല്ലാ തിരുശ്ശരീരം മാത്രം മരണപ്രമാദത്തിൽ കിടക്കുന്നവർക്കു കൊടുത്തു വന്നതായും കടൽ, യാത്രചെയ്തുവന്നവർ, അജ്ഞാനി എമ്പ്രദോരന്മാരുടെ ദുരിതകാലങ്ങളിലും ക്രിസ്ത്യാനികൾ ഉൾക്കൊണ്ടുവന്നതായും നിശ്ചയമായി അറിയുന്നു. ഇതു തന്നെയുമല്ലാ തിരുച്ചോര അൽമെനികൾക്കു വിലക്കിയിരിക്കുന്നതിനുള്ള വേറൊരാന്തരം തിരുച്ചോര ഭാഗിച്ചുകൊടുക്കുന്നതിൽ ഉണ്ടാകുന്ന അനെക വണക്കക്കുറവുകളും സൌകര്യക്കുറവുകൊണ്ടും ആകുന്നു: എന്നാൽ ഇപ്പൊൾ തിരുച്ചോരയും കൊടുക്കുന്നതു ആവശ്യകമെന്നു് തക്കതായ ന്യായങ്ങൾ കൊണ്ടു തെളിയുന്നതായിരുന്നാൽ അപ്രകാരം അനുവദിക്കുന്നതും തിരുസ്സഭയിലുള്ള ഗ്രെക്കുകാർ ഇപ്രകാരം ചെയ്തുവരുന്നതു മാണു.

## ദൈവജനനിയുടെ നേരെയുള്ള ഭക്തി.

തിരുസ്സഭയിൽ നിന്നു നിർഭാഗ്യമായി വേറുതിരിഞ്ഞിരിക്കുന്നവരിൽ പലരും പറയുന്നതു പരിശുദ്ധ ദൈവമാതാവിൻ നേരെയുള്ള ഭക്തി മിശിഹാകാലം ൩൩൦-തിൽ മാത്രമെ ഉണ്ടായിട്ടുള്ളുവെന്നാണു. എന്നാൽ ഇത്രയും അസത്യമായ ഒരു സംഗതി വേറെയാതൊന്നുംതന്നെ പറവാനില്ല. എന്തുകൊണ്ടന്നാൽ ൩൩൦-തിനു മുമ്പുജീവിച്ചിരുന്നസകലശ്രേഷ്ഠാശാരിയന്മാരും വേദപാരഗന്മാരും അസംഖ്യവിശ്വാസികളും ൦രം ദൈവജനനിക്കുഓരൊരൊ പ്രത്യേക വന്ദനകളുംഇവർ൦രം നായകിയുടെനേരെയുള്ളഭക്തിയെ പ്രദർശിപ്പിക്കുന്നതിന്നായി ചെയ്തുവന്നിരുന്ന ഓരൊരൊ യത്നങ്ങളെയും പറഞ്ഞുഗ്രഹിപ്പിക്കുന്നതിന്നസാദ്ധ്യം. നാലാം യുഗത്തിൽ ജീവിച്ചിരുന്ന ശുദ്ധ: ബസീലിയൊസു് പുണ്യവാൻ തന്റെ സ്വന്ത തിരുകർമ്മ പുസ്തകത്തിൽ ദൈവജനനിയുടെ മദ്ധ്യസ്ഥതാലെ ഞങ്ങളുടെ ആത്മ

(൩) S. Aug. De consec. dist.

വിനെയും ശരീരത്തെയും കൎത്താവെ! നീ ശുദ്ധീകരിക്കാ എന്നു പറഞ്ഞിരിക്കുന്നു. ഇതുകൂടാതെ പരിശുദ്ധന്മാരായ മാർ അപ്രെം, അമ്പ്രോസീസ്, അഗുസ്തീനോസ്, ഇരംറാണിമ്മൊസു, മുതലായ അനേക വേദപാരഗന്മാർ ഈ പരിശുദ്ധ ജനനിയുടെ അത്യുന്നത സ്ഥാനത്തെയും തന്റെ കറക്കൂടാത്ത കന്യാവ്രതത്തെയും തന്റെ വല്ലഭമുള്ള മദ്ധ്യസ്ഥതയെയും കുറിച്ചു പറഞ്ഞിരിക്കുന്നതിനെ എഴുതുന്നതായിരുന്നാൽ അനേകം പുസ്തകങ്ങൾ വേണ്ടിവരുമെന്നതിന്നു സംശയമില്ല. ഈ വേദപാരഗന്മാരെല്ലാവരും ക്രിസ്വാബ്ദം ൩൫൦–തിനു മുമ്പു ജീവിച്ചിരുന്നവർ എന്നു ഏവൎക്കും സ്പഷ്ടമായ ഒരു സംഗതി തന്നെയാണെല്ലൊ. എന്നാൽ ഈ ഭക്തി പൂൎവ്വക്രിസ്ത്യാനികളിൽ അധികമായി ഉണ്ടായിരുന്നുവെന്നു ശുദ്ധ പ്രീഷില്ലാ പുണ്യവതിയുടെ സിമിത്തെരിയിലുള്ള ഒന്നാം രണ്ടാം മൂന്നാം യുഗങ്ങളിൽ എഴുതിയിരിക്കുന്ന ദൈവജനനിയുടെ സ്വരൂപങ്ങൾ കൊണ്ടും പൂൎണ്ണമായി ഗ്രഹിക്കാവുന്നതാണു. ഇതുതന്നെയുമല്ല, കൎത്താവു ഭൂലൊകത്തിൽ വരുന്നതിന്നു മുമ്പു ശുദ്ധ: ഗബ്രിയെൽ മാലാകയെ പരിശുദ്ധദൈവമാതാവിന്നു മംഗലവാൎത്ത ചൊല്ലുന്നതിന്നായി ദൈവം അയക്കുകയും ഈ മാലാക ഈ കന്യകയുടെ പക്കൽ വന്നുകൊണ്ടു ഏറ്റം എളിമ വിനയത്തൊടും ഭക്തിയൊടും "നന്മനിറഞ്ഞ മറിയമെ നിക്കു സ്വസ്തി കൎത്താവു നിന്നൊടുകൂടെ,, എന്നു ചൊല്ലി തന്നെ വണങ്ങുകയും, ശുദ്ധ ഏലീശ്വാ ഇപ്രകാരം തന്നെക്കണ്ടപ്പൊൾ "സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളെ,,എന്നും എന്റെ കൎത്താവിന്റെ അമ്മ എന്റെ പക്കൽ വരുന്നതിന്നുണ്ടായ ഭാഗ്യം ഇനിക്കു എവിടെ നിന്നെന്നും ഹൃദയത്തിൽ ഉണ്ടായ സന്തോഷത്താൽ നിറഞ്ഞു തന്നെ അഭിനന്ദിച്ചു പറകയും ചെയ്തതു ഓൎത്തു ഉറച്ചു ധ്യാനിക്കുമ്പൊൾ ഈ മാധുൎയ്യ ഭക്തി ക്രിസ്താബ്ദം ൩൫൦–ൽ ഉണ്ടായതെന്നു പറവാൻ ആൎക്കു ധൈൎയ്യമുണ്ടാകുവാൻ പാടുണ്ടു? ആയതിനാൽ പരിശുദ്ധ കന്യാസ്ത്രീമറിയം തന്നെക്കുറിച്ചു തന്നെ പറഞ്ഞിരിക്കുന്നു."ഈ ക്ഷണം മുതൽ എല്ലാകാലത്തിലും ഭാഗ്യവതി എന്നു എന്നെ വിളിക്കും,, എന്നു തന്റെ സ്തുതിക്കായി പണിയപ്പെട്ടിരിക്കുന്നതും ഇനിപണിവാൻ ഇരിക്കുന്നതുമായ ദേവാലയങ്ങൾ, കപ്പെളകൾ, പീഠങ്ങൾ, തന്റെ നാമധെയത്തിൽ സ്ഥാപിച്ചിട്ടുള്ള അനേകസഭകൾ ദിനം പ്രതി വിശ്വാസികളിൽ തന്റെ നേരെ വൎദ്ധിച്ചുവരുന്ന ഭക്തി മുതലായവകൾ കൊണ്ടും വിസ്മയിക്കത്തക്ക വിധത്തിൽ നിറവെറിവരുന്നതു നൊക്കിച്ചു ഏവരിലും ഈ വിശിഷ്ട ഭക്തി കത്തിജ്വലിപ്പിക്കുന്നതിന്നു ശ്രദ്ധവെപ്പിൻ. അപ്പൊൾ നാം വേദപാരഗന്മാരുടെ പഠിതാംപ്പൊലെ നിശ്ചയമായി രക്ഷയുടെ തുറമുഖത്തു ചെന്നുചേരുകയും ചെയ്യുന്നതിന്നു സന്ദേഹമില്ല.

---

## പുണ്യവാന്മാരുടെ മദ്ധ്യസ്ഥം അപെക്ഷിക്കുന്നതിന്മെൽ

ദൈവത്തിന്റെ ഇഷ്ടന്മാരായിരിക്കുന്ന പുണ്യവാന്മാരെ വന്ദിക്കുന്നതും ഇവരുടെ മദ്ധ്യസ്ഥം അപേക്ഷിക്കുന്നതും ന്യായമായിട്ടുള്ളതും ഫലപ്രാപ്തിയുള്ളതുമെന്നതിന്നു സംശയമില്ല, അതെന്തുകൊണ്ടെന്നാൽ ശുദ്ധ പൌലൊസു ശ്ലീഹാ റോമ്മാക്കാൎക്കുള്ള കുറിയിൽ ൧൫- അ. ൩൦- സഹൊദരരെ! നമ്മുടെ കൎത്താവീശൊ മിശിഹായെക്കുറിച്ചും റൂഹാദക്കുദശായുടെ സ്നേഹത്തെക്കുറിച്ചും ദൈവത്തിൻ മുമ്പാകെ നിങ്ങളുടെ പ്രാൎത്ഥനകളിൽ എന്നെ സഹായിപ്പാൻ നിങ്ങളൊടു ഞാൻ സാദ്ധ്യമായി അപേക്ഷിക്കുന്നു,, എന്നു ഈ വിശുദ്ധ ശ്ലീഹാ പരീക്ഷകളിലും ദുരിതങ്ങളിലും ആത്മരക്ഷാസംശയ സ്ഥാനത്തിലും ആയിരുന്ന ആളുകളുടെ മദ്ധ്യസ്ഥം അപേക്ഷിച്ചുവെങ്കിൽ മിശിഹായൊടുകൂടെ മോക്ഷാനന്ദത്തിൽ തന്നെ അഭിമുഖമായികണ്ടു നിത്യമായി ഭാഗ്യവാന്മാരായിരിക്കുന്ന പുണ്യവാന്മാരുടെ മദ്ധ്യസ്ഥം പാപികളായിരിക്കുന്ന നാം അപേക്ഷിക്കുന്നതിൽ കത്തൊലിക്കാതിരുസ്സഭ എന്തു അബദ്ധമാണ് നമ്മെ പഠിപ്പിക്കുന്നതു? വെളിപാടിന്റെ പുസ്തകത്തിൽ ൫. അ. ൮. വാഴ്ത്തപ്പെട്ടവർ ഇഹലൊകത്തിലുള്ളവരുടെ പ്രാൎത്ഥനയെ ദൈവത്തിനു കാഴ്ചവെക്കുന്നുവെന്നു് പറഞ്ഞിരിക്കുന്നു. എന്നാലിതിന്നു എതിരായി ചിലർ ഉത്തരിക്കുന്നതായതു പുണ്യവാന്മാൎക്കു നമ്മുടെ അപേക്ഷയെ അറിവാൻ പാടില്ലാത്തതിനാൽ നമുക്കു വേണ്ടി അപേക്ഷിപ്പാൻ പാടില്ലായെന്നാണ് എന്നാൽ പരിശുദ്ധന്മാർ വിശ്വാസികളുടെ പ്രാൎത്ഥനകളെ ദൈവത്തിനു കാഴ്ചവെക്കുന്നുവെന്നു് വെളിപാടിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുമ്പൊൾ ഇതിൽ നിന്നുതന്നെ നമ്മുടെ പ്രാൎത്ഥനകളെ പുണ്യവാന്മാൎക്കു അറിയാമെന്നു് സ്പഷ്ടമായിവരുന്നു. അതെന്തുകൊണ്ടെന്നാൽ ഒന്നാമതു ആരുടെയെങ്കിലും കാഴ്ചവെക്കുന്നതിന്നു് മുമ്പായി ഈ കാഴ്ച ആരുടെ എന്നു് കാഴ്ചവെക്കുന്ന ആളുകൾ അറിയേണ്ടിയിരിക്കുന്നു. രാണ്ടാമതു ദൈവത്തെ അഭിമുഖമായി കണ്ടുകൊണ്ടിരിക്കുന്ന ഈ പുണ്യാത്മാക്കൾ ദൈവത്തിൽ നിന്നു തന്നെ ഭൂലൊകത്തിൽ സംഭവിക്കുന്നതിനെയും ഒരു പ്രകാരത്തിൽ അറിയെണ്ടിയിരിക്കുന്നു.

മൂന്നാമത്തെതു. ഈ ഭൂമിയിൽ സംഭവിക്കുന്നതിനെ ഈ പരിശുദ്ധാത്മാക്കളെ ഗ്രഹിപ്പിപ്പാൻ സൎവ്വവല്ലഭനായിരിക്കുന്ന ദൈവത്തിന്നുയാതൊരുപ്രയാസവഴിയും ഇല്ലായെന്നു് ആൎക്കാണുപറഞ്ഞെത്തുപ്പാൻ ധൈൎയ്യമുള്ളതു? എന്നാൽ ഈ വിഷയത്തെപ്പററി വീണ്ടും നിഷേ

ധിപ്പാനായി പതിതർ പുണ്യവാന്മാർ വിധിദിവസത്തിന്റെ ശേഷം മാത്രമെ ദൈവത്തെ അഭിമുഖമായി കാണുകയുള്ളുവെന്നു പറയുന്നു. വാസ്തവം പറഞ്ഞാൽ ഇത്രയും അസത്യമായ ഒരു വിഷയം വേറെയാതൊന്നുമില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ പാപങ്ങൾക്കവേണ്ടി മാനുഷാവതാരം ചെയ്ത ദിവ്യരക്ഷിതാവു താൻ കുരിശിന്മെൽ തൂങ്ങിക്കിടക്കയിൽ വലത്തു വശത്തു തൂക്കപ്പെട്ടിരുന്ന ആമനസ്താപപ്പെട്ട നല്ല കള്ളനൊടു സത്യം സത്യമായി നിന്നൊടു ഞാൻ പറയുന്നു. നീ ഇന്നു എന്നൊടുകൂടെ പറുദീസായിൽ ഉണ്ടാകും എന്നു അരുളിച്ചെയ്തു. പറുദീസായെന്നതു ദൈവത്തെ അഭിമുഖമായി കണ്ടു ആനന്ദപ്പെടുന്ന ഒരു സ്ഥലമെന്നു് എവരും സമ്മതിക്കുന്നതാണെല്ലൊ അയതിനാൽ പുണ്യവാന്മാർ വിധിദിവസത്തിനു മുമ്പു തന്നെ ദൈവത്തെ അഭിമുഖമായി കാണുമെന്നും, നമ്മുടെ അപേക്ഷകളെ ഇവർ അറിഞ്ഞു ദൈവത്തിൽ നിന്നു സകലതും സഫലമുള്ളതായി തരുവാൻ പാടുണ്ടെന്നും എവരും ബൊധിക്കുന്നതു കൂടാതെ വിധിദിവസത്തിൻ മുമ്പുതന്നെ നാമെല്ലാവരെയും തന്റെ ദിവ്യവിരുന്നിനു ക്ഷണിച്ചിരിക്കുന്നതിനെ കുറിച്ചു അനുഗ്രഹമുള്ള നമ്മുടെ പരമപിതാവിന്നു അനവരതകാലം ഉപകാരസ്മരണയുള്ളവരായിരിക്കേണ്ടതു എത്രയൊ ന്യായമുള്ളതാകുന്നു!!

ദൈവജനനിയൊടും പുണ്യവാന്മാരൊടും അപേക്ഷിക്കുന്നതിനാൽ ദൈവത്തിന്റെ മഹിമയ്ക്കും തന്റെ നേരെ വേണ്ടുന്ന മക്കൾക്കടുത്ത നമ്മുടെ വിശ്വാസത്തിനും ഭംഗം വരുവാൻ പാടുണ്ടെന്നു ഇനിയും ചിലർ പറയുമായിരിക്കും. ആയതു അപ്രകാരം സംഭവിപ്പാൻ ഒരുനാളും പാടുള്ളതല്ല. അതെന്തുകൊണ്ടെന്നാൽ ചന്ദ്രനും നക്ഷത്രങ്ങൾക്കുമുള്ള പ്രകാശം സൂര്യനിൽ നിന്നുള്ളതും സൂര്യൻ തന്റെ പ്രകാശത്തെ ഇവക്കു കൊടുക്കുന്നതിനാൽ സൂര്യനു യാതൊരു ഭംഗവും വരികയില്ലെന്നു മാത്രമല്ല, തന്റെ ശക്തിയെയും മഹിമയെയും ഇതിനാൽ അതിശൊഭിപ്പിക്കയും ചെയ്യുന്നു. എന്നതുപോലെ തന്നെയാണു് ദൈവജനനിയൊടും പുണ്യവാന്മാരൊടും അപേക്ഷിക്കുമ്പൊൾ ദൈവത്തിനും ജ്ഞാനസൂര്യനായ ഈശൊമിശിഹായിക്കുമുള്ള മഹിമയ്ക്കും മക്കൾക്കടുത്ത നമ്മുടെ വിശ്വാസത്തിനും യാതൊരു ഭംഗവും വരികയില്ലായെന്നു് മാത്രമല്ലാ, ദൈവജനനിയുടെയും പുണ്യവാന്മാരുടെയും യൊഗ്യതകൾ മിശിഹായുടെ ഭംഗപ്പാടിൻ യോഗ്യതകളിൽ നിന്നായിരിക്കുന്നതിനാൽ ഇവരൊടു പ്രാർത്ഥിക്കുമ്പൊൾ മിശിഹായുടെ യോഗ്യതയെയും ഇവരെ ധരിപ്പിക്കയും ഇതിനാൽ ദൈവത്തിനും ഈശൊമിശിഹായ്ക്കുമുള്ള മഹിമ അധികമധികമായി വർദ്ധിപ്പിക്കുന്നതു കൂടാതെ സൂര്യന്റെ രശ്മികളെപ്പോലെ ഇരിക്കുന്ന പുണ്യവാന്മാരിൽ ഇപ്രകാരം വിശ്വസി

ക്കുന്നുവെങ്കിൽ ആ ജ്ഞാനസൂര്യനായിരിക്കുന്ന ഈശോമിശിഹായിൽ എന്തുമാത്രം വിശ്വസിച്ചു നാം ശരണപ്പെടുന്നുവെന്നു പ്രദർശിപ്പിക്കയും ചെയ്യുന്നു. അയതിനാൽ ദൈവത്താൽ ബഹുമാനിക്കപ്പെട്ടവരെ അഭിനന്ദിക്കേണ്ടതും ഇവരുടെ മദ്ധ്യസ്ഥം അപേക്ഷിക്കേണ്ടതും ഏറ്റം ന്യായമായിട്ടുള്ളതെന്നും ഫലപ്രാപ്തിയുള്ളതെന്നും തെളിവായിരിക്കുന്നതു കൂടാതെ പൂർവ്വക്രിസ്ത്യാനികളായ നമ്മുടെ പിതാക്കന്മാരുടെ വിശ്വാസത്തിലും പഠനത്തിലും ഈ മഹാത്മാക്കളുടെ ദൃഷ്ടാന്തങ്ങളാൽ തന്നെ നമ്മെ ധൈര്യപ്പെടുത്തി അതിശക്തിയായി ഉറപ്പിക്കയും ചെയ്യുന്നു.

## ദൈവജനനിയുടെയും പരിശുദ്ധന്മാരുടെയും സ്വരൂപത്തിൻ മുമ്പാകെ മുട്ടുകുത്തി നമസ്കരിക്കുന്നതിന്മേൽ.

പുണ്യവാന്മാരുടെ മുമ്പാകെ മുട്ടുകുത്തി നമസ്കരിക്കുന്നതിനെക്കുറിച്ചു പലരും ദൂഷ്യം പറയുന്നുണ്ടു. എന്നാൽ ഈ ഭാഗ്യപ്പെട്ടവരുടെയും സകല ഭാഗ്യപ്പെട്ടവരുടെയും രാജസ്ത്രീയായ ദൈവജനനിയുടെയും മുമ്പാകെ മുട്ടുകുത്തി വിശ്വാസികൾ നമസ്കരിക്കുമ്പോൾ സത്യദൈവത്തിനു മാത്രം ചേരുന്ന ഒരാരാധന ചെയ്വാൻ പാടില്ലായെന്നും തന്റെ സ്നേഹിതന്മാർക്കു ചെയ്യപ്പെടുന്നതു മാത്രമെ ചെയ്വാൻ പാടുള്ളു എന്നാണു്. വിശുദ്ധപള്ളി നമ്മെ പഠിപ്പിക്കുന്നതു. ഇപ്രകാരമല്ലാതെ യാതൊരുത്തനെങ്കിലും ദൈവത്തിനടുത്ത ആരാധന ഈ പുണ്യവാന്മാർക്കു ചെയ്യുതായിരുന്നാൽ ചാവുദോഷം പിഴെക്കുമെന്നു് മാത്രമല്ല. താൻ വിഗ്രാരാധനക്കാരൻ എന്നുപറയേണ്ടിയും ഇരിക്കുന്നു. എന്നാൽ മുട്ടുകുത്തുന്നതു ദൈവത്തെ ആരാധിപ്പാൻ മാത്രമല്ല ചില അവസരങ്ങളിൽ ഉന്നത സ്ഥാനത്തിൽ ഇരിക്കുന്ന സൃഷ്ടികൾക്കു കൂടെയും വണക്കത്തിനടുത്ത അടയാളമായിചെയ്യു പതിവാണു. ദൃഷ്ടാന്തമായി പറഞ്ഞാൽ പിതൃഭക്തിന്മാരായിരിക്കുന്ന പുത്രന്മാർ തങ്ങളുടെ പിതാവിൻ മുമ്പാകെ മുട്ടുകുത്തി തന്റെ ആശീർവാദം അപേക്ഷിക്കുന്നു. ഒരുദാസൻ തന്റെ യജമാനൻ മുമ്പാകെ മുട്ടുകുത്തി തന്റെ വണക്കത്തെ പ്രദർശിപ്പിച്ചു തന്റെ ആവശ്യത്തെ പറയുന്നു. ഇപ്രകാരം പുണ്യാത്മാക്കളായ ലോത്തു, ദാവീദ്, ഏലിയാ, തൊബിയാസ് മുതലായ പിതാക്കന്മാരും ദീർഘദർശികളും തങ്ങൾക്കുതന്നെ ശ്രേഷ്ഠമുള്ളവർ ചെയ്യതിൽ വിസമ്മതി

കാതിരുന്നതു കൂടാതെ ഇവരും ചെയ്തതായും വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. ലോത്തു സൊദൊംമായിൽ നിന്നു തന്നെ രക്ഷിപ്പാൻ വന്ന രണ്ടുമാലാഖമാരെ ഇവർ ഈ ഉന്നത പദവിയിൽ നിന്നുള്ളവർ എന്നറിയാതെയിരുന്നിട്ടും ഇവൎക്കു വന്ദനെക്കുള്ള അടയാളം കാണിച്ചു. (സ്രഷ്ടിപ്പി: പു. ൧൯. ൧) ദാവിദു, അറെവ്വനാ എന്ന രാജാവു തനിക്കു ഇപ്രകാരം ഈ വണക്കത്തിനടുത്ത പ്രവൃത്തി ചെയ്യയിൽ വിസമ്മതിച്ചില്ല. (രാജ. ൨ാം പു. ൨൪—൨൦. ൨൧.)

വീണ്ടും ബെൎസാബേയാ രാജസ്ത്രീയും ദാവീദിന്നു ഈ അടയാളം കാണിച്ചു. (രാജ. ൩—ാം പു. ൧. ൧൬.) ഓക്കൊസിയാ രാജാവയച്ച അമ്പതു പടയാളികളുടെ തലവൻ ഏലിയാ ദീൎഘദൎശിക്കു ഇപ്രകാരം ചെയ്തതായി വേദപുസ്തകത്തിൽ പറയുന്നു. (രാജ. ൪ാം പു. ൧. ൧൩) തൊബിയാസും തന്റെ പുത്രനും ഒരുമാലാഖയുടെ മുമ്പാകെ നില്ക്കുന്നുവെന്നു അറിഞ്ഞുടൻ തല നിലത്തുതൊട്ടു ശുദ്ധ: റഫായെലിനെ വണങ്ങിയെന്നും വേദപുസ്തകത്തിലുണ്ടു. സംഭവം ഇപ്രകാരമെങ്കിൽ മഹാപുണ്യവാന്മാരും ദൈവാനുഗ്രഹത്താൽ നിറയപ്പെട്ടവരുമായ ഈ ബാവാന്മാർ ഈ വണക്കത്തിനടുത്ത പ്രവൃത്തി ചെയ്യയിൽ അബദ്ധമായി പ്രവൃത്തിച്ചുവെന്നും സകല സുകൃതങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്ന ഈ പിതാക്കന്മാർ വിഗ്രാരാധനക്കാരായിപ്പോയിയെന്നും പറവാൻ ആർ തുനിയും?

എന്നാൽ ഇവ സകലതും ശരിയായിരുന്നാലും വെളിപാടിന്റെ പുസ്തകത്തിൽ ൨൨. ൯. തിൽ ശുദ്ധ: യോഹന്നാൻ എവൻഗേലിസ്താ ഒരു ദൈവ ദൂതന്റെ മുമ്പാകെ മുട്ടുകുത്തിയെന്നും, അപ്പോൾ ദൈവദൂതൻ ഇപ്രകാരം താൻ ഒരിക്കലും ചെയ്തുകൂടായെന്നു വിലക്കിയതായും കാണുന്നുണ്ടു. ഈ ദൃഷ്ടാന്തത്താൽ മുട്ടുകുത്തി നമസ്കരിക്കുന്നവർ അബദ്ധമായി പ്രവൃത്തിക്കുന്നുവെന്നു ചിലർ പറയുമായിരിക്കും. എന്നാൽ ഈ എവൻഗേലിസ്തായുടെ ദൃഷ്ടാന്തത്താൽ നമ്മുടെ സത്യപഠിനത്തെയും നടപടിയെയും അതിബലമായി ഉറപ്പിക്കുന്നതല്ലാതെ ഈ നമ്മുടെ പ്രവൃത്തി അബദ്ധമായതും വിഗ്രാരാധനക്കടുത്തതുമെന്നു പറഞ്ഞു നമ്മെധരിപ്പിക്കുന്നതിന്നു ഒരിക്കലും പാടാകയില്ല. ആയതിന്റെ ന്യായങ്ങൾ ഏവയെന്നാൽ ഒന്നാമതു ശുദ്ധ: യോഹന്നാൻ എവൻഗേലിസ്താ ദൈവദൂതനും ഈ ആചാരം ചെയ്തപ്പോൾ താൻ വിലക്കിയതു ഈ മാലാഖ ദൈവത്തിന്റെ ദൂതനായിരിക്കുന്നതുപോലെ ശുദ്ധ യോഹന്നാൻ എവൻഗേലിസ്താ കൎത്താവിന്റെ ശിഷ്യനും തന്റെ ദൂതനുമായിരുന്നു. ആയതിനാൽ തനിക്കു ഒരു പ്രകാരം നോക്കിയാൽ സമമായിരുന്ന ഒരാളിൽ നിന്നു ഈ പ്രത്യേക ആചാരത്തിനു ആവശ്യമില്ലായെന്നു മാത്രം കാണിക്കുന്നു. രണ്ടാമതു ശുദ്ധ യോഹന്നാന്റെ ദൃഷ്ടാന്തത്താ

ൽ നാം ചെയ്യുന്നതിനെ ബലമായി ഉറപ്പിക്കുന്നു. അതെങ്ങിനെയെന്നാൽ അനേക വൎഷങ്ങൾ ദിവ്യരക്ഷിതാവായ ൟശോമിശിഹായൊടു കൂടെ ജീവിക്കയും മിശിഹാ അതിവാത്സല്യത്തെയൊടെ സ്നേഹിക്കയും ചെയ്തിരുന്ന ൟ ശിഷ്യൻ തന്റെ മുമ്പാകെ കാണപ്പെട്ട മാലാഖയേ മുട്ടുകുത്തി വണങ്ങുന്നതു വിഗ്രാരാധനക്കടുത്ത ഒരു പ്രവൃത്തിയായിരുന്നുവെങ്കിൽ മിശിഹായെ കുരിശിൻ ചുവട്ടിൽ വരെ പിഞ്ചെന്ന ദൈവസ്നേഹത്താൽ പൂരിക്കപ്പെട്ട ൟ ആത്മസ്നേഹിതൻ എപ്രകാരം ഇതുചെയ്യുമായിരുന്നുവെന്നു് ആലോചിപ്പിൻ!

## സ്വരൂപ വണക്കത്തെ കുറിച്ച്.

സ്വരൂപങ്ങൾ കുരിശു മുതലായവയുടെ വണക്കം ൭൨൬—ൽ റോമ്മാ മാൎപ്പാപ്പാന്മാർ നൂതനമായി ഉണ്ടാക്കിയതാണെന്നാണ് പതിതർ പറഞ്ഞുവരുന്നതു എന്നാൽ ആയതു അപ്രകാരം സംഭവിച്ചതല്ലായെന്നതു. സംശയമില്ലാത്ത ഒരുവിഷയം തന്നെ. എന്തുകൊണ്ടെന്നാൽ ലേയോൻ ഇസവുറീക്കൊസു സ്വരൂപ വണക്കത്തിന്റെ മഹാവിരൊധിയും സ്വരൂപ വണക്കത്തെയും ൟ വണക്കക്കാരെയും ക്രിസ്താബ്ദം ൭൩൦—ൽ ദുരിതപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിൽ സ്വരൂപ വണക്കം ൭൨൬—ൽ ഉണ്ടായിട്ടുള്ളതെന്നു് എപ്രകാരം പറവാൻ പാടുണ്ടു? രണ്ടാമത്തെ ശുദ്ധ ഗ്രീഗൊരിയൊസു പാപ്പാ ൟ വണക്കം പുരാതനമായിട്ടുള്ളതെന്നു് ൭൨൬—ൽ സ്വരൂപ വണക്കത്തിന്റെ വിരൊധികളൊടു വാദിച്ചു വെങ്കിൽ ഇതു ൭൨൬—ൽ ഉണ്ടായതെന്നു ഏതുസാക്ഷികളെ ആദരിച്ചു ഇവ ഉറപ്പിപ്പാൻ പാടുണ്ടു?

റോമ്മാ കത്തോലിക്കാ ക്രിസ്ത്യാനികൾക്കു ൟ വണക്കം ൭൨൬—ൽ തന്നെയല്ലാ. ഒന്നാം രണ്ടാം മൂന്നാം യുഗങ്ങളിലും ഉണ്ടായിരുന്നുവെന്നു് ജെൎമ്മനിയാ മുതലായ രാജ്യങ്ങളിലെ പ്രൊത്തസ്താന്തു മതക്കാർ കൂടെയും സമ്മതിക്കുന്ന സാക്ഷികളും നിഷേധിച്ചുകൂടാത്ത അടയാളങ്ങളും റോമ്മാ ക്രിസ്ത്യാനികൾക്കു ഉണ്ടായിരിക്കുന്നു. ആയതിന്റെ വാസ്തവം റോമ്മാ സിമിത്തെരി കളിൽ നിന്നും ഗ്രഹിക്കാവുന്നതാണ് ഇവകളിൽ പുരാതനമായിട്ടുള്ളതു ശുദ്ധ പ്രിഷില്ലാ പുണ്യവതിയുടെ താണെന്നു് ഞാൻ റോമ്മാ സിമിത്തെരികളെക്കുറിച്ചു പറഞ്ഞപ്പോൾ ധരിപ്പിച്ചിട്ടുണ്ടായിരുന്നുവെല്ലൊ. ശുദ്ധ പ്രിഷില്ലാ പുണ്യവതിയുടെ സിമിത്തെരിയിൽ ചിത്രമെഴുതിയിരിക്കുന്ന സ്വരൂപങ്ങൾ ശ്ലീഹന്മാർ മാമ്മൊദീസാ മുക്കി സത്യവേദം പഠിപ്പി

ഷ ക്രിസ്ത്യാനികളുടെ കാലം മുതൽ ഉള്ളതാണെന്ന് അക്കേലൊജി യാശാസ്ത്രത്തിൽ പ്രസിദ്ധന്മാരായിരിക്കുന്ന ദെറൊസ്സി,അർമേനിമറൂക്കി മുതലായവർ പറഞ്ഞതായികേട്ടിട്ടുള്ളതും ഇവരിൽ അമെർല്ലീനിയെന്ന ആളിനൊടുകൂടെ പഠിപ്പിച്ചിട്ടുള്ളതും ഇതിൻെറ വസ്തുവം ഇവരുടെ പുസ്തകം വായിച്ചിരിക്കുന്നവർക്ക് തെളിവായിരിക്കുന്നതുമാണ്. ശുദ്ധ പ്രിഷില്ലാ പുണ്യവതിയുടെസിമിത്തേരിസന്ദശിപ്പാൻ പൊകുന്നവർക്കിപ്പൊൾകാണാവുന്നചിത്രമെഴുത്തുകളെ താഴെ കാണിക്കുന്നു

ഒന്നാമതു. പരിശുദ്ധ മാതാവിന്ന് മാലാക മംഗലവാത്ത ചൊല്ലുന്ന ഒരു പിന്താരം. വേറൊരുസ്ഥലത്തു പരിശുദ്ധ ദൈവമാതാവു ഉണ്ണിംശൊയെ കൈയിൽ പിടിച്ചുകൊണ്ടിരിക്കുന്ന വിധവും മൂന്നാമത്തെ സ്ഥലത്തു ദൈവജനനി ദിവ്യരക്ഷിതാവിനെ മുട്ടിന്മെൽ വച്ചിരിക്കുന്നതായും മൂന്നുരാജാക്കൾ വന്ന് കാഴ്ചകൾ വച്ച് തന്നെ ആരാധിക്കുന്നതായും കാണാം. എന്നാൽ ഭംഗിയായിട്ടുള്ളതു നാലാമതൊരിടത്തു പിന്താരിച്ചിരിക്കുന്നതാണ്. ഇവിടെ പരിശുദ്ധ ജനനിതൻെറ അത്യുന്നത സ്ഥാനത്തിനൊത്തവണ്ണം ദിവ്യരക്ഷിതാവിനെ മടിയിൽ വച്ചു ഒരുസിംഹാസനത്തിന്മെൽ ഇരിക്കയും ഇവരുടെ അരികെ ഏശയ്യാനിവ്യാ ഇടത്തു കൈയിൽ ഒരു പുസ്തകവും വലത്തു കൈ പൊക്കി താൻ അറിയിച്ചിരിക്കുന്ന ദീഘദശങ്ങൾ സകലതും നിറവേറിയതിനെക്കുറിച്ചു ആനന്ദപൂരിതനായിരിക്കുന്ന വിധത്തിലും ചിത്രമെഴുതിയിരിക്കുന്നു.ഇവയൊക്കയും ക്രിസ്ത്യാനികളുടെ ഇടയിൽ പൂവ്വകാലം മുതൽ തന്നെ സ്വരൂപവണക്കമുണ്ടായിരുന്നുവെന്ന് സംശയമെന്ന്യെ നമ്മെ പഠിപ്പിക്കുന്നു.

എന്നാൽ സ്വരൂപവണക്കം നിഷെധിക്കുന്നവർ "ആകാശത്തിനു താഴെയും ഭൂമിക്കു മീതെയും...യാതൊരു സ്വരൂപങ്ങളും ഉണ്ടാക്കിവന്ദിച്ചുകൂടായെന്ന്,, പുറപ്പാടിൻെറ പുസ്തകം ൨൦-ാം അദ്ധ്യായത്തിൽ ദൈവം കല്പിച്ചിരിക്കുന്നുവെന്നു പറയുമായിരിക്കാം. എന്നാൽ ഠരം തൻെറ കല്പനയിൽ അജ്ഞാനികൾ ചെയ്യുന്നതു പൊലെ നദി, വെള്ളം, തീയ്, സൂൎയ്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ദേവന്മാരുടെ വിഗ്രഹങ്ങൾ മുതലായവയെ വന്ദിച്ചുകൂടായെന്നല്ലാതെ പരിശുദ്ധന്മാരുടെ സ്വരൂപങ്ങൾ വണങ്ങിക്കൂടായെന്നു ദൈവം ഒരിക്കലും കല്പിച്ചിട്ടില്ലാ. അയതിൻെറ തെളിവു എപ്രകാരമെന്നാൽ ഒന്നാമതു ദൈവം യാതൊരു സ്വരൂപങ്ങളെയും വണങ്ങിക്കൂടായെന്നു കല്പിച്ചിരിക്കുന്നുവെങ്കിൽ ശ്ലീഹന്മാരിൽ നിന്നും തങ്ങളുടെ ശിഷ്യരിൽ നിന്നും ജ്ഞാനസ്നാനം കൈക്കൊണ്ടും നമ്മെക്കാൾ ഏററമേറരം ദൈവത്തെ സ്നേഹിച്ചുമിരുന്നആ പൂവ്വക്രിസ്ത്യാനികൾ ദൈവകല്പനയെ അറിഞ്ഞുകൊണ്ടു് എപ്രകാരം ഠരം കല്പനയെ ലംഘിപ്പാൻ പാടാകും?.. അസംഖ്യവേദസാക്ഷികൾ വിഗ്രഹാരാധന ചെയ്യുന്നതി

ന്നായി ഒന്നാം രണ്ടാം മൂന്നാം നൂറ്റാണ്ടുകളിൽ റൊമ്മാരാജ്യത്തെ ഭരിച്ചിരുന്ന ക്രൂര ഏമ്പ്രദൊരന്മാർ കല്പിക്കയിൽ യാതൊരു സങ്കടങ്ങളും വേദനകളും ഭയപ്പെടാതെ ഇവ ചെയ്യുന്നതിന്നു നിഷേധിച്ചുവെങ്കിൽ പുണ്യവാന്മാരുടെ സ്വരൂപങ്ങൾ വണങ്ങുന്നതുവിഗ്രഹാരാരാധന ആയിരുന്നാൽ ഇവരുടെ സ്വരൂപങ്ങൾ വണങ്ങുമായിരുന്നുവൊ? രണ്ടാമതു പതിതർ മനസ്സിലാക്കിയിരിക്കുന്ന അർത്ഥത്തിൽ യാതൊരു സ്വരൂപങ്ങളെയും വന്ദിക്കരുതായെന്നു ദൈവം പ്രമാണിച്ചിരുന്നുവെങ്കിൽ സകല അർത്ഥങ്ങളും അറിഞ്ഞിരിക്കുന്ന ദൈവം പുറപ്പാടിന്റെ പുസ്തകം ൨൫. ൧൮-ൽ രണ്ടു ക്രൊബെ മലാക്കമാരെ ഉണ്ടാക്കി. സ്ഥാപിക്കുതിന്നായി ഏപ്രകാരം മൂശനിവ്യായൊടു പ്രമാണിക്കുമായിരുന്നു? ദൈവത്തിന്റെ ഈ രണ്ടു കല്പനകളെ നമ്മുടെ കൺമുമ്പാകെ വച്ചുകൊണ്ടു ആലോചിക്കേണ്ടതെന്തെന്നാൽ താൻ ഈ കല്പനകളെ കല്പിച്ചപ്പൊൾ ഒന്നുകിൽ ഒന്നാമതൊരു കല്പന നടത്തിയതു അലോചിക്കാതെ രണ്ടാമത്തെ താൻ പ്രമാണിച്ചു ഇപ്രകാരം സർവ്വജ്ഞാനിയായിരിക്കുന്ന ദൈവത്തെ കുറിച്ചുപറവാൻ പാടുണ്ടോ? ഇപ്രകാരം ആരെങ്കിലും പറയുന്നതായിരുന്നാൽ അവൻ ദൈവദ്രൊഹി എന്നതിന്നു സംശമുണ്ടോ? അല്ലെങ്കിൽ മുൻപറഞ്ഞ പ്രമാണങ്ങൾ കല്പിച്ചപ്പോൾ ഒന്നുകിൽ താൻ വാക്കുവ്യത്യാസക്കാരനായും തനിക്കുതന്നെ വിപരീതമായും പറഞ്ഞു. അല്ലെങ്കിൽ ഈ രണ്ടു പ്രമാണങ്ങളുടെയും ഉദ്ദേശം അല്ലെങ്കിൽ നിയൊഗങ്ങൾ ലാക്കുകൾ ഒന്നു ഒന്നിനൊടു വ്യത്യാസമുള്ളതായിരുന്നു. ഇപ്രകാരമല്ലാതെ വേറെപ്രകാരത്തിൽ ഈ പ്രമാണങ്ങൾക്കു അർത്ഥമുണ്ടാകുവാൻ പാടില്ല. എന്നാൽ എല്ലാവരിലും വിശ്വാസ്യനും സർവ്വനന്മസ്വരൂപിയും ആയിരുന്ന ദൈവം വാക്കുവ്യത്യാസക്കാരനും തനിക്കു തന്നെ വിപരീതമായി കല്പിക്കുന്നവനും ആകുവാൻ പാടുണ്ടൊ? ഈ പ്രകാരം ഒരിക്കൽ പറഞ്ഞതിന്നു വിപരീതമായി പ്രമാണിക്കുന്നയാൾ ദൈവമാകുവാൻ പാടുണ്ടോ? ഈ കല്പനയെ നാം പല അർത്ഥങ്ങളിൽ വ്യാഖ്യാനിച്ചശേഷം മുൻ പറഞ്ഞവ യാതൊന്നും സത്യദൈവത്തിന്നു ചേരാത്തതെന്നു സ്പഷ്ടമായും ഉറപ്പായും ബോധിപ്പിച്ചിരിക്കുന്നതിനാൽ കടശി നാം സമ്മതിക്കെണ്ടതു ഏവയെന്നാൽ ഒന്നാമത്തെ തന്റെ കല്പനയിൽ നദി. തീയ്. സൂര്യൻ. ചന്ദ്രൻ. മുതലായവയും അജ്ഞാന ദേവന്മാരെയും വന്ദിച്ചുക്രൂടായെന്നും രണ്ടാമത്തെ കല്പനയുടെ ലാക്കു നിയൊഗം ഉദ്ദേശം പുണ്യാത്മാക്കളുടെ സ്വരൂപങ്ങൾ ഉണ്ടാക്കി വണങ്ങുന്നതിന്നു യാതൊരു വിരൊധമില്ലെന്നുമാണു.

ഈ നിയൊഗത്തിൻ പ്രകാരമല്ലായിരുന്നുവെങ്കിൽ സ്വരൂപ വണക്കു വിരോധികൾ തങ്ങളുടെ മാതാപിതാക്കന്മാർ മാന്യന്മാ

ർ രാജാക്കൾ മുതലായവരുടെ പടങ്ങൾ തങ്ങളുടെ വീടുകളിൽ വച്ചുയും ഇവക്കു ഇവരെ കൂടക്കൂടെ കാണുന്നതിൽ വിരസം തൊന്നാതിരിക്കയും ചെയ്യുന്നതു എപ്രകാരം? മരിച്ചുപൊയ തങ്ങളുടെ മാതാപിതാക്കന്മാർ മുതലായവരുടെ സ്വരൂപങ്ങൾ സന്ദൎശിക്കുമ്പൊൾ ഇവരുടെ സ്വരൂപങ്ങളെ നിലത്തിട്ടുചവിട്ടുകയൊ അല്ലെങ്കിൽ തങ്ങളുടെ കരങ്ങളിലെടുത്തു ഇവരുടെ സന്മാൎഗ്ഗത്തെയും സൽഗുണദൊഷങ്ങളെയും ഓൎത്തു തങ്ങളുടെ മാതാപിതാക്കന്മാരെപ്പൊലെ സൽഗുണവാന്മാരായി ജീവിക്കുന്നതിന്നു ശ്രദ്ധയുള്ളവരായിരിക്കുമൊ? ആരെങ്കിലും ഒരു രാജാവിന്റെ അല്ലെങ്കിൽ ഒരുമാന്യന്റെ സ്വരൂപങ്ങൾക്കു വണക്കം അല്ലെങ്കിൽ ആചാരം മുതലായതിന്റെ അടയാളങ്ങളെ ചെയ്യുമ്പൊൾ കല്ലുകൾ, മരം, കടലാസു മുതലായവകൊണ്ടുണ്ടാക്കിയ സ്വരൂപങ്ങൾക്കൊ അല്ലെങ്കിൽ രാജാവിന്നൊ ഈ മഹിമയുണ്ടാകുന്നതു? സംശയമെന്ന്യെ രാജാവിന്നു എന്നു എല്ലാവരും ഉത്തരിക്കേണ്ടിവരും. എന്നാലിപ്രകാരമാണു റോമ്മാകത്തൊലിക്കാ ക്രിസ്ത്യാനികൾ സ്വരൂപവണക്കത്തെക്കുറിച്ചു ഗ്രഹിച്ചിരിക്കുന്നതും റോമ്മാകത്തൊലിക്കാപള്ളി നമ്മെ പഠിപ്പിക്കുന്നതും എന്നല്ലാതെ കല്ലും മരവും വേറെ പല വസ്തുക്കളും അജ്ഞാനികൾ ആരാധിക്കുന്നതുപോലെ ആ സാധനങ്ങൾക്കു നാംയാതൊരു ആരാധനെക്കടുത്ത പ്രവൃത്തിയും ചെയ്യുന്നില്ല. ദിവ്യരക്ഷിതാവിന്റെ സ്വരൂപങ്ങൾ മുതലായതു കാണുകയും വണങ്ങുകയും ചെയ്യുമ്പൊൾ ഈ ദിവ്യരക്ഷിതാവിനെതന്നെനാം ഓൎക്കയും ദൈവജനനിപുണ്യവാന്മാർമുതലായവരുടെ സ്വരൂപങ്ങൾ സന്ദൎശിക്കുമ്പൊൾ ഇവരുടെ സാംഗൊപാംഗജീവിതത്തെയും ഇവർ കൎത്താവിന്നു വേണ്ടിചെയ്തു അനേക അദ്ധ്വാനങ്ങളെയും നമ്മെ ഓൎപ്പിക്കയും ഇതിനാൽ നാമും ഈ കൎത്താവിന്റെ മണവാട്ടികളെ പിഞ്ചെല്ലുന്നതിന്നുള്ള ധൈൎയ്യവും എരിവും മേല്ക്കുമേൽ വൎദ്ധിക്കുന്നതു കൂടാതെ വായന അറിവാൻ പാടില്ലാത്തവൎക്കു ഇവരുടെ സ്വരൂപങ്ങൾ സന്ദൎശിക്കുമ്പൊൾ ഇവ ഓരൊഉത്തമ പുസ്തകങ്ങളായി പകരപ്പെടുകയും ചെയ്യുമെന്നതിന്നു സന്ദെഹമില്ല.

## പുണ്യവാന്മാരുടെ തിരുശ്ശേഷിപ്പുകൾ വണങ്ങുന്നതിന്മേൽ.

മുൻ പറഞ്ഞിരിക്കുന്നവയിൽ നിന്നു നാം റൂഹാദക്കുദശായുടെ ആലയങ്ങൾ ആയിരിക്കുന്ന പുണ്യവാന്മാരുടെ തിരുശ്ശരീരങ്ങളും തിരുശ്ശേഷിപ്പുകളും വണങ്ങേണ്ടതെന്നു തെളിവായിരിക്കുന്നുവെങ്കിലും ഇതിനെക്കുറിച്ചും സംഗ്രഹമായി പറയാം.

എന്തുകൊണ്ടെന്നാൽ പതിതരിൽ ചില കൂട്ടർ പറയുന്നതു തിരുശ്ശേഷിപ്പുകളുടെ വണക്കവും ക്രിസ്തുവാബ്ദം ൭൦൦-ൽ റോമ്മാ മാർപ്പാപ്പാന്മാർ ഉണ്ടാക്കിയതാണെന്നാണ്. എന്നാൽ ക്രിസ്തുവാബ്ദം ൩൮൦-ൽ ജീവിച്ചിരുന്ന തിരുസ്സഭയുടെ മല്പാനും മിലാൻ രൂപതയുടെ മെത്രാനുമായിരുന്ന ശുദ്ധ: അമ്പ്രോസീസ് പുണ്യവാൻ തന്റെ ഇരുപത്തുരണ്ടാം എഴുത്തിൽ തന്റെ മെത്രാസനപള്ളിയിൽ വണങ്ങിവന്നിരുന്ന പരിശുദ്ധ ഗെവ്വാസീസിന്റെയും പ്രോത്താസീസിന്റെയും തിരുശ്ശരീരങ്ങളെക്കുറിച്ചു ഇപ്രകാരം പറയുന്നു „കർത്താവിനു ബലിയായിതിർന്നവർ ഈ കർത്താവു തന്നെത്തന്നെ ബലിയായി അണെക്കുന്ന പീഠത്തിങ്കലേക്കു വരട്ടെ! എല്ലാവർക്കും വേണ്ടി ഭംഗപ്പാടേറ്റു മരിച്ചയാൾ ഈ പീഠത്തിൻ മീതെയും തന്റെ ഭംഗപ്പാടിന്റെ യോഗ്യതയാൽ രക്ഷപെട്ടവർ പീഠത്തിൻ താഴെയും ഇരിക്കട്ടെ! ഇവരുടെ തിരുശ്ശേഷിപ്പുകളെ കൊണ്ടുവന്നു ഇവർക്കു യോഗ്യമായ സ്ഥലത്തു സ്ഥാപിച്ച ദിനം നിങ്ങൾ നിഷ്കളങ്ക ഭക്തിയാൽ കൊണ്ടാടുവിൻ!! ഇതിൻവണ്ണം തന്നെ ശുദ്ധ: എവുലാലിയായുടെയും ശുദ്ധ: വിനസന്ത്യോസ് വേദസാക്ഷിയുടെയും തിരുശ്ശേഷിപ്പുകളെ കുറിച്ചു ശുദ്ധ: പ്രൂമെൻസിയോസും പറഞ്ഞിരിക്കുന്നു. എന്നു തന്നെയുമല്ല ഒന്നാം രണ്ടാം മൂന്നാം യുഗങ്ങളിലുള്ള ക്രിസ്ത്യാനികൾ റോമ്മാസിമിത്തേരിയിലുള്ള സകല ത്രോണോസുകളും ഒരു വേദസാക്ഷിയുടെ ശരീരത്തിന്റെ കുഴിമാടത്തിൻ മീതെ സ്ഥാപിക്ക പതിവായിരുന്നു. ഇതിന്റെ ജ്ഞാപകത്തിന്നായി ഇപ്പോഴും ശുദ്ധമാന പള്ളി കുർബാന കല്ലുകൾ കൂദാശ ചെയ്യുമ്പോൾ ഒക്കെയും മൂന്നു പുണ്യവാന്മാരുടെതിൽ കുറയാതെ തിരുശ്ശേഷിപ്പുകൾ (ഇരിക്കയിൽ ഒന്നെങ്കിലും ഒരു വേദസാക്ഷിയുടെയും ആയിരിക്കേണം) ഈ കല്ലിന്നുള്ളിൽ വച്ചു അടച്ചു കൂദാശ ചെയ്യുന്നതിന്നു കല്പിച്ചിരിക്കുന്നു. ഈ തിരുശ്ശേഷിപ്പുകൾ വച്ചടക്കാതെ കൂദാശ ചെയ്യാനാകട്ടെ ഇതിന്മേൽ ദിവ്യപൂജ അണപ്പാനാകട്ടെ ഒരിക്കലും പാടാകുന്നതല്ല.

എന്നാൽ ഈ വണക്കം പൂർവ്വക്രിസ്ത്യാനികളുടെ ഇടയിൽ ത

ന്നെയല്ലാ ആയതിനു മുമ്പു ശ്ലീഹന്മാരുടെ കാലത്തിലും പഴയനിയമത്തിലും ഉണ്ടായിരുന്നതായി വേദപുസ്തകത്തിൽ കാണുന്നു. ശുദ്ധ പൌലൊസിന്റെ വസ്ത്രങ്ങളിൽ നിന്നും തുവാലയിൽ നിന്നും അത്ഭുതങ്ങൾ സംഭവിച്ചതായി അറിയുന്നു. (ശ്ലീഹന്മാരുടെനടപടി. ൧൯. ൧൨.) പഴയനിയമത്തിൽ എലിസേവൂസ് എന്ന ദീൎഘദൎശിയുടെ അസ്ഥികൊണ്ടു ഒരു പ്രേതത്തിന്മേൽ തൊടുകയിൽ ഈ മരിച്ചയാൾ ഉടൻ ഉയിൎത്തുവെന്നു രാജാക്കളുടെ നാലാം പുസ്തകം ൧൩ ൨൧. ൽ പറഞ്ഞിരിക്കുന്നു. സംഭവം ഇപ്രകാരമായിരിക്കയിൽ തിരുശ്ശേഷിപ്പുകളുടെ വണക്കം ൭൮൭-ൽ മാൎപ്പാപ്പാ ഉണ്ടാക്കിയതാണെന്നു എപ്രകാരം ഉറപ്പിപ്പാൻ പാടുണ്ടു?

## നാല്പതു നൊമ്പു അല്ലെങ്കിൽ അമ്പതു നൊമ്പും.

കത്തോലിക്കൎക്കു നാല്പതു അല്ലെങ്കിൽ അമ്പതു നോയമ്പെന്നു പറഞ്ഞുവരുന്നതു ക്രിസ്താബ്ദം ൩൫൦-ൽ ഉണ്ടായതാണെന്നാണു പതിതർ പറയുന്നതു. എന്നാൽ ഈ കാലങ്ങൾക്കുമുമ്പുണ്ടായിയെന്നു വേദപാരഗന്മാരും ശുദ്ധമാനപള്ളിയുടെ അതിപ്രബലപ്പെട്ടമല്പാന്മാരും നമ്മെ പഠിപ്പിക്കുന്നു. ക്രിസ്താബ്ദം ൪൦൭-ൽ സ്വൎഗ്ഗപ്രാപ്തനായ ശുദ്ധ ക്രിസൊസ്തൊമ്മോസു പുണ്യവാൻ ഈ നൊയമ്പിനെ കുറിച്ചു പറഞ്ഞിട്ടുള്ളതിൽ ഈശോമിശിഹാതന്നെ നാല്പതു ദിവസം ഉപവാസം ചെയ്തു ഉണ്ടാക്കിയെന്നാണു ഈ മഹാപുണ്യവാൻ നമ്മെ ഉറപ്പിക്കുന്നതും. ഇപ്രകാരം തന്നെ ശുദ്ധ ആഗുസ്തിനൊസു പുണ്യവാനും ഈ നൊമ്പു കൎത്താവിനാലും പുണ്യവാന്മാരാലും ശുദ്ധമാകപ്പെട്ടതെന്നും ആയതിനാൽ ഇതു ഏവരും ആചരിക്കേണമെന്നും അല്ലാത്തപക്ഷം കഠിനമായി ശിക്ഷിക്കുമെന്നും പറഞ്ഞിരിക്കുന്നു. ഇവർ കൂടാതെ ൨൫൪-ൽ മരിച്ച ഒറിജേനെന്ന ശാസ്ത്രിയും ൨൦൨-ൽ സ്വൎഗ്ഗകിരീടം ധരിക്കപ്പെട്ട ശുദ്ധ ഇറെനെയൊസു പുണ്യവാനും ഈ നൊമ്പിനെ കുറിച്ചു വളരെ സ്തുത്യമായി പറഞ്ഞതു കൂടാതെ ഇതിന്റെ പൂൎവ്വീക കാഠിന്യതയെ കുറെച്ചതിനാൽ ഇവരെ കഠിനമായി ശാസിക്കയും ചെയ്തു. ഇതിന്റെ വാസ്തവം മുൻ പറഞ്ഞ പുണ്യവാന്മാരുടെപുസ്തകങ്ങളെ വായിക്കുമ്പോൾ ബോധപ്പെടാവുന്നതുമാണു ആയതിനാൽ ഈ ഉപവാസം ശ്ലീഹന്മാരു

ടെ കാലം മുതൽ ഉണ്ടായിട്ടുള്ളതും നമ്മുടെ ജ്ഞാന ഗുരുവായ ഈശൊമിശിഹാ തന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതും മാണ്

## കുമ്പസാരമെന്നകൂദാശയെ കുറിച്ചു.

മാമ്മൊദിസായെന്ന കൂദാശയാൽ നമ്മിൽ നിന്നു ഉത്ഭവദോഷം നീങ്ങിപ്പൊയിയെങ്കിലും അറിവില്ലായ്മയും ബലക്ഷയങ്ങളും നമ്മളിൽ ഉണ്ടായിരിക്കയാൽ ഈ ബലക്ഷയത്തിന്റെ ശക്തിയാലും കാഠിന്യതയാലും പലപ്പൊഴും നാം ദോഷത്തിന്റെ അവകാശങ്ങളിൽ ആയിരിക്കയും ചിലപ്പൊൾ നിൎഭാഗ്യമായ നമ്മുടെ ദോഷങ്ങൾ കാരണത്താൽ ദൈവേഷ്ടപ്രസാദം നമ്മളിൽ നിന്നു പൊയ്പ്പൊകയും ചെയ്യുന്നു. എന്നാൽ നമ്മുടെ ആത്മാവിന്റെ ജ്ഞാനവൈദ്യനായ ഈശൊമിശിഹാ ഈ ബലഹീനതയെ അറിഞ്ഞു പൊയ്പ്പൊയ ദൈവേഷ്ടപ്രസാദത്തെ വീണ്ടുലഭിപ്പാനായി തന്റെ മണവാട്ടിയായ ശുദ്ധമാന പള്ളിയിൽ തന്റെ അനുഗ്രഹങ്ങളുടെ ആധിക്യത്താൽ കുമ്പസാരമെന്ന ഒരു കൂദാശയെ സ്ഥാപിച്ചു. എന്നാൽ ഈ കൂദാശാമിശിഹായാൽ സ്ഥാപിക്കപ്പെട്ടതല്ലായെന്നും ക്രിസ്ത്വാബ്ദം ൧൨൧൫-ൽ ഉണ്ടാക്കിയതാണെന്നുമാണ് ചിലരുടെ വാദം. എന്നാൽ മൂന്നാം യുഗത്തിൽ ജീവിച്ചിരുന്ന ഒറിജെനെയെന്ന ശാസ്ത്രി മനസ്താപപ്പെട്ടവർ തങ്ങളുടെ പാപങ്ങളെ പറഞ്ഞു കുമ്പസാരിക്കെണമെന്നും ൪-ാം യുഗത്തിൽ ജീവിച്ചിരുന്ന വിശുദ്ധ ബസിലിയൊസു തന്റെ ൨൮൮-ാം ചൊദ്യത്തിൽ പറയുന്നതായതു. നാം ആരൊടു ദൊഷങ്ങളെ പ്രസ്താവിക്കെണ്ടിയിരിക്കുന്നു? ദിവ്യ രഹസ്യങ്ങൾ നടത്തിക്കൊടുക്കുന്നതിന്നു ഭരമെല്പിച്ച പട്ടക്കാരനൊടു പറഞ്ഞു കുമ്പസാരിക്കെണമെന്നു താൻ തന്നെ ഉത്തരിക്കുന്നു. എന്നാൽ വേദപാരഗന്മാർ എല്ലാവരും വിശ്വാസികളും കുമ്പസാരിപ്പാനുള്ള കടം, നമ്മുടെ കൎത്താവു ഉയിൎത്തശെഷം തന്റെ ശ്ലീഹന്മാരൊടു പറഞ്ഞ അവചനങ്ങളിൽ നിന്നു തിരിച്ചറിയുന്നു. അവ ഏവയെന്നാൽ എന്റെ പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു.

അവരുടെ മുഖത്തു ഊതി ഇപ്രകാരം പറഞ്ഞു. പരിശുദ്ധ അരൂപിയെ നിങ്ങൾ ഉൾക്കൊള്ളുവിൻ! നിങ്ങൾ ആരുടെ ദോഷങ്ങൾ പൊറുക്കുമൊ അവരുടെതു പൊറുക്കപ്പെടും. നിങ്ങൾ ആരുടെതു പിടിക്കുമൊ അവരുടെതു പിടിക്കപ്പെടും. ഇതാ ഈ തന്റെ

വചനങ്ങളാൽ ശ്ലീഹന്മാൎക്കും തങ്ങളുടെ അനുഗാമികൾക്കും ദോഷം പൊറുപ്പാനും പിടിപ്പാനുമുള്ള അധികാരം കൊടുത്തു. എന്നാൽ ആരുടെയെങ്കിലും ദൊഷം പിടിക്കയും അല്ലെങ്കിൽ പൊറുക്കയും ചെയ്യെണമെങ്കിൽ പൊറുക്കെണ്ടതു അല്ലെങ്കിൽ പിടിക്കെണ്ടതു ഏവയെന്നു തിരിച്ചറിവാൻ ആവശ്യകമായിരിക്കുന്നു. ഇവയൊ എന്നാൽ വിശ്വാസികളിൽനിന്നു ദോഷങ്ങൾ കേട്ടശേഷമല്ലാതെ ഇവയെ ഉറപ്പിപ്പാൻ പാടാകുന്നതല്ല. ഇതാ! ഇവയിൽ നിന്നു വിശ്വാസികൾക്കു ദോഷങ്ങളെ പറഞ്ഞു കുമ്പസാരിപ്പാനുള്ള ആ കടവും തെളിവാകുന്നു. ക്രിസ്ത്വാബ്ദം ൨൦൦–ൽ ജീവിച്ചിരുന്ന തെൎത്തുല്ലിയാനൊസ് പറയുന്നതായതു. മാമ്മോദീസാ മാൎഗ്ഗമായി വീണ്ടു ജനിക്കപ്പെട്ട വിശ്വാസികളെ പിഴെപ്പിപ്പാനായി തുനിഞ്ഞുകൊണ്ടിരിക്കുന്ന പിശാചിന്റെ വിഷയത്തെ തടുക്കുന്നതിന്നായി.....വെറൊരു വാതിൽ അപേക്ഷക്കാൎക്കു തുറന്നു കൊടുത്തിരിക്കുന്നു. (൧) കൎത്താജിനെയുടെ മെത്രാനായ ശുദ്ധ ചിപ്രിയാനൊസു "നിങ്ങൾ ഇഹലൊകത്തിൽ ആയിരിക്കുമ്പൊൾ (തങ്ങളുടെ ദൊഷങ്ങളെ പറഞ്ഞു) കുമ്പസാരിപ്പാൻ പാടുള്ളപ്പൊൾ ഏററം പ്രിയസഹൊദരന്മാരിൽ ഓരൊരുത്തരു അവരവരുടെ കുററങ്ങളെ പറഞ്ഞു കുമ്പസാരിപ്പിൻ എന്തുകൊണ്ടെന്നാൽ പട്ടക്കാരൻ വഴിയായി പൊറുക്കപ്പെടുന്നതു ദൈവം അംഗീകരിക്കുന്നതാകുന്നു. വെന്നും (൨) ശുദ്ധ അമ്പ്രൊസീസു "കൎത്താവു തനിക്കു തന്നെ ദോഷങ്ങളെ പൊറുക്കുന്നതിന്നുള്ള അധികാരം താൻ തന്നെ പിടിച്ചിരിക്കുന്നതായാൽ കൎത്താവിനു അധികമായ ബഹുമാനമുണ്ടാകുമെന്നു നൊവിസിയാനി പറയുന്നു.

എന്നാൽ ആരാണു തന്നെ അധികമായി ബഹുമാനിക്കുന്നതു തന്റെ കല്പനകൾക്കു കീഴ്വഴങ്ങുന്നവനൊ അല്ലെങ്കിൽ അവയൊടു എതൃക്കുന്നവനൊ? എന്തുകൊണ്ടെന്നാൽ കൎത്താവു തന്റെ സുവിശേഷത്തിൽ പരിശുദ്ധ അരൂപിയെ ഉൾക്കൊള്ളുവിൻ. നിങ്ങൾ ആരുടെ ദോഷങ്ങൾ പൊറുക്കുമൊ അവരുടെതു പൊറുക്കപ്പെടും, ആരുടെതു പിടിക്കുമൊ അവ പിടിക്കപ്പെടും തന്റെ ൨ം കല്പനകളിൽ തിരുസ്സഭ പിടിക്കുന്നതിലും ദൊഷങ്ങളെ പൊറുക്കുന്നതിലും കീഴ്വഴങ്ങുന്നു. ഇടത്തൂടൊ എന്നാൽ ഒരു ഭാഗത്തിൽ പ്രയൊജനമില്ലാത്തതും മറെറ ഭാഗത്തിൽ കീഴ്വഴക്കമില്ലാത്തതുമാകുന്നു.

ഇതുകൂടാതെ പരിശുദ്ധ അമ്പ്രൊസീസ് തന്റെ സ്നേഹിതനായ ശുദ്ധ പൌലീനൊസു കുമ്പസാരം കേൾക്കുന്നതിൽ വളരെ മാധുൎയ്യമുള്ളവനായിരുന്നുവെന്നു പറയുന്നുണ്ടു. നാലാം യുഗത്തിൽ ജീവിച്ചിരുന്ന ശുദ്ധ പച്ചിയാനൊസ് നോവിസിയാനൊസു എന്ന ഇടത്തൂട്ടുകാരനൊടു ഇപ്രകാരം പറയുന്നു. ഞാൻ എന്റെ സ്വന്ത അധികാരത്താലല്ല, പിന്നെയൊ ശുദ്ധ പൌലൊസിന്റെ വചനംപൊലെ

നാം ദൈവത്തിന്റെ സഹായികൾ എന്നു പറഞ്ഞിരിക്കയിൽ ... മാമ്മോദീസാമുക്കുകയായിരുന്നാലും കുമ്പസാരിക്കയായിരുന്നാലും നാം കൎത്താവിന്റെ അധികാരത്താൽ ചെയ്യുന്നു. എന്നാൽ ഇതു കൎത്താവിനു ചെയ്വാൻ പാടുണ്ടൊ? ചെയ്തിട്ടില്ലയൊയെന്നതിനെ കുറിച്ചു നീ ആലോചിക്കെണ്ട ഒരുവിഷയമാകുന്നു. എന്നാൽ ഇതു യോഹന്നാൻ ക്രിസൊസ്തൊമ്മോസിന്റെ അഭിപ്രായത്തൊടു ചെന്നു പോകുന്നില്ലായെന്നു ചിലർ പറയുമായിരിക്കും. ആയതു വാസ്തവമൊയെന്നു തിതിരിച്ചറിവാനായി ഈ പുണ്യവാന്റെ സാക്ഷിതന്നെ കൊണ്ടുവരാം. "ദൈവദൂതന്മാൎക്കും മുഖ്യദൂതന്മാൎക്കും നൽകപ്പെടാത്ത ഒരു അധികാരം ദൈവം പട്ടക്കാൎക്കു കൊടുത്തു, എന്തുകൊണ്ടെന്നാൽ താൻ ഇവരൊടു ഭൂമിയിൽ കെട്ടപ്പെടുന്നതുസകലതും ആകാശത്തിലും കെട്ടപ്പെടുമെന്നും ഭൂമിയിൽ അഴിക്കപ്പെടുന്നതു സകലതും ആകാശത്തിലും അഴിക്കപ്പെടും എന്നും പറഞ്ഞിട്ടില്ല. ഈ ഭൂമിയിലുള്ള രാജാക്കന്മാൎക്കു ശരീരത്തെ കെട്ടുന്നതിന്നു മാത്രം അധികാരമുണ്ടു. ആ അധികാരമൊ എന്നാൽ ആത്മാവിനെ തൊടുകയും ആകാശത്തെ പുളക്കയും ചെയ്യുന്നു. ഈ ഭൂമിയിൽ പട്ടക്കാർ ചെയ്യുന്നതു സകലതും ദൈവം ആകാശത്തിൽ ഉറപ്പിക്കയും കൎത്താവു തന്റെ ദാസന്മാരുടെ വാക്യങ്ങളെ വാസ്തവപ്പെടുത്തുകയുംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ താൻ നിങ്ങൾ പൊറുക്കുന്നവരുടെ ദൊഷം പൊറുക്കപ്പെടുമെന്നും നിങ്ങൾ പിടിക്കുന്നതു പിടിക്കമെന്നും പറഞ്ഞപ്പോൾ ആകാശത്തിലുള്ളതിൽ ഒരു ചെറിയസ്ഥാനമല്ലാ ഇവൎക്കു കൊടുത്തതു. ഇതിനെക്കാൾ വലുതായ ഒരുസ്ഥാനമെന്തു?

എത്രയും വലുതായ ഒരു സ്ഥാനത്തെനിരസിക്കുന്നതു മൂഢതയാകുന്നു. ഇവ കൂടാതെ രക്ഷയാകട്ടെ പറഞ്ഞൊത്തിരിക്കുന്ന ഗുണങ്ങളാകട്ടെ ലഭിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ മാമ്മൊദീസാ വഴിയായി പിറക്കപ്പെടുമ്പൊൾ മാത്രമല്ല പിന്നെയൊ ഈ ജനനത്തിന്റെ ശേഷവും ചെയ്യുദൊഷങ്ങൾക്കു പൊറുതി ലഭിക്കാവുന്നതാകുന്നു. ശുദ്ധ ഈറാണിമ്മോസു പട്ടക്കാരൻ തന്റെ അധികാരപ്രകാരം പാപത്തിന്റെ തരങ്ങൾ കേട്ടശേഷം കെട്ടെണ്ടതൊ അഴിക്കെണ്ടതൊയെന്നു അറിയുന്നു. ഈ പുണ്യവാൻ തന്നെ എലിയൊദോരൊയിക്കു എഴുതിയ എഴുത്തിൽ പറയുന്നതായതു. തങ്ങളുടെ വിശുദ്ധ വാ കൊണ്ടു കൎത്താവിന്റെ ശരീരം ക്രൂദാശചെയ്യുന്ന അശ്ലീഹന്മാരുടെ പദവിയിൽ അനുഗാമികളായിരിക്കുന്നവരെ കുറിച്ചു എന്തെങ്കിലും ദൂഷിച്ചു പറയുന്നതിന്നു ഞാൻ അകന്നു നില്ക്കട്ടെ! അവർ വഴിയായി നാം ക്രിസ്ത്യാനികളായി തീൎന്നിരിക്കുന്നു. ആകാശരാജ്യത്തിന്റെ താക്കൊൽ കൈവശപ്പെടുത്തിയ ഇവർ ഒരു പ്രകാരത്തിൽ വിധിക്കുമുമ്പുതന്നെ നമ്മെ വിധിക്കുന്നു. ശുദ്ധ അപ്രെം

വണങ്ങത്തക്കതും ദൈവികവുമായഗുരുപട്ടം കൂടാതെ മനുഷ്യൎക്കു ദോഷത്തിൻ പൊറുതി നൽകപ്പെടുന്നതല്ലാ. ശുദ്ധ വലിയ ലേയോൻ പാപ്പായുടെ വചനം എന്തെന്നാൽ ദൈവത്തിനും മനുഷ്യൎക്കും മദ്ധ്യസ്ഥനായിരിക്കുന്ന ൟശോമിശിഹാ തിരുസ്സഭയുടെ മേലദ്ധ്യക്ഷന്മാൎക്കു (മെത്രാന്മാൎക്കും പട്ടക്കാൎക്കും) ൟ സ്ഥാനം കൊടുത്തു........പ്രായശ്ചിത്തം വഴിയായി ശുദ്ധിയായ ശേഷം സമാധാനത്തിന്റെ വാതിൽ വഴിയായി കൂദാശകളുടെ ഉൾക്കൊള്ളപ്പാടിന്നു് അനുവദിക്കുന്നു" ഇനിയും അനേക വേദപാരഗന്മാരുടെ സാക്ഷികൾ ഉണ്ടായിരിക്കുന്നു വെങ്കിലും അവയെ പറയുന്നതായിരുന്നാൽ ദീൎഘമായി പോകുമെന്നു കരുതി വിട്ടുകളയുന്നു. ഇതുവരേയും പ്രസ്താവിച്ചതുകൊണ്ടു കുമ്പസാരമെന്ന കൂദാശ ൧൨൧൫-ൽ ഉണ്ടായതല്ലായെന്നു തെളിവാകുന്നു.

എന്നാൽ ഇതിന്റെ വാസ്തവം നിഷേധിപ്പാനായി ഇവർ വീണ്ടും ഇപ്പോൾ ഉണ്ടായിരിക്കുന്നതു പോലെ പൂൎവ്വീകത്തിൽ പാപസങ്കീൎത്തനക്കൂടുകൾ ഉണ്ടായിരുന്നില്ലായെന്നും ആയതിനാൽ പാപസങ്കീൎത്തനം ആ കാലത്തിൽ ഉണ്ടായിരിന്നില്ലായെന്നും വാദിക്കുന്നു: ശരി. നമ്മുടെ ദേവാലയങ്ങളിൽ ഇപ്പോൾ കാണുന്നതു പോലെ പാപസങ്കീൎത്തനക്കൂടുകൾ ഉണ്ടായിരുന്നില്ലാ എന്നതു വാസ്തവം തന്നെ. ഇവ ഉണ്ടാക്കിയിരിക്കുന്നതു ൟ ദിവ്യ കൂദാശയുടെ ബഹുമാനത്തിനായും പട്ടക്കാരന്റെയും വിശ്വാസികളുടെയും സൌകൎയ്യത്തിന്നായും ആകുന്നുവെന്നല്ലാതെ ൟ ഇരിപ്പിടം കുമ്പസാരം വാസ്തവമാകുന്നതിന്നു് ആവശ്യകമെന്നു് ആരും തന്നെ പറയുന്നില്ലാ. തിരുസ്സഭയിലുള്ള ഗ്രേക്കകാർ പാപസങ്കീൎത്തനക്കൂടുകൂടാതെ പട്ടക്കാരന്റെ മുമ്പാകെ മുട്ടുകുത്തി കുമ്പസാരിച്ചുവരുന്നു. തിരുസ്സഭയുടെ ആരംഭത്തിൽ പൂൎവ്വക്രിസ്ത്യാനികൾ കുമ്പസാരിച്ചു വന്നിരുന്നതിനാൽ ഇവർ തങ്ങളുടെ പട്ടക്കാരെ ദേവന്മാരെപ്പോലെ മുട്ടുകുത്തി ആരാധിക്കുന്നുവെന്നു അജ്ഞാനികൾ പറഞ്ഞു പരിഹസിച്ചിരുന്നു.

ഗ്രേക്കകാർ, അബസ്സിന്ന്യാക്കാർ, കൊപ്തുകാർ, അൎമ്മേനിയാക്കാർ മുതലായ ശീശ്മക്കാർ ഇപ്പൊഴും കുമ്പസാരിക്കുന്നതായി കണ്ടുവരുന്നു. ൫-ാം യുഗത്തിൽ തിരുസ്സഭയിൽ നിന്നു് വേർപിരിഞ്ഞ നെസ്തോറിയസു കാരുടെ ഇടയിലും കുമ്പസാരം ഉള്ളതായി അറിയുന്നു. ഇപ്രകാരമായിരിക്കയിൽ ൟ വിശുദ്ധ കൂദാശ ൧൨൧൫-ൽ ഉണ്ടായതെന്നു എപ്രകാരം പറവാൻപാടുണ്ടു? ആയതിനാൽ നമ്മുടെ രക്ഷിതാവായ ൟശോമിശിഹാ നമ്മുടെ മേലുള്ള അത്യന്ത അനുഗ്രഹത്തിന്റെ അടയാളമായി സ്ഥാപിച്ച ൟ കൂദാശ ഏററം മനസ്താപത്തോടുകൂടെ ഉപയോഗിക്കയും താൻ ചെയ്ത ൟ അറുതിയില്ലാത്ത വരപ്രസാദത്തിന്നു കൃതജ്ഞതയുള്ളവരായിരിക്കയും ചെ

യ്യെണ്ടതു നമ്മുടെ കടമാകുന്നു എന്നതിന്നു് സംശയമില്ല.

## വേദപുസ്തക വായനയെക്കുറിച്ചു.

പ്രൊത്തസ്താന്തുകാർ മുതലായവർ പറയുന്നതു നമ്മുടെ മാതാവായ കത്തൊലിക്കാപള്ളി വേദപുസ്തകം വായിക്കുന്നതിൽ നാം എവരെയും വിലക്കിയിരിക്കുന്നു വെന്നാണു. എന്നാൽ ഈ തിരുസ്സഭ വേദ പുസ്തകം വായിക്കുന്നതിന്നു വിലക്കിയിട്ടില്ലായെന്നു മാത്രമല്ല ഈ വായന എല്ലാവരിലും പരക്കുന്നതിന്നു അതിശുഷ്കാന്തിയുള്ളതായിരിക്കുന്നുവെന്നതു വാസ്തമൊയെന്നു അറിയണമെങ്കിൽ ൧൨൨൮-ൽ ആറാം പീയൂസു മാർപ്പാപ്പാ പെ്ളാരെൻസിലെ മെത്രാപ്പൊലിത്തായായ അന്തൊനീസു മർത്തിനിയെന്ന ദെഹത്തിനെഴുതിയ ലേഖനം വായിക്കുമ്പോൾ സ്പഷ്ടമാകുന്നതാണു. ഈ തിരുലേഖനത്തിൻെറ ഒരു ഭാഗം താഴെ പറയുന്നു. "പ്രിയപ്പെട്ട മകനെ! ആത്മാവുകളുടെ നാശത്തിനായും അഗതികളുടെ കൈയിൽ കൂടെയും ധാരാളമായി അനേക പുസ്തകങ്ങൾ കൊടുക്കയും തിരുസ്സഭെക്കു വിരോധമായി അനേകപുസ്തകങ്ങൾ പ്രസിദ്ധം ചെയ്കയും ചെയ്യുന്ന ഈ കാലത്തിൽ വേദപുസ്തകത്തിൻെറ വായനയിൽ നീ വിശ്വാസികളെ ഉത്സാഹിപ്പിക്കുന്നതിന്നും ഇവ മൂലം സകല തിന്മകളെയും അന്ധകാരങ്ങളെയും നിർമ്മൂലമാക്കുന്നതിന്നും ഇവ വഴിയായി സകല വിശ്വാസികളെയും സന്മാൎഗ്ഗം സത്യ്യപഠിത്വം മുതലായവ അഭ്യസിപ്പിക്കുന്നതിനും ഓരൊരുത്തൻെറ ബുദ്ധിശക്തിക്കൊത്തവണ്ണം വേദപാരഗന്മാരുടെ സാക്ഷികളൊടുകൂടെ നമ്മുടെ നാട്ടുഭാഷയിൽ (വേദ പുസ്തകം) പ്രസിദ്ധം ചെയ്കതിനാൽ മുൻ പറഞ്ഞ ഗുണങ്ങൾ മുഴുവനും നീ വരുത്തിവച്ചിരിക്കുന്നു. ആയതിനാൽ സകല സമ്പത്തിൻെറയും ഓലിയുറവയായിരിക്കുന്ന വേദപുസ്തകം ഏവൎക്കും തുറന്നു കൊടുപ്പാൻ ആവശ്യമായിരിക്കുന്നു. ഈ സംഗ്രഹ ലേഖനത്തിൽ നിന്നു മാർപ്പാപ്പാന്മാർ വേദപുസ്തകം വായിക്കുന്നതിൽ എന്തുമാത്രം നമുക്കു അനുകൂലമായി പറഞ്ഞിരിക്കുന്നു. പ്രൊത്തസ്താന്തികൾക്കു നമ്മുടെ തിരുസ്സഭയുടെ അറിവു എന്തുമാത്രം അബദ്ധമായിട്ടുള്ളതെന്നു വിശ്വാസികളെ നിങ്ങൾ ആലോചിപ്പിൻ!

എന്നാൽ വിശുദ്ധപള്ളി വിദ്വാന്മാരായ ശാസ്ത്രകൎത്താക്കന്മാർ ഏതൊരു ഭാഷയിലെങ്കിലും പരിഭാഷപ്പെടുത്തുകയുംതിരുസ്സഭ അംഗീകരിക്കയും ചെയ്ത വേദപുസ്തകമല്ല വിലക്കിയിരിക്കുന്നതു പിന്നെയൊ അബദ്ധങ്ങളൊടുകൂടെ പ്രസിദ്ധം ചെയ്തിരിക്കുന്ന പ്രൊത്തസ്താന്തുമ

തക്കാരുടെയും മററും പുസ്തകങ്ങൾ മാത്രമെ നാം വായിക്കുന്നതിന്നു നമ്മെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാൻ കടപ്പെട്ടിരിക്കുന്ന വിശുദ്ധ കത്തൊലിക്കാ പള്ളി തടയുന്നുള്ളു.

## പ്രൊത്തസ്താന്തുകാരുടെ പുസ്തകം വായിക്കുന്നതിലുള്ള അബദ്ധം എന്താകുന്നു?

വിശുദ്ധ കാത്തൊലിക്കാപള്ളിനമ്മെ പഠിപ്പിക്കുന്നതു പ്രവൃത്തിക്രൂടാതെവിശ്വാസംഉണ്ടായിരുന്നാൽആവിശ്വാസംഉയിരില്ലാത്തതെന്നാണ എന്നാൽ ഇതിന്നു വിപരീതമായി ചിലർ വിശ്വാസം മാത്രം മതിയായിരിക്കുന്നുവെന്നും പിന്നെമനുഷ്യന്നു എന്തെങ്കിലുംചെയ്യുന്നതിന്നുസ്വാതന്ത്ര്യമുണ്ടെന്നുമാണ തിരുസ്സഭയുടെ വിരൊധികൾ പഠിപ്പിക്കുന്നതു. ഠരംപഠിനത്തിൻെറതലവൻലൂതെറിൻെറവചനങ്ങളെകേൾപ്പിൻ! ഉറപ്പായിട്ടുനീവിശ്വസിക്ക,കഠിനമായിട്ടുനീപിഴെക്ക.ഇപ്രകാരമുള്ളപഠിതം സത്യദൈവത്തിന്നു ചേരുന്നതാണൊ? ദൈവത്തിൽ വിശ്വസിക്കുന്നവൻ തൻെറപ്രവൃത്തിയാൽതന്നെ താൻ വെളിപ്പെടുത്തുവാൻ ആവശ്യമില്ലയൊ? നമ്മുടെ മാതാവായ തിരുസ്സഭ വിശ്വാസം വെണ്ടായെന്നു ഒരിക്കലും നമ്മെപഠിപ്പിപ്പാൻ പാടില്ല. പിന്നെയൊ വിശ്വാസത്തൊടുക്രൂടെ പ്രവൃത്തികളും ആവശ്യമായിരിക്കുന്നുവെന്നും വിശ്വാസം നമ്മുടെ പ്രവൃത്തികളുടെ അടിസ്ഥാനവും ചുവട്ടും പ്രവൃത്തികൾ ആയതിൻെറ അനുഭവവും ഫലവുമാകുന്നുവെന്നാണ. അതെന്തുകൊണ്ടെന്നാൽ "പ്രവൃത്തിക്രൂടാതെയുള്ള വിശ്വാസം ചത്തതാകുന്നു എന്നാണ കത്താവിൻെറ ശ്ലീഹായായ പരിശുദ്ധ യാക്കൊവു നമ്മെ പഠിപ്പിക്കുന്നതു.

എന്നാൽ ഇതു ശുദ്ധ യാക്കൊവിൻെറ അല്ലായെന്നു ചിലർ പറയുമായിരിക്കും. എന്നാൽ ശുദ്ധ യാക്കൊവിൻെറ വചനം അല്ലായെന്നു ചിലർ പറയുന്നുവെങ്കിൽ, നന്മപ്രവൃത്തികളുടെ ആവശ്യത്തെപ്പററി സുവിശേഷത്തിൽ നമുക്കു മററനേക സാക്ഷികൾ ഉണ്ടായിരിക്കുന്നു. (മത്തായി ൭. ൨൧)കത്താവെ! കത്താവെ എന്നുവിളിക്കുന്നവർ എല്ലാവരും മൊക്ഷരാജ്യത്തിൽ പ്രവെശിക്കയില്ല. പിന്നെയൊ ആകാശത്തിലുള്ള എൻെറ പിതാവിൻെറ മനസ്സുനിറവേററുന്നവൻ മാത്രം മോക്ഷരാജ്യത്തിൽ പ്രവേശിക്കും. മത്തായി ൨൫. ൩൪. ൩൫. എൻെറ പിതാവിനാൽ വാഴ്ത്തപ്പെട്ടവരെ നിങ്ങൾ വരുവിൻ, നിങ്ങൾക്കാസ്ഥമാക്കിയിരിക്കുന്ന (സ്ഥലം, വസ്തു) നിങ്ങൾ അനുഭവിപ്പിൻ. എന്തുകൊണ്ടെന്നാൽ ഇനിക്കു വിശന്നു, നിങ്ങൾ

ഇനിക്ക തിന്മാൻ തന്നു, ഇനിക്ക ദാഹമുണ്ടായി, നിങ്ങൾ ഇനിക്ക കുടിപ്പാൻ തന്നു,...... ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു... ശേഷവും എന്നാൽ വിശക്കുന്നവക്ക ഭക്ഷണം കൊടുക്കുന്നതും ദാഹിക്കുന്നവക്ക കുടിപ്പാൻ കൊടുക്കുന്നതും മിശിഹാ കല്പിച്ചു തന്ന കാരുണ്യ പ്രവൃത്തികളിൽ ഉള്ളവയും ൟ പ്രവൃത്തിയുടെ ഫലമായി ഇതാ താൻ നിത്യായുസ്സു പറഞ്ഞൊത്തു. എന്നാൽ അതിശക്തിയായി വിശ്വാസത്തൊടുകൂടെ പ്രവൃത്തിയും ആവശ്യമായിരിക്കുന്നുവെന്നു ഉറപ്പിക്കുന്നതു കത്താവിന്റെ ൟ തിരു വചനങ്ങൾ ആയിരിക്കുന്നു. (മത്തായി ൧൬. ൨൭) മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹിമയിൽ തന്റെ മാലാഖമാരൊടുകൂടെ വരും. അപ്പൊൾ താൻ ഓരൊരുത്തക്ക തന്റെ പ്രവൃത്തിക്കൊത്തവണ്ണം കൊടുക്കും— സുവിശേഷത്തിൽ വിശ്വാസത്തിന്റെ കൂടെ നന്മപ്രവൃത്തിയുടെ ആവശ്യവും തെളിവായി പറഞ്ഞിരിക്കയിൽ വിശ്വാസം മാത്രം മതിയായിരിക്കുന്നുവെന്നും പഠിപ്പിക്കുന്നതു അബദ്ധമായ ഒരു പഠിതമല്ലയൊ? ൟ വിധത്തിൽ വ്യാഖ്യാനിച്ചിരിക്കുന്ന പുസ്തകങ്ങൾ വായിക്കുന്നതിന്നു എപ്രകാരം തിരുസ്സഭ അനുവദിപ്പാൻ പാടുണ്ടെന്നു വിശ്വാസത്തിൽ സ്ഥിരമായി നില്ക്കുന്ന വിശ്വാസികളെ നിങ്ങൾ ആലോചിപ്പിൻ!

ൟ സംക്ഷേപ അറിവിൽ നിന്നു നമ്മുടെ വേദപുസ്തകം തിരുസ്സഭയിൽ നിന്നു വേർ പിരിഞ്ഞവരുടെ വേദപുസ്തകമായി വ്യത്യാസം ഉണ്ടെന്നും ൟ പുസ്തകങ്ങളിൽസത്യ പഠിതത്തിനൊത്തവണ്ണം സകലതും വ്യാഖ്യാനിക്കുന്നില്ലായെന്നും തെളിവായിരിക്കുന്നു. ഇപ്രകാരം ആയിരിക്കയിൽ തിരുസ്സഭ അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങൾ ഒഴികെ യാതൊന്നും ഉപയൊഗിച്ചുകൂടായെന്നു വിലക്കിയിരിക്കുന്നതിൽ യാതൊന്നും വിസ്മയിപ്പാനില്ല.

## ശുദ്ധ: കൂദാശകൾ ഏഴു എന്നതിന്മെൽ.

മനുഷ്യനു ഏഴു സംഗതികൾ ആവശ്യകമായിരിക്കുന്നു. ഒന്നാമതു താൻ ജനനത്താൽ ഭൂമിയിൽ പിറക്കപ്പെടുന്നതിന്നും രണ്ടാമതു. ജനനത്തിന്റെ ശേഷം വളച്ച്യുണ്ടാകുന്നതിന്നും മൂന്നാമതു. സുഖമായി ജീവിക്കുന്നതിന്നു സുഖകരമായ ഭക്ഷണവും നാലാമതു. ഏതെങ്കിലും രോഗത്തിൽ വീണാൽ അയതിനുള്ള ഔഷധിയും അഞ്ചാമതു. നാം ആരൊഗ്യം പ്രാപിക്കുന്നതിനുള്ള പൊം വഴിയും ആറാമതു. നമ്മെഭരിക്കുന്നതിന്നു തക്കതായ ആൾ ഉണ്ടാകെണ്ടതിന്നും ഏ

ഴാമതു. സമുദായം ഇല്ലായ്മയായിപോകാതെയിരിപ്പാൻ വേണ്ടി ജനനത്താൽ മനുഷ്യവൎഗ്ഗത്തെ വൎദ്ധിപ്പിക്കയെന്നിവകളുമാകുന്നു. ഇപ്രകാരംതന്നെ ആത്മസംബന്ധമായ വിഷയങ്ങളിൽ ഒന്നാമതായി നാം ജ്ഞാനസ്നാനത്താൽ തിരുസ്സഭയുടെപുത്രനായിജനിക്കുന്നതിന്നും, ൨-ാമതു താൻ അനുസരിച്ചസത്യവേദത്തെ ധൈൎയ്യത്തോടെ പിഞ്ചെല്ലുന്നതിന്നുള്ള ശക്തി മുമ്പിലത്തെ ഒപ്രുശുമാ വഴിയായും ൩-ാമതു ആത്മാവിൻെറ യാവനയായി ശുദ്ധമാന കുബ്ബാനയും ൪-ാമതു. ആത്മാവു വ്യാധിയിൽ അകപ്പെടുമ്പോൾ സുഖം പ്രാപിപ്പാനായി കുമ്പസാരമെന്ന ക്രൂദാശയും ൫-ാ മതു. ദോഷങ്ങളുടെ ശേഷിപ്പുകൾ നീക്കുന്നതിന്നായും ആത്മാവിന്നു മരണസമയത്തു പരീക്ഷകളിൽ നിന്നു ജയം പ്രാപിപ്പാനും ശരീരസുഖം നൽകുന്നതിന്നും ഒടുക്കത്തെ ഒപ്രുശുമായായും ൬-ാമതു തിരുകൎമ്മങ്ങളെ നടത്തുന്നതിന്നും തിരുസ്സഭയിലുള്ള വിശ്വാസികളെ ഭരിക്കുന്നതിന്നുംപട്ടസ്ഥാനവും ൭-ാമതു മാതാപിതാക്കന്മാർ തിരുസ്സഭയുടെ പഠനത്തിനൊത്തവണ്ണം തങ്ങളുടെ മക്കളെ വളൎത്തുന്നതിനുള്ള വരപ്രസാദം കൊടുക്കുന്നതിന്നായി വിവാഹം എന്ന ക്രൂദാശയും ദിവ്യരക്ഷിതാവായ ഈശോമിശിഹാ തൻെറ വിശുദ്ധ കാസൊലിക്കാപള്ളിക്കു കല്പിച്ചുകൊടുക്കയും ചെയ്തു.

എന്നാൽ നാം ഇപ്പോൾ പറഞ്ഞ ഏഴ ക്രൂദാശകളും പുരാതനമായിട്ടുള്ളതല്ലായെന്നും ൧൧൩൪-ൽ റൊമ്മാ മാൎപ്പാപ്പാന്മാർ ഉണ്ടാക്കിയതാണെന്നുമാണു പറയുന്നതു. എന്നാൽ ഇത്രയും അസത്യമായ കാൎയ്യം യാതൊന്നുമില്ല. അതെന്തുകൊണ്ടെന്നാൽ ൯-ാം യുഗത്തിൽ തിരുസ്സഭയിൽ നിന്നു വെർ പിരിഞ്ഞ ഗ്രെക്കു ശീസ്മക്കാരുടെ തിരുകൎമ്മപുസ്തകത്തിലും, ൫-ാം യുഗത്തിൽ നെസ്തോറീസും കൂട്ടരും ഈ ഏഴ ക്രൂദാശകളും അംഗീകരിച്ചുവന്നതു മാണെന്നു ഇവരുടെ ക്രമങ്ങൾ പരിശോധിക്കുന്നവൎക്കു തെളിവാകുന്നതാണു. അബിസ്സിന്യാക്കാർ ഗ്രെക്കു, റുസ്സ്യ, റുമെനി, സുറിയാനിക്കാർ, കൽദായക്കാർ മുതലായ ഇവരിൽ ഇടത്തൂട്ടുകാരും ഈ ഏഴ ക്രൂദാശകളും ദിവ്യരക്ഷിതാവായ ഈശോമിശിഹാ തിരുസ്സഭയിൽ സ്ഥാപിച്ചതാണെന്നു സമ്മതിക്കുന്നതു കൂടാതെ ഇപ്പൊഴും ഇവ ശരിയായി അനുസരിച്ചുവരുന്നു. കൊപ്ത്തുകാർ ഈ ഏഴ ക്രൂദാശകളും അനുസരിച്ചുവരുന്നതായി കാണുന്നു. ഇവർ ഈ ക്രൂദാശകൾക്കു കൊടുത്തുവന്നിരുന്ന പേരുകളെ കൊപ്ത്തു ഭാഷയിൽ തന്നെ താഴെ പറയുന്നു.

൧· തൻസിൻ=മാമ്മോദീസാ. ൨· തെത്തുബീത്ത്, അല്ലെങ്കിൽ മെയിറും = മുമ്പിലത്തെ ഒപ്രുശുമ. ൩· എത്തെറാഫ് = കുമ്പസാരം. ൪· കൊംബാൻ, കൊദാസ്സ് സെയിദാ=ബലി, പരിശുദ്ധമായ പൂജ. ൫. സനാജെ = വിവാഹം. ൬. കഹനൂത്ത് =പട്ട

സ്ഥാനം, അല്ലെങ്കിൽ പട്ടം. ൧. സൈത്ത് ഇൽകന്തിൽ=ഒട്ടുക്കത്തെ ഒപ്പുശുമം— ദിനക്കാരുടെ വൃച്ച, വിളക്കിലെണ്ണ. ഇപ്രകാരം ഏഴു ക്രൂദാശകൾ ഉള്ളതായി ഇപ്പോഴും കണ്ടുവരികയിൽ ഇവ ൧൧൩൪—ൽ പാപ്പാന്മാർ ഉണ്ടാക്കിയതാണെന്നു ഏപ്രകാരം പറവാൻ പാടുണ്ടെന്നു തിരിയുന്നില്ല. ആയതിനാൽ വിശ്വാസികളെ! നിങ്ങൾ കൎത്താവു തന്റെ അറുതിയില്ലാത്ത അനുഗ്രഹത്താൽ സ്ഥാപിച്ചക്രൂദാശകളെ വേണ്ടുന്നആസ്ഥപ്പാടൊടുകൂടെ ഉൾക്കൊണ്ടുസദാരം ദിവ്യരക്ഷിതാവിന്നു ഉപകാരസ്മരണ ചെയ്തുകൊൾവിൻ.

## വെസ്റ്റ്ക്കാനാ അല്ലെങ്കിൽ ശുദ്ധീകരസ്ഥലം.

ശുദ്ധീകരസ്ഥലത്തിലുള്ള ആത്മാവുകളെ കുറിച്ചു അപെക്ഷിപ്പാൻ ആരംഭിച്ചതു ക്രിസ്ത്വാബ്ദം ൪൦൦—ൽ ആകുന്നുവെന്നും വെസ്റ്റ്ക്കാനായുണ്ടെന്നു പറഞ്ഞുതുടങ്ങിയതു ൧൪൩൮—ൽ എന്നുമാണ് ചിലർ പറയുന്നതു. എന്നാൽ ൪൦൦—ൽ ശുദ്ധീകരസ്ഥലത്തിലുള്ള ആത്മാവുകൾക്കവെണ്ടി വിശ്വാസിൽ അപേക്ഷിച്ചുവെങ്കിൽ ൧൪൩൮—ൽ ശുദ്ധീകരസ്ഥലം ഉണ്ടായാൽ പോരാ, ൪൦൦—ൽ തന്നെ ൟ സ്ഥലം ഉണ്ടാകുവാൻ ആവശ്യകമായിരിക്കുന്നു. ൟ ഭക്തി ക്രിസ്ത്വാബ്ദത്തിൽ തന്നെയല്ലാ പഴെനിയമത്തിൽ കൂടെയും ഉണ്ടായിരുന്നതായി വേദപുസ്തകത്തിൽ കാണുന്നുണ്ടു. യൂദാമക്കബെയൊ കൊല്ലപ്പെട്ട തന്റെ കൂട്ടുകാരുടെ ആത്മാവുകൾക്കു വേണ്ടി പന്തിരായിരം വെള്ളി നാണയം ഓശ്ലം ദേവാലയത്തിൽ ഇവരുടെ പാപപരിഹാരത്തിന്നായി ബലി അൎപ്പിക്കുന്നതിന്നു അയച്ചതായി കാണുന്നുണ്ടു. നമ്മുടെ ദിവ്യരക്ഷിതാവു തന്റെ സുവിശേഷത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. മനുഷ്യൻപുത്രനു വിരൊധമായിഏതൊരു വാക്കെങ്കിലും പറയുന്നതായിരുന്നാൽ അതുപൊറുക്കപ്പെടും എന്നാൽ പരിശുദ്ധ അരൂപിയൊടുമറുതലിച്ചു എന്തെങ്കിലും പറയുന്നുവെങ്കിൽ ആയതു ഇഹലൊകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും പൊറുക്കപ്പെടുന്നതല്ല. ൟ തന്റെ തിരുവചനങ്ങളിൽ നിന്നു് പാപപരിഹാരംലഭിക്കപ്പെടാവുന്ന മറെറാരു ലോകമുണ്ടെന്നും മറുലോകത്തിൽ പൊറുതിലഭിക്കാവുന്ന ദോഷങ്ങൾ ഉണ്ടെന്നും തെളിവാകുന്നു. ഇപ്രകാരം പാപപരിഹാരംചെയ്യുന്ന ൟ സ്ഥലത്തിനാണു നാം ശുദ്ധീകരസ്ഥലമെന്നു പറഞ്ഞുവരുന്നതു: രണ്ടാം യുഗത്തിൽ ജീവിച്ചിരുന്ന തെൎത്തുല്ലിയാനൊസും, എവുസേബിയൊസു, കൂറില്ലൊസു, ശു

ദ്ധ അപ്രെം, ശ്ലുദ്ധ അമ്പ്രൊസിസു, ശ്ലുദ്ധ അഗുസ്തിനൊസു, മുതലാ യ വേദപാരഗന്മാരും ശുദ്ധീകരസ്ഥലത്തിലുള്ള ആത്മാവുകൾക്കു വേണ്ടി അവരുടെ കാലങ്ങളിൽ അപെക്ഷിച്ചിരുന്നുവെന്നും. അവ രും അപ്രകാരം ചെയ്തതായും കാണുന്നുണ്ടു.

ഇവരിൽവെച്ചു തെർത്തുല്ലിയാനൊസു "വിശ്വാസ്സയായ ഭാ ൎയ്യ മരിച്ചുപോയ തന്റെ ഭൎത്താവിനു വേണ്ടി അപേക്ഷിക്കും,, (൧) എന്നും ശ്ലുദ്ധ അപ്രെം മരിച്ചവൎക്കു പുണ്യാത്മാക്കളുടെ പ്രാൎത്ഥന സഫ ലമുള്ളതാകുന്നു. (൨)വെന്നും ശ്ലുദ്ധ അഗുസ്തീനൊസൊ എന്നാൽ ഈ വിഷയത്തെക്കുറിച്ചി നമ്മെ അതിശക്തിയായി തന്റെ ദൃഷ്ടാന്തത്താൽ തന്നെ ഉറപ്പിക്കുന്നു. താൻ താഴെ കാണും പ്രകാരം തന്റെ അമ്മെ ക്കു വേണ്ടി അപേക്ഷിക്കുന്നതിനെ സൂക്ഷിപ്പിൻ! ഓ എന്റെ ഹൃദയ ത്തിന്റെദൈവമെ! എന്റെ അമ്മയുടെ പാപവിമോചനത്തിനായി നിന്നൊടു ഞാനപെക്ഷിക്കുന്നു. മരത്തിന്മെൽ തൂങ്ങിക്കിടന്നു മുറിവു കളുടെ ഔഷധത്തെഓൎത്തു എന്നെ കേൾക്കെണമെ! അവൾ തന്റെ ഭൎത്താവിനൊടുകൂടെ സമാധാനത്തിൽ ആയിരിക്കട്ടെ!.........ഈ എന്റെ വാക്കുകളെ വായിക്കുന്നവർ ഏവരും നിന്റെ അൾത്താ രയിൽ നിന്റെ ദാസിയായ മോനിക്കായെ ഓൎമ്മറാകട്ടെ! (൩) ഇതാ ക്രിസ്ത്വാബ്ദം ൪൦൦-നും ൧൪൩൮-നും മുമ്പായി ജീവിച്ചിരുന്ന ബാവാന്മാരുടെയും വേദപാരഗന്മാരുടെയും വിശ്വാസവും പഠിതാ വും. ഇവ കൂടാതെ ഓശ്ലെം പള്ളിയെ സ്ഥാപിച്ച ശ്ലുദ്ധ യാക്കൊവും, അലെക്ക്സാന്ത്ര്യാപള്ളിയെ സ്ഥാപിച്ച ശ്ലുദ്ധ മൎക്കൊസും, റോമ്മാപ ള്ളിയുടെ സ്ഥാപനകാരനായ പരിശ്ലുദ്ധ പത്രൊസും തങ്ങളുടെ തിരുകൎമ്മ പുസ്തകങ്ങളിലും ശ്ലുദ്ധ ബസിലിയൊസിന്റെയും ശ്ലുദ്ധ ക്രീസൊസ്തോമ്മൊസിന്റെയും തിരുകൎമ്മ പുസ്തകങ്ങളിലും മരിച്ച വൎക്കുവേണ്ടിയുള്ള അപെക്ഷയുള്ളതായി കാണുന്നതുകൂടാതെ കിഴക്കെ റീത്തുകാർ സകലരും ഇപ്രകാരം ചെയ്യുന്നതായും സംശയമെന്ന്യെ അറിയുന്നു.

ഒന്നാം രണ്ടാം മൂന്നാം യുഗങ്ങളിലുണ്ടായിരുന്ന പൂൎവ്വക്രിസ്ത്യാ നികൾ മരിച്ച അത്മാവുകൾക്കു വേണ്ടി അപെക്ഷിച്ചുവന്നതായി റോ മ്മാസിമിത്തെരിയിൽ ഓരൊ കുഴിമാടങ്ങളിൽ എഴുതിയിരിക്കുന്ന അനേക പ്രാൎത്ഥനകളിൽ നിന്നു നിഷേധിപ്പാൻ പാടില്ലാത്ത വി

---

(൧) *De Monogam. N. X.*
(൨) *Apud Fouth of Catholics*
(൩) *Confessions, Book. 1X.*
(൧) *Deus refrigeret Spiritum tuum.*
(൨) *Refrigera, Deus, animam.....*

ധത്തിൽ തെളിവായിരിക്കുന്നു. അവ എപ്രകാരമെന്നാൽ ദൈവം നിന്റെ ആത്മാവിനെ തണുപ്പിക്കട്ടെ! ദൈവമെ! ഈ ആത്മാവിനെ തണുപ്പിക്കാ. എന്നിവയാണ. എന്നാൽ ശുദ്ധീകരസ്ഥലമുണ്ടെന്നുള്ളതു സ്വഭാവിക ന്യായത്താൽ ക്രമപ്പെടയും ഉറപ്പിക്കാവുന്നതാണ്. അതെങ്ങിനെയെന്നാൽ ഒരു നീതിമാനായ രാജാവു കുററങ്ങളുടെ താരതമ്യം പോലെയല്ലാതെ എല്ലാവരേയും ഒരെപ്രകാരം ശിക്ഷിക്കയില്ലായെന്നതു പരസ്യമായിരിക്കയിൽ സൎവ്വജ്ഞാനിയും നീതിയെന്നുള്ളതു തനിക്കു സ്വഭാവത്താൽ തന്നെയുള്ളവനുമായ ദൈവം ഏവരെയും ഒരെ പ്രകാരത്തിൽ സമ്മാനിക്കയും ഒരെ വിധത്തിൽ ശിക്ഷിക്കയും ചെയ്യുന്നതല്ലാ. പിന്നെയൊ തിന്മയുടെ താരതമ്യംപോലെ കഠിനമായും ലഘുവായും ശിക്ഷിക്കയും കഠിനമായി പിഴെച്ചവനു നരകാഗ്നിയും ലഘുവായി പിഴെച്ചനു കാലത്തിനടുത്ത ശിക്ഷയും കൊടുക്കപ്പെടുന്നു. എന്നാൽ വിശ്വാസികളിൽ അധികം പങ്കും തങ്ങളുടെ തിന്മെക്കു പരിഹാരം ചെയ്യാതെ മരിക്കുന്നതിനാൽ ഉടൻ മോക്ഷരാജിതത്തിനു യോഗ്യന്മാരല്ലാതെയിരിക്കയിൽ തങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്തു ശുദ്ധീകരിക്കപ്പെട്ടശേഷം മോക്ഷവിരുന്നിനു കൂട്ടിക്കൊണ്ടു പോകയും ചെയ്യുന്നു. ഈ കാലത്തിനടുത്ത ശിക്ഷ അനുഭവിക്കുന്ന സ്ഥലത്തിന്നു നാം ന്യായമായി ശുദ്ധീകരസ്ഥലമെന്നു വിളിക്കുന്നു.

---

## വിശുദ്ധ പള്ളിയെക്കുറിച്ചും വിശുദ്ധ പാപ്പായെക്കുറിച്ചും ചുരുങ്ങിയ ഒരു ഉപദേശം.

ഗു: ഈശൊമിശിഹാ സ്ഥാപിച്ച പള്ളിയെന്താകുന്നു?

ശി: ജ്ഞാനസ്നാനം കൈക്കൊണ്ടു നമ്മുടെ കൎത്താവീശൊമിശിഹായുടെ വിശ്വാസത്തെ അനുസരിക്കയും ഈ ഭൂമിയിൽ മിശിഹായുടെ വികാരിയായ റോമ്മാ മേല്പട്ടക്കാരനെ തിരിച്ചറിഞ്ഞു തനിക്കു കീഴ്പ്പെടുകയും ചെയ്യുന്ന വിശ്വാസികളുടെ സഭ വിശുദ്ധ പള്ളിയെന്നു പറയുന്നു.

ഗു: ഇഹലോകത്തിൽ വിശുദ്ധ കാസൊലിക്കാ പള്ളിയുടെ അധികാരമെന്താകുന്നു?

ശി: ദൈവം വെളിപ്പെടുത്തിയ അസത്യങ്ങളെ മനുഷ്യരെ പഠിപ്പിക്കയും മിശിഹായുടെ പ്രമാണങ്ങളുടെ നിറവേററിപ്പു വഴിയായി നിത്യായുസ്സിലേക്കു അവരെ കൂട്ടിക്കൊണ്ടു പൊകുകയും ചെ

ള്ളുന്നതാകുന്നു.

ഈ സത്യങ്ങളെ ദൈവം തന്നെ പരിശുദ്ധ ശ്ലീഹന്മാരെയും ഇവരുവഴിയായി തിരുസ്സഭയെയും പഠിപ്പിച്ചുവെന്നതു എന്തുകൊണ്ടാണു വിശ്വസിക്കെണ്ടതു?

പറയപ്പെട്ടിരുന്ന ദീൎഘദൎശനങ്ങൾ സകലതും നിറവേറിയതിനാലും വലിയ അത്ഭുതങ്ങളാലും ശ്ലീഹന്മാരുടെയും തങ്ങളുടെ അനുഗാമികളുടെയും പ്രസംഗം വഴിയായി തിരുസ്സഭയുടെ അതിശയിക്കത്തക്ക വൎദ്ധനയും പ്രചാരവും ദുരിതങ്ങളിലും സങ്കടങ്ങളിലും ദൈവം ഇടവിടാതെ ഇതിനെ ആദരിക്കയും സഹായിക്കയും ചെയ്തുവന്നിരുന്നതിനാലും ആകുന്നു. ഇതു ആലോചിക്കുമ്പോൾ ഈ തിരുസ്സഭ സൎവ്വവല്ലഭനും ജ്ഞാനിയുമായ ദൈവത്തിന്റെ ഒരു കൈവേലയാകുന്നുവെന്നു ഏവൎക്കും സ്പഷ്ടമായി കാണാവുന്നതാണു ഈ തിരുസ്സഭക്കു ദൈവം നൽകിയിരിക്കുന്ന അതിശയിക്കത്തക്ക ലക്ഷണങ്ങളെ തിരിച്ചറിവാൻ പാടില്ലാത്തവർ മദ്ധ്യാഹ്നത്തിൽ സൂൎയ്യപ്രകാശം ഇല്ലായെന്നു പറയുന്നതുപോലെ ആകുന്നു. ആയതിനാൽ വിധിദിവസത്തിൽ ദൈവസിംഹാസനത്തിൻ മുമ്പാകെ ഇവരുടെ അവിശ്വാസത്തിനു യാതൊരു ഒഴിവു കഴിവു മുണ്ടാകയില്ലാ എന്നതു നിശ്ചയം. ഇതിനെ കുറിച്ചു വത്തിക്കാൻ സൂനഹദോസു എന്തുപറയുന്നുവെന്നു ആലോചിപ്പിൻ! സത്യമായ വേദമേതെന്നു തിരിച്ചറിഞ്ഞു നമ്മുടെ കടങ്ങളെ നിറവെററി അതിൽ നിലനില്ക്കുന്നതിന്നു ദൈവം തന്റെ ഏകപുത്രൻ വഴിയായി ശുദ്ധ പള്ളിയെ സ്ഥാപിച്ചു. ദൈവം വെളിപ്പെടുത്തിയവയെ പഠിപ്പിക്കുന്നവളും കാവൽക്കാരത്തിയുമെന്നു എല്ലാവരാലും തിരിച്ചറിയപ്പെടുന്നതിന്നു ഈ തന്റെ തിരുസ്സഭെക്ക സ്പഷ്ടമായ അടയാളങ്ങളെ താൻ കൊടുത്തു. ക്രിസ്ത്യാനികളുടെ വിശ്വാസം തെളിവായി വിശ്വസിക്കപ്പെടത്തക്കവണ്ണം അത്രെക്ക അനേകവിധത്തിലും വിസ്മയിക്കത്തക്കതുമായ ലക്ഷണങ്ങൾ തിരുസ്സഭെക്ക മാത്രം ഉണ്ടായിരിക്കുന്നു. എന്നുതന്നെയുമല്ല തിരുസ്സഭ തന്റെ അതിശയിക്കത്തക്ക വൎദ്ധനയാലും അത്യുന്നത പരിശുദ്ധതയാലും സകലവക നന്മപ്രവൃത്തികളുടെയും വററാത്ത ഉറവയും, അതിന്റെ സ്വരുമയാലും ഒരിക്കലും ഇളക്കപ്പെടാത്ത ഉറപ്പാലും, വിശ്വസിക്കെണ്ടഗൌരവമായതു ഇടവിടാതെയുള്ള ആന്തരത്താലും ഇതു ദൈവത്തിന്റെ കൈവേലയാകുന്നുവെന്നു സ്പഷ്ടമാകുന്നു. നാനാഭാഗങ്ങളിലും കാണത്തക്ക വിധത്തിൽ ഒരു കൊടി ആകാശത്തിലെക്ക ഉയൎത്തി ഈ തിരുസ്സഭ അവിശ്വാസികളെ തന്റെ പക്കലേക്കക്ഷണിക്കയും വിശ്വാസികളായ തന്റെ മക്കളെ സ്ഥിരമായി ഈ വിശ്വാസത്തിൽ ഉറപ്പിക്കയും ചെയ്യുന്നു.

വെളിപ്പെടുത്തിയ സത്യങ്ങളെ പഠിപ്പിക്കുന്നതിന്നായി ദൈ

വത്തിന്റെ പുത്രൻ എപ്പോൾ തിരുസ്സഭക്കു അധികാരം കൊടുത്തു?

മിശിഹാ തന്റെ ഉയിപ്പിന്റെ ശേഷം താൻ ആകാശത്തു എഴുന്നെള്ളുന്നതിന്നു മുമ്പു തന്റെ ശ്ലീഹന്മാരോടു ഇപ്രകാരം പറഞ്ഞു. നിങ്ങൾ പൊയി സകല ജാതിക്കാരൊടും ഉപദേശിക്ക. ബാവായുടെയും പുത്രന്റെയും റൂഹാദക്കുദശായുടെയും നാമത്തിൽ മാമ്മൊദീസാ മുക്കി, ഞാൻ നിങ്ങളൊടു പ്രമാണിച്ചതു സകലതും കാക്കുന്നതിന്നായി ഉപദേശിക്ക. ഇതാ ഞാൻ ലോകാവസാനംവരെയും എല്ലാദിവസവും നിങ്ങളൊടുകൂടെ ഉണ്ടായിരിക്കുന്നു. ഈ വചനങ്ങളാൽ ഈശൊമിശിഹാ തന്റെ ശ്ലീഹന്മാൎക്കും അവരുടെ അനുഗാമികൾക്കും വിശ്വാസ സത്യങ്ങളെ പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള അധികാരം കൊടുക്കയും മിശിഹായുടെ വചനം പോലെ ഇവരുടെ വചനങ്ങളെയും കേട്ടുവിശ്വസിക്കുന്നതിന്നു തന്റെ ഈ വചനങ്ങളാൽ നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിരസിക്കുന്നവൻ എന്നെയും നിന്ദിക്കുന്നു എന്നു പറഞ്ഞു. തന്റെ ശ്ലീഹന്മാരെയും ഇവരുടെ അനുഗാമികളെയും ബഹുമാനിക്കയും ഇവൎക്കു കീഴ്വഴങ്ങുന്നതിന്നു സകല മനുഷ്യരെയും കടപ്പെടുത്തുകയും ചെയ്തു.

വിശുദ്ധ കത്തോലിക്കാ പള്ളിയുടെ തലവൻ ആരാകുന്നു?

വിശുദ്ധ കത്തോലിക്കാ പള്ളിയുടെ കാണപ്പെടാത്ത തലവൻ നമ്മുടെ കൎത്താവീശൊമിശിഹായും കാണപ്പെടുന്ന തലവൻ റോമ്മാ മേല്പട്ടക്കാരനാകുന്ന വിശുദ്ധ പാപ്പായും ആകുന്നു.

വിശുദ്ധ പാപ്പാ ശുദ്ധ കാതൊലിക്കാ പള്ളിയുടെ കാണപ്പെടുന്ന തലവൻ ആകുന്നതു എന്തു ?

ഇഹലോകത്തിൽ ഈശൊ മിശിഹാ തന്റെ വികാരിയും തിരുസ്സഭയുടെ കാണപ്പെടുന്ന തലവനുമായി വിശുദ്ധ പത്രൊസിനെ സ്ഥാപിക്കയും റോമ്മാ മാൎപ്പാപ്പാന്മാർ വിശുദ്ധ പത്രൊസിന്റെ സാക്ഷാലുള്ള അനുഗാമികളും ആയിരിക്കയും ചെയ്യുന്നതിനാൽ ശുദ്ധ പാപ്പാ വിശുദ്ധ കാതൊലിക്കാ പള്ളിയുടെ കാണപ്പെടുന്ന തലവനാകുന്നു.

വിശുദ്ധ പത്രൊസിനെതിരുസ്സഭയുടെ തലവനായി ഈശൊമിശിഹാ എപ്പൊൾ സ്ഥാപിച്ചു?

മിശിഹാ തന്റെ മരണത്തിൻ മുമ്പുതന്നെ ഈ ഉന്നത സ്ഥാനം വിശുദ്ധ പത്രൊസു ജീവനുള്ള ദൈവത്തിന്റെ പുത്രൻ നീയാകുന്നുവെന്നു വിശ്വസിച്ചുപറകയിൽ ഈ തന്റെ വിശ്വാസത്തിന്റെ സമ്മാനമായി പറഞ്ഞൊത്തു. നീ കല്ലാകുന്നു. ഈ കല്ലിന്മെൽ (തന്നെ) എന്റെ പള്ളിയെ ഞാൻ പണിയും; നരകത്തിന്റെ വാതിലുകൾ അതിനൊടു പ്രബലപ്പെടുകയില്ല. ഞാൻ ആകാശരാജ്യത്തിന്റെ

താക്കോൽ നിനക്കു തരും. നീ ഭൂമിയിൽ കെട്ടുന്നതു സകലതും ആകാശത്തിലും കെട്ടപ്പെട്ടതായിരിക്കും. ഭൂമിയിൽ അഴിക്കുന്നതു സകലതും ആകാശത്തിലും അഴിക്കപ്പെടുന്നതായിരിക്കും. വീണ്ടും, താനുയൎത്തശേഷം എന്റെ കുഞ്ഞാടുകളെയും പള്ളാടുകളെയും മേയിക്കായെന്നും പറഞ്ഞു തന്റെ സകല ജ്ഞാന ആട്ടിൻ കൂട്ടത്തിൽ ആകമാന ഇടയനായി സ്ഥാപിച്ചു. ആടുകളുടെ ശേഖരത്തിൽ വിശ്വാസികളെയും പള്ളാടുകളുടെ എണ്ണത്തിൽ മെത്രാന്മാരെയും ശേഷം മേലധികാരികളെയും എണ്ണുകയും ചെയ്തു.

തിരുസ്സഭയുടെ കാണപ്പെടുന്ന തലവന്റെ സ്ഥാനത്തിൽ പത്രോസിന്നു എന്തിനായി അനുഗാമികൾ ഉണ്ടാകേണ്ടിയിരിക്കുന്നു?

എന്തുകൊണ്ടെന്നാൽ തിരുസ്സഭ ഒരു സമുദായവും ഇതു ലോകാവസാനം വരെ നിലനില്ക്കേണ്ടതായിരിക്കുന്നതിനാലും വിശുദ്ധ പത്രോസിന്റെ ശേഷം മഹാദുരിതങ്ങളിലും സങ്കടങ്ങളിലും ഇരിക്കുന്ന ൟ തിരുസ്സഭയെ ഭരിച്ചു ഇതിലുള്ള വിശ്വാസികളെ നേർവഴിക്കു സദാ കൊണ്ടുപൊകുന്നതിന്നു ദൈവ ജ്ഞാനത്താലും സ്വഭാവിക ന്യായത്താലും കാണപ്പെടുന്ന ഒരു തലവൻ ഉണ്ടാകാതെയിരുപ്പാൻ പാടില്ല എന്നതിനാലാണ്.

റോമ്മാമേലധികാരിയായ പാപ്പാ വിശുദ്ധ പത്രോസിന്റെ പിൻഗാമിയാകുന്നതെന്തു ?

പരിശുദ്ധ പത്രോസു ദൈവത്തിന്റെ പ്രത്യേക തോന്നിപ്പാൽ റോമ്മാ തന്റെസ്വന്തസ്ഥലമായി തെരിഞ്ഞെടുക്കയുംഇതിന്റെ മെത്രാനായി വാഴുകയും ഇവിടെത്തന്നെ മരിക്കയും ചെയ്തു. ആയതിനാൽ ശ്ലീഹാക്കൂട്ടത്ത സിംഹാസനമെന്നും വിളിച്ചുവരുന്നു. വിശുദ്ധ പാപ്പാ ൟശൊമിശിഹായുടെ വികാരിയും വിശുദ്ധ കാതൊലിക്കാപ്പള്ളിയുടെ തലവൻ എന്നു ൟ ഉന്നത സ്ഥാനത്തിൽ വിശുദ്ധ പത്രൊസിന്റെ അനുഗാമിയായി റോമ്മാസിംഹാസനത്തെ ഭരിക്കുന്നതിനാലും തന്റെ അനുഗാമിയെന്നു പറയപ്പെടുന്നു.

റോമ്മാമേലധികാരിയെ പാപ്പായെന്നു വിളിച്ചുവരുന്നതെന്തു?

പാപ്പായുടെ അൎത്ഥം പിതാവെന്നാകുന്നു. താൻ തന്നെ സകല വിശ്വാസികളുടെയും ആത്മ പിതാവു എന്നു നാം വിശ്വസിക്കയും ചെയ്യുന്നു.

## മാപ്പാപ്പാമാരുടെ തെററില്ലായ്മയെന്ന വരത്തെക്കുറിച്ചുള്ള പഠിതം.

ശുദ്ധ പത്രൊസിന്നും തന്റെ അനുഗാമികളായ റോമ്മാമാപ്പാപ്പാന്മാൎക്കും മിശിഹാ പ്രത്യേകമായി നൽകീട്ടുള്ള വരം തെററില്ലായ്മയെന്നതാകുന്നു. ഇതിനെക്കുറിച്ചു, വിശ്വാസികൾ പലപ്പൊഴും പൂൎണ്ണമായി ഗ്രഹിക്കാതെ അനാവശ്യമായ തൎക്കത്തിന്നും സംശയങ്ങൾക്കും ഇടയാക്കുന്നതിനാൽ, ഈ തെററില്ലായ്മയെക്കുറിച്ചു സംഗ്രഹമായി പറയാം. വിശ്വാസികളിൽ പലരുടെയും ചോദ്യം, ദൈവത്തിന്നു മാത്രമെ തെററില്ലായ്മയെന്ന ലക്ഷണമൊള്ളുവെന്നും, അതിനാൽ മാപ്പാപ്പാ, നാമെല്ലാവരെപ്പോലെ ഒരു മനുഷ്യനായിരിക്കുന്നതിനാൽ എപ്രകാരം ഈ ലക്ഷണം (വരം) ഉണ്ടാകുവാൻ പാടുണ്ടെന്നും ഏതു കാൎയ്യങ്ങളിൽ, എപ്പൊൾ തെററാതിരിപ്പാൻ പാടുണ്ടെന്നും ആണ. മാപ്പാപ്പാക്കു ദൈവത്തെപ്പോലെ തെററില്ലായ്മയെന്ന ലക്ഷണം ഉണ്ടെന്നു ഒരിക്കലും പറവാൻ പാടില്ല, എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ തെററില്ലായ്മ തനിക്കു സ്വഭാവികത്താലെയുള്ളതും ശുദ്ധ പാപ്പായ്ക്കുള്ള തെററില്ലായ്മ ദൈവത്തിന്റെ ദാനത്താലെയും "നിന്റെ വിശ്വാസത്തിനു ഭംഗംവരാതിരിപ്പാൻ വേണ്ടി നിനക്കുവേണ്ടി ഞാൻ അപേക്ഷിച്ചു, നീയൊരിക്കൽ തിരിഞ്ഞു നിന്റെ സഹൊദരന്മാരെ നീ ഉറപ്പിക്കാ" എന്നു മിശിഹാ അരുളിച്ചെയ്തതിനാലെയും ആകുന്നു.

എന്നാൽ തിരുസ്സഭ ലോകാവസാനംവരെ നിലനില്ക്കേണ്ടതാകയാലും ഈ തിരുസ്സഭയുടെ കൊടാകോടി അംഗങ്ങൾ രക്ഷപ്രാപിപ്പാനുള്ള പോംവഴികളെ കാണിക്കയും, വിശ്വാസ സത്യങ്ങളെ അവരെ പഠിപ്പിച്ചു, നിശ്ചയമായി രക്ഷയുടെ തുറമുഖത്തു കൊണ്ടുചേൎക്കുന്നതിന്നും, ശുദ്ധ പത്രൊസിന്നും തന്റെ അനുഗാമികളായ റോമ്മാ മാപ്പാപ്പാന്മാൎക്കും ഈ വരം നൽകിയതിനെക്കുറിച്ചു യാതൊന്നും വിസ്മയിപ്പാനില്ലാം. എന്നാൽ ഈ തെററില്ലായ്മയെന്ന വരം സകല കാൎയ്യങ്ങളിലും ദൈവം നൽകിയിട്ടില്ലായെന്നു വിശുദ്ധ കാതൊലിക്കാപള്ളി തന്നെ നമ്മെ പഠിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ശുദ്ധ പാപ്പായും ഭൂലൊകത്തിലുള്ള സകല മെത്രാന്മാരും ഒരുമിച്ചു കൂടിയാലും വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതും, ശ്ലീഹന്മാർ പാരമ്പൎയ്യപഠിതമായി പഠിപ്പിച്ചതു മല്ലാതെ, യാതൊരു സത്യവും നൂതനമായി പഠിപ്പിപ്പാൻ പാടാകുന്നതല്ല. ആയതിനാൽ വിശ്വാസം സന്മാൎഗ്ഗം സംബന്ധമായ കാൎയ്യങ്ങളിലല്ലാതെ മാപ്പാപ്പാന്മാൎക്കു തെ

ററില്ലായ്മയെന്ന വരം പറഞ്ഞൊത്തിട്ടില്ല. ഇപ്രകാരമല്ലാതെ സകല കാൎയ്യങ്ങളിലും തെററില്ലാത്തവൻ എന്നൊ ദോഷം പിഴെപ്പാൻ പാടില്ലാത്തവനെന്നൊ വിശുദ്ധ കാതോലിക്കാപള്ളി നമ്മെ പഠിപ്പിക്കുന്നുമില്ല. മാൎപ്പാപ്പായും ആഴ്ചതോറും ഒരു വട്ടക്കാരന്റെ മുമ്പാകെ ഏററമെളിമ വിനയത്തോടെ മുട്ടുകുത്തി നാമെല്ലാവരെക്കാളും മനസ്താപത്തോടു തന്റെ ദോഷങ്ങളെ പറഞ്ഞു കുമ്പസാരിച്ചു വരുന്നു.

എന്നാൽ വിശ്വാസ സത്യങ്ങൾക്കും സന്മാൎഗ്ഗത്തിനും എതിരായി പതിതർ അവരുടെ സ്വന്ത അഭിപ്രായത്തിന്മെൽ ചാഞ്ഞുകൊണ്ടു ഏതെങ്കിലും തെററുകൾ പഠിപ്പിപ്പാൻ ആരംഭിക്കുമ്പൊൾ തിരുസ്സഭയുടെ ആകമാനയിടയനായ വിശുദ്ധ പാപ്പാ, മിശിഹാ തന്നെ ഭരമേല്പിച്ച ആട്ടിൻ കൂട്ടത്തെ ചെന്നായ്ക്കളുടെ വായിൽ നിന്നു രക്ഷിച്ചു, നേർ വഴി കാണിച്ചു കൊടുക്കുന്നതിന്നായി ഇടത്തൂടിനെയും അതിന്റെ കാരണക്കാരനെയും ശപിക്കയും, വിശ്വാസ സത്യത്തെ, താൻ ആകമാന ഇടയന്നടുത്തതും മല്പാന്നടുത്തതുമായ അധികാരം വഹിച്ചു, പത്രൊസിന്റെ സിംഹാസനത്തിൽ നിന്നു വിശ്വാസ സത്യങ്ങളെ ശാപത്തിൻ കീഴ വിശ്വസിപ്പാനായി, സകലരെയും കടമ്പെടുത്തുന്നു. ദൃഷ്ടാന്തമായി പറഞ്ഞാൽ, ശ്ലീഹന്മാർ ഓർശ്ലെമ്മിൽ സൂനഹദൊസു കൂടിയതിൽപിന്നെയുള്ള ഒന്നാമത്തെ സൂനഹദൊസു ൩൨൫-ൽ നിക്ക്യായിൽ, അരിയൊസ് എന്ന ദൈവദ്രോഹി ഈശൊമിശിഹാ സത്യമായ ദൈവമെന്നു നിഷേധിച്ചു ഇടത്തൂടിനെ പഠിപ്പിക്കയിൽ, ഈ അബദ്ധപഠിതത്തെ ശപിക്കുന്നതിന്നാവശ്യംവരികയും, ഈ ആകമാനസൂനഹദൊസിൽ, ഈശൊമിശിഹാ സത്യമായ ദൈവമെന്നും സത്യമായ മനുഷ്യനെന്നും വ്യക്തമായി നിശ്ചയിച്ചുറപ്പിക്കയും ചെയ്തു. ഈ വിശ്വാസ സത്യം ശുദ്ധ നിക്ക്യാ സൂനഹദൊസു നൂതനമായി ഉണ്ടാക്കി പഠിപ്പിച്ചതാണൊ? ഈ കാൎയ്യത്തിൽ എന്തെങ്കിലും വേദ പുസ്തകത്തിലില്ലാത്തതൊ, വേദപാരഗന്മാർ പഠിപ്പിക്കാത്തതൊ, ഉണ്ടായെന്നു ആലൊചിപ്പിൻ!

ഇപ്രകാരമുള്ള കാൎയ്യങ്ങളിൽ പത്രൊസിന്റെ അനുഗാമികളായിരിക്കുന്ന മാൎപ്പാപ്പാന്മാർ തെററില്ലാത്തവർ എന്നു പറയുന്നതിൽ വിസ്മയിപ്പാനാവശ്യമുണ്ടൊ? തെററില്ലായ്മയെന്ന പദം ശുദ്ധകാതൊലിക്കാപള്ളി വ്യാഖ്യാനിച്ചിരിക്കുന്നതു, ഈ വിധത്തിൽ ആകുന്നുവെന്നതു നിശ്ചയം. മാൎപ്പാപ്പാന്മാൎക്കു ഈ വരം ഉണ്ടെന്നുള്ളതു ഭൂലൊകമൊട്ടുക്കു വിശ്വസിച്ചു വന്നിരുന്ന ഒരു സത്യമായിരുന്നാലും, വത്തിക്കാൻ സൂനഹദൊസിൽ വെച്ചാണ വ്യക്തമായി ഈ തെററില്ലായ്മയെക്കുറിച്ചു നിശ്ചയിച്ചുറപ്പിച്ചതു. ശ്ലീഹന്മാരുടെ കാലം മുതൽ വത്തിക്കാൻ സൂനഹദൊസുവരെ മാൎപ്പാപ്പാന്മാരുടെ കല്പനകൾക്കും നി

യമങ്ങൾക്കും യാതൊരു മെത്രാനാകട്ടെ, പട്ടക്കാരനാകട്ടെ, അൽമേനിയാകട്ടെ എതൃക്കാതെയിരുന്നതു തന്നെ നാം പറഞ്ഞതിനെ ഉറപ്പിക്കുന്നു. എന്നാൽ ആരെങ്കിലും ആകമാന ഇടയൻെറ നിയമങ്ങളെ സ്വീകരിക്കാതെയിരുന്നാൽ തൽക്ഷണം ഇടത്തൂട്ടുകാരനായി തള്ളപ്പെട്ടിരുന്നു. ഉദാ. കർത്താജിനയുടെ മെത്രാനായ ശുദ്ധ ചിപ്രിയാനൊസു, ഇടത്തൂട്ടുകാർ നാംകൊടുക്കുന്ന വിധത്തിൽ തന്നെ മാമ്മൊദീസാ കൊടുക്കുന്നുവെങ്കിലുംഅയതുവാസ്തവമല്ലായെന്നും, അയതിനാൽഅങ്ങിനെകൊടുത്തമാമ്മോദീസാ ശു: കാസൊലിക്കാ വെദത്തിൽ വീണ്ടും കൊടുക്കെണമെന്നും പഠിപ്പിച്ചിരുന്നു. കടശി ശുദ്ധ ചിപ്രിയാനൊസു വേദസാക്ഷിയായി മരിച്ചുവെങ്കിലും, അപ്പൊൾ ശുദ്ധ പള്ളിയെ ഭരിച്ചിരുന്ന ശു: എസ്തപ്പാനൊസു പാപ്പാ ചിപ്രിയാനൊസിനെ കഠിനമായി ശാസിക്കയും ചെയ്തു.

എന്നാൽ വത്തിക്കാൻ സൂനഹദൊസിൽ, മാർപ്പാപ്പാന്മാരുടെ തെററില്ലായ്മയെക്കുറിച്ചു ഉറപ്പിക്കുന്നതിന്നായി ആലോചിച്ചപ്പൊൾ ജെർമ്മനിയാ, അമേരിക്കാ, മുതലായ രാജ്യങ്ങളിലെ മെത്രാന്മാർ, ഇതിനെ കുറിച്ചു വാദിച്ചുവെന്നു പറയുന്നുണ്ടു. സാക്ഷാൽ വിശുദ്ധ പത്രൊസിൻെറ അനുഗാമികളായ റോമ്മാ മാർപ്പാപ്പാന്മാൎക്കു ഈ വരം നൽകിയിട്ടില്ലായെന്നൊ അല്ലെങ്കിൽ ഇതു ഇവൎക്കു ചേരാത്തതെന്നൊ പറഞ്ഞിട്ടില്ലാ. പിന്നെയൊ തൽക്കാലം വളരെ വിപരീതങ്ങളും ഞെരുക്കങ്ങളും ഉണ്ടായെക്കുമെന്നുഭയന്നുംഈഅവസരത്തിൽ ഉറപ്പിക്കുന്നതു ഉചിതമല്ലെന്നു മാത്രമെ അവരുടെ വാദമുണ്ടായിരുന്നുള്ളു. ൧൮൭൦-ാം കാലം കൎക്കടകമാസം ൧൮-ാം നു- വത്തിക്കാൻ സൂനഹദൊസിൽ കൂടിയ അഞ്ഞൂറിലധികം മെത്രാന്മാരിൽ രണ്ടു പേരൊഴികെ ശേഷമുള്ളവരൊക്കയും, വിശ്വസിക്കയും വിശ്വാസസത്യമായി ഉറപ്പിച്ച ശേഷം ഈ രണ്ടു പേരും കടശി വിശ്വസിക്കുന്നുവെന്നു പ്രസിദ്ധമായി എല്ലാവരുടെ മുമ്പാകെ ഏററു പറകയും ചെയ്തു. അയതിനാൽ അനേക യുഗം മുമ്പു വിശ്വസിച്ചു വന്നിരുന്ന സത്യത്തെ ഈ ആകമാന സൂനഹദൊസിൽ വ്യക്തമായി നിശ്ചയിച്ചുറപ്പിച്ചു സകല വിശ്വസികളെയും വിശ്വസിപ്പാൻ ശാപത്തിൻ കീഴ കടപ്പെടുത്തുകയും ചെയ്തു.

വിശുദ്ധ കാസൊലിക്കാ പള്ളിയെ തിരിച്ചറിവാനുള്ള അടയാളങ്ങൾ ഏവയാകുന്നു ?

ഏകമായിട്ടുള്ളതും പരിശുദ്ധമായതുംസാധാരണമായുള്ളതും ശ്ലീഹാക്കടുത്തതുമെന്നിവ നാലാകുന്നു. ഇവ വഴിയായി ഈശൊമിശിഹാ സ്ഥാപിച്ച പള്ളിയിൽ നിന്നു അബദ്ധമായ പള്ളിയെ തിരിച്ചറിവാൻ പാടുണ്ടു.

വിശുദ്ധ കാസൊലിക്കാ പള്ളി ഏകമായിട്ടുള്ളതെന്നു എന്തു അ

ൎത്ഥത്തിലാണ നിഷ്പറയുന്നതു ?

ഈശോമിശിഹാ ഭൂമിയിങ്കൽ ഒരുത്രപിക്കപ്പെട്ടത്ത സഭയെ സ്ഥാപിക്കയും ഈ വിശുദ്ധ സഭയിൽ നാനാഭാഗങ്ങളിൽ ഉള്ള ആളുകൾ ഉണ്ടായിരുന്നാലും ഇവരെവരും മിശിഹാസ്സും ഏക ഇടയനായ റോമ്മാ മേല്പട്ടക്കാരനും കീഴ്പ്പെടുന്നതിനാലും ഒരെവിശ്വാസവും പ്രമാണങ്ങളും എല്ലാവൎക്കും ഒരെപ്രകാരമുള്ള കൂദാശകളുടെ കൈക്കൊള്ളപ്പാടും ഉണ്ടായിരിക്കുന്നതിനാൽ ഈ തിരുസ്സഭ ഏകമായിട്ടുള്ളതെന്നു പറയുന്നു. ശീസ്മക്കാരും ഇടത്തൂട്ടുകാരും തിരുസ്സഭയുടെ തലവനു കീഴ്പ്പെടാത്തതിനാലും വിശ്വാസരഹസ്യങ്ങളിൽ പലതും വിശ്വസിക്കാത്തതിനാലും വിശുദ്ധ കാസൊലിക്കാ പള്ളിക്കു പുറത്താകുന്നു.

നമ്മുടെ സഹൊദരന്മാരായ ശീസ്മക്കാൎക്കും ഇടത്തൂട്ടുകാൎക്കും വേണ്ടി നാം എന്തു ചെയ്യേണ്ടിയിരിക്കുന്നു ?

ഇവൎക്കു വേണ്ടി പാപികളുടെ സങ്കെതമായ ദൈവ ജനനിയൊടും നമ്മുടെ സ്നെഹത്താൽ കുത്തിത്തുറക്കപ്പെട്ട ഈശോമിശിഹാടെ തിരുഹൃദയത്തൊടും സദാ ഇവൎക്കു വേണ്ടി പ്രാൎത്ഥിക്കയും ഇവരും സത്യ തിരുസ്സഭയെ അറിഞ്ഞു ഏക ഇടയനായ റൊമ്മാമേല്പട്ടക്കാരനു കീഴ്പ്പെടുന്നതിനു ഇടവരുത്തുന്നതിന്നായി ഇടവിടാതെ പ്രയത്നം ചെയ്കയും ചെയ്യുന്നതു.

തിരുസ്സഭ ഒന്നായിരിക്കുന്നുവെങ്കിൽ കിഴക്കെ പള്ളിക്കാർ, പടിഞ്ഞാറെ പള്ളി, മിലാൻ പള്ളി. മുതലായ പേരുകൾ എന്തിന്നു പറയുന്നു ?

പ്രത്യേക തലവന്മാരുടെ കീഴപ്രത്യേക കൂട്ടമായിരിക്കുന്നതിനാൽ ഇപ്രകാരം പറയുന്നു. എങ്കിലും പടയാളികളും പടയാളികളുടെ തലവന്മാരും ആകമാന അല്ലെങ്കിൽ പ്രധാന തലവനു കീഴ്പ്പെടുന്നതുപോലെ ഭൂലൊകത്തിലുള്ള സകല പാത്രിയൎക്കീസന്മാരും മെത്രാന്മാരും ഇവരുടെ അധികാരത്തിൽ ചേൎന്നവിശ്വാസികളും റോമ്മാമേല്പട്ടക്കാരനു കീഴ്പ്പെടുകയും ചെയ്യുന്നു.

തിരുസ്സഭ പരിശുദ്ധമായതെന്നു എന്തുകൊണ്ടു പറയുന്നു?

പ്രധാനമായി മൂന്നു സംഗതികളാൽ തിരുസ്സ പരിശുദ്ധമായതെന്നു പറയുന്നു. ഒന്നാമതു ഈ തിരുസ്സഭയുടെ തലവൻ ഈശോമിശിഹാ എല്ലാവരിലും പരിശുദ്ധനാകുന്നു. രണ്ടാമതു തിരുസ്സഭയിലെ വിശ്വാസവും നടപടിയും വിശുദ്ധ കൂദാശകളും നന്മയെ ചെയ്യുന്നതിന്നു കല്പിക്കുന്നതും തിന്മയെ വിലക്കുന്നതിന്നും ന്യായമായ പ്രമാണങ്ങളും ഇവയെല്ലാം പരിശുദ്ധമുള്ള വയാകുന്നു. മൂന്നാമതു തിരുസ്സഭയിൽ വിശ്വാസത്താൽ തന്നെയല്ല പുണ്യത്താലും സാംഗൊപാംഗ ജീവിതത്താലും പരിശുദ്ധതയുടെ എകരപ്പെട്ട പദവിയിൽ

ക്കേറിയിരുന്ന പരിശുദ്ധന്മാരും സംശയമെന്ന്യെ ഉണ്ടാക്കിയിരിക്കയും ഉണ്ടാക്കുവാൻ പാടുള്ളതും ആകുന്നു. ഇവരുടെ പരിശുദ്ധതയെ ഉറപ്പിക്കുന്നതിന്നായി ദൈവം തന്നെ ഇവരുടെ ജീവിതകാലത്തിൽ പലപ്പൊഴും മരണത്തിന്റെ ശെഷവും അനേക അത്ഭുതങ്ങൾ ചെയ്തുവരുന്നു.

കാതൊലിക്കാ പള്ളിയെന്നു പറയുന്നതിന്റെ അൎത്ഥമെന്തു ?

കത്തൊലിക്കായെന്ന പദം ഗ്രെക്കു ഭാഷയിൽ നിന്നു വന്നതായിരിക്കുന്നതിനാൽ ഇതിന്റെ അൎത്ഥം ആകമാനമായിട്ടുള്ളതു അല്ലെങ്കിൽ പൊതുവായിട്ടുള്ളതു എന്നാകുന്നു. ൟ വിശുദ്ധകത്തൊലിക്കാപള്ളി ദൈവത്തിന്റെ നിയൊഗപ്രകാരം ഒരെ പ്രതാപമായി എല്ലാകാലങ്ങളിലും എല്ലായിടത്തും ഉണ്ടാകേണ്ടതും ഏതെല്ലാരാജ്യങ്ങളിലുംഭാഷക്കാരും ഉള്ളതായിരുന്നാലും ഇവരെവരും ഒരെക ഇടയന്റെ കീഴ ആയിരിക്കയും ചെയ്യുന്നു.

ശ്ലീഹാസ്ഥാനത്തുഎന്നു പറയുന്നതിന്റെ സാരമെന്തു ?

തിരുസ്സഭയെ ശ്ലീഹന്മാരുടെ കാലം മുതൽ തുടരെ തുടരെ ഭരിക്കയും വിശുദ്ധ പത്രൊസിൽ നിന്നൊ തന്റെ അനുഗാമികളായ റോമാ മാൎപ്പാപ്പായിൽ നിന്നൊ പട്ടവും അധികാരവും ലഭിച്ചിട്ടുള്ളവരല്ലാതെ വിശ്വാസികളെ ഭരിപ്പാനാകട്ടെ പഠിപ്പിപ്പാനാകട്ടെ പാടില്ലാഴികയാൽ ശ്ലീഹാസ്ഥാനത്തതെന്നു പറയുന്നു. റോമാസിംഹാസനത്തിനു ശ്ലീഹാസ്ഥാനത്ത സിംഹാസനമെന്നും റോമാപള്ളിയെന്നും വിളിച്ചുവരുന്നുണ്ടു.

തിരുസ്സഭ നമ്മെപഠിപ്പിക്കുന്ന വിശ്വാസരഹസ്യങ്ങൾ സ്വാഭാവികന്യായത്തിനു എതിരായിട്ടുള്ളതാകുന്നൊ ?

വിശുദ്ധകാതൊലിക്കാപള്ളിനമ്മെപഠിപ്പിക്കുന്ന വിശ്വാസരഹസ്യങ്ങൾസ്വാഭാവികന്യായത്തിനുവിപരീതമായിട്ടുള്ളതല്ല പിന്നെയൊ ദൈവത്തിന്റെ ജ്ഞാനത്തിനു തക്കതായിട്ടുള്ളതും മാനുഷ ബൊധത്താൽ കണ്ടുപിടിപ്പാൻ പാടില്ലാത്തതുമായിരിക്കുന്നതിനാൽ സ്വാഭാവികന്യായത്തിനു മേലായിട്ടുള്ളതു മാകുന്നു. തത്വശാസ്ത്രം പഠിച്ചിട്ടുള്ളവരുടെ ബുദ്ധികൊണ്ടു കണ്ടുപിടിപ്പാൻ പാടുള്ളകാൎയ്യങ്ങൾഇവ പഠിച്ചിട്ടില്ലാത്ത ഒരുവനു അവയുടെ ന്യായങ്ങൾ ഗ്രഹിപ്പാൻ പാടില്ലായിരുന്നാലും അവ സ്വാഭാവികന്യായത്തിനു വിപരീതമായിട്ടുള്ളതെന്നു അവന്റെ ബൊധത്തിൽ തോന്നിയിരുന്നാലും അതു അപ്രകാരമല്ലായെന്നു ശാസ്ത്രജ്ഞന്മാൎക്കു തെളിവായിരിക്കുന്നതുപോലെ ൟ രഹസ്യങ്ങൾ നമ്മുടെ ബുദ്ധിയിൽ അടങ്ങാത്തതെങ്കിലും ദൈവത്തിന്റെ അറുതിയില്ലാത്ത ജ്ഞാനത്തിനു ഒത്തതായിട്ടുള്ളതും സ്പഷ്ടമായിട്ടുള്ളതുമാകുന്നു. നിശ്ചു: കാതൊലിക്കാപള്ളിയെ കുറിച്ചു ഇത്രയും എന്നെ ഗ്രഹിപ്പിച്ചശേഷം ൟ തിരുസ്സഭയുടെ നേരെയുള്ള കടങ്ങൾ

ഏവയെന്നു എന്നെ ഗ്രഹിപ്പിച്ചാൽ കൊള്ളായിരുന്നു? ഹാ! വായനക്കാരെ! നിന്റെ ൟ അഗ്രഹം സത്യക്രിസ്ത്യാനിക്കടുത്തതായിരിക്കുന്നതിനാൽ നിന്നെ ഇവ ഗ്രഹിപ്പിക്കുന്നതിന്നു അത്യന്ത തൃപ്തിയുള്ള വനുമായിരിക്കുന്നു. എന്നുതന്നെയുമല്ല ഇവ എന്റെ കടങ്ങളിൽ ഒന്നാമത്തെതുമാകുന്നു. ആയതിനാൽ നീ ശ്രദ്ധയൊടെ കേൾക്ക! തിരുസ്സഭയുടെ നേരെയുള്ള കടങ്ങൾ പ്രധാനമായവ മൂന്നാകുന്നു. ഒന്നാമത്തു. ൟ തിരുസ്സഭെക്കു പൂൎണ്ണമായി കീഴ്പ്പെടുന്നതു. രണ്ടാമതു. വിശ്വസ്തത. മൂന്നാമതു. ൟ തിരുസ്സഭയുടെ നേരയുള്ള നിന്റെ സ്നേഹം. ആയതിനാൽ പ്രിയ വായനക്കാരെ! നീ മിശിഹായുടെ വാത്സല്യമണവാട്ടിയുടെ കല്പനകൾക്കു പൂൎണ്ണമായി കീഴ്പ്പെടുകയും മരണം വരെ ൟ തിരുസ്സഭയുടെ വിശ്വസ്ത മകനായി ജീവിച്ചു നിന്റെ മുഴുഹൃദയത്തൊടുകൂടെ ൟ നിന്റെ മാതാവിനെ സ്നേഹിക്കുന്നുവെങ്കിൽ നിന്റെ ൟ സ്നേഹത്തിനു ഒരു പാത്രം പച്ചവെള്ളത്തിനുകൂടെയും മോക്ഷഭാഗ്യത്തിൽ സമ്മാനം കൊടുക്കുന്ന ദൈവം തന്നെ തന്നെ അറുതിയില്ലാത്ത സമ്മാനമായി തരികയും ചെയ്യും. ഇപ്രകാരം നിനക്കും ൟ പുസ്തകം വായിക്കുന്ന ഏവൎക്കും ഇടവരുത്തുമാറാകട്ടെ!!

മൂന്നാം ഭാഗം സമാപ്തം.

# നാലാം ഭാഗം.

## ഇന്ത്യയിലെക്കുള്ള എന്റെ പിന്തിരിവിൽ ഇത്താല്യായിലുള്ള പല പട്ടണങ്ങളിൽ കണ്ട വിശേഷങ്ങൾ.

### വഴിയാത്ര ആരംഭം.

### പ്രസ്കാരതി.

---

എന്റെ വഴിയാത്രയാരംഭം പ്രൊപ്പഗാന്തകൊളെജിലുള്ള വിദ്യാൎത്ഥികൾ ഉല്ലാസിപ്പാനായി പോകുന്ന പ്രസ്കാരത്തിയെന്ന നഗരത്തിൻ സമീപമുള്ള "റുപിനെള്ളാ„ എന്ന സ്ഥലത്തുനിന്നാണ്, ഈ സ്ഥലം റോമ്മായിൽ നിന്നു തീവണ്ടിവഴി പോകുന്നതായിരുന്നാൽ ഒരു മണിക്കൂറിലധികം ഉണ്ടാകയില്ല. ഞങ്ങൾ ആശ്വസിപ്പാനായി പോകുന്ന ഈ നഗരം വളരെ പുരാതനവും ചരിത്ര സംബന്ധമായ പല കാൎയ്യങ്ങൾ അടങ്ങിയിരിക്കുന്നതും ആണ്. ഞങ്ങൾ താമസിക്കുന്ന ഈ സ്ഥലം ഒരുകുന്നിന്റെ മുകളിൽ മനൊഹരമായ ഒരു സ്ഥലത്താണു. ഇതിനൊട്ടു ചേൎന്നാണു "തുസ്കുളൊ„യെന്ന സ്ഥലവും, ശിഷ്ഷരൊൻ എന്ന കീൎത്തിപെട്ട പ്രസംഗി പാൎത്തിരുന്ന വീടു മെന്നതു നിശ്ചയം. ഈ പട്ടണത്തിനു ഏകദേശം രണ്ടു മൈൽ ദൂരെ "ഗ്രൊത്താഫെറാത്താ„യെന്ന ഊരുണ്ടു. ഇവിടെ ബസിലിയൊസ്സ സഭക്കാരുടെ ഒരു കൊവെന്തയുള്ളതും ഈ കോവെന്ത സ്ഥാപിച്ചതു ശുദ്ധ: നീലൊസ്സു എന്ന പുണ്യവാനുമാണ്. ഇതിനൊട്ടു ചേൎന്നു ദൈവജനനിയുടെ നാമത്തിൽ വിശേഷിക്കപ്പെട്ട ഒരു പള്ളിയും ഈ ദേവാലയത്തിൽ തന്നെ പരിശുദ്ധ ജനനിയുടെ അത്ഭുതകരമായ ഒരു സ്വരൂപവും ഉള്ളതും ൧൮൯൯ൻ കന്നിമാസം ൧൦ നു- ഈ സ്വരൂപത്തിൻ മുമ്പാകെ ഞാൻ കുൎബാനചൊല്ലുകയും ചെയ്തു. ഈ മാസം ൧൨-ാം നു- യാത്രയാരംഭിക്കുന്നതിന്റെ തലെ ദിനം, പ്രസകാത്തിയിൽ "കാപ്പൊ ക്രൊച്ചെ„യെന്ന പറയപ്പെടുന്ന ദൈവ ജനനിയുടെ നാമധെയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തിൽ പോകുന്നും, ഈ പട്ടണനിവാസികൾ വളരെ ഭക്തിയൊടെ ഈ ദേവാല

യത്തിൽ വന്ദിച്ചുവരുന്ന പരിശുദ്ധ മാതാവിന്റെ അൾത്താരയിൽ ദിവ്യ പൂജ അൎപ്പിച്ചു "റുഫിനെല്ലാ എന്ന സ്ഥലത്തെക്കു പിന്തിരിഞ്ഞു. ൟ അത്ഭുത മാതാവിൽ നിന്നു ഒരതിശയം നടന്നതായി ജനങ്ങൾ പറയുന്നതിനെ പറയാം.

അതായത്തു. ഒരിക്കൽ ഫ്രസ്കാത്തിയെന്ന പട്ടണത്തെ പിടിക്കുന്നതിനായി ശത്രുക്കൾ വരികയും ൟ മാതാവു തന്നെ, അത്ഭുതമായി കാണപ്പെട്ടു മുൻപറഞ്ഞ ശത്രുക്കളെ ഓടിച്ചു ൟ തന്റെ വാത്സല്യപട്ടണത്തെ ഇവരുടെ കൈയിൽ അകപ്പെടാതെ രക്ഷിച്ചുവെന്നാണ്.) റുഫിനെല്ലായെന്ന സ്ഥലത്തു എത്തി ഉൎബ്ബാൻ കൊളെജിലുള്ള എന്റെ സ്നേഹിതന്മാർ മേലധികാരികൾ മുതലായവരൊടു യാത്രപറകയും ൧൪-ാം നു- ശുദ്ധ കുരിശിൻ തിരുനാൾ ദിനം ഉൎബ്ബാൻ കൊളെജിലുള്ള വിദ്യാൎത്ഥികൾ പാൎത്തിരുന്ന റുഫിനെല്ലായെന്നസ്ഥലത്തുള്ള കപ്പെളയിൽ ഏകമാന കുൎബ്ബാന ചൊല്ലി ഉച്ചതിരിഞ്ഞു നാലുമണിക്കു ൟ വിശുദ്ധ കോളെജിൽ ഒമ്പതു വൎഷവും ഏഴു മാസവും പതിന്നാലു ദിവസവും മഹാ സന്തൊഷത്തൊടെ പാൎത്തു പഠിച്ച ശേഷം ഒരിക്കലും മറപ്പാൻ പാടില്ലാത്ത മേലധികാരികളിൽ നിന്നും സ്നേഹിതന്മാരിൽ നിന്നും പിരിഞ്ഞു യാത്ര ആരംഭിക്കയും ചെയ്തു.

## റോമ്മാ പട്ടണം.

ഫ്രസ്കാത്തിയിൽ നിന്നു ൭ൾ മണിക്കു തീ വണ്ടി കയറി ൬ൽ മണിക്കു റോമ്മായിൽ വരികയും ഉടൻ ശുദ്ധ പത്രോസു ശ്ലീഹായുടെ പള്ളിയിൽ പോകയും അവിടെ പത്രോസിന്റെ കുഴിമാടത്തിങ്കൽ അപേക്ഷിച്ചശേഷം അന്നെ ദിനം പ്രൊപ്പഗാന്ത കൊളെജിൽ ആശ്വസിക്കയും അതികാലമെ എഴുനീറ്റു റോമ്മായിൽ "ജെസു" അല്ലെങ്കിൽ നമ്മുടെ ദിവ്യരക്ഷിതാവിന്റെ നമധെയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തിൽ പോയി ഇന്ത്യായുടെ ശ്ലീഹായായ ശെവെൎയ്യാർ പുണ്യവാന്റെ തൃക്കൈയിരിക്കുന്ന ത്രൊണൊസിന്മെൽ ദിവ്യപൂജ അണെക്കയും പ്രൊപ്പഗാന്ത മേലധികാരികളെല്ലാവരൊടും വാഴ്‌വും അപേക്ഷിച്ചു യാത്രയും പറഞ്ഞു കാലത്തു ൮ൽ മണിക്കു „മൊന്റെ കസ്സിനൊ എന്ന കൊവെന്തകാണുന്നതിനായി തീവണ്ടികയറുകയും ചെയ്തു.

## "മൊന്തെ കസ്സീനൊ" എന്ന കൊവേന്തം.

—○※○—

കന്നിമാസം ൨൭-ാം നു ൬ൽ മണിക്കു റോമ്മായിൽ നിന്നു തീവണ്ടി കയറി ഉച്ചെക്കുമുമ്പ ൨൨ൽ മണിയൊടുകൂടെ കസ്സീനൊയെന്ന നഗരത്തിൽ എത്തുകയും അവിടെ നിന്നു കുതിരവണ്ടി വഴികമാൻെത കസ്സീനൊയെന്ന കൊവെന്തയിൽ വന്നു ചേരുകയും ചെയ്തു. ൟ കൊവെന്തയിരിക്കുന്ന സ്ഥലം ഒരു ഉയരമുള്ള മലയുടെ മുകളിൽവിഗ്രഹാരാധനകൾകഴിച്ചു വന്നിരുന്ന ഒരു പ്രബലപ്പെട്ട സ്ഥലത്താണ്. ബെനദിക്തൊസു പുണ്യവാൻ താൻ ആദ്യം താമസിച്ചിരുന്ന സുബിയാക്കൊ എന്ന സ്ഥലത്തു നിന്നു പുറപ്പെട്ടു ഏകദേശം അറുനൂറിൽ അധികം ഉയരമുള്ള ൟ മലപ്പുറത്തു വരികയും ഇവിടെ അപ്പോളുണ്ടായിരുന്ന വിഗ്രഹങ്ങൾ സകലതും ഉടെച്ചു, ൟ സ്ഥലത്തു ഒരു വിശേഷിക്കപ്പെട്ട പള്ളിയും, ഇതിനൊടടുത്ത ഒരു വലിയ കൊവെന്തയും സ്ഥാപിച്ചു. ഇപ്പൊൾ ൟ സ്ഥലത്തു സത്യദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന പള്ളി വളരെ അലങ്കാരമായിട്ടുള്ളതും, അനേകായിരം രൂപാ വിലപിടിച്ച മാബൾ കല്ലുകൾ കൊണ്ടു പണിതുട്ടുള്ളതുമാണ്. ശുദ്ധ: ബെനദിക്തൊസു സഭയിലുള്ള സന്യാസികൾ കാനൊനാ നമസ്കാരം എത്തിച്ചു വരുന്ന ഓരൊ ഇരുപ്പിടത്തിന്മെൽ ചെയ്തിരിക്കുന്ന വേലകളുടെ വാസന അവൎണ്ണനീയം തന്നെ. ൟ സഭക്കാരുടെ കൊവെന്തയൊ എന്നാൽ ഭൂലൊകമൊട്ടുക്കുള്ള അനേക കൊവെന്തകളിൽ മുഖ്യമായിട്ടുള്ളതും വിശേഷിക്കപ്പെട്ടതും അതിവിസ്താരമായതു മെന്നതിന്നു സംശയമില്ല. ൟ കൊവെന്തയിൽ അനേക മുറികളുള്ളതും ൟ സ്ഥലം സന്ദൎശിപ്പാൻ വരുന്നവൎക്കു മുറികളും ഭക്ഷണവും ഇവരുടെ ഔദാൎയ്യത്തിൻ പേരിൽ കൊടുക്കുന്നതും ഓൎക്കുമ്പൊൾ ൟ കൊവെന്ത എന്തുമാത്രം ധനപുഷ്ടിയുള്ളതെന്നും, ഇവർ എന്തുമാത്രം സഹൊദര പ്രിയന്മാർ എന്നും ആലോചിപ്പിൻ!

ഇവിടെ തന്നെ ശുദ്ധ: ബെനദിക്തൊസു പുണ്യവാൻെറ പല ഓൎമ്മകൾ കാണ്മാനുണ്ടു. അതായതു താൻ കുബ്ബാന ചൊല്ലിയിരുന്ന കപ്പെള, താൻ ഭാഗ്യപ്പെട്ട മരണം പ്രാപിച്ച മുറി. താൻ മരിച്ചു പോയ ഒരു കുട്ടിയെ ഉയൎപ്പിച്ച സ്ഥലം, ഇപ്രകാരമുള്ള പല വിശേഷിക്കപ്പെട്ട സ്ഥലങ്ങൾ കാണ്മാനുണ്ടു. എന്നാൽ മുഖ്യമായതും വന്ദിക്കത്തക്കതുമായ ഒരുവിശിഷ്ടസ്ഥലം, ശുദ്ധബെനദിക്തൊസിൻെറയും തൻെറ സഹൊദരി ശു: ദ്ധ സ്കൊളാസ്തിക്കായുടെയും തിരുശ്ശരീരങ്ങൾ അടക്കിയിരിക്കുന്ന കുഴിമാടമാകുന്നു. ഇവ മൊന്തെ കസ്സീനൊ എന്ന

സ്ഥലത്തുള്ള ഈ പള്ളിയുടെ വലിയ പീഠത്തിൻ താഴെയാണു വച്ചിരിക്കുന്നതു. ഈ പീഠത്തിന്മേൽ കന്നി മാസം ൧൬-൦൹ ശനിയാഴ്ച, ഞാൻ ദിവ്യ പൂജ അൎപ്പിക്കയും മലയാളത്തിനു വേണ്ടി ഈ മഹാത്മാക്കളോടു പ്രാൎത്ഥിക്കയും ചെയ്തു. ഇനിയും കസ്സീനൊയെന്ന മലമേൽ പല സ്ഥാപനങ്ങൾ, സിമ്മിനാരി, പാഠകശാല, മുതലായതും അനേകായിരം പുസ്തകങ്ങൾ, കൈയെഴുത്തു പുസ്തകങ്ങൾ, എമ്പ്രദോരന്മാർ രാജാക്കന്മാർ ഈ കൊവെന്തക്കു നല്കീട്ടുള്ള സാക്ഷിപത്രങ്ങൾ മുതലായ അനേക വസ്തുക്കൾ അടങ്ങിയിരിക്കുന്ന കീൎത്തിപെട്ടതും, അതിവിശേഷവുമായ ഒരു പുസ്തകശാല ഉണ്ടായിരിക്കുന്നു. ഈ വക സ്ഥലങ്ങൾ സകലതും സന്ദൎശിച്ചു ഈ സന്ന്യാസികളുടെ ബുദ്ധിസാമൎത്ഥ്യത്തെയും പരിഷ്കാരത്തിന്മെലുള്ള അസാമാന്യ ശ്രദ്ധയെയും കണ്ടു സന്തുഷ്ടിയാകയും ചെയ്തു. ഇതുകൂടാതെ കസ്സീനൊയെന്ന മലച്ചരിവിൽ ശുദ്ധ ബെനദിക്തൊസും തന്റെ സഹോദരി ശുദ്ധ സ്കൊളാസ്തിക്കായും ആണ്ടു തോറും ദൈവീക വിഷയങ്ങൾ സംബന്ധമായി സംഭാഷണം ചെയ്തുകൊണ്ടുവന്നിരുന്ന ഒരു സ്ഥലമുണ്ടായിരുന്നു. ആ സ്ഥലം തൽസമയം കാണ്മാനില്ലായെങ്കിലും, ഇവിടെ നടന്ന ഒരത്ഭുത സംഭവത്തെ പറയാം. അതായതു ഇവരിരുവരും വൎഷം തൊറും ഈ സ്ഥലത്തു കൂടിസംഭാഷണം ചെയ്തുവന്നിരുന്നു. ഇപ്രകാരം ഒരാണ്ടിൽ ഒരുമിച്ചുകൂട്ടകയും അന്നേദിനം സംഭാഷണം ചെയ്തുകൊണ്ടിരുന്ന ദൈവീക വിഷയത്തിൽ അസാമാന്യ രസത്താലും, ഔത്സുക്യത്താലും, സമയം കടന്നുപൊയതു ഇരുവരും അറിയാതെയിരിക്കയും കടശി ശുദ്ധ ബെനദിക്തൊസു ഇതു അറിഞ്ഞശേഷം തൽക്ഷണം തന്റെ സഹോദരിയൊടു യാത്രപറയുന്നതിന്നായി ആരംഭിച്ചു. അപ്പൊൾ ശുദ്ധ സ്കൊളാസ്തിക്കാ ആ രാവുമുഴുവനും തന്നൊടുകൂടെ താമസിച്ചു ദൈവിക വിഷയങ്ങളെ കുറിച്ചു തമ്മിൽ സംഭാഷണം ചെയ്യെണമെന്നു ശുദ്ധ: ബെനദിക്തൊസു പുണ്യവാനൊടു സാദ്ധ്യമായി അപെക്ഷിച്ചു. അപ്പൊൾ താൻ ഇവ സഭയുടെ ക്രമങ്ങൾക്കു വിരൊധമായിട്ടുള്ളതായിരിക്കുന്നതിനാൽ അപ്രകാരം അനുവദിപ്പാൻ പാടില്ലായെന്നു പറഞ്ഞു യാത്ര ആരംഭിക്കയിൽ ശുദ്ധ സ്കൊളാസ്തിക്കാ തന്റെ ഇരു കരങ്ങളും മേശമെൽ കൂട്ടിച്ചെൎത്തു മുഖം മറെച്ചു അല്പനേരം പ്രാൎത്ഥിക്കയും ഉടൻ ഇടിയും മിന്നലും ഉണ്ടാകയും മഴയും തോരാതെ പെയ്തുകൊണ്ടിരിക്കയും ഇതിനാൽ ശുദ്ധ ബെനദിക്തൊസു ആ രാത്രിമുഴുവനും തന്റെ സഹോദരിയൊടുകൂടെ താമസിച്ചു ദൈവകാൎയ്യങ്ങളെക്കുറിച്ചു ദൈവ കല്പനയാൽ സംഭാഷണം ചെയ്യേണ്ടിവന്നുവെന്നാണു്.

ഇവരിവരും തമ്മിൽ സംഭാഷണം ചെയ്തു പിരിഞ്ഞു കുറെദിനം ആയപ്പൊൾ ശുദ്ധ സ്കൊളാസ്തിക്കാ പുണ്യവതി മരിക്കയും തന്റെ

വിശുദ്ധ ആത്മാവു ഒരു മാടപ്രാവിൻ സ്വരൂപത്തിൽ തന്റെ ദൈവീക മണവാളന്റെ പക്കലെക്ക തന്നോടുകൂടെ വാഴുന്നതിന്നായി പറന്നു പോയതിനെ ശുദ്ധ ബെനദീക്തൊസു കാണുകയും ചെയ്തു. ൟ തന്റെ വിശുദ്ധമായുള്ള ശരീരം തന്റെ സഹൊദരൻ, കസ്സീനൊ കൊവെന്തയിലുള്ള പള്ളിയിൽ ആഘൊഷമായി കൊണ്ടുവന്നു അടക്കം ചെയ്കയും ചെയ്തതുകൂടാതെ താൻ മരിച്ചശേഷം തന്നെയും ൟ കുഴിമാടത്തിൽ തന്നെ അടക്കെണമെന്നു അവിടെയുണ്ടായിരുന്ന തന്റെ സന്ന്യാസികളൊടു പ്രമാണിക്കയും ചെയ്തു.

---

## ശുദ്ധ: പൊമ്പെമാതാവിന്റെ പള്ളി.

---

കസ്സീനൊയെന്ന നഗരത്തിൽ നിന്നു കാലത്തു ൧൧ മണിക്ക തീവണ്ടി കയറി ഉച്ചതിരിഞ്ഞു ൨ മണിക്ക നെയാപ്പൊളി പട്ടണത്തിൽ വന്നുകൂടുകയും ഇവിടെ ൨ മണിയൊളം താമസിച്ചശേഷം ൪ മണിക്ക വീണ്ടും തീവണ്ടി കയറി ൫ൽ മണിക്ക പൊമ്പെയെന്ന താഴ്വരയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കൊന്ത മാതാവിൻ ദേവാലയത്തിൽ വന്നു ചേരുകയും ചെയ്തു. അന്നുരാവു ൧൦ മണിവരെ ൟ ദേവാലയത്തിൽ നടത്തിയ സകല തിരുകൎമ്മൾക്കു കൂടുകയും പരിശുദ്ധ ജപമാലയുടെ മാതാവിൻ ത്രൊണൊസിങ്കലണഞ്ഞു നമ്മുടെ ഇന്ത്യാക്കു വേണ്ടിയും മലയാളത്തിനു വേണ്ടിയും പ്രാൎത്ഥിച്ചശേഷം "ബൎത്തൊലൊംഗൊ" എന്ന മാടമ്പിയെ കാണ്മാൻ പോകയും തന്നെ കണ്ടുവെങ്കിലും അദ്ദിനം വിശേഷാൽ ഒന്നും തന്നെ പറവാനിടയായില്ല. എന്നാൽ പിറെറ ദിനം ൟ മഹാനെ കാണുന്നതിനും സൌഖ്യമായി സംഭാഷണം ചെയ്യുന്നതിന്നും ഇടയാകുകയും ചെയ്തു. ൧൭-ാം നു- ഞായറാഴ്ച വ്യാകുല മാതാവിൻ തിരുനാളായിരുന്നതിനാൽ പൊമ്പെമാതാവിൻ ൟ വിശിഷ്ട ദേവാലയത്തിലെക്ക വീണ്ടും പൊകയും അത്ഭുതജപമാലയിൻ രാജ്ഞിയുടെ തിരു പീഠത്തിന്മേൽ ദിവ്യ പൂജ അന്നെ ദിവസം ത്രിയേക സൎവ്വേശ്വരനു സമൎപ്പിക്കയും ചെയ്തശേഷം അവിടെ നടത്തിയിരുന്ന തിരുകൎമ്മങ്ങൾക്ക കൂടുകയും ചെയ്തു. ൟ ദേവാലയം സന്ദൎശിപ്പാനായി നാനാഭാഗങ്ങളിൽ നിന്നും വരുന്ന അസംഖ്യജനത്തെ സൂക്ഷിക്കുമ്പൊൾ ൟ ദിവ്യ ജനനിയുടെ സ്വരൂപം ഭൂലൊകത്തിലുള്ളതിൽ മുഖ്യമായവയിൽ ഒന്നാകുന്നു വെന്നു സംശയമെന്ന്യെ സമ്മതിക്കെണ്ടിയിരിക്കുന്നു. ദിനം പ്രതി ൟ ദേവാലയത്തിൽ അനേക ആളുകൾ ദിവ്യ കാരുണ്യം ഉൾക്കൊള്ളുന്നതു കാണുമ്പൊൾ ൟ പുണ്യയാത്രക്കാൎക്ക പരിശുദ്ധ ജനനിയുടെ നേരെയുള്ള വിശ്വാസവും ഭക്തിയും എത്രമാത്രമെന്നു ഗ്ര

ഹിക്കാവുന്നതും ആകുന്നു.

## പൊമ്പെമാതാവിൻ ദേവാലയത്തിന്റെയും ൟ വിശിഷ്ടദേവാലയം സ്ഥാപിച്ച വെത്രാളൊ ലൊഗൊ എന്ന മാടമ്പിയുടെയും ചരിത്ര സംക്ഷെപം.

---

ൟ വിശിഷ്ടദേവാലയം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു വെസൂവിയാ എന്ന അഗ്നിപൎവ്വതത്തിൻ താഴ്വരയിൽ പണ്ടത്തെ റോമ്മാ മുതലായ രാജ്യങ്ങളിലുള്ള അജ്ഞാനികൾ വിഗ്രഹാരാധന കഴിച്ചു വന്നിരുന്ന ഒരുസ്ഥലത്താകുന്നു. പരിശുദ്ധ ദൈവമാതാവിൻ നാമധെയത്തിൽ സകല അജ്ഞാനത്തെയും ഇടത്തൂട്ടിനെയും നിൎമ്മൂലമാക്കുവാൻ ൧൯-ാം യുഗത്തിൽ സൎവ്വെശ്വരൻ തന്റെ പ്രത്യേക അനുഗ്രഹത്താൽ സകല വക തെറ്റിനൊടും എതിൎക്കുന്നതിന്നായി ഉയൎത്തപ്പെട്ട ഒരു സ്ഥാവര പീഠം സംശയമെന്നിയെ ഇതായിരിക്കുന്നു. ൟ ദേവാലയവും പൊമ്പെമാതാവിൻ ഭക്തിയും അറിയാത്ത രാജ്യവും ആളുകളും നന്നാ അപൂൎവ്വം. ൟ വിശിഷ്ട ദേവാലയത്തിന്റെ ആരംഭം എങ്ങിനെയെന്നാൽ ഇത്താല്യ രാജ്യത്തിൽ നെയാപ്പൊളി എന്ന പട്ടണത്തിൽ "ബത്തലൊളൊഗൊ" എന്ന കീൎത്തിപെട്ട വക്കീലുണ്ടായിരുന്നു. ൟയാൾ മുപ്പതു സംവത്സരത്തിലധികം വളരെ ദുഷ്ടതയിൽ ജീവിതം കഴിച്ചുവരികയും, കടശി ദൈവാനുഗ്രഹത്താൽ ൟയാൾ മനസ്സുതിരികയും ചെയ്തു. ൧൮൭൨-തുലാമാസത്തിൽ ബത്തലൊളൊംഗൊ എന്ന ൟയാൾ പൊമ്പെ താഴ്വരയിൽ തനിച്ചു തന്റെ പാപങ്ങളെക്കുറിച്ചു എപ്രകാരം പരിഹാരം ചെയ്യെണ്ടുവെന്നും പൊയ്പ്പോയ ഹൃദയ സമാധാനം എപ്രകാരം വീണ്ടു ലഭിപ്പാൻ പാടാകുമെന്നും മറ്റും ധ്യാനിച്ചിരിക്കയിൽ പെട്ടെന്നു ഒരു മാധുൎയ്യമായ സ്വരം തന്നൊടു പറയുന്നതുപോലെ കേൾക്കയുണ്ടായി. അതായതു: നിനക്കു സമാധാനം വീണ്ടു ലഭിപ്പാൻ മനസ്സാകുന്നുവെങ്കിൽ എന്റെ ജപമാലയുടെ ഭക്തിയെ നീ പരത്തുക. അതെന്തുകൊണ്ടെന്നാൽ ൟ ഭക്തി പരത്തുന്നവൻ ഒരിക്കലും നശിപ്പാൻ പാടാകയില്ല, എന്നായിരുന്നു. ഇതു കേട്ടുടൻ പറഞ്ഞതായതു: നീ ചെയ്യുവാഗ്ദത്തം സത്യമായിട്ടുള്ളതെങ്കിൽ ഞാൻ നിശ്ചയമായി രക്ഷപ്രാപിക്കുമെന്നും നിന്റെ ൟ ജപമാലയെ പരത്താതെ ൟ താഴ്വരയിൽ നിന്നു ഞാൻ പിന്തിരികയില്ലായെന്നും പറഞ്ഞു മുട്ടിന്മേൽ നിന്നു കണ്ണുനീരുധാ

രയായി ചിന്തിച്ചു ഏററം മനസ്താപത്തോടുകൂടെ പ്രാർത്ഥിപ്പാൻ തുട
ങ്ങി. ഇതിന്റെ ശേഷം അവിടെനിന്നെഴുന്നേററു മരിയംന്നാ എന്ന
തന്റെ ഭാൎയ്യയോടുകൂടെ കൊന്തമാതാവിൻ ഭക്തി ആ ഊരിലുള്ള
അഗതികളുടെ ഇടയിൽ പരത്തുകയും, ഇവരുടെ ഓരോ ഭവനങ്ങ
ളിൽ കൊന്തകളും മാതാവിൻ പടങ്ങളും ധാരാളമായി കൊടുത്തുവ
രികയും ചെയ്തിരുന്നു. എന്നാൽ ബത്തലൊളോംഗൊ എന്നാൽ കൊ
ന്തമാതാവിൻ പടം താൻ നമസ്കരിച്ചുവരുന്ന കപ്പെളയിൽ സ്ഥാപി
ക്കുന്നതിന്നായി നെപ്പൊളി പട്ടണത്തിൽ പലകച്ചവടക്കാരുടെ പീ
ടികയിലും അന്വെഷിച്ചിട്ടു കിട്ടാതെ വരികയും കടശിതന്റെ കുമ്പ
സാരക്കാരനായ ശുദ്ധ: ഡൊമ്മിനിക്കൊസു സഭയിലെ ഒരുപട്ടക്കാരൻ
എണ്ണച്ചായത്തിൽ ചിത്രമെഴുതിയ ഒരുസ്വരൂപം ഇയാൾക്കു കൊടുത്തു.
ഈ സ്വരൂപം കൊണ്ടുവന്നു പൊമ്പെതാഴ്വരയിൽ നിവസിച്ചിരുന്ന
വരുടെ ഭക്തിക്കായി ഇവിടെ ഒരു ചെറിയ കപ്പെളയുണ്ടാക്കി സ്ഥാപി
ക്കയും ചെയ്തു. ക്രിസ്ത്വാബ്ദം ൧൮൭൬ കുംഭം ൧൩-ാം ൹ ഈ കപ്പെ
ളയിൽ കൊന്തമാതാവിൻ സഭ സ്ഥാപിക്കയും അദ്ദിനം മുതൽ ഈ
വിശുദ്ധ സ്ഥലത്തു അനേക അത്ഭുതങ്ങൾ സംഭവിച്ചു തുടങ്ങുകയും
അപ്പൊൾ ബൎത്തലൊളൊംഗൊ നൊളാ നഗരത്തിൻ മെത്രാനൊ
ടു തന്റെ സ്വന്ത ചിലവിന്മെൽ ഒരു കപ്പെള വിസ്താരമായി ഇവി
ടെ പണിയിക്കുന്നതിന്നു അനുവദിപ്പാറാകെണമെന്നു അപെക്ഷിക്കയും
മെത്രാനൊ എന്നാൽ വളരെക്കാലം മുമ്പുതന്നെ ഈ സ്ഥലത്തു ഒരു
പള്ളി പണിയിക്കുന്നതിന്നു നിശ്ചയിച്ചിട്ടുണ്ടായിരുന്നു വെന്നും അയ
തിനാൽ ഈ സ്ഥലത്തു ഒരു പള്ളിയായിട്ടുതന്നെ വേണമെന്നും ആ
ലോചനയുണ്ടായി. ഈ പള്ളിക്കു ൧൮൭൬-ൽ നൊളായുടെ മെ
ത്രാൻ തന്നെ കല്ലിടുകയും ൧൮൮൭- ഇടവം ൮-ാം ൹ മൊനൊക്കൊ
ദെവല്ലെത്താ എന്ന ഉന്നത കർദിനാൾ വിശുദ്ധ പാപ്പായുടെ കല്പ
നയാൽ വളരെ ആഘൊഷമായി കൊന്തമാതാവിന്റെ അൾത്താര
കൂദാശ ചെയ്കയും വിശുദ്ധ പിതാവായ ൧൩-ാം ലെയോൻ പാപ്പാ
കൊന്തമാതാവിൻ ശിരസ്സിൽ ധരിപ്പിക്കുന്നതിനായി വജ്രം മുത
ലായ കല്ലുകൾ കൊണ്ടു ഒരു വിശേഷ്ക്കപ്പെട്ട മുടിപണിയിച്ചു കാ
ഴ്ചയായി അയക്കയും ചെയ്തു.

൧൮൯൧-ാം കാലം ഇടവം ൮-ാം ൹ ഈ വിശേഷിക്കപ്പെ
ട്ട ഈ ദേവാലയം ഏഴപത്തുനാലു മേല്പട്ടക്കാരുടെ മുമ്പാകെ വള
രെ ആഘോഷമായി അഭിഷേകം ചെയ്യപ്പെട്ട ദിനം ഒരിക്കലും മറ
ക്കപ്പെടാവുന്നതല്ല. ഈ ദേവായത്തിലുള്ള ഓരൊ പീഠത്തിന്മെൽ
ചെയ്തിരിക്കുന്ന പണിവാസനയും പരിശുദ്ധ ജനനിയുടെ സ്വരൂപ
ത്തിന്മെലുള്ള ഒരു ലക്ഷത്തിലധികം പ്രാങ്കു വിലപിടിച്ച ആഭരണ
ങ്ങളെയും എളുപ്പത്തിൽ വിവരിക്കാവതല്ല. ഈ വിശുദ്ധ ദേവാല

ത്തിൻ മുഖവാരം തീൎക്കുന്നതിന്നായി ഒരു ലക്ഷത്തിലധികം ഫ്രാങ്കു ചിലവാകുമെന്നുമാണു പറയുന്നതു. ഈ പള്ളിയിൽ കഴിച്ചുവരുന്ന പ്രധാന തിരുനാളുകൾ തുലാമാസം ആദ്യം വരുന്ന ഞായറാഴ്ച കൊന്തമാതാവിൻ തിരുനാൾ ദിനവും ഇടവം ൨൭-ാം നു ഈ പള്ളിക്കു കല്ലിട്ട തിരുനാളുമാണു. ഈ തിരുനാളുകളുടെ തലെദിനം അനെകായിരം ജനം ഭൂഗൊളത്തിൻ നാനാഭാഗങ്ങളിൽ നിന്നു വന്നുകൂട്ടുകയും രാവുമുഴവനും ഈ പള്ളിയിൽ ദൈവ ജനനിയുടെ ത്രോണൊസിൻ മുമ്പാകെ ഇടവിടാതെ പ്രാൎത്ഥിച്ചു കൊണ്ടിരിക്കയും ചെയ്യുന്നു. അന്നെ ദിനം ഇവിടെ കൂടിയിരിക്കുന്ന വിശ്വാസികളുടെ അടക്കമൊതുക്കവും ഭക്തിയും കണ്ടാൽ വിസ്മയിക്കാത്തവർ നന്നാഅപൂൎവ്വം. ഈ രണ്ടു തിരുനാളുകളിൽ പാതിരാ മുതൽ ൧൨ മണിവരെ ഈ ദേവാലയത്തിലുള്ള പത്തു പീഠത്തിന്മെലും ഇടവിടാതെ ദിവ്യപൂജ അൎപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പൊൾ പ്രഭയൊടെ വിശുദ്ധ പള്ളിയെ ഭരിച്ചുവരുന്ന ൧൩-ാം ലെയൊൻമാൎപ്പാപ്പാ ഈ പള്ളിക്കു പ്രത്യേകമായതും അസാധാരണയായതുമായ സ്ഥനമാനങ്ങൾ ചെയ്തിട്ടുണ്ടു. അതായതു ഈ ദേവാലയം തന്റെ നേരെ അധികാരത്തിൻ കീഴും ഇതിന്റെ വികാരി മാൎപ്പാപ്പായും ആകുന്നുവെന്നാണു.

## പൊമ്പെതാഴ്വരയിലുള്ള
## അനാഥമഠവും അച്ചുടിപ്പുരയും.

ബൎത്തളൊ ലൊംഗൊം എന്ന ഈ മഹാൻ പൊമ്പെ മാതാവിൻ മുൻ പറഞ്ഞ ദേവാലയം മാത്രമല്ല മറ്റു പലകെട്ടിടങ്ങൾ അനാഥമഠങ്ങൾ അച്ചുടിപ്പുരകൾ മുതലായതും സ്ഥാപിച്ചിട്ടുണ്ടു. ഇവയിൽ ഒന്നാമത്തെ അനാഥമഠത്തിൽ കാലാകാലം തടവിൽ കിടക്കുന്ന മാതാപിതാക്കന്മാരുടെ കുട്ടികളെ വളൎത്തി വേണ്ടുന്ന പഠിത്വങ്ങളും തൊഴിലുകളും അഭ്യസിപ്പിക്കുന്നതിന്നായും രണ്ടാമത്തെ അനാഥമഠത്തിൽ മാതാപിതാക്കന്മാരില്ലാത്തതും അഗതികളുമായ പെൺ പൈതങ്ങളെ പഠിപ്പിക്കുന്നതിനുമായിട്ടാണു ഈ വലിയ കെട്ടിടങ്ങൾ പണിതിരിക്കുന്നതു. ഈ അനാഥമഠങ്ങളിൽ ആൺ പൈതങ്ങളും പെൺ പൈതങ്ങളുമായി ഇരുനൂറിലധികം ഉള്ളതും ഇവരെ സകല തൊഴിലുകളും അഭ്യസിപ്പിക്കുന്നതിന്നായി വളരെ പണം ചിലവുചെയ്തു, പഠിത്വത്താലും സന്മാൎഗ്ഗത്താലും ഉത്തമന്മാരായ വാദ്ധ്യാ

ന്മാരെ ഇരുത്തി പഠിപ്പിച്ചുവരുന്നു. ഇത്ര ഔദാൎയ്യക്കാരനും മഹാനുമായ ബൎത്തലൊലൊംഗിൻെറ ശ്ലീഹാസ്സടുത്ത അതൃപ്തിയെയും പ്രവൃത്തിയെയും അഭിനന്ദിക്കാത്തവരും പ്രശംസിക്കാത്തവരും ആരും തന്നെ ഉണ്ടാകയില്ലായെന്നതു നിശ്ചയം.

## പഴെപൊമ്പെയെന്ന ജീൎണ്ണം ഭവിച്ച പട്ടണം.

ഠരം പട്ടണത്തിലെക്കു പോകുന്നതിന്നായി പൊമ്പെ മാതാവിൻെറ പള്ളിയിൽ നിന്നു ഒരുമൈലിൽ അധികം ദൂരമുണ്ടാകയില്ല. പണ്ടത്തെ കീൎത്തിപെട്ട പൊമ്പെയെന്ന പട്ടണവും അജ്ഞാനികളുടെ പ്രബലപ്പെട്ട വിഗ്രഹാരാധനസ്ഥലവും ഇവിടെ യായിരുന്നു. ഠരം പട്ടണംവെസൂവിയൊഎന്ന ഭയങ്കരഅഗ്നിപൎവ്വതത്തിൻെറ സമീപെയായിരിക്കുന്നതിനാൽ ഒരിക്കൽ ഠരം അഗ്നിപൎവ്വതം പൊട്ടി തീയും, കല്ലും, മണ്ണും ഇതിൽ നിന്നു പുറപ്പെട്ടു പൊമ്പെ പട്ടണം അശേഷം നശിപ്പിക്കയും ഠരം പട്ടണം കാണ്മാൻ പാടില്ലാത്ത വിധത്തിൽ അസകലം മണ്ണു വീണു മൂടിപ്പോകയും ആ പട്ടണ നിവാസികളെല്ലാവരുംഅഗ്നിക്കിരയായിപോകയുംചെയ്തു. ഇത് വളരെ യുഗങ്ങൾ വരെ അറിയപ്പെടാതെയിരിക്കയും, കുറഞ്ഞൊരു കാലങ്ങളായി വീണ്ടും കണ്ടുപിടിക്കയും ചെയ്തു. ഠരം കണ്ടുപിടിച്ച സ്ഥലങ്ങളിൽ അജ്ഞാനികളുടെ പല ക്ഷേത്രങ്ങളും, ബിംബങ്ങളും മററും കാണ്മാൻ പാടുള്ളതുകൂടാതെ ഠരം പഴെയ പട്ടണത്തിലെ ഭവനങ്ങളിലുള്ള ചുവരിന്മെൽചിത്രമെഴുതിയിരിക്കുന്നസ്വരൂപങ്ങൾസന്ദൎശിക്കമ്പൊൾഇവരുടെ അപ്പൊഴത്തെ ജീവിതവും പരിഷ്കാരവും എപ്രകാരമായിരുന്നു വെന്നു ഗ്രഹിക്കാവുന്നതുമാണു. ഇതുകൂടാതെ വെസൂവിയൊയെന്ന അഗ്നി പൎവതത്തിൽ നിന്നു് പുറപ്പെട്ട മണ്ണു മുതലായതു വീണു മൂടി മരിച്ചയാളുകളുടെയും മൃഗങ്ങളുടെയും പ്രേതങ്ങൾ കല്ലായി പരകപ്പെട്ടതും കണ്ടു വിസ്മയിക്കാവുന്നതാണു.

## പഗാനിയെന്ന നഗരം.

പഴയ പൊമ്പെപട്ടണത്തിൽ നിന്നു പിന്തിരിഞ്ഞു, പൊമ്പെ മാതാവിൻ ദേവാലയത്തിൽ വീണ്ടും നമസ്കരിച്ചു അന്നെദിനം അവി

ടെ അശപസിക്കയും കാലത്തു ൭ മണിക്ക പഗാനിയെന്ന നഗരത്തിലെക്ക തീവണ്ടി കയറുകയും ചെയ്തു. ൟ നഗരിയിലെക്ക പൊമ്പെതാഴ്വരയിൽ നിന്ന ഒരു മണിക്കൂറിലധിക മുണ്ടാകയില്ല. ഇവിടെ ഒരു വിശെഷദേവാലയത്തിൽആണ വിശുദ്ധ: അല്ലൊൻസു ലിഗൊരി പുണ്യവാൻെറ തിരുശ്ശരീരം വന്ദിച്ചുവരുന്നതും. ൟ പുണ്യവാൻെറ തിരുശ്ശരീരം ഇരിക്കുന്ന അൽത്താരയിൽ തന്നെ ഞാൻ ദിവ്യ പൂജ അണെക്കയും ചെയ്തു. ൟ വിശിഷ്ട ദേവാലയത്തൊടുചേൎന്നുള്ള കൊവെന്തയിലാണ ശുദ്ധ: അല്ലൊൻസുലിഗൊരി പുണ്യവാൻ താമസിച്ചതും സാൎഗ്ഗപ്രവെശനായതുംഇവിടെ താൻ ദിവ്യ പൂജ അണെച്ചുവന്ന അൽത്താരയും ഉപയൊഗിച്ചസാധനങ്ങളും കൈയെഴുത്തുകളും കാണ്മാനുള്ളതും. ഇവ സകലതും ഞാൻ സന്ദൎശിക്കയും ചെയ്തു. ൟ പുണ്യവാൻ തൊണ്ണൂറുവയസ്സോളം ജീവിക്കയും ഇതിനിടയിൽ താൻ ശുദ്ധ: പള്ളിക്ക വെണ്ടിചെയ്തിരിക്കുന്ന ശ്ലീഹാസ്ഥാനത്ത അദ്ധ്വാനങ്ങളെ മനുഷനാവാൽ വിവരിക്കാവതുമല്ല. ൟ പുണ്യവാൻ തന്നെയാണ നമ്മുടെ ദിവ്യരക്ഷിതാവിൻെറ നാമധെയത്തിൽ ഒരു സഭ, സ്ഥാപിച്ചതും ൟ സഭയുടെ ഒന്നാമത്തെ തലവനും സന്മാൎഗ്ഗശാസ്ത്രത്തിൽ ൟ പുണ്യവാനുണ്ടായിരുന്ന അസാധാരണ പഠനത്താലും അധികാരത്താലും ൯-ാം വിശുദ്ധ പീയൂസു പാപ്പാ ശുദ്ധ:അല്ലൊൻസു പുണ്യവാനെ ശുദ്ധ: പള്ളിയുടെ മല്പാനെന്ന വിളിക്കയും ഭൂലോകമൊട്ടുക്ക പ്രസിദ്ധം ചെയ്കയും ചെയ്തു. ൟ പുണ്യവാനിൽ ശുദ്ധ: കുൎബാനയുടെ നേരെയും, ദൈവ ജനനിയിന്മെലുമുള്ള ഭക്തിയിൽ വിളങ്ങിപ്രകാശിക്കയും ൟ മാധുൎയ്യ ഭക്തി എല്ലാവരിലും പരത്തുന്നതിന്നായി ആയുഷ്കാലം മുഴുവനുംഅദ്ധ്വാനിക്കയും ചെയ്തു. ൟ മഹാപുണ്യവാൻെറസകലതിരുശ്ശേഷിപ്പുകളുംവീണ്ടുംസന്ദൎശിച്ചശെഷം ൧൨-ാം ൹ കാലത്തു ൯മണിക്ക നെയാപ്പൊളിയെന്ന പ്രബലപ്പെട്ട പട്ടണത്തിലെക്ക തീവണ്ടികയറുകയും ചെയ്തു.

## നെയാപ്പൊളി പട്ടണവും ഇവിടെ കണ്ട വിശേഷങ്ങളും.

പഗാനിയെന്ന പട്ടണത്തിൽ നിന്ന മുൻ പറഞ്ഞ പ്രകാരം പുറപ്പെട്ടുഉച്ചെക്കുമുമ്പ ൧൧ മണിയൊടുകൂടെ നെയാപ്പൊളിയെന്ന പട്ടണത്തിൽ വന്നു ചേൎന്നു അന്നെ ദിനം തന്നെ ഭാഗ്യവശാൽ മാൎപ്പാപ്പാ ശുദ്ധ: പത്രൊസു ശ്ലീഹായുടെ ബസിലിക്കാ മുതലായ സ്ഥലങ്ങളിൽ തിരുകൎമ്മങ്ങൾ ചെയ്യുന്നതിന്നായി വരുമ്പൊൾ ആയത്തു വെടിപ്പായി

നടത്തുന്നതിന്നും തനിക്ക ശുശ്രൂഷ ചെയ്യുന്നതിന്നും നിശ്ചയിക്കപ്പെട്ട മൊൻസിഞ്ഞോരിനെ ഈ പട്ടണത്തിൽ വച്ചുകാണുകയും, ഇദ്ദേഹത്തെ മുൻ കണ്ടറിവുണ്ടായിരുന്നതിനാൽ ഈ പട്ടണത്തിൽ നിന്നുപിന്തിരിയുന്നതു വരെ ഈ മൊൻസിഞ്ഞോരിനൊട്ട കൂടെ താമസിക്കയും ചെയ്തു. ൧൨ മണിക്ക കാൎയ്യസ്ഥ വളരെ മനൊഹരമായി "ശിസ്റ്റെൎച്ചെൻസ്,, എന്നസഭക്കാരുടെ അതിഭംഗിയുള്ള കൊവെന്തകാണ്മാൻ പോയി. ഈ കൊവെന്തയൊടടുത്താണ് ഇവരുടെ ദേവാലയവും, ഈ വിശിഷ്ട ദേവാലയത്തിനുള്ളിൽ ചെയ്തിരിക്കുന്ന അസാമാന്ന്യ പണികളും, വില പിടിച്ച അനേക തരം മാൎബ്ബൽ കല്ലുകൾ കൊണ്ടുള്ള കൈവേലകളും കാണുമ്പൊൾ ആരെങ്കിലും വിസ്മയിക്കുമെന്നതിന്നു സന്ദെഹമില്ല. ഈ ദേവാലയത്തിൻ ചുവരിന്മേൽ മാൎബ്ബൽ കല്ലുകൾ കൊണ്ടു വളരെ പുഷ്പങ്ങൾ പണുതിട്ടുണ്ടു. ഇവകളിലൊരൊന്നിന്നു രണ്ടായിരത്തിലധികം പ്രാങ്കു വിലയാകുമെന്നു ഈ പണി പരിചയമുള്ള ഒരാൾ എന്നൊടു പറഞ്ഞു. വിസ്മയം! മുൻ പറഞ്ഞ സഭക്കാർ നമസ്കാരം എത്തിക്കുന്നസ്ഥലം സങ്കീൎത്തിമുതലായ മററനേക സ്ഥലങ്ങളുടെ വിശേഷങ്ങൾ എഴുത്താൽ വിവരിക്കാവതല്ല. ഇവ മുഴുവനും ഈ സഭയിലുള്ള സന്ന്യാസികളുടെ സ്വന്ത കയ്യാൽ ഉണ്ടാക്കപ്പെട്ടതുമാണു.

ഈ പറഞ്ഞകൊവെന്തയും, ദേവാലയവും, ഭൂലോകത്തിൽ വച്ചു പ്രബലപ്പെട്ടവയെന്നാണു കേൾവി. സാക്ഷാൽ ഇവ സന്ദൎശിക്കുന്നവർ അപ്രകാരമെന്നു തന്നെ സമ്മതിക്കേണ്ടിവരും. ഈ കോവെന്തയുടെയും ദേവാലയത്തിൻെറയും സ്ഥാപനം ഉയൎന്ന ഒരുകുന്നിന്മേൽ ആയിരിക്കുന്നതിനാൽ ഇവിടെ നിന്നു നൊക്കുമ്പൊൾ അസംഖ്യവീടുകൾ ഗോപുരങ്ങൾ, മാളികകൾ, ദേവാലയങ്ങൾ, മുതലായവ അടങ്ങിയിരിക്കുന്നനെയാപ്പെംളിപട്ടണവും മല, കപ്പൽ, മററു പലവക വിശേഷിക്കപ്പെട്ടകാൎയ്യകൾകണുന്നതുംവളരെരസകരമായിട്ടുള്ളതുതന്നെയെന്നു നിശ്ചയം. ഉച്ചതിരിഞ്ഞു രണ്ടു മണിയൊടുകൂടെ വെറെ പല വിശേഷ സ്ഥലങ്ങൾ, ദേവാലയങ്ങൾ മുതലായതു സന്ദൎശിപ്പാനായി പൊയതിൽ മുഖ്യമായിട്ടുള്ള ശുദ്ധ: ഗയത്താനൊസ്സു, ശുദ്ധ: അന്ത്രയോസു അവെല്ലീനൊ എന്നിരു പുണ്യവാന്മാരുടെ ശരീരങ്ങൾ ഇരിക്കുന്ന ദേവാലയമാണു. അന്ത്രയൊസുപുണ്യവാൻെറശരീരം വിശേഷ അറകുററംകൂടാതെയും ദുൎവ്വാടകൂടാതെയുംഇരുപ്പുണ്ടു. ഇവിടെനമസ്കരിച്ചശേഷം ഈ പുണ്യവാൻ പാൎത്തിരുന്ന മുറിയിലുംതാൻ ദിനംപ്രതി ദിവ്യ പൂജ അൎപ്പിച്ചിരുന്ന കപ്പെളയിലും പൊയതു കൂടാതെ ശുദ്ധ: ഗയത്താനൊസു പുണ്യവാൻെറ തിരുശ്ശരീരം ഇരിക്കുന്ന കപ്പെളയും സന്ദൎശിക്കയും ചെയ്തു. എന്നാലീ പുണ്യവാൻെറ ശരീരത്തൊടുകൂടെ വെറെയൊരാളുടെ ശരീരം കൂടെയിരിക്കുന്നതിനാൽ ഇന്നെ ദിനം

വരെയും പുണ്ണ്യവാന്റെ ശരീരം ഏതെന്നു തിരിച്ചറിയുന്നതിന്നു പാടായിട്ടില്ലായെന്നും ഇതു തിരിച്ചറിയുന്ന നാളുകളിൽ നെയാപ്പൊളി പട്ടണം നശിച്ചുപൊകുമെന്നും ഒരു വാൎത്തയുണ്ടു. വാസ്തവം എങ്ങിനെയെന്നു കണ്ടാൽ മാത്രമെ പറവാൻ പാടുള്ളു. ഇപ്രകാരം പല സ്ഥലം പോയികണ്ടശേഷം വൈകിട്ടു ൭ മണിക്കു നെയാപ്പൊളിപട്ടണത്തിൽ നൂതനമായി സ്ഥാപിക്കപ്പെട്ട "ക്രിസ്സൊപെഫൊറൊ കൊളൊമ്പൊ" എന്ന സത്രത്തിൽ മുൻ പ്രസ്ഥാപിച്ച മൊൻസിഞ്ഞൊരും ഞാറും ഒരുമിച്ചു താമസിക്കയും ചെയ്തു.

## യനുവാരിയൊസു പുണ്ണ്യവാന്റെ അത്ഭുതം.

കന്നിമാസം ൫ൻ-ാം നു- കാലത്തു നെയാപ്പൊളി പട്ടണത്തിൻ മദ്ധ്യസ്ഥനായ യനുവാരിയൊസു പുണ്ണ്യവാന്റെ തിരുനാളായിരുന്നതിനാൽ ഇദ്ദിനം ഠരം പുണ്ണ്യവാന്റെ ശരീരമിരിക്കുന്ന ദേവാലയത്തിലെക്കു പോകയും ഇവിടത്തെ തിരുക്കൎമ്മങ്ങൾക്കു കൂടുകയും ചെയ്തു. എന്നാൽ ആണ്ടുതൊറും ഠരം പള്ളിയിൽ ഒരു അത്ഭുതം സംഭവിക്കുന്നതിനെ പറയാം. അതായത്: നെയാപ്പൊളിലെ ശ്ലീഹായായ ശുദ്ധ യനുവാരിയൊസുസഹദായുടെഉറെച്ച കട്ടപൊലെയിരിക്കുന്ന രക്തം. മററു പ്രവൃത്തികൾ യാതൊന്നും കൂടാതെ അന്നെദിനം അത്ഭുതമായി ഉരുകി തിളച്ച ചോര പൊലെ മുമ്പിലത്തെ സ്ഥിതിയിൽ തന്നെ ആകുന്നുവെന്നതാണു. അതെങ്ങിനെയെന്നാൽ ഒരു പട്ടക്കാരൻ സ്വൎണ്ണലേഖും ഊറാലെയും ഇട്ടു ശുദ്ധ യനുവാരിയൊസു സഹദായുടെ തലയൊടിരിക്കുന്ന കപ്പെളയിൽ വരികയും ഠരം പട്ടക്കാരൻ ഠരം വേദസാക്ഷിയുടെ രക്തം ഇരിക്കുന്ന പാത്രം കൈയിൽ പിടിച്ചുകൊണ്ടു സദാ പ്രാൎത്ഥിക്കയും ഠരം ദേവാലയത്തിൽ കൂടിയിരിക്കുന്ന വിശ്വാസികളും അപ്രകാരം വളരെ വിശ്വാസത്തൊടും ഭയ ഭക്തിയൊടും പ്രാൎത്ഥിക്കയും ചെയ്യുമ്പൊൾ ഠരം അത്ഭുതം സംഭവിക്കുന്നു.

എന്നാൽ ചിലപ്പൊൾ ഠരം അത്ഭുതം, ചോര കയ്യിൽ എടുത്ത ഉടനെയും, പലപ്പൊഴും പല മണിക്കൂറുകൾ കഴിഞ്ഞിട്ടും അപൂൎവ്വമായി ഇതു സംഭവിക്കാതിരുപ്പാനും മതി. സാധാരണയായി ഇതു ആണ്ടിൽ രണ്ടു പ്രാവശ്യമാണു ഉണ്ടാകുന്നതു, ഒന്നാമതു ഇടവമാസത്തിലും രണ്ടാമതു കന്നിമാസം ൫ൻ തീയ്യതിയുമാണു. ഠരം രണ്ടു അവസരങ്ങൾ ഒഴികെ ഏതൊരു സമയത്തിലെങ്കിലും ഠരം അത്ഭുതം സം

ഭവിക്കയൊ, അല്ലെങ്കിൽ മുൻ പറഞ്ഞ ദിനം മുതൽ അതിന്റെ എട്ടാമിടം വരെ സംഭവിക്കാതിരിക്കയൊ ചെയ്താൽ നിശ്ചയമായി ൟ പട്ടണത്തിൽ എന്തെങ്കിലും നാശം ഉണ്ടാകുമെന്നു അനുഭവത്താൽ കണ്ടു വരുന്നതായി ൟ പട്ടണത്തിലുള്ളവരിൽ പലരും എന്നൊടു പറഞ്ഞു. എന്നാൽ ൟ വിശുദ്ധ സഹദാ തന്റെ കട്ടയായിരിക്കുന്ന ചോര ഉരുകിതിളപ്പിക്കുന്നതിന്നായി തന്നെയല്ല അത്ഭുതം ചെയ്യുന്നതു, പിന്നെയൊ "പ്രസ്സോളി" എന്ന സ്ഥലത്തു താൻ രക്തസാക്ഷിയായി മരിക്കയും തന്റെ തലെ ഒരു മാർബൾ കല്ലിന്മേൽ ചായിച്ച് കണ്ടിക്കപ്പെട്ടു മൊക്ഷകിരീടം പ്രാപിച്ചതിനാൽ, നെയാപ്പൊളിയിൽ മെത്രാസന പള്ളിയിൽ മുൻ പറഞ്ഞ അതിശയം സംഭവിക്കുമ്പൊൾ "പ്രസ്സൊളി സ്ഥലത്തും തല ചായിച്ച കണ്ടിക്കപ്പെട്ട മാർബൾ കല്ലും രക്തനിറമായി പകരപ്പെടുന്നു! ൟ അത്ഭുതം നടന്ന അടയാളമായി വലിയ തോക്കിൽ ൨൧ വെടി വെക്കയിൽ മുൻ പറഞ്ഞ ഇരുസ്ഥലങ്ങളിലും കൂടിയിരിക്കുന്നവർ "തെ, ദേവും" എന്ന സംഗീതം കൂട്ടമായി പാടുന്നു. ഞാൻ പൊയ ദിനം ൟ അത്ഭുതം നടന്നതു കാലത്തു പത്തു മണിക്കായിരുന്നു. ൟ സംഭവം വാസ്തവമൊ യെന്നറിയുന്നതിന്നായും പുണ്യയാത്രക്കാരായും അസംഖ്യ വിശ്വാസികളും പതിതരും കൂടെ വന്നിട്ടുണ്ടായിരുന്നു. സാധാരണ ൟ വിശുദ്ധ സഹദായുടെ കപ്പെളയിൽ അന്നെ ദിവസവും കുർബാന ചൊല്ലുന്നതിന്നു പട്ടക്കാർ അധികം വരുന്നതിനാൽ അസാദ്ധ്യമെങ്കിലും ഇനിക്കു ൟ കപ്പെളയിൽ ദിവ്യ ബലി അണെക്കുന്നതിന്നും ൟ അത്ഭുതം സംഭവിച്ചപ്പൊൾ നാലടി ദൂരം നിന്നു വെടിപ്പായി കാണുന്നതിന്നും ഭാഗ്യം കിട്ടിയതു കൂടാതെ ൟ സഹദായുടെ തിരുച്ചൊര ആദ്യമായി മുത്തുന്നതിന്നും അപ്പൊൾ ഇതിന്റെ സംഭവം സത്യമായിട്ടുള്ളതെന്നു തനതു പരിചയത്താൽ കണ്ടറിയുന്നതിന്നും ഇടയായി.

## ഒരത്ഭുത തൂങ്ങപ്പെട്ട രൂപം.

വളരെ നാളു മുമ്പു അശിച്ചിരുന്ന ൟ ശുദ്ധ യനുവാരിയൊസു പുണ്യവാന്റെ അത്ഭുതം കണ്ട ശേഷം ൟ വിശിഷ്ട നഗരത്തിലുള്ള ഡൊമ്മിനിക്കൊസു സഭക്കാരുടെ ഒരു വിശേഷിക്കപ്പെട്ട ദേവാലയത്തിൽ പോയി. ഇവിടെയാണ ശുദ്ധ തോമ്മാമല്പാനൊടു സംസാരിച്ച തൂങ്ങപ്പെട്ട രൂപം ഇരിക്കുന്നതു. അതെപ്രകാരമെന്നാൽ ൟ മാലാഖയ്ക്കൊത്ത മല്പാൻ ൟ സ്വരൂപത്തിൻ മുമ്പാകെ ധ്യാനിച്ചുകൊണ്ടിരിക്ക

യിൽ നമ്മുടെ ദിവ്യ രക്ഷിതാവു "തോമ്മായെ നീ നല്ലവണ്ണം എന്നെക്കുറിച്ചു എഴുതി. Bene de me scripsisti Thomas! എന്നു കൎത്താവു താൻ എഴുതിയ ശാസ്ത്രത്തെ സ്തുതിച്ചു പറകയുണ്ടായി. ൟസ്വരൂപം ഞാൻ തുറന്നു കണ്ടതു കൂടാതെ ഏവരെയും ൟ തിരു സ്വരൂപത്തിൻ മുമ്പാകെ ഓൎക്കയും ചെയ്തു. ഇതിന്റെശേഷം ശുദ്ധ: കുൎബാനയുടെ രക്തസാക്ഷിയായ തൎശീസ്സു പുണ്യവാന്റെ ശരീരവും ൟ പട്ടണത്തിലുള്ള ൟശോസഭക്കാരുടെ ദേവാലയത്തിൽ പൂജ്യമായി വച്ച് വന്ദിച്ചുവരുന്ന ശുദ്ധ പ്രംസിസ്സോസു ദെൟറാണിമ്മോസു എന്ന പുണ്യവാന്റെയും തിരുശ്ശരീരവും പ്രത്യേകമായ വിധത്തി വന്ദിക്കുന്നതിന്നു ഭാഗ്യം ലഭിക്കയും ചെയ്തു. ൧൯-ാംനു- ഉച്ചതിരിഞ്ഞു മററു പലസ്ഥലങ്ങളും സന്ദൎശിച്ചശേഷം വില്ലാസൻ ളൂയീജീ എന്ന നൊവിസിയാത്തിലുള്ള ൟശോസഭക്കാർ എന്നെ ക്ഷണിച്ചതിനാൽ അവിടെ പോകയും ൟ സഭക്കാർ വളരെ സന്തോഷത്തോടെ കൈക്കൊള്ളുകയും ഒന്നര ദിവസത്തോളം ഇവിടെ താമസിക്കയും ചെയ്തു. കന്നിമാസം ൨൦-ാം നു- ൧൨ മണിക്കു തീവണ്ടി കയറി കാലത്തു ആറുമണിയൊടുകൂടെ വീണ്ടും റോമ്മായിൽ വരികയും ൨൧-ാം നു- ശുദ്ധ മത്തായി ശ്ലീഹായുടെ തിരുനാൾ ദിനം ശുദ്ധ മറിയം മജ്ജിയൊർ എന്ന ദേവാലയത്തിൽ നമ്മുടെ കൎത്താവു പിറന്ന പുൽക്കൂടിൻ മുമ്പാകെ റോമ്മായിൽ കടശിലത്തെ ദിവ്യപൂജ അണെച്ചു ൟ വിശുദ്ധ നഗരിയിലുള്ള പ്രധാന ബസീലിക്കാകളിലും ദേവാലയങ്ങളിലും പൊയി കുമ്പിട്ടു വൈകിട്ടു ൫ മണിക്കു അസ്സീസിയെന്ന പട്ടണത്തിലെക്കു പുറപ്പെടുകയും ചെയ്തു.

## അസ്സീസിയെന്ന പട്ടണവും
## അവിടെ കണ്ട വിശേഷങ്ങളും.

റോമ്മായിൽ നിന്നു രാത്രി എട്ടു മണിക്കു തീവണ്ടികയറി പാതിരാകഴിഞ്ഞു രണ്ടരമണിക്കു അസ്സീസിയെന്നനഗരത്തിൽ വന്നു ചേൎന്നു. ഇവിടെ കുറെ ആശ്വസിച്ചശേഷം അതികാലത്തെ എഴുന്നേററു ശുദ്ധ പ്രംസീസ്സോസു അസ്സീസി പുണ്യവാന്റെ ഭാഗ്യപ്പെട്ട ശരീരം ഇരിക്കുന്ന ദേവാലയത്തിലേക്കു ദിവ്യ പൂജ അണെക്കുന്നതിന്നായി പോകയും ൟ പുണ്യവാന്റെ തിരുശ്ശരീരം ഇരിക്കുന്ന പീഠത്തിന്മെൽ തന്നെ ദിവ്യ പൂജ അണെക്കയും ചെയ്തു. ൟ ദേവാലയം മൂന്നുനിലയായി പണിതിരിക്കുന്നതും വളരെ വിശേഷവുമാണ് എന്നതിന്നു സം

ശയമില്ല. ഇതിനുള്ളിൽ ഇത്താല്യായിലുള്ള അനേക ചിത്രമെഴുത്തുകാരുടെ വിസ്മയ കരമായ കൈവേലകൾ കാണുമ്പോൾ അതിശയിക്കാത്തവർ അപൂർവ്വം. ഇവിടം സന്ദർശിച്ച ശേഷം ൻ മണിക്കു ശുദ്ധ ക്ളാര പുണ്യവതിയുടെ പള്ളിയിൽ പൊയി. ഈ പുണ്യവതി ശുദ്ധ ഫ്രാൻസീസ്കോസിന്റെ ഉപദേശത്താൽ തന്റെ ഭവനത്തെയും ധനത്തെയും സകലത്തെയും ഉപെക്ഷിച്ചു, തപസ്സു ജീവിതം കഴിപ്പാൻ തുടങ്ങുകയും താൻ തന്നെ ഒരു കത്രിക കൊണ്ടു ശുദ്ധ ക്ളാര പുണ്യവതിയുടെ തലമുടി വെട്ടിക്കളഞ്ഞു, നിത്യ പറഞ്ഞൊപ്പു ചെയ്യിക്കയും ചെയ്തു. ക്ളാരീസ്സു സഭ സ്ഥാപിച്ചതും ഈ വിശിഷ്ട സഭയുടെ ഒന്നാമത്തെ ശ്രേഷ്ഠത്തിയും ഈ പുണ്യവതിയായിരുന്നു. ഇപ്പൊഴും മുൻപറഞ്ഞ ദേവാലയത്തിൽ ശുദ്ധ ക്ളാരപുണ്യവതിയുടെ ശരീരം വിശേഷ കെട്ടുകൾ കൂടാതെ ഞാൻ കാണുകയും ഈ തിരുശ്ശരീരത്തിൻ മുമ്പാകെ ഏവർക്കും വേണ്ടി പ്രാർത്ഥിക്കയും ചെയ്തു.

ഇതിന്റെ ശേഷം ഈ പട്ടണത്തിൽ തന്നെ “കെയിസ്സാനൊവാ„ അല്ലെങ്കിൽ പുതിയ പള്ളി എന്ന നാമധെയത്തൊടു കൂടെ ഒരു ദേവാലയവും ഉണ്ടു. ഇവിടെയാണു ശുദ്ധ ഫ്രാൻസീസ്കോസു പുണ്യവാൻ പിറന്ന സ്ഥലവും, തന്റെ പിതാവു ഈ പുണ്യവാൻ ചെയ്തിരുന്ന സ്നേഹത്തിന്നടുത്ത പ്രവൃത്തികളെയും അസാധാരണ ഭക്തിയെയും കണ്ടു തനിക്കു ഭ്രാന്തായിരുന്നുവെന്നു നിനെച്ചു തന്നെ പൂട്ടിയിട്ട ഒരു ചെറിയ തടവും. ഇനിയും പ്രസ്താവിപ്പാനുള്ള വേറൊരു വിശേഷിക്കപ്പെട്ട സ്ഥലം ശുദ്ധ ദെമിയാനൊസു പുണ്യവാന്റെ കന്യാസ്ത്രീമഠം ആകുന്നു. ഇവിടെ ശുദ്ധ ക്ളാര പുണ്യവതി പാർത്തിരിക്കുമ്പോൾ അനെകം അത്ഭുതങ്ങൾ ചെയ്തിട്ടുള്ളതു കൂടാതെ അതിപ്രബലപ്പെട്ടതായി ഒന്നു ഇവിടെ സംഭവിച്ചതിനെ പറയാം. തുൎക്കികൾ അസ്സീസിപട്ടണം മുതലായതു പിടിപ്പാൻ വരികയും കടശി ദമിയാനൊസ് എന്ന മഠത്തിൽ ബലമായി പ്രവേശിച്ചു കൊള്ളയിടുന്നതിന്നായി വരികയിൽ, ശുദ്ധ ക്ളാരപുണ്യവതി തന്റെ സഹൊദരികളേയും തന്റെ മഠത്തെയും ഈ ദുഷ്ടരും ക്രൂരന്മാരുമായ തുൎക്കികളുടെ കൈകളിൽ നിന്നു രക്ഷിക്കുന്നതിന്നു യാതൊരു ആയുധങ്ങളും പോംവഴികളും കാണായ്കകയാൽ ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊണ്ടു വരികയും തന്റെ മുറിയുടെ ജനെലക്കൽ കൂടെ ശത്രുക്കളുടെ നെരെ കാണിക്കയും അപ്പൊളുടൻ ഈ ഭയങ്കര ശത്രുക്കൾ ഞെട്ടിത്തിരിച്ചു കന്യാസ്ത്രീമഠത്തിൽ പ്രവേശിക്കാതെ ഓടിപ്പോകയും ചെയ്തു.

## സൻത മരിയ ദെല്ലി ആഞ്ചെലി എന്ന ദേവാലയം.

---

അസ്സിസിപട്ടണത്തിൽ മറ്റൊരു വിശേഷിക്കപ്പെട്ട ദേവാലയം ഉള്ളതു സന്തമരിയ ദെല്ലി അഞ്ചെലി യെന്നതാണ. ഈ പള്ളിയുടെ അകത്താണ ബെനദിക്തൊസു സഭക്കാര ശുദ്ധ ഫ്രാംസീസ്സൊസു പുണ്യവാന്ന വിട്ടുകൊടുത്ത പൊർസിയുകുളയെന്ന വിശുദ്ധ കപ്പെള, വിശുദ്ധ ഫ്രാംസീസ്സൊസു തന്റെ സഭയും ഈ വിശുദ്ധ സഭയുടെ ക്രമങ്ങൾ സകലത്തും ഉറപ്പിച്ചതും ഈസ്ഥലത്തുവെച്ചാണ. ഇവിടെ വച്ചു തന്നെയാണ നമ്മുടെ ദിവ്യരക്ഷിതാവും പരിശുദ്ധ കന്യാസ്ത്രി മറിയവും ഈ മഹാത്മാവിന്നു കാണപ്പെട്ടുകയും പരിശുദ്ധ ജനനിയുടെ മദ്ധ്യസ്ഥത്താൽ പൊർസിയുകുളായെന്ന ദണ്ഡവിമോചനം നൽകപ്പെട്ടതും, ഈ സ്ഥലം ഭൂലോകത്തിലുള്ള അനേകസ്ഥലങ്ങളിൽവച്ചു മുഖ്യമായവയിൽ ഒന്നും, ഭയഭക്തി, മനൊതൃപ്തിയും വരുത്തുന്നതു മെന്നതിന്നു സന്ദേഹമില്ല. ഈ വിശുദ്ധ കപ്പെള സന്ദർശിച്ചു പ്രാർത്ഥിക്കുന്നവൎക്കു നിത്യായുസ്സു ഉണ്ടാകുമെന്നു ശുദ്ധ ഫ്രാംസീസ്സൊസു പുണ്യവാൻ പറഞ്ഞിരിക്കുന്നതും. ഞാൻ പലപ്രാവശ്യം കേറി വിസീത്ത കഴിക്കയും മലയാളത്തിനു വേണ്ടി പ്രത്യേകം അപേക്ഷിക്കയും ചെയ്തു. ഈ വിശുദ്ധ കപ്പെളയൊടടുത്താണ ഈ മഹാ പുണ്യവാൻ ഭാഗ്യമായ മരണം പ്രാപിച്ചതും. ഇതു കൂടാതെ സന്തമരിയ ദെല്ലി അഞ്ചെലി എന്ന ഈ വിശിഷ്ടദേവാലയത്തൊടു ചേൎന്ന ഒരുകൊവെന്തയും ഒരു പനിനീർ തൊട്ടവും ഉണ്ടു. ഒരിക്കൽ ശുദ്ധ ഫ്രാംസീസ്സൊസിന്നു ശുദ്ധതെക്കു വിരോധമായി ഒരു പരീക്ഷനേരിടുകയും ഈ പരീക്ഷയിൽ നിന്നു താൻ ജയം പ്രാപിപ്പാനായി ദൈവത്തൊടു പ്രാർത്ഥിച്ചതുകൂടാതെ മുൻ പറഞ്ഞ പനനീർ പുഷ്പത്തിൻ ഇടയിൽ കിടന്നു ഉരുളുകയും അപ്രകാരം പിശാചിന്റെ തന്ത്രങ്ങളിൽ നിന്നു പൂൎണ്ണജയം പ്രാപിക്കയും ചെയ്തു.

എന്നാൽ ഇപ്പൊഴും ആ തോട്ടവും പനിനീർ പുഷ്പങ്ങളും കാണാവുന്നതും അന്നു മുതൽ ആ പനിനീർ പുഷ്പങ്ങൾ അത്ഭുതമായി മുള്ളില്ലാതെയും ഇലകളിന്മെൽ ചിലസ്ഥലങ്ങളിൽ രക്തനിറമുള്ളതായും കാണപ്പെടുന്നു. ഫ്രാംസീസ്സൊസു പുണ്യവാൻ നമ്മുടെ ദിവ്യരക്ഷിതാവിനെ എല്ലാപ്രകാരത്തിലും പിഞ്ചെന്നു. അതെന്തെന്നാൽ താൻ പിറന്ന ദിവസം ദിവ്യരക്ഷിതാവിനെപ്പൊലെ മാലാഖമാർ "തെശ്രുബൊഹത്താ" എന്നസംഗീതം പാടുകയും മിശിഹായെപ്പൊലെ അഗതിതമായി ജീവിക്കയും താനും ൧൨ ശിഷ്യരെ തെരിഞ്ഞെടുത്തു ലോകമൊട്ടുക്കു പ്രസംഗിപ്പാനായി അയക്കയും കടശി ദിവ്യരക്ഷിതാവിൻ അ

ഞ്ഞു തരുമുറിവുകളുമേററു ഏററം ഭാഗ്യപ്പെട്ടമരണം പ്രാപിക്കയും ചെയ്തു. ൟ വല്ലഭമുള്ള പുണ്യവാൻെറ മദ്ധ്യസ്ഥം വീണ്ടു അപേക്ഷിച്ചശേഷം ലോറെത്തു മാതാവിൻെറ ദേവാലയത്തിലെക്കു എൻെറ യാത്രയാരംഭിക്കയും ചെയ്തു.

---

## ലോറെത്തു നഗരവും ലോറെത്തു മാതാവിൻെറ തിരുവീട്ടും.

---

അസ്സീസിപട്ടണത്തിൽ നിന്നു ഉച്ചതിരിഞ്ഞു ഏകദേശം ൩ മണിക്കു തീവണ്ടികയറി പാതിരാവു കഴിഞ്ഞു ൧ മണിയൊടുകൂടെ ലോറെത്തു എന്ന ചെറിയ നഗരത്തിൽ വന്നുചേൎന്നു കുറെ ആശ്വസിച്ചശേഷം ൬ മണിക്കു ലോറെത്തു മാതാവിൻെറ ദേവാലയത്തിൽ പോയി കുമ്പിടുകയും ൭ മണിക്കു തിരുകുഡുംബം മുപ്പതിലധികം സംവത്സരങ്ങൾ സഹവാസം ചെയ്തിരുന്ന ആ തിരു വീട്ടിൽ ദിവ്യ പൂജ അൎപ്പിക്കുകയും ഏഴമണിക്കൂറു നേരത്തോളം ഇവിടെ താമസിച്ചു ഏവൎക്കും വേണ്ടി സൎവ്വേശ്വരനൊടു പ്രാൎത്ഥിക്കയും ചെയ്തു. ൟ ഏററം വാഴ്ത്തപ്പെട്ടതും ആരാധിക്കപ്പെട്ടതുമായ സ്ഥലത്തെക്കു ഇടവിടാതെ പുണ്യയാത്രക്കാർ ഭൂലൊകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും വന്നു അതിശയിക്കത്തക്ക ഭക്തിയൊടും വിശ്വാസത്തൊടും ൟ തിരുവീടു ആരാധിക്കുന്നതു സൂക്ഷിക്കുമ്പോൾ മാനുഷമക്കളിൽ ആൎക്കും തന്നെ ഇതിൻെറ വാസ്ഥവത്തെ നിഷെധിപ്പാൻ പാടാകുന്നതല്ല. ൟ തിരു വീട്ടിൽ പാരമ്പൎയ്യവാൎത്തപ്രകാരം പരിശുദ്ധ ദേവമാതാവിന്നു ഗബ്രിയെൽ ദൈവദൂതൻ വചിക്കയും സുതനായ സൎവ്വേശ്വരൻ മനുഷ്യാവതാരം ചെയ്തു മുപ്പത്തുമൂന്നു സംവത്സരങ്ങൾ ഇവിടെ താമസിക്കയും ചെയ്തു. നമ്മുടെ ദിവ്യരക്ഷിതാവിൻെറ മരണത്തിൻശേഷം പരിശുദ്ധ ജനനി പാൎത്തിരുന്നതും ൟ തിരുവീട്ടിലായിരുന്നു. ൧൨൯൧-ാംകാലംവരെ ൟ തിരുവീടിരുന്നതു പലെസ്തീനായിലായിരുന്നു. ഒരിക്കൽ വലിയ കൊൻസ്തന്തീനൊസിൻെറ അമ്മ ൟ തിരുവീടു സന്ദൎശിപ്പാനായി പൊകയും ൟ തിരുവീട്ടിൻ മീതെ ഒരു വിശേഷിക്കപ്പെട്ട ദേവാലയം പണിയിക്കയും അതിൻെറ ശേഷം ൟ തിരുസ്ഥലം പലസ്തീനായിൽ ഉന്നതമായ വിധത്തിൽ ആചരിച്ചു വരികയും ചെയ്തിരുന്നു. ൟ ദേവാലയത്തിൻ മുഖവാരത്തിൽ " മനുഷ്യരക്ഷയുടെ അടിസ്ഥാനം ൟ വിശുദ്ധ പീഠമായിരിക്കുന്നു„വെന്നു എല്ലാവരുടെയും അറിവിന്നായി എഴുതിയിരിക്കുന്നു. ൟ

പ്രബലപ്പെട്ടതും വിശുദ്ധമായതുമായ സ്ഥലത്തിന്റെ അസാമാന്യകെൾവിയാൽ തിരുസ്സഭയിലുള്ള പലവേദപാരഗന്മാരും, ഫ്രാൻസു രാജ്യത്തിന്റെ രാജാവായ ലൂദ്വിക്കൊമ്പതു പുണ്യവാനും, മററനേക പരിശുദ്ധന്മാരും വിശ്വാസികളും ൟ പരിശുദ്ധ സ്ഥലം സന്ദശിക്കുന്നതിനായും ആരാധിക്കുന്നതിനായും വന്നിരുന്നു.

എന്നാൽ ലോറെത്തെന്ന പട്ടണത്തിൽ ൟ തിരു വീട്ടുവന്നു ളചരുന്നതിന്നിടയായതു എങ്ങിനെയെന്നാൽ തുൎക്കികൾ തിരുസ്ഥലങ്ങളിൽ പ്രവേശിക്കയും ശുദ്ധ: എലെനായെന്ന പുണ്യവതി മീതെപണിയിച്ച പള്ളി ൟ ക്രൂരന്മാരായ തുൎക്കികൾ ഇടിച്ചുകളകയും, അപ്പൊൾ അത്ഭുതമായി ൟ തിരുവീട്ട മലാക്കമാരാൽ എടുക്കപ്പെട്ടു ൧൨൯൧-ൽ ഡൾമെയെന്നും തെർസാത്തെയെന്നും വിളിക്കപ്പെടുന്ന ൟ തിരുസ്ഥലങ്ങളുടെ മദ്ധ്യെയുള്ള "കവുനീസ്സാ" എന്നയിടത്തു ആദ്യമായി കൊണ്ടുവന്നു സ്ഥാപിച്ചു. ൧൨൯൪-ൽ ൟ തിരുവീട്ടുവീണ്ടും മാലാക്കമാരാൽ എടുക്കപ്പെട്ടു, ലോറെത്തെന്ന ഇപ്പൊളിരിക്കുന്ന സ്ഥലത്തു കൊണ്ടു വരികയും ഇവിടെ തന്റെ വാസസ്ഥലം ഇന്നെദിനം വരെയും ഇളകപ്പെടാതിരിക്കയും ചെയ്യുന്നു. ൧൫൮൬-ൽ അഞ്ചാം ശുദ്ധ: സിസ്‌ക്കുത്തുസു പാപ്പായുടെ വാഴ്ചയിൽ ലോറെത്തെന്ന ൟ വിശുദ്ധ ഊരു ഒരു പട്ടണമായി തീൎക്കയും ഭൂലൊകത്തിനടുത്ത പറദീസായായിരിക്കുന്ന ൟ തിരുവീട്ടിൻ മീതെ ൟ പ്രബലപ്പെട്ട പാപ്പാ മഹാ അലങ്കാരമായി ഒരു ദേവാലയം പ്രതിഷ്ഠിക്കയും ചെയ്തു.

## ലോറെത്തു തിരു വീടിന്റെ
## വിശേഷങ്ങൾ.

പരിശുദ്ധ ത്രീത്വത്തിന്റെ രണ്ടാമാളായ ദൈവമായപുത്രൻ മനുഷ്യാവതാരം ചെയ്തു, മുപ്പത്തുമൂന്നു സംവത്സരം സഹവാസം ചെയ്തു പരിശുദ്ധമാക്കിച്ചമച്ച ൟ തിരുവീട്ട ഭൂലൊക മൊട്ടുക്കുള്ള സ്ഥലങ്ങളിൽ ശുദ്ധമായിട്ടുള്ളതും സകല വക ആശീൎവ്വാദങ്ങളാലും അലങ്കരിക്കപ്പെട്ടതുമെന്നു പറയാതെ ഏവൎക്കും ഗ്രഹിക്കാവുന്നതാണെല്ലൊ. ൟ തിരുവീടിന്റെ വിസ്താരം. നീളം മുപ്പത്തൊന്നടിയും രണ്ടു അംഗുലവും വീതി, പതിമ്മൂന്നു അടിയും, പതിന്നാലടി പൊക്കവുമാകുന്നു. ൟ തിരുവീട്ടിൽ ഇപ്പൊഴും നമ്മുടെ ദിവ്യരക്ഷിതാവും പരിശുദ്ധ കന്യാസ്ത്രീമറിയവും മാർ യൌസെപ്പു പുണ്യവാനും ഭക്ഷിച്ചുവന്നിരുന്ന മൂന്നു മൺപാത്രങ്ങളും ഭക്ഷണങ്ങൾ തയ്യാറാക്കിയിരുന്ന അടുപ്പുളും പൂജ്യമായി വച്ചിരിക്കുന്നു. ഇവകൾ കൂടാതെ ൟ തിരുവീട്ടി

ൽ തിരുകുഡുംബം കേറിയിറങ്ങിയിരുന്ന വാതില്പകളും വിശുദ്ധ ഗബ്റിയെൽ മാലാക മംഗലവാൎത്ത ചൊല്ലിയജെനേലയും ശുദ്ധ: ലൂക്കാ ഏവൻഗെലിസ്താ തന്നത്തു കരങ്ങളാൽ പണുത ദൈവജനനിയുടെ ഒരു കൊത്തുരൂപവും സന്ദശിക്കാവുന്നതാണു. ഈ പറഞ്ഞ സകല വസ്തുക്കളും ഈ തിരു വീടു മാലാകമാർ എടുത്തുകൊണ്ടു വന്നപ്പൊളുള്ളതും ഇന്നെ ദിനം വരെ യാതൊരു കേടും ഭവിക്കാതെ യിരിക്കുന്നതുമാണ്. പരിശുദ്ധ ദൈവമാതാവിൻ മേൽ അസംഖ്യ രൂപാ വില പിടിച്ച ആഭരണങ്ങൾ ചാൎത്തിയിരിക്കുന്നതും ഈ ആഭരണങ്ങൾ സകലതും വലിയാഴ്ചകളുടെ ദിവസങ്ങളായ വ്യാഴം, വെള്ളി, ശനി, എന്നീദിവസങ്ങളിൽ സ്വരൂപത്തിൽ നിന്നെടുക്കയും ആയതിനു പകരം ഒരു കറുത്ത നിറമുള്ള ഒല്ലീ തലമുതൽ പാദംവരെ മൂടിയിരിക്കയും ചെയ്യുന്നു. മൂന്നാം ദിനം ഈ ഒല്ലി മാററി വീണ്ടും ആഭണങ്ങൾ ധരിപ്പിക്കയും ഈ എടുത്തതു പുണ്യയാത്രക്കാരായി വരുന്നവൎക്കു കുറെശ്ശെ കണ്ടിച്ചു കൊടുക്കയും ചെയ്യുന്നു. ഈ തിരു വീടു അടിക്കുന്നതു ഇതിന്നായി നിശ്ചയിക്കപ്പെട്ടവരും, ഇതു വെടിപ്പാക്കുന്ന സമയം ശുദ്ധ: ദൈവമാതാവിന്റെ ലുത്തനിയാ മുതലായ ജപങ്ങൾ ചൊല്ലിയും ആണു. അടിച്ച മണ്ണു പുണ്യയാത്രക്കാർ മഹാഭക്തിയൊടെ അനേക രാജ്യങ്ങളിലെക്കു കൊണ്ടുപോകുന്നുമുണ്ടു. ഈ ദേവാലയത്തിൽ ഇടവിടാതെ വിശ്വാസികൾ ഉള്ളതു കൂടാതെ ആണ്ടിൽ പല പ്രാവശ്യവും നാനാഭാഗങ്ങളിൽ നിന്നും ആയിരം, പതിനായിരം, ഇരുപതിനായിരം, നാല്പതിനായിരം പേരു വരെ ഓരൊ കൂട്ടമായി ഈ വിശുദ്ധ സ്ഥലം സന്ദശിപ്പാൻ വരുന്നതു കാണുമ്പൊൾ ഈ തിരു വീടു ദൈവ കുമാരൻ മനുഷ്യാവതാരം ചെയ്ത സ്ഥലമെന്നതിനെക്കുറിച്ചു ആൎക്കും തന്നെ നിഷേധിപ്പാൻ പാടാകുന്നതല്ല. ഈ പുണ്യയാത്രക്കാരു കൂടാതെ അനേക രാജാക്കന്മാരും പുണ്യവാന്മാരും ഇരുപത്തൊമ്പതിൽ അധികം മാൎപ്പാപ്പാമാരും ഈ ആകാശത്തിനടുത്ത ഭവനം ആരാധിപ്പാനും സന്ദശിപ്പാനും വന്നിട്ടുമുണ്ടു. ഈ തിരുവീട്ടിൽ വീണ്ടും കയറി ഏവൎക്കും വെണ്ടിയപെക്ഷിച്ചു ആനന്ദ പൂരിതന്നായി കന്നിമാസം ൮-ാം നു- ൯ മണിക്കു ലൊറെത്തുമാതാവിൽ നിന്നു പിന്തിരികയും ചെയ്തു.

## ജനസ്സാനൊയെന്ന നഗരത്തിലുള്ള നല്ല ആലൊചനയുടെ ജനനി.

പരിശുദ്ധ മാതാവിന്റെ തിരു വീടിനെക്കുറിച്ചു പറഞ്ഞുവരികയിൽ വേറൊരു അത്ഭുത സംഭവം നടന്നതു എന്റെ ഓൎമ്മയിൽ വരികയും ഇതിനെക്കുറിച്ചും സംഗ്രഹമായി പരൊപകാരത്തിനായി പറയാം. അതായതു അൽബനിയ രാജ്യത്തിൽ സ്കുത്തറി എന്ന നഗരത്തിൽ പരിശുദ്ധ മാതാവിന്റെ നാമധെയത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു ദേവാലയം ഉണ്ടായിരിക്കയും ഈ ദേവാലയത്തിന്റെ ചുവരിന്മെൽ നല്ല ആലൊചനയുടെ മാതാവെന്നു നാമധെയമുള്ള ദൈവജനനിയുടെ ഒരു സ്വരൂപം ചിത്രമെഴുതിയിരിക്കയുംചെയ്തിരുന്നു. തുൎക്കികൾ അന്യായമായി സ്കുത്തറി എന്ന മുൻ പറഞ്ഞ പട്ടണം കൈവശപ്പെടുത്തുവാൻ വരികയും അപ്രകാരം പിടിച്ചടക്കുകയും ചെയ്തപ്പോൾ ദൈവജനനിയുടെ സ്വരൂപം ചുവരിൽ നിന്നു അത്ഭുതമായി എഴുന്നു, ൧൪൬൭-ാം കാലം മേടം ൨൫-ാം നു- ശുദ്ധ: മക്കൊസു ഏവൻ ഗേലീസ്തായുടെ തിരുനാൾ ദിനം ജെനസ്സാനൊ പട്ടണത്തിൽ അഗുസ്തീനൊസു സഭക്കാരുടെ ദേവാലയത്തിൻ മുമ്പാകെ മാലാഖമാർ എടുത്തുകൊണ്ടു വന്നു. അപ്പൊൾ അവിടെ ഉണ്ടായിരുന്ന സഭക്കാരും ജനങ്ങളും ഭക്തിപൂൎവ്വം കൈക്കൊള്ളുകയും മുൻ പറഞ്ഞ ദേവാലയത്തിൽ സ്ഥാപിക്കയും ചെയ്തു. ഈ സ്വരൂപം പരസ്യമായി ഒരിടത്തുതൊടാതെ നിന്നിരിക്കയിൽ ജനങ്ങൾ ആയതു പരീക്ഷിക്കുന്നതിന്നായി മാത്രം വന്നിരുന്നതിനാൽ രണ്ടാം ശുദ്ധ: പൌലൊസു പാപ്പാ സ്വരൂപത്തിന്റെ നാലു പുറവും മാൎബൾ കല്ലുകൊണ്ടു മറെക്കുന്നതിന്നായി കല്പിച്ചു. ഇപ്പൊഴും ഈ അത്ഭുതസംഭവം, സ്വരൂപം അടെച്ചതു കാരണത്താൽ കാണ്മാൻ പടില്ലായെങ്കിലും മുമ്പു ഒരിടത്തുതൊടാതെ ഇരുന്നതു തല്ക്കാലം ഇരിക്കുന്നുവെന്നും ആണു ചരിത്രം പറയുന്നതു. ഈ സ്ഥലം എന്റെ വഴിയാത്രയിൽ സന്ദൎശിച്ചില്ലായെങ്കിലും രണ്ടു പ്രാവശ്യം ഉല്ലാസ നാളുകളിൽ പോയി പൂൎവ്വപ്രതിമ കാണുകയും ഈ മതാവിന്റെ അൽത്താരയിൻ മുമ്പാകെ ദിവ്യകാരുണ്യം ഉൾക്കൊണ്ടിട്ടുള്ളതുമാണു.

## ബൊലൊഞ്ഞപട്ടണവും ഇവിടെ കണ്ട വിശെഷങ്ങളും.

---

ലൊറെത്തൊ നഗരത്തിൽ നിന്നു തിരിച്ചു പതിരാ കഴിഞ്ഞു ഒരുമണിക്കു ബോലൊഞ്ഞാ എന്ന കീൎത്തിപ്പെട്ട പട്ടണത്തിൽ വന്നു ചേൎന്നു. ഇവിടെ കുറെ ആശ്വസിച്ചശേഷം കന്നിമാസം ൨൪-ാം ൹ ൭ മണിക്കു ശുദ്ധ: ദോമ്മിനിക്കോസു പുണ്യവാന്റെ തിരുശ്ശരീരം ഇരിക്കുന്ന ദേവാലയത്തിലെക്കു ദിവ്യപൂജ അണെക്കുന്നതിന്നായി പുറപ്പെട്ടു. കുൎബ്ബാന ചൊല്ലുന്നതിനുള്ള അനുവാദപത്രം ആ തൽക്ഷണം കൈയിൽ ഇല്ലാതിരുന്നതിനാൽ ദൈവ പൂജ അണെക്കുന്നതിന്നായി തടഞ്ഞുവെങ്കിലും മറ്റൊരാളുടെ സഹായത്താൽ ഇവിടെ ശുദ്ധ: ദൊമ്മിനിക്കൊസിന്റെ തിരുശ്ശരീരമിരിക്കുന്ന ത്രൊണൊസിന്മെൽ തന്നെ ചൊല്ലുകയും ചെയ്തു. കുൎബ്ബാന കഴിഞ്ഞു ൮൨ മണിക്കു ബൊലൊഞ്ഞയിൽ കീൎത്തിപെട്ട പുണ്യവതിയായ ശുദ്ധ: കത്രീനായുടെ നാമധെയത്തിൽ പണിതിരിക്കുന്ന ദേവാലയത്തിൽ പോയി. ഇവിടെയാണു ൟ പുണ്യവതിയുടെ ശരീരമിരിക്കുന്നതു. ഇപ്പൊഴും ൟ തിരുശ്ശരീരം അഴിയാതെയാതൊരുകേടും കൂടാതെ ഒരു കസെരമേൽ ഇരുന്നിയിരിക്കുന്നതു സൂക്ഷിക്കുമ്പൊൾ വിസ്മയിക്കാത്തവരു അപൂൎവ്വം തന്നെ എന്നു പറയേണ്ടിയിരിക്കുന്നു.

ഇവസകലത്തും സന്ദൎശിച്ചു ൟ പുണ്യവതിയുടെ മുമ്പാകെ നമസ്കരിച്ചശേഷം ൯ മണിക്കു ശുദ്ധ എസ്തപ്പാനൊസിന്റെ നാമധേയത്തിൽസ്ഥാപിക്കപ്പെട്ടിരിക്കുന്ന ദേവാലയം സന്ദൎശിപ്പാൻ പോയി. ഇവ ഏഴ ദേവാലയങ്ങൾ ഒരുമിച്ചു പണിതിരിക്കുന്നതും വളരെ ഭംഗിതൊന്നിക്കുന്നവയുമാണ എന്നതിന്നു സംശയമില്ല. ൟ പള്ളികളിലൊന്നിലാണു ബൊലൊഞ്ഞയുടെ മദ്ധ്യസ്ഥനായ വിശുദ്ധ പത്രൊനിയൊസിന്റെതിരുശ്ശരീരമിരിക്കുന്നതു. ൟദേവാലയങ്ങൾസകലത്തും കണ്ടശേഷം ബൊലൊഞ്ഞ രൂപതയുടെ മെത്രാസനപള്ളിയായ ശുദ്ധ: പത്രൊനിയൊസിന്റെ നാമധേയത്തിലുള്ള ദേവാലയം പോയി കണ്ടു. ൟ ദേവാലയം ബഹു വിശേഷമായിട്ടുള്ളതും പുരാതനവും വളരെ വിസ്താരമായിട്ടുള്ളതു മാണു.

---

## ബൊലൊഞ്ഞാ പാഠകശാല.

---

ഇത്ത്യാല്യായിൽ ഉള്ള പല പാഠകശാലകളിൽ മുഖ്യമായിട്ടുള്ളവയിൽ ഒന്നു ൟ പട്ടണത്തിലുള്ളതാകുന്നു. യൂറൊപ്പിൽ പലഭാ

ഗങ്ങളിൽ നിന്നും വന്ന ൟ പാഠകശാലയുടെ അസാമാന്യ കീൎത്തിയാലും പഠനത്താലും അസംഖ്യ വിദ്യാൎത്ഥികൾ പഠിച്ചിരുന്നു. ൧൨൬൨-ൽ ഇവിടെ പതിനായിരത്തിൽ അധികം വിദ്യാൎത്ഥികൾ സൌകൎയ്യമായി പഠിച്ചിട്ടുണ്ടായിരുന്നുവെന്നു ഹാംജർ പുസ്തകത്തിൽ നിന്നറിയുന്നു. ൟ പാഠകശാലയുടെ പ്രധാന സാളകളിൽ വാദ്ധ്യാന്മാരുടെയും സാമൎത്ഥ്യവാന്മാരായ വിദ്യാൎത്ഥികളുടെയും ഓരൊ ഓൎമ്മകളും ഇപ്പൊഴും കാണാവുന്നതാണ. ൟ മുഖ്യ പാഠകശാലയിൽ ശാസ്ത്രങ്ങളും ദൈവപേടിയും ഒരുപൊലെ അഭ്യസിച്ചിരുന്നുവെന്നും ഓരൊ ക്ലാസ്സുകളിൽ എഴുതിയിരിക്കുന്ന ചിത്രങ്ങൾ കൊണ്ടും മററു അടയാളങ്ങൾകൊണ്ടും സ്പഷ്ടമായ ഒരു സംഗതിയാണ. അതെന്ത്യ ഓരൊ ക്ലാസ്സുകളിൽ ദൈവ ജനനിയുടെ വിശേഷിക്കപ്പെട്ട ഓരൊ ചിത്രങ്ങളുള്ളതും, ജ്ഞാനത്തിന്റെ സിംഹാസനമായ പരലൊക രാജ്ഞിയുടെ സ്വരൂപത്തിൻ താഴെ ഒരു സിംഹാസനത്തിന്മെൽ സകലവക ശാസ്ത്രങ്ങളും പഠിപ്പിച്ചിരുന്നു. മഹാന്മാരായിരിക്കുന്ന ൟ ശാസ്ത്രക്കാർ, ദൈവപേടിയെന്ന ൧-ാം ജ്ഞാനം, എല്ലാജ്ഞാനത്തെക്കാൾ പ്രശംസിക്കെണ്ടതെന്നും അഭിമാനിക്കെണ്ടതെന്നും ഇവരുടെ ദൃഷ്ടാന്തത്താൽ തങ്ങളുടെ അനുഗാമികൾക്കു കാണിച്ചു കൊടുത്തതു തന്നെ ഇവർ സകല വക ജ്ഞാനങ്ങളാൽ അലങ്കരിക്കപ്പെട്ടവരെന്നു നമ്മെ നിത്യ ജ്ഞാപകപ്പെടുത്തുന്നതു. എന്നാൽ എത്രയൊ ശാസ്ത്രകൎത്താക്കന്മാർ ജ്ഞാനമെന്നും പരിഷ്കാരമെന്നും പറയപ്പെടുന്ന ൟ പദങ്ങളെ പൂൎണ്ണമായി ഗ്രഹിക്കാതെ ജ്ഞാനികൾ എന്നും പരിഷ്കാരതല്പരന്മാരെന്നും പറയുന്നതിൽ അവരുടെ പ്രവൃത്തിയെ സൂക്ഷിക്കുമ്പൊൾ ഇവകൾക്കു വിപരീതമായി കാണപ്പെടുന്നു. എത്രയൊ വിദ്യാൎത്ഥികൾ കത്തൊലിക്കാ പഠനത്തെയും സന്മാൎഗ്ഗ ജീവിതത്തെയും ത്യജിച്ചു ശാസ്ത്രത്തെയും അവരുടെ ശ്രെയസ്സിനെയും മാത്രം അന്വെഷിക്കുന്നതിൽ അതിതല്പരന്മാരായിരിക്കുന്നുവെന്നു ഇവരുടെ പ്രവൃത്തിയാൽ പ്രസിദ്ധപ്പെടുത്തുന്നതിൽ എന്തു മാത്രം പ്രലാപിക്കേണ്ടിയിരിക്കുന്നു.

## ബൊലൊഞ്ഞ പുസ്തകശാല.

അതിപ്രബലപ്പെട്ടതും ഉന്നത ശ്രെയസ്സു പ്രാപിച്ചിരിക്കുന്നതുമായ ൟ പുസ്തകശാല "കാർളൊഡൊത്തി" എന്ന മഹാനാൽ പണിയിച്ചതാണ. ൟ പുസ്തകശാലയിൽ എമ്പതിനായിരത്തിൽ അധിക

പുസ്തകങ്ങളും നാലായിരം കൈയെഴുത്തു പുസ്തകങ്ങളും ഉണ്ടു. ഇതു കൂടാതെ അനെകഭാഷകളിൽ ചമെക്കപ്പെട്ട പുസ്തകങ്ങളും ഭൂമിശാസ്ത്രങ്ങളും ഭംഗിയായും അതിശുഷ്കാന്തിയൊടും സൂക്ഷിച്ചുവരുന്നു. ഈ പുസ്തകശാലയുടെ അദ്ധ്യക്ഷൻ മെസ്സൊ ഫാന്തിയെന്ന കർദ്ദിനാളായിരുന്നു. ഇദ്ദെഹം നാല്പത്തുരണ്ടു ഭാഷകൾ വെടിപ്പായി സംസാരിക്കയും എഴുതുകയും ചെയ്തിരുന്നുവെന്നു അറിയുമ്പൊൾ ഭാഷകൾ പഠിക്കുന്നതിൽ ഈ കർദ്ദിനാളിന്നുണ്ടായിരുന്ന അസാമാന്യബുദ്ധിയെയും തന്റെ സാമൎത്ഥ്യത്തെയും എവരും വിസ്മയിക്കെണ്ടിയിരിക്കുന്നു.

## പരിശുദ്ധ ലൂക്കാ എവൻഗെലീസ്താ എഴുതിയ ദൈവമാതാവിന്റെ സ്വരൂപം.

ഈ സ്വരൂപം ബൊലൊഞ്ഞ പട്ടണത്തിൽ ൧൧൬൦-ൽ ഒരു സന്ന്യാസി കൊൻസ്തന്തിനൊപ്പൊളി പട്ടണത്തിൽ നിന്നു കൊണ്ടുവന്നു, മൊന്തെ ദെല്ലാ ഗ്വാൎദിയാ എന്ന മലമേൽ സ്ഥാപിച്ചുവെന്നാണു പാരമ്പൎയ്യവാൎത്ത. ആണ്ടിലൊരിക്കൽ മുൻ പറഞ്ഞ മല മേൽ സ്ഥാപിച്ചിരിക്കുന്ന ദെവാലയത്തിൽ നിന്നു ഈ സ്വരൂപമെടുത്തു പ്രദക്ഷിണം കഴിക്ക പതിവുണ്ടു. അപ്പൊൾ ചെയ്തുവരുന്ന ആഘൊഷത്തെയും ഇവിടെ കൂടിവരുന്ന ജനങ്ങളുടെ സംഖ്യയും വിവരിക്കാവതല്ല. ദൈവമാതാവിന്റെ ദെവാലയത്തിലെക്കു പൊകുന്നതിന്നു അരമണിക്കൂറു ദൂരമുള്ളതും മലയുടെ അടിവാരംമുതൽ ദെവാലയംവരെ നടപ്പുരകെട്ടിയിരിക്കുന്നതുമാണു. നടപ്പുരയുടെ ഭിത്തിമേൽ കൊന്തനമസ്കാരത്തിന്റെ ൧൫ രഹസ്യങ്ങളും ചിത്രമെഴുതിയിട്ടുള്ളതുമാണു. ഈ നടപ്പുരവഴി കയറുന്നവരെല്ലാവരും ദൈവമാതാവിൻ ജപമാല എത്തിച്ചുകൊണ്ടാകുക പതിവാണു. ഞാനും ഈ നടപ്പുവഴി ഈ ദെവാലയത്തിലെക്കു പൊയി ദൈവമാതാവിൻ പീഠത്തിൻ മുമ്പാകെ എവൎക്കും വെണ്ടി പ്രാൎത്ഥിക്കയും ചെയ്തു.

വിശെഷിച്ചു ഈ ദെവാലയം ഇരിക്കുന്ന മലയിൽ നിന്നു അഡ്രിയാററിക്കടലിന്നും അപ്പീനൈൻ മലെക്കുംമദ്ധ്യെയുള്ള മൈതാനങ്ങളും, ഉന്നതകളും, കൊംവെന്തകൾ, ദെവാലയങ്ങൾ മുതലായവകളും, മാന്തുവാ, ഫെറാറാ, മൊദെനാ, ഇമൊളാ, എന്നീ പട്ടണങ്ങളും, കാണാവുന്നതും, ഈ കാഴ്ച വിസ്മയിക്കത്തക്കതും മനൊഹരമായിട്ടുള്ളതുമാണു. ഇവ സകലതും കണ്ടശെഷം ഉച്ചതിരിഞ്ഞു ൨ മണിക്കു ഫ്ലൊരെൻസു പട്ടണത്തിലെക്കു യാത്രയാരംഭിക്കയും ചെയ്തു.

## പ്ലോറെൻസു പട്ടണം.

ഈ പട്ടണത്തിൽ കന്നിമാസം ൨൭-ാം നു- മൂന്നു നാഴിക രാവായപ്പൊൾ ചെന്നു ചേരുകയും ആന്നെ ദിനം കമ്മലീത്ത കൊവെന്തയിൽ ഈ പട്ടണത്തിൽ നിന്നു പിന്തിരിയുന്നതു വരെ താമസിക്കയും ചെയ്തു. ൨൮-ാം നു- കാലത്തു ൯ മണിക്കു ദൈവമാതാവിൻെറ നാമധേയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നഅനുൻസിയാത്തു എന്ന ദേവാലയത്തിൽപോകയും ഈ അത്ഭുതകരമാതാവിൻെറ സ്വരൂപത്തിൻ മുമ്പാകെ ദിവ്യ പൂജ അണെക്കയും ചെയ്തു. ഇവിടെ യാണു മാപ്രാകൽസ്സൂട്ടത്ത ശ്രുദ്ധ: ളൂയീസു പുണ്യവാൻ വിരക്തിയുടെ നിത്യവാഗ്ദത്തം ചെയ്തതും സന്യാസ അന്തസ്സിലെക്കു തന്നെ വിളിച്ചതും ഇതിൻെറ ശേഷം ൧൦ മണിക്കു ശ്രുദ്ധ അന്ത്രെയൊസു, കൊർസീനി എന്ന പുണ്യവാൻെറ തിരു ശ്ശരീരം ഇരിക്കുന്നദേവാലയത്തിൽ ഈ പുണ്യവാൻെറ തിരുശ്ശരീരം വന്ദിപ്പാനായിപോകയും തിരുശ്ശരീരത്തിൻ മുമ്പാകെ പ്രാൎത്ഥിക്കയും ചെയ്തു. ഈ ദേവാലത്തിൽവച്ചു സൎവ്വശക്തനായിരിക്കുന്ന ദൈവം ശ്രുദ്ധ അന്ത്രെയൊസു കൊൎസിനിയെന്ന പുണ്യവാന്നു ഒരു കൃപ ചെയ്തതിനെ വായനക്കാരുടെ അറിവിനായി പറയാം.

ഈ പുണ്യവാനെ പ്രസവിക്കും മുമ്പിൽ തൻെറ അമ്മ ഒരു സ്വപ്നം കണ്ടതായതു. താൻ ഒരുആൺപൈതലിനെ പ്രസവിക്കുമെന്നും ഇവൻ ഒരിക്കൽ ഒരു ചെന്നായെപ്പൊലെ ഒരുദേവാലയത്തിൽ പ്രവേശിക്കുമെന്നും, കുഞ്ഞാടിനെപ്പൊലെ അവിടെ നിന്നിറങ്ങുമെന്നുമായിരുന്നു. അപ്പൊൾ ഈ സ്വപ്നം എന്തായിരിക്കുമെന്നു തിരിയാതെ ഭ്രമിപ്പാൻ തുടങ്ങുകയും കുറെ മാസങ്ങൾ കഴിഞ്ഞശേഷം ഈ സ്ത്രീ ഒരു പൈതലിനെ പ്രസവിക്കയും ഇവന്നു അന്ത്രെയൊസെന്നു പേരിടുകയും ചെയ്തു. ഈ കുട്ടി വളൎന്നു വരുന്തൊറും ദുശ്ശീലനായും തന്നിഷ്ടനായും ജീവിപ്പാൻ തുടങ്ങുകയും, അപ്പൊൾ തൻെറ അമ്മ താൻ കണ്ട സ്വപ്നത്തെ ഓൎത്തു തൻെറ പുത്രൻെറ മനസ്സുതിരിവിന്നായി ദൈവത്തൊടു മഹാഏളിമയൊടെ പ്രാൎത്ഥിപ്പാൻ തുടങ്ങുകയും, കടശി കരുണയുള്ള ദൈവം ഈ സ്ത്രീയുടെ അപെക്ഷയെയും ധാരയായി ചിന്തിയിരിരുന്ന കണ്ണുനീരുകളെയും കൈക്കൊള്ളുകയും ചെയ്തു. അതെങ്ങിനെയെന്നാൽ ശ്രുദ്ധ:അന്ത്രയൊസു ദൈവതൊന്നിപ്പാൽ കാമിനെഎന്ന ദേവാലയത്തിൽമഹാപാപിയായി പ്രവേശിക്കയും, തൻെറ ദോഷങ്ങളെ കുറിച്ചുമനസ്താപപ്പെട്ടു കുഞ്ഞാടായി പുറത്തുഇറങ്ങുകയും ചെയ്തു. അന്നുമുതൽ അതിശയിക്കത്തക്കവി

ധത്തിൽ തന്റെ ജീവിതത്തെ മാററി കമ്മലീത്താസഭയിൽ ക്രൂരി കഠി ന തപസ്സുചെയ്തു, ഒരു മാലാഖയെപ്പൊലെ ജീവിച്ചുവരികയും "ഫി യെസുളാ" എന്നപട്ടണത്തിന്റെ മെത്രാൻ മരിച്ചശേഷം ആ രൂപ തയുടെ മെത്രാനായി തന്നെ നിശ്ചയിക്കയും തന്റെ സ്ലീഹാസ്ഥാന ത്ത വേലയെ അതി വിശ്വാസത്തൊടെ നിറവേററിയ ശേഷം സ്വ ർഗ്ഗപ്രാപ്തനാകയും, തന്റെ തിരുശ്ശരീരം ഫിയെസുളായെന്ന നഗര ത്തിൽനിന്നെടുത്തുൟ ദേവാലയത്തിൽ കൊണ്ടുവന്നടക്കയും ചെയ്തു.

## പ്ളൊറെൻസി പട്ടണത്തിലെ മെത്രാസനപ്പള്ളി.

കാർമ്മിനെ എന്ന ദേവാലയത്തിൽ പോയി കുമ്പിട്ടശേഷം ൧൧ മണിക്കു മെത്രാസനപ്പള്ളി കാണ്മാൻ പോയി. ൟ പള്ളി പ്ളൊരൻസ് പട്ടണത്തിന്റെ ഒന്നാമത്തെ ആഭരണമെന്നതിന്നു സം ശയമില്ല. ഇതിന്റെ അസാമാന്ന്യഭംഗിയെയും അവൎണ്ണനീയ അലങ്കാ രത്തെയും മററും വായനക്കാരെ ഗ്രഹിപ്പിക്കയെന്നതു അസാദ്ധ്യമാ യ ഒരുകാൎയ്യംതന്നെ. ൟ അതിവിസ്താരമായി പണിതിരിക്കുന്ന ദേവാ ലയത്തിന്റെ മുഖവാരവും ചുററുമുള്ള ഭിത്തികളും അകം മുഴുവനും അനെകനിറമുള്ള വിലപിടിച്ച മാൎബൾ കല്ലുകൊണ്ടു പണിതിരി ക്കുന്നതു കാണുമ്പൊൾ വിസ്മയിക്കാത്തവർ ആരും തന്നെയുണ്ടാക യില്ലായെന്നതു നിശ്ചയം. ൟ അതിഭംഗിയായ പട്ടണവും ദൈവ ജനനിയുടെ നാമധെയത്തിൽ പണിചെയ്യപ്പെട്ടിരിക്കുന്ന ദേവാല യവും സന്ദൎശിപ്പാനായി അനെക രാജ്യങ്ങളിൽ നിന്നും അസംഖ്യ ജനങ്ങൾ വന്നുകൊണ്ടിരിക്കുന്നതും മേല്ക്കുമേൽ ഇവകളുടെ ശ്രേ യസ്സിനെ പ്രദൎശിപ്പിക്കുന്നു.

## അന്തൊനീനൊസ്സു പുണ്യവാന്റെയും മറിയം മഗ്ദലേത്താ പുണ്യവതി യുടെയും തിരുശ്ശരീരങ്ങൾ.

പ്ളൊരെൻസിലെ മെത്രാസനപ്പള്ളി ൟ പട്ടണത്തിന്റെ ഒന്നാമത്തെ ആഭരണം എന്നു ഞാൻ പറഞ്ഞുവെങ്കിലും ഇതിനെക്കാ

ൾ വിശേഷിക്കപ്പെട്ടതും പരിമളം വീശിക്കൊണ്ടിരിക്കുന്നതുമായ തിരുശ്ശേഷിപ്പുകൾ ൟ പട്ടണത്തിന്റെ മെത്രാപ്പൊലീത്തായായ ശുദ്ധ: അന്തൊനീനൊസിന്റെയും ൟ പട്ടണനിവാസിനിയായ മറിയം മഗ്ദലേത്താ ദെ പാസ്സിയെന്ന പുണ്യവതിയുടെയും തിരുശ്ശരീരങ്ങളുമാകുന്നു. ഇവയിൽവച്ചു ശുദ്ധ: മറിയം മഗ്ദലേത്തായുടെ ശരീരം ഇപ്പൊഴും അഴിയാതെയിരിക്കുന്നതും, ഞാൻ ൟ തിരുശ്ശരീരം തുറന്നു കണ്ടു, ൟ പുണ്യവതിയൊടു പ്രാൎത്ഥിക്കയും ചെയ്തു. ഇതിപ്പോൾ കൎമ്മലീത്താ സഭയിലുള്ള കന്യാസ്ത്രീകളുടെ ദേവാലയത്തിൽ ഭയഭക്തിയൊടെ വന്ദിച്ചുവരുന്നു. അന്തൊനീനൊസു പുണ്യവാന്റെയൊ എന്നാൽ ൟ പട്ടണത്തിലുള്ള ശുദ്ധ: മൎക്കൊസു ഏവൻഗേലീസ്താായുടെ പള്ളിയിൽ വന്ദിച്ചുവരുന്നതും, ഞാൻ കന്നിമാസം ൨൬-ാം നു- ൟ തിരുശ്ശരീരം തുറന്നു ൟ പുണ്യവാന്റെ ത്രോണൊസിന്മെൽ ദിവ്യപൂജ അണെച്ചിട്ടുള്ളതുമാണു.

## ഫ്ളോരെൻസു പട്ടണത്തിലുള്ള കെട്ടിടങ്ങൾ.

കെട്ടിടങ്ങൾ, ഗൊപുരങ്ങൾ, അരമനകൾ ൟ പട്ടണത്തിൽ അസംഖ്യമുണ്ടായിരിക്കുന്നതും ഇവ ഓരൊന്നിന്റെ ഭംഗിയും പണിവാസനയും എഴുതതാൽ ഗ്രഹിക്കാവതുമല്ല. അതെന്ത്യെ ൟ പട്ടണത്തിൽനിന്നാണു വിദ്വാന്മാരായ ചിത്രമെഴുത്തുകാർ, പ്രസംഗികൾ, കവികൾ, ചില്പാശാരിമാർ മുതലായവർ ഉണ്ടായിട്ടുള്ളതു, റോമ്മായിൽ പണുതിരിക്കുന്ന അനേക പണികൾ ൟ പട്ടണത്തിലുള്ളവരാണു തീൎത്തിരിക്കുന്നതു. ൟ പട്ടണത്തിലുള്ള അരമനകളിൽ വച്ചു മുഖ്യമായിട്ടുള്ളതു തൊസ്കാനാ പ്രഭുവിന്റെതായിരിക്കുന്നു. ഇതിനകത്തുള്ള പണിവാസനയും അനെക ലക്ഷം ഫ്രാങ്കു വില പിടിച്ച സാമാനങ്ങളുടെയും വിശേഷങ്ങളെയും വിവരിക്കാവതല്ല. ൟ അരമനയൊടു ചേൎന്നു ചിന്താരങ്ങളിൽ വിലമതിക്കപ്പെട്ടതും അത്യന്ത ഖ്യാതിപ്രാപിച്ചിട്ടുള്ളതുമായവ ശേഖരിച്ചുവച്ചിരിക്കുന്ന ഒരു സാളയുണ്ടു. ഇതിന്റെ നിളം ഒന്നര മൈൽ കുറയാതെയുണ്ടാകാം. ൟ സാള മുഴുവനും ചിന്താരങ്ങൾ അതിഭംഗിയായി കാഴ്ചക്കാൎക്കു സന്ദൎശിക്കുന്നതിന്നായി വച്ചിരിക്കുന്നു. ചിത്രങ്ങളുടെ പണിവാസന കണ്ടു ഗ്രഹിക്കാവുന്നതല്ലാതെ വെറൊരു വിധത്തിൽ ധരിപ്പിക്കാവുന്നതല്ല. ഇതുകൂടാതെ "മെഡിച്ചെയെറയ" എന്നൊരു കപ്പേളയുണ്ടു. ഇതു മെഡിച്ചിയെന്ന പ്രഭു പണിയിച്ചതാണു. ൟ കപ്പേളയുടെ ഭംഗിയാലും അനേക ല

ക്ഷം ഫ്രാങ്കു വില പിടിച്ചആഭരണങ്ങളാലും നമ്മുടെ ദിവ്യ രക്ഷിതാവി നെ അടക്കിയ കുഴിമാടം ഓശ്ലമ്മിൽ നിന്നെടുത്തു ഇവിടെ കൊ ണ്ടുവന്നു സ്ഥാപിക്കുന്നതിന്നാലൊചനയുണ്ടായിരുന്നു. ഈ സ്ഥലങ്ങ ൾ എല്ലാംകണ്ടു സന്തുഷ്ടിയായി ൨൩-ാം നു- ഉച്ചെക്കു ൧൨ മണിയൊ ടുകൂടെ ജെനൊവ പട്ടണത്തിലേക്കു തീവണ്ടി കയറുകയും ചെയ്തു.

## ജെനൊവായെന്ന പട്ടണവും വിശേഷങ്ങളും.

കന്നിമാസം ൨൩-ാം നു- സന്ധ്യക്കു ൭ മണിയൊടുകൂടെ ജെ നൊവായെന്ന പട്ടണത്തിൽ വന്നു ചെരുകയും അന്നെദിവസവും ശുദ്ധ അന്നാ അമ്മയുടെ നാമധെയത്തിൽ പണിതിരിക്കുന്ന ഒരു അശ്രമ ത്തിൽ ആശ്വസിക്കയും ചെയ്തു. ൨൪-ാം നു- കാലത്തു ൱ മണിക്കു ജെ നൊവിലെ ശുദ്ധ: കത്രീനാ പുണ്യവതിയുടെ തിരുശ്ശരീരമിരിക്കുന്ന ദേവാലയത്തിൽ പോകയും ഈ പുണ്യവതിയുടെ തിരുശ്ശരീരമിരിക്കു ന്ന പീഠത്തിന്മെൽ തന്നെ ദിവ്യ പൂജ അണെച്ചശേഷം തിരുശ്ശരീരം തുറന്നു കാണുകയും ചെയ്തു. ഈ വിശിഷ്ടദേവാലയത്തൊടു ചേൎന്നു ണ്ട ശുദ്ധ: കത്രീനാ പുണ്യവതി താമസിച്ചിരുന്ന മുറിയും, താൻ ആ യുസ്സുകാലം മുഴുവനും ശുശ്രൂഷചെയ്തിരുന്ന തന്റെ അശുപത്രിയും. ഈ സ്ഥലങ്ങൾ സകലതും കണ്ടശേഷം ശുദ്ധ യൊഹന്നാൻ മാ ദാനായുടെ തിരുശ്ശേഷിപ്പുകൾ ഇരിക്കുന്ന ദേവാലയത്തിൽ പോക യും പൂജ്യമായി വച്ചിരിക്കുന്ന ഈ മഹാ പുണ്യവാന്റെ തിരുശ്ശേഷി പ്പിൻ മുമ്പാകെ പ്രാൎത്ഥിക്കയും ചെയ്തു.

## ജെനൊവയിലുള്ള സിമിത്തെരി.

ഈ സിമിത്തെരി ഇത്ത്യാല്യായിലുള്ള അനെക സിമിത്തെരി കളിൽ വച്ചു മുഖ്യമായിട്ടുള്ളതും കാഴ്ചെക്കു മനൊഹരമായിട്ടുള്ളതും ജെനൊവാപട്ടണ നിവാസികളെ അടക്കുന്നതാണ. ഈ പട്ടണം സ ന്ദൎശിപ്പാനായി വരുന്നവർ കാണെണ്ടും ഒരു പ്രധാനസ്ഥലം ഇതാ കുന്നുവെന്നതിന്നു സംശയമില്ല. കുഴിമാടങ്ങൾ സകലതും പലനി റമുള്ള മാബ്ൾ കല്ലുകൊണ്ടുള്ളതും അതിവാസനയും വിസ്മയിക്കത്ത

ക്കവിധത്തിലും പണിതിരിക്കുന്നതും ആണ്. പത്തുലക്ഷത്തിൽ അ ധികം പ്രങ്കുവിലപിടിച്ച കഴിമാടങ്ങളും ഇതിനൊടു ചേൎന്ന ക പ്പെളകളും ഉണ്ടെന്നറിയുന്നതിൽ വിസ്മയിക്കാത്തവർ അപൂൎവ്വമെ ന്നുതോന്നുന്നു. ൟ സ്ഥലങ്ങളും ൟ പട്ടണത്തിന്റെ നാനാഭാഗ ങ്ങളും വിശേഷിക്കപ്പെട്ട തുറമുഖവും കണ്ടശേഷം ഉച്ചതിരഞ്ഞു ഒരുമണിക്കു മിലാൻ പട്ടണത്തിലെക്കു തീവണ്ടി കയറുകയുംചെയ്തു.

## മിലാൻ പട്ടണവും മെത്രാസനപ്പള്ളിയും.

മിലാൻ പട്ടണത്തിൽ കന്നിമാസം ൨൧-ാംനു സന്ധ്യക്കു ഏ ഴു മണിയൊടുകൂടെ വന്നുചേരുകയും "കോർപ്പൂസ് ദൊമിനി,, യെ ന്ന കർമ്മലീത്താക്കാരുടെ കൊവെന്തയിൽ ഇവിടെ നിന്നു പിന്തിരിയു ന്നതുവരെ താമസിക്കയും ചെയ്തു. ൟ കൊവെന്തയിൽ വച്ചു മലയാളത്തു മിസ്യൊനരിമാരായി വന്നിരുന്ന ബ: ലേയൊപ്പോൾദ്, ജെരാദ്, ഏലിസെവൂസ് എന്ന അച്ചന്മാരെയും കണ്ടു സംഭാഷണം ചെയ്യുന്നതിന്നും ഇടയായി. ൨൨-ാംനു കാലത്തു ൟ കർമ്മലീത്താ കൊവെന്തക്കാരുടെ ദേവാലയത്തിൽ പ്രാഗാ ഉണ്ണി ൟശൊയുടെ പീഠത്തിന്മെൽ ദിവ്യപൂജ അൎപ്പിച്ചശേഷം മിലാൻ മെത്രാസനപ്പ ള്ളി കാണ്മാൻ പോയി. ൟ മെത്രാസനപ്പള്ളി റൊമ്മായിൽ ശ്ലീഹാ: പത്രൊസിന്റെയും ലണ്ടൻ പട്ടണത്തിൽ ശ്ലീഹാ: പൌലൊസിന്റെ യും ദേവാലയങ്ങൾ കഴിഞ്ഞാൽ വലിപ്പത്തിൽമറ്റുള്ളസകലദേവാ ലയങ്ങളിൽ വച്ചുഒന്നാമത്തെതാണ്. ൟ ദേവാലയത്തിന്റെ ഭംഗി കണ്ടു ബോധിക്കുന്നതല്ലാതെ വെറൊരു പ്രകാരത്തിലും ഗ്രഹിപ്പി പ്പാൻ അസാദ്ധ്യം. ഇതു മുഴുവനും പലതരം വിലപിടിച്ചമാൎബ്ബൾ കല്ലുകൊണ്ടുണ്ടാക്കിയിരിക്കുന്നതും അത്ഭുത കരമായിട്ടുള്ളതുമാണ്. ൟ ദേവാലയത്തിനുചുറ്റും മുകളിലും മറ്റുമായിഒന്നരക്കോൽ പൊ ക്കമുള്ള ൪൦൦൦ കൊത്തുരൂപങ്ങൾ അതിഭംഗിയായി ചാൎത്തിയിരിക്കു ന്നതും ൟ രൂപങ്ങളുടെ പണിവാസനയും കാണുമ്പോൾ ആ കാ ലത്തിലുണ്ടായിരുന്ന ചില്പാശാരിമാർ മുതലായവരുടെ സാമൎത്ഥ്യമെ ത്രമാത്രമെന്നു ഊഹിക്കാവുന്നതാണ്. ഇതുകൂടാതെ ൟ ദേവാലയ ത്തിനു മുഴുവൻ മാൎബ്ബൾ കല്ലുകൊണ്ടുള്ളതും ഭയങ്കരമാം വണ്ണം ആ കാശത്തിലേക്കു ഉയൎന്നിരിക്കുന്ന ഒരു തോറ അല്ലെങ്കിൽ മണിമാളി കയും ഉണ്ടു. ൟ തൊറയുടെ അറ്റത്തിൽ മാൎബ്ബൾകൊണ്ടുള്ളതും വിശേഷിക്കപ്പെട്ടതുമായ ഒരു ദൈവ ജനനിയുടെ സ്വരൂപം ഇത്ര യും ഉയരത്തിൽ കൊണ്ടുചെന്നു സ്ഥാപിച്ചിരിക്കുന്നതു കാണുമ്പൊ

ൽ വിസ്മയിക്കാത്തവർ അപൂൎവ്വം. ഈ ദേവാലയത്തിന്റെ പുറത്തു
നടന്നതു കൂടാതെ ഈ ഉയരമുള്ള തൊറമെൽ തൂക്കിയിരിക്കുന്ന മ
ണിയുടെ നാക്കെൽ തൊടുകയും ചെയ്തു. ഈ മണി ഭൂലൊകത്തിൽ
ഉള്ള മണികളിൽ വച്ചു വലിപ്പമായവയിൽ ഒന്നാണെന്നതു നിശ്ചയം.
ഈ തൊറയിൽ നിന്നു നൊക്കുമ്പൊൾ ഈ പട്ടണം മുഴുവനും വെ
ടിപ്പായി കാണാവുന്നതുകൂടാതെ ഇതിനു ചുറവുമുള്ള അനേക നഗര
ങ്ങളും മല, ആറു, മുതലായവകളും കാണാവുന്നതിൽ വളരെ രസം
തൊന്നിക്കയും ചെയ്യുന്നു. വിശേഷിച്ചും ഈ വിശിഷ്ടദേവാലയത്തി
ലുള്ള വലിയ പീഠത്തിൻ പുറകിൽ അസാമാന്ന്യ വലിപ്പമുള്ള ഒരു
ജ്ജനെലയുണ്ടു. ഇതിന്നു മൂന്നുനിലയുള്ള ഒരുമാളികയുടെ ഉയൎച്ചയു
ള്ളതായി കണ്ടു. ഈ പള്ളിയിൽ തന്നെയാണ് മിലാന്റെ മെത്രാ
പ്പൊലീത്തയായ ശുദ്ധ കാർളൊസുപുണ്യവാന്റെ തിരുശ്ശരീരം വ
ന്ദിച്ചു വരുന്നതു. ഈ പുണ്യവാന്റെ തിരുശ്ശരീരത്തിൻ മുമ്പാകെ
അപെക്ഷിക്കയും ഇന്നുശേഷം ഈ പട്ടണത്തിലുള്ള പലദേവാലയ
ങ്ങളും കാഴ്ചസ്ഥലങ്ങളും സന്ദൎശിപ്പാൻ പൊകയും ചെയ്തു. കന്നി
മാസം ൨൯-ാം നു കാലത്തു ൬ മണിക്കു വീണ്ടും ഈ അതിപ്രബല
പ്പെട്ട മെത്രാസനപ്പള്ളിയിൽ വരികയും ശുദ്ധ: കാർളൊസു പുണ്യ
വാന്റെ തിരുശ്ശരീരമിരിക്കുന്ന പീഠത്തിന്മെൽ ദിവ്യപൂജ അൎപ്പി
ച്ചശെഷം ഈ പുണ്യവാൻ ഉപയൊഗിച്ചിരുന്ന വടി, മുടി, മൊതിരം
കാസാമുതലായതും കണ്ടു വന്ദിച്ചു ൭ മണിയൊടുകൂടെ ചെൎത്തൊ
സായെന്ന കൊവെന്ത കാണ്മാൻ പൊകയും ചെയ്തു.

"ചെൎത്തൊസാ"യെന്ന കൊവെന്ത.

ഈ കൊവെന്തയിൽ പോകുന്നതിന്നായി മിലാൻ പട്ടണ
ത്തിൽ നിന്നു മുക്കാൽ മണിക്കൂറു ദൂരമുള്ളതും ഇതു കൎത്തൂസിൻ സഭക്കാ
രുടെ വാസസ്ഥലവുമാണു. ഈ കൊവെന്ത ഭൂലൊകത്തിലുള്ള പല
സന്ന്യാസമഠങ്ങളിൽ മുഖ്യമായതെന്ന് പരസ്സ്യതം ആകുന്നു. ഇതി
നുള്ളിൽ ൧൭ പീഠങ്ങൾ ഉള്ളതും ഓരൊ പീഠങ്ങളിന്മേലുള്ള ചിത്തൊ
ലകളിൽ ഓരൊന്നു പണിയുന്നതിന്നായി പത്തുവൎഷത്തെ വേലചെ
യ്യേണ്ടിവരികയും ഇവകളിന്മെൽ വിലപിടിച്ചപലതരം കല്ലുകൾ പ
തിച്ചിരിക്കുന്നതുമാണ്. ഓരൊപീഠങ്ങളിന്മെൽവച്ചിരിക്കുന്നതുങ്ങളപ്പെ
ട്ടരൂപം, മെഴുകുതിരിക്കാൽ മുതലായവകളുടെ ഭംഗിയും വിശെഷങ്ങ
ളും വൎണ്ണിപ്പാൻ പാടാകുന്നതല്ല. പള്ളിയകം മുഴുവനും സ്ഫടികം
പോലെ ശോഭയുള്ളതായും ദൈവരാധനെക്കു യൊഗ്യമുള്ളതായും തൊ

ൻ കണ്ടഒരുവിശിഷ്ടദെവാലയംഇതായിരിക്കുന്നു. ഇതുകൂടാതെ ംരം ദേവാലയത്തിൽ തന്നെ സന്ന്യാസികൾ കാനൊനാ നമസ്കാരം എത്തിക്കുന്ന സ്ഥലവും വിസ്മയിക്കത്തക്ക കൈവേലകളാൽ അവൎണ്ണനീയമായി അലങ്കരിക്കപ്പെട്ടിരിക്കുന്ന ഒരുസങ്കീൎത്തിയും ഉണ്ടു. ഇവയിൽകാനൊനാ നമസ്കാരം എത്തിച്ചുവന്നിരുന്ന സ്ഥലം പണിയുന്നതിന്നായി നാല്പതു സംവത്സരം ഇടവിടാതെ വേലചെയ്യെണ്ടിവന്നു വെന്നറിയുമ്പൊൾ ംരം സ്ഥലം എന്തുമാത്രം ഭംഗിയായിട്ടുള്ളതാണെന്നു വായനക്കാൎക്കു ഊഹിക്കാവുന്നതാണു. കൎത്തൂസീൻ സഭക്കാരുടെ കൊവെന്തയും ംരം ദേവാലയത്തൊടു ചെൎന്നാണു. ഇതു വളരെവിസ്താരമായിട്ടുള്ളതും നൂറിൽ അധികം സന്ന്യാസികൾക്കു സൌഖ്യമായി നിവസിപ്പാൻ പാടുള്ളതും ഓരൊ സന്ന്യാസിക്കു പ്രാൎത്ഥന, ഉല്ലാസം, ഭക്ഷണം മുതലായവകഴിക്കുന്നതിന്നു മുമ്മൂന്നു മുറികളും ഒരു ചെറിയ തൊട്ടവും ഉള്ളതുമാണു. കാനൊനനമസ്കാരം എത്തിക്കുന്നതിനല്ലാതെ ഇവിടെനിന്നു ഒരിക്കലും പുറത്തുപൊകുവാൻ സമ്മതിക്കുന്നതല്ല. ംരം വിശുദ്ധസ്ഥലങ്ങൾ സകലതുംകണ്ടശേഷം ശുദ്ധ: അഗുസ്തീനൊസ്സമല്പാൻെറ തിരുശ്ശരീരമിരിക്കുന്ന പട്ടണത്തിലേക്കു തീവണ്ടികയറി.

## പവീയായെന്ന പട്ടണം.

ശുദ്ധ: അഗുസ്തീനൊസ് മല്പാൻെറ ശരീരമിരിക്കുന്നതു ംരം പട്ടണത്തിലെ മെത്രാസന പള്ളിയിലാണു. ഇവിടെതന്നെ ഇൻവെസിയോസു, ദമിയാനൊസു, ഫെ് ലിക്ക്സ, മുതലായ പുണ്യവാന്മാരുടെ തിരുശ്ശരീരങ്ങളും ശുദ്ധ: എസ്തപ്പാനൊസു സഹദായുടെ തലദയാടും ശുദ്ധ: പ്ളാച്ചിദൂസു സഹദായുടെ ഒരുകയ്യും വാഴ്ത്തപ്പെട്ട അലെക്ക്സാന്ത്രയൊസു സാവുളി എന്നദേഹത്തിൻെറ ശരീരവും ഇവയിൽ കടശി പ്രസ്താവിച്ച വാഴ്ത്തപ്പെട്ടവൻെറ ശരീരം അഴിയാതെയിരിക്കുന്നതായും കണ്ടു. കത്തൊലിക്കാ തിരുസ്സഭയെ സകലവകജ്ഞാനആയുധങ്ങൾ കൊണ്ടും ആദരിച്ച ശുദ്ധ: അഗുസ്തീനൊസിൻെറയും ശേഷം വാഴ്ത്തപ്പെട്ടവരുടെയും മുമ്പാകെ പ്രാൎത്ഥിച്ചശേഷം പവിയായെന്നി പട്ടണം കാണ്മാൻ പോയി. ഇതു വളരെ പുരാതനമായിട്ടുള്ളതും അനെക വേദസാക്ഷികൾ, പുണ്യവാന്മാർ മുതലായ ഭാഗ്യപ്പെട്ടവർ ധാരാളമായിഉണ്ടായിട്ടുള്ളഒരുനഗരവുമാണു. ംരംനഗരത്തിലെ സകലവിശേഷങ്ങളും കണ്ടശേഷം പവിയായെന്ന ംരം പട്ടണത്തിൽ നിന്നു വിണ്ടും മിലാൻ പട്ടണത്തിലെക്കു തീവണ്ടി കയറുകയുംചെയ്തു.

## മിലാനിൽ ശുദ്ധ അമ്പ്രൊസീസു പുണ്യവാൻെറ ദേവാലയം.

പവിയായിൽനിന്നു ൭ മണിക്കു തിരിച്ചു മിലാൻ പട്ടണത്തിൽ വന്നുചേരുകന്നും അന്നു മുൻപ്രസ്താവിച്ച കമ്മലീത്താസഭക്കാരുടെ കൊവെന്തയിൽ ആശ്വസിച്ചശേഷം കന്നിമാസം ൩൦–ാംനു കാലത്തു ൯ മണിക്കു ശുദ്ധ: അമ്പ്രൊസിസു പുണ്യവാൻെറ തിരുശ്ശരീരമിരിക്കുന്ന ദേവാലയത്തിൽ ദിവ്യപൂജ അണെക്കുന്നതിന്നായി പോയി. ഈ പുണ്യവാൻെറ പീഠത്തിന്മെൽ തന്നെ ശുദ്ധ: അമ്പ്രൊസിസുമല്പാൻെറയും ശുദ്ധ: ഗെവ്വാസീസും പ്രൊത്താസീസും എന്നിരുവേദസാക്ഷികളുടെയും തിരുശ്ശരീരങ്ങളും ഉണ്ടു, ത്രിയേക സൎവ്വെശ്വരനു ദിവ്യപൂജ അണെക്കയും ചെയ്തു. ഈ വിശിഷ്ടദേവാലയത്തിൽ ശുദ്ധ: അമ്പ്രൊസീസിൻെറ സഹോദരൻ ; സാത്തിരെയെന്ന പുണ്യവാൻെറയും മററനേക പുണ്യവാന്മാരുടെയും തിരുശ്ശേഷിപ്പുകളും ശുദ്ധ: അമ്പ്രൊസീസു ഇരിന്നിരുന്ന സിംഹാസനവും പ്രസംഗിച്ചിരുന്ന പുല്പവും കണ്ടതുകൂടാതെ താൻ തെവൊദൊസിയൊസു എന്ന എമ്പ്രദോരിന്നു പ്രായശ്ചിത്തം കല്പിച്ച ആന വാതിലും സന്ദൎശിക്കയും ചെയ്തു. ൯ മണിമുതൽ ൧൧ മണിവരെ ഈ പട്ടണത്തിലുള്ള ആശുപത്രികൾ, സിമ്മനാരി മുതലായതു കണ്ടശേഷം "കൊപ്പുസു ദൊമനി„ എന്ന കൊവെന്തയിൽ വരികയും ൧൨. മണിക്കു ഇവിടെയുള്ള കമ്മലീത്താപട്ടക്കാരൊടും യാത്രയും പറഞ്ഞു വെനെസ്യാപട്ടണത്തിലേക്കുതീവണ്ടി കയറുകയും ചെയ്തു.

## വെനേസ്യാപട്ടണവും— ശുദ്ധ മൎക്കൊസു ഏവൻഗെലീസ്തായുടെ ദേവാലയവും.

കന്നിമാസം ൩൦–ാംനു–സന്ധ്യക്കു ൭ മണിയൊടുകൂടെ വെനെസ്യ നഗരത്തിൽ സ്കാൾസിയെന്നു വിളിച്ചുവരുന്ന കമ്മലീത്താസഭക്കാരുടെ കൊവെന്തയിൽ വന്നു ചേൎന്നു. അപ്പൊൾ ഇവിടെ മലയാളത്തുനിന്നു പിന്തിരിഞ്ഞവരായ ബ: അമ്പ്രൊസീസു പാദ്രിയും ബെൎന്നർദീനൊസു പാദ്രിയും ഉണ്ടായിരുന്നു. അന്നെദിനം ഈ കൊവെ

ന്തയിൽ ആശംസിച്ചശേഷം തുലാമാസം ഒന്നാംതിയതി കൊന്തമാതാവിൻ തിരുനാൾ ദിനം ൭ൽ മണിക്ക ഠരം പട്ടണത്തിൽ അതിപ്രബലപ്പെട്ടമക്കൊസുഏവൻ ഗേലീസ്സായുടെ ദേവാലയത്തിൽ ദിവ്യപൂജ അണെക്കുന്നതിന്നായി പോകയും ശുദ്ധ: മക്കൊസു ഏവൻഗെലീസ്സായുടെ തിരുശ്ശരീരമിരിക്കുന്ന പീഠത്തിന്മെൽ തന്നെ പരിശുദ്ധ ബലി നിത്യദയാപര സർവ്വെശ്വരന്നു സമൎപ്പിക്കയും ചെയ്തു. ശുദ്ധ: മക്കൊസിൻെറ ദേവാലയം അതി ഭംഗിയായിട്ടുള്ളതും അകം മുഴുവനും പൊൻ നിറമുള്ള മുസായിക്ക്സ കല്ലുകൾകൊണ്ടു വിസ്മയിക്കത്തക്ക വിധത്തിൽ പണുതിരിക്കുന്നതും ഇത്താല്യയിൽ ഉള്ളമുഖ്യമായതും ഖ്യാതിപ്പാപിച്ചിട്ടുള്ളതുമായ ഒരു വിശിഷ്ടദേവാലവുമെന്നതിന്നു സംശയമില്ല. ഇവമുഴുവനും സന്ദൎശിച്ചശേഷം വെനെസ്സ്യായെന്ന ഠരം പട്ടണവും ഇതിലുള്ള വിശേഷിക്കപ്പെട്ട സ്ഥലങ്ങളും കാണ്മാൻ പോയി. ഠരം പട്ടണം വളരെ കൌതുകം തൊന്നിക്കുന്നതും, ഇപ്രകാരവും ഠരം മാതൃകയിലും, ആകൃതിയിലും സ്ഥാപിക്കപ്പെട്ടിരിക്കുന്ന പട്ടണം വെറൊരിടത്തും കാണുന്നില്ല. അതെന്തുകൊണ്ടെന്നാൽ ഇതിനകത്തുള്ള ഭവനങ്ങൾ ഓരൊ ചെറിയ ദ്വീപുകളിന്മെൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതും ഇതിനകത്തു സഞ്ചരിക്കുന്നതിന്നായും, സവാരിചെയ്യുന്നതിനായും തൊണികൾ തീബൊട്ടുകൾ മുതലായവ ഉപയൊഗിച്ചുവരുന്നു. ഒരൊവീടുകൾ പാലങ്ങളാൽ കൂട്ടിചെക്കപ്പെട്ടിരിക്കുന്നതും സമനിരപ്പില്ലാത്തവയും ആയിരിക്കുന്നതിനാൽ വണ്ടികൾ ഇവിടെ ഉപയൊഗിപ്പാൻ പാടാകുന്നതല്ല. ഠരം വിചിത്ര പട്ടണം കാണ്മാനായി തീബൊട്ടിൽ കേറി പലപ്രാവശ്യം ചുററികണ്ടശേഷം ഠരം പട്ടണത്തിലുള്ള ചിത്രങ്ങൾ മുതലായവ ശേഖരിച്ചുവച്ചിരിക്കുന്ന സാളകൾ കാണ്മാൻപൊയി. ഓരൊ ചിത്രത്തിൻെറ പണിവാസന വിസ്മയിക്കത്തക്കതെന്നു ഇവ ദൎശിക്കുന്നവർ തൽക്ഷണം സമ്മതിക്കുന്നതാണു. ൧-ാം തീയതി ഉച്ചതിരിഞ്ഞു ൩ മണിക്ക ശുദ്ധ: ലൌറെന്ത്യൊസു യുസ്റ്റിനിയാനിയെന്ന മഹാപുണ്യവാൻെറ തിരുശ്ശരിരമിരിക്കുന്ന ദേവാലയം സന്ദൎശിപ്പാനായി പൊകയും ഇവിടെ കുമ്പിട്ടു ഠരം പുണ്യവാൻെറ തിരുശ്ശരീരത്തിൻ മുമ്പാകെ നമസ്കരിച്ചശേഷം "സ്കൂാൾസി,,യെന്ന കൊവെന്തയിലെക്കു പിന്തിരിഞ്ഞാശ്വസിക്കയും ചെയ്തു. തുലാമാസം രണ്ടാം തീയതി കുബ്ബാനചൊല്ലിയശേഷം വെനെസ്സ്യായിലെ പാത്രിയക്കീസു കർദിനാൾ സാൎത്തിയെന്ന ദേഹത്തെ കാണ്മാൻ പൊകയും അദ്ദേഹത്തെ കണ്ടുസംഭാഷണം ചെയ്തു, വാഴ്വും അപേക്ഷിച്ചു കപ്പൽ കയറുന്നതിന്നായി ത്രീയെസ്റ്റെന്ന പട്ടണത്തിലെക്കു ഉച്ചതിരിഞ്ഞു ൨ മണിക്ക തീവണ്ടി കയറുകയും ചെയ്തു.

## ത്രീയസ്തുപട്ടണം.

ത്രീയസ്തുപട്ടണത്തിൽ വൈകിട്ടു ൮ മണിയൊടുകൂടെ ചെന്നു ചെരുകയും ൧൦ മണിയൊടുകൂടെ പ്രംസിസ്ക്കൊസു സഭക്കാരുടെ ഒരു കൊവെന്തയിൽ അന്നരാത്രി ആശ്വസിക്കയും പിറെറദിനം കാലത്തു ൫ രം കൊവെന്തയൊടു ചെൎന്നുള്ള ദെവാലയത്തിൽ ദിവ്യപൂജ അണെക്കയും ചെയ്തു. ഏകദെശം ഒമ്പതുമണിയൊടുകൂടെ ത്രീയസ്തുപട്ടണം കാണ്മാൻ പോയി. ഇതു അനേക രാജ്യക്കാർ കുടിപാൎപ്പുള്ള പട്ടണമാകയാൽ ഇവിടെ സംസാരിച്ചുവരുന്ന ഭാഷകൾ പലതായിരിക്കുന്നു. എങ്കിലും മുഖ്യമായതു ഇത്ത്യാല്യാഭാഷയാണ. ൟ പട്ടണം സന്ദൎശിച്ചശേഷം ത്രീയസ്തിലെ മെത്രാനെകാണ്മാൻ പൊകയും അദ്ദേഹത്തൊടു വേണ്ടുന്ന അനുവാദങ്ങളും മറവും വാങ്ങിച്ചു, ല്ലൊയിഡ് കമ്പിനിക്കാരുടെ "ഇമ്പരാത്തൊർ,, അല്ലെങ്കിൽ എമ്പ്രദൊർ എന്ന കപ്പലിൽ തുലാമാസം ൨൨-ാം നു- ഉച്ചതിരിഞ്ഞു മൂന്നര മണിക്കു ഇന്ത്യായിലെക്കു യാത്ര ആരംഭിക്കയും ചെയ്തു.

## കപ്പൽയാത്ര.

ഇമ്പൊരാത്തൊർ എന്ന കപ്പൽ അതിവിസ്താരമായിട്ടുള്ളതും അനെകം പേൎക്കു സൌകൎയ്യമായി കപ്പൽ യാത്രചെയ്യുന്നതിന്നു തക്കതായിട്ടുള്ളതും ആകുന്നു. ൟ കപ്പൽ നടത്തുന്നവരായ കപ്പിത്താന്മാർമുതലായവർ നല്ല കത്തൊലിക്കരും സുശീലന്മാരുംഎന്നതിന്നു സംശയമില്ല. കപ്പൽ പുറപ്പെട്ടു തുലാമാസം ൨൮-ാം നു- പൊൎത്തസൈഡിൽ എത്തുകയും അന്നു ൟ പട്ടണത്തിൽ കപ്പുച്ചിൻ സഭക്കാരുടെ ദേവാലയത്തിൽ ദൈവപൂജ അണെക്കയും ചെയ്തു. ഇവിടെനിന്നു' സാമാനങ്ങൾ ഇറക്കിയശേഷം പുറപ്പെട്ടു ൧൨-ാം നു- ഏഡൻ തുറമുഖത്തുവരികയും ഇവിടെയും ഇറക്കുവാനുള്ള സാമാനങ്ങൾ ഇറക്കിയ ശേഷം പുറപ്പെട്ടു തുലാമാസം ൧൯-ാംനു-ബൊമ്പെതുറമുഖത്തുസുഖമായി വന്നടുക്കയും ചെയ്തു. ഉച്ചെക്കു ൧൨ മണിയൊടുകൂടെ ബൊമ്പെ പട്ടണത്തിൽ ശുദ്ധ: ശെനസ്ലാർ പുണ്യവാന്റെ കൊളെജ്ജിൽ വരികയും ഇവിടെ അന്നു ആശ്വസിച്ചശേഷം ൨൦-ാം നു- കാലത്തു കുൎബ്ബാന ചൊല്ലി ൧൧ മണിക്കു ഗോവാപട്ടണത്തിലേക്കു കപ്പൽ കേറുകയും ചെയ്തു.

## ഗോവാപട്ടണം.

ബൊംബെയിൽ നിന്നുപുറപ്പെട്ടു പഞ്ചീം എന്നസ്ഥലത്തു ൨൧-ാം നു ൮ മണിക്കു വന്നു ചേൎന്നു. അന്നെരാത്രി ഇവിടെയൊരു സത്രത്തിൽ താമസിക്കയും, ൨൨-ാംനു-കാലത്തു ഗോവ പാത്രിയക്കീസിന്റെ അരമനയിൽ പോയി ദിവ്യപൂജ അണെച്ച ശേഷം. പാത്രിയക്കീസിനെ കണ്ടു സംഭാഷണം ചെയ്കയും ചെയ്തു. ഇദ്ദിനം ഉച്ചതിരിഞ്ഞു മൂന്നുമണിക്കു പഞ്ചിം അല്ലെങ്കിൽ പുത്തൻ ഗൊവയിൽ നിന്നു തബൊട്ടു കയറി, പഴെഗൊവയിൽ ശുദ്ധ: ശൌൎയ്യാർ പുണ്യവാന്റെ ദേവാലയത്തിൽ വരികയും ഇന്ത്യായുടെ ശ്ലീഹായായ ൟ പുണ്യവാന്റെകുഴിമാടത്തിങ്കൽപലപ്രാവശ്യംനമ്മുടെ അജ്ഞാനഇന്ത്യായിക്കും മലയാളത്തിനും വേണ്ടിപ്രാൎത്ഥിച്ചു. ൨൩-ാംനു കാലത്തുംൟവിശുദ്ധ ശ്ലീഹായുടെ കുഴിമാടത്തിങ്കൽ ദിവ്യപൂജ അണെക്കയുംചെയ്തു' കുബ്ബാന കഴിഞ്ഞു ശുദ്ധ: ശൌൎയ്യാർ പുണ്യവാൻ സഞ്ചരിച്ചിരുന്നസ്ഥലങ്ങളും കുളിച്ചകിണറും, വേദോപദേശം പഠിപ്പിച്ചിരുന്ന സ്കൂളും, താൻ വെള്ളം കുടിച്ചിരുന്ന കിണറു, മുതലായവ സന്ദൎശിക്കയും ൟ പുണ്യവാൻ കുടിച്ചിരുന്ന കിണററിലെ വെള്ളം കോരിഞാൻ കുടിക്കയും ചെയ്തു. ൟ കിണററിലെ വെള്ളം പലദിക്കിലെക്കു ഓരൊആളുകൾ കോരികൊണ്ടുപോകുന്നുമുണ്ടു.— ൧൧ മണിക്കു ശുദ്ധ: ശൌൎയ്യാർ പുണ്യവാന്റെ ശരീരം വീണ്ടും വന്ദിച്ച ശേഷം ഗോവയിലുള്ള മററു പല ദേവായങ്ങളിലും പോയി കുമ്പിട്ടു ഉച്ചതിരിഞ്ഞു ൨ മണിക്കു വീണ്ടും പഞ്ചീം എന്നസ്ഥലത്തെക്കു തീബൊട്ടുകയറുകയും ചെയ്തു. ഇവിടെ നിന്നു ൨൪-ാം നു- രാവിലെ ൩ മണിക്കു വള്ളം കയറി "മറവാഗോവാ„ എന്നസ്ഥലത്തു എത്തുകയും അവിടെനിന്നു ൭ൽ മണിക്കു മദ്രാസിലെക്കു തീവണ്ടികയറുകയും ചെയ്തു.

## മദ്രാസ്സ് പട്ടണം.

മദ്രാസു പട്ടണം ഇന്ത്യായിലുള്ള പലപട്ടണങ്ങളിൽ വച്ചുവിശേഷിക്കപ്പെട്ടതും ഭംഗിയായിട്ടുള്ളതുമെന്നതിന്നു സന്ദേഹമില്ല. ഇതിലുള്ള വിശേഷങ്ങൾ സകലതും നമ്മുടെ മലയാളത്തിലുള്ളവരിൽ പലരും അറിഞ്ഞിട്ടുണ്ടായിരിക്കുന്നതിനാൽ ഇതിനെക്കുറിച്ചു ദീൎഘമായി പറയുന്നില്ല.

## മയിലാപ്പൂർ പട്ടണം.

മദ്രാസിൽ തുലാമാസം ൨൩-ാം നു ൯ൽ മണിക്കു വന്നുചേരുകയും ഇവിടെനിന്നു ഉടനെ മയിലാപ്പൂർ പട്ടണത്തിൽ നമ്മുടെ പിതാവായ ശുദ്ധ: തൊമ്മാശ്ലീഹായുടെ ദേവാലയത്തിലെക്കു ദിവ്യപൂജ അൎപ്പിക്കുന്നതിന്നായി പോകയും ഈ വിശുദ്ധ ശ്ലീഹായുടെ പീഠത്തിന്മെൽ പരിശുദ്ധ ബലി അൎപ്പിക്കയും ചെയ്തു. ഇതിന്റെ ശേഷം നമ്മുടെ ശ്ലീഹായുടെ കുഴിമാടവും തന്നെ കുത്തിക്കൊന്ന കുന്തത്തിന്റെ ഒരുഭാഗവും പ്രത്യേകമായവിധത്തിൽ വന്ദിക്കയും ഈ തിരുശ്ശേഷിപ്പുകളിൽ മുമ്പാകെ എവരെയും ഓൎക്കയും ചെയ്തു. ഇവിടെനിന്നു പുറപ്പെട്ടു മദ്രാസു മെത്രാപ്പൊലീത്തായുടെ അരമനയിൽ വരികയും ഉച്ചതീനിന്നു തന്നൊടുകൂടെ ഭക്ഷണിക്കയും ചെയ്തു. ഇവിടെനിന്നു ൯ൽ മണിക്കു യാത്രയും പറഞ്ഞു ശുദ്ധ: തോമ്മാശ്ലീഹായുടെ മലയിലെക്കു പോകുന്നതിന്നായിതീവണ്ടികയറി.

## പരിശുദ്ധ തൊമ്മാശ്ലീഹായുടെ മല.

മദ്രാസുപട്ടണത്തിൽ നിന്നു ഈ മലയിലെക്കു അത്രവളരെ ദൂരമെന്നു പറവാനില്ല. ഇവിടെ ൮ൽ മണിക്കെത്തി ആമലയുടെ മുകളിൽ ഒരുമുറിയിൽ ആശ്വസിക്കയും തുലാമാസം ൨൭-ാം നു പരിശുദ്ധ തൊമ്മാശ്ലീഹായുടെ കുരിശിൻ മുമ്പാകെയും (താൻ പാടുപെട്ട സ്ഥലത്തും) ദിവ്യപൂജ അൎപ്പിക്കയും ചെയ്തു. ഈ കുരിശിന്റെ ചുറ്റും ഏതൊ ഒരുവിഷയം കൊത്തിയിരിക്കുന്നു. എന്നാൽ ഇന്നെദിനം വരെയും എന്തുഭാഷയിലാണ് എഴുതിയിരിക്കുന്നതെന്നു ഇന്നെദിനം വരെയും ഗ്രഹിപ്പാനിടയായിട്ടില്ല. ഇതുകൂടാതെ ഈ ത്രൊണൊസിന്മെൽ ദൈവജനനിയുടെ ഒരു സ്വരൂപമുള്ളതും ഇതു ലൂക്കാ ഏവൻഗേലിസ്തം ചിത്രമെഴുതിയതാണെന്നു മാണു ഈ ജനങ്ങളുടെ പാരമ്പൎയ്യ പാഠവും വിശ്വാസവും.

## പരിശുദ്ധ തോമ്മാശ്ലീഹായുടെ ചിന്നമല.

മുൻപറഞ്ഞ മലയിൽ നിന്നു ഇതു അത്രദൂരയല്ല, ചിന്നമലയുടെ ഇരിപ്പും ഈ മലമേൽ ഒരു കുരിശിൻ മുഃവാകെയാണ് പരിശുദ്ധ തോമ്മാശ്ലീഹാ പ്രാൎത്ഥിച്ചിരുന്നതും താൻ മിശിഹായെ പ്രതി പാടുപെട്ടുമരിച്ചതും എന്ന ആകമാനപഠനവും പൊതുവിശ്വാസവും. തന്നെ പിടിപ്പാൻ പടയാളികൾ അല്ലെങ്കിൽ ശത്രുക്കൾ വന്നപ്പോൾ ഒളിച്ചിരുന്ന ഒരു ഗുഹയും മററുപല ഓൎമ്മകളും ഉള്ളതും ഈ ഗുഹയുടെ മിതെയിപ്പോൾ ഒരു ദേവാലയവും പണിതിട്ടുള്ളതുമാണ്. എന്നാൽ പരിശുദ്ധ തോമ്മാശ്ലീഹാ വേദസാക്ഷിയായി മരിച്ചസ്ഥലത്തു ഒരുഅത്ഭുത കാഴ്ചകാണ്മാനുണ്ടു. അതായതു ഇവിടെയുള്ള കല്ലുകൾ ചുവപ്പുനിറമുള്ളതും ഈ അടയാളം തോമ്മാശ്ലീഹാ പാടുപെട്ടു മരിച്ചതിൽ പിന്നെ താൻ സത്യമായി ഇവിടെവെദത്തെ പ്രതിമരിച്ചുവെന്നതു ഉറപ്പിപ്പാനായി ഒരുഅത്ഭുതം ചെയ്യുതെന്നും പറഞ്ഞുവരുന്നു. ഈ വിശുദ്ധസ്ഥലങ്ങൾ സകലതും സന്ദൎശിച്ചശേഷം മദ്രാസിൽ വീണ്ടും വരികയും ഇവിടെനിന്നു ൬ മണിക്കു ത്രിച്ചിനാപ്പള്ളിയിലെക്കു തീവണ്ടികയറുകയും ചെയ്തു.

## ത്രിച്ചിനാപ്പൊളി പട്ടണം.

ത്രിച്ചിനാപ്പൊളി പട്ടണത്തിൽ തുലാമാസം ൨൨-ാം നു-കാലത്തു ൬ൽ മണിയൊടുകൂടെ വന്നുചേരുകയും ഉടൻ ത്രിച്ചിനാപ്പൊളി മെത്രാനച്ചൻെറ സന്നിധിയിൽ പോയ ശേഷം ഈശൊസഭക്കാരുടെ ദേവാലയത്തിൽ ദിവ്യപൂജ അണെക്കയും ൯ മണിക്കു ഈ പട്ടണത്തിലുള്ള ഈശൊസഭക്കാരുടെ കൊളെജ്ജ മുതലായവ സന്ദൎശിച്ചു വീണ്ടും മെത്രാനച്ചൻെറ അരമനയിൽ വരികയും മെത്രാനച്ചൻ വെണ്ടുംവണ്ണം സൽക്കരിച്ചു ഇനിക്കു വാഴ്വു തരികയും ഇദ്ദേഹത്തൊടു യാത്രയും പറഞ്ഞു് സ്വൎണ്ണൂക്കു ഉച്ചതിഞ്ഞു ഒരു മണിക്കു തീവണ്ടി കയറുകയും ചെയ്തു.

## ത്രിശ്ശൂർ, എറണാകുളം.

൨൯-ാം നു- ൮ മണിക്ക സാർണ്ണൂർ വന്നുചേരുകയും ഇവിടെനിന്നു വണ്ടിവഴി ത്രിശ്ശൂർ എ: പെ: പെ: ബ: മെനാച്ചേരി മെത്രാനച്ചന്റെ അരമനയിൽ വന്നു മെത്രാനച്ചനെകണ്ടു. പിറെറദിവസം ശുദ്ധ: ലൂർദ് മാതാവിന്റെ ദേവലായത്തിൽ ദിവ്യപൂജ അണെച്ചശേഷം വീട്ടിൽ നിന്നുവന്നിരുന്ന വള്ളത്തിൽ ൩൦-ാം നു- എറണാകുളത്തു എ: പെ: പെ: ബ: ലൂയീസു മെത്രാനച്ചന്റെ അരമനയിൽ വരികയും പെ: ബ: മെത്രാനച്ചനെകണ്ടു, ഉച്ചകഴിഞ്ഞു ഒരുമണിക്ക ചങ്ങനാശേരിയിലേക്ക പുറപ്പെട്ടുകയും ചെയ്തു.

## ചങ്ങനാശേരി.

അറുതിയില്ലാത്ത കരുണയുള്ളദൈവം കൃപാകടാക്ഷത്താൽ ഇനിക്ക സദാപിതാവായിരുന്നും, തന്റെ ദൈവജനനി എന്റെ സകല ആവശ്യങ്ങളിലും മാധുര്യമുള്ള മതാവായിരുന്നും മലയാളത്തിൽ നിന്നു, ൧൮൯൦ മകരം ൧൮-ാം നു- ശുദ്ധ: പത്രൊസിന്റെ റോമ്മാസിംഹാസനത്തിൻതിരുനാൾ ദിനം പുറപ്പെട്ടുകയും ഇവരുടെ സംരക്ഷണയിൻകീഴയാതൊരുവിഷമവും കൂടാതെ ൧൮൯൦ വൃശ്ചികം ൧-ാം നു- സകല പുണ്യവാന്മാരുടെ തിരുനാൾ ദിനം ചങ്ങനാശേരി എ: പെ: പെ: ബ: മെത്രാനച്ചന്റെ അരമനയിൽ വന്നു തന്നെകണ്ടശേഷം ൨ാം അരമനയിലുള്ള കപ്പേളയിൽ ദൈവം തന്റെ ജനനിവഴിയായി ഏററമയോഗ്യനായ ഇനിക്ക തന്നരുളിയ അസംഖ്യ വരപ്രസാദങ്ങൾക്ക ഉപകാര സ്മരണയായി സവ്ജിവദയാപരത്രിയേക സവെ്വശ്വരന്നു പരിശുദ്ധ ബലിയെ സമപ്പിക്കയും ചെയ്തു.

# ഒരു ദുഃഖവാൎത്ത.

സ്വന്ത ഇടവകയിലേക്കുള്ള എന്റെ പ്രവേശനത്തിൽ എന്നെവളരെ സഹായിച്ചയാളും എന്റെ പിതാവുമായ കുഴ്വാളച്ചേരി ബ: തോമ്മാച്ചന്റെ കുഴിമാടം സന്ദൎശിക്കയുണ്ടായി. ഇദ്ദേഹത്തിന്റെ ശുഷ്ക്കാന്തിയില്ലാരുന്നുവെങ്കിൽ ദീൎഘവും ഭാഗ്യപ്പെട്ടതുമായ ൟ യാത്രകഴിക്കയും തിരുസ്ഥലങ്ങളിൽ പോയി സന്ദൎശിക്കുന്നതിന്നു് അസാദ്ധ്യമായിരുന്നേനെ. എന്നാൽ ൟ ഭാഗ്യം എനിക്കുളവാകുന്നതിന്നു് ഒരു കാരണഭൂതനായ ഇദ്ദേഹത്തെകണ്ടു് എന്റെ കൃതജ്ഞതയെ പ്രദൎശിപ്പിക്കുന്നതിന്നു് പാടായില്ലായെങ്കിലും ഇദ്ദേഹത്തിന്റെ നിത്യസമാധാനത്തിനു സദാ പ്രാൎത്ഥിക്കുന്നതെന്ന്യ ൟ പുസ്തക വായനക്കാരരായ എവരൊടും ഇദ്ദേഹത്തിനു വേണ്ടിസൎവ്വേശ്വരൻ പക്കൽ ഒരു പ്രാൎത്ഥനയെ സമൎപ്പിപ്പാറാകേണമെന്നു് ഹൃദയപൂൎവ്വം യാചിച്ചുകൊള്ളുന്നു.

# അവസാനം.

പ്രിയവായനക്കാരരെ! റോമ്മായെന്ന വിശുദ്ധ നഗരിയെയും എന്റെ വഴിയാത്രയിൽ കണ്ടവിശേഷങ്ങളെയും സംക്ഷേപമായി നിങ്ങളൊടു പറഞ്ഞതിൽനിന്നു റോമ്മായുടെയും പത്രൊസിന്റെ അനുഗാമികളായ റോമ്മാ മാർപ്പാപ്പാമാരുടെയും സ്ഥിതിയെയും ഇവരുടെ മഹത്വത്തെയും അപൂൎണ്ണമായിട്ടെങ്കിലും നിങ്ങളെ ധരിപ്പിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ൟ എന്റെ പുസ്തകം എഴുതുന്നതിന്നായി ആരംഭിച്ചപ്പോൾ, ൟ യുഗത്തിന്റെ ആരംഭത്തൊടുകൂടെ മലയാളത്തിലുള്ള വിശ്വാസികൾക്കു സമൎപ്പിക്കുന്നതിന്നു ആശിച്ചതിനാലും ഇവയെ വീണ്ടും നൊക്കി വീഴ്ചകൾ തീൎക്കുന്നതിനുള്ള സമയ ചുരുക്കത്താലും ഇവയിൽ വാചകരീതിക്കുറവും ചില വീഴ്ചകളും ഉണ്ടായിരുന്നാലും ഇവ സകലതും ദയാപൂൎവ്വം ക്ഷമിക്കെണമെന്നു അപെക്ഷിക്കയും ചെയ്യുന്നു. റോമ്മാസിംഹാസനത്തെയും, പള്ളിയെയും കുറിച്ചു പ്രത്യേകമായവിധത്തിൽ എഴുതിയിരിക്കുന്നതിനാൽ വിശ്വാസികൾ എവരും വിശുദ്ധ അഗുസ്തീനൊസിന്റെ വാക്യംപൊലെ ദൈവത്തെ തങ്ങളുടെ പിതാവായും വിശുദ്ധ കാതൊലിക്കാപ്പള്ളിയെ തങ്ങളുടെ മാതാവായും സ്നേഹിക്കുന്നതിന്നും ശ്രമിച്ചുകൊള്ളട്ടെ! എന്തുകൊണ്ടെന്നാൽ വിശുദ്ധ അമ്പ്രൊസിസിന്റെ വചനം എവയെന്നാൽ "വിശുദ്ധ പത്രൊസു എവിടെയൊ അവിടെയെന്റെ പള്ളി, പള്ളിയെവിടെയാകുന്നുവൊ അവിടെ മരണം ഒരിക്കലുമില്ല. പിന്നെയൊ നിത്യായുസ്സു" ആയതിനാൽ നിത്യായുസ്സു തിരുസ്സഭയിലല്ലാതെ വെറൊരു സഭയിലും വേദത്തിലും പ്രാപിപ്പാൻ പാടുള്ളതല്ലായെന്നതു സംശയമില്ലാത്ത ഒരുവിഷയം തന്നെ. ഇപ്രകാരമിരിക്കയിൽ സത്യവിശ്വാസികൾ എവരും ൟ എകസമ്പത്തു തേടുന്നതിന്നു അതിതല്പരന്മാരായിരിക്കുന്നതു കൂടാതെ തിരുസ്സഭയിൽ നിന്നുവേർ പിരിഞ്ഞ നമ്മുടെ സഹൊദരന്മാരെ ആരേയും തന്നെ, നിരസിക്കാതെ മിശിഹായുടെ തിരുരക്തത്താൽ വീണ്ടുകൊള്ളപ്പെട്ട ആത്മാവുകൾ ൟ തന്റെ തിരുസ്സഭയെ അറിയുന്നതിന്നും നാമെല്ലാവരും ഒരിടയന്റെ കീഴും ഒരാട്ടിൻ കൂട്ടമായും തീരുന്നതിന്നും സകല ഇടത്തുടുകളെയും അന്ധകാരത്തെയും നിൎമ്മൂലമാക്കുന്ന ദൈവജനനിയൊടു പ്രാൎത്ഥിക്കുന്നതുകൂടാതെ ൟ എന്റെ സ്വല്പ അദ്ധ്വാനത്തിന്റെ പ്രതിക്രിയയായി ഞാനും തിരുസ്സഭയുടെ വിശ്വസ്ത ശുശ്രൂഷിയായി മരണപൎയ്യന്തം ജീവിക്കുന്നതിന്നും നിങ്ങളൊടുകൂടെ സ്വൎഗ്ഗത്തിൽ ത്രിയേക സൎവ്വെശ്വരനേയും മാനുഷനായി പിറന്ന ൟ

ശൊമിശിഹായെയും അഭിമുഖമായി കാണ്മാൻ ഇടവരുന്നതിന്ന് സ്നേഹപൂൎവ്വം പ്രാൎത്ഥിപ്പാറാകേണമെന്നു യാചിച്ചും സൎവ്വെശ്വരൻ ഇനിക്കു നൽകിയിരിക്കുന്ന വരപ്രസാദങ്ങൾക്കു ഉപകാരസ്മരണചെയ്തും ൟ പുസ്തകവായനയാൽ വിശ്വാസികൾക്കുണ്ടാകുവാൻ പാടുള്ള സകല ഫലപ്രാപ്തികളും ൟ എന്റെ അദ്ധ്വാനവും സത്യദൈവത്തിന്റെ മാതാവായ കന്യാസ്ത്രീമറിയത്തിന്റെ തിരുഹൃദയം വഴിയായി ൟ ശൊമിശിഹായുടെ മാധുൎയ്യഹൃദയത്തിനു സമൎപ്പിച്ചുകൊണ്ടു നിങ്ങളൊടുള്ള എന്റെ സംഭാഷണത്തെ അവസാനിപ്പിക്കുന്നു.

സമാപ്തം.

# ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന വകകളുടെ കുറിപ്പുകൾ.


ഒന്നാം ഭാഗം.

൧. റോമ്മായിക്കുള്ള യാത്രയാരംഭം. ൧

രണ്ടാം ഭാഗം.

൨. റോമ്മായുടെ ആരംഭവും മാപ്പാപ്പായുടെ രാജ്യവും. ൪
൩. മാപ്പാപ്പാമ്മാർ ൫
൪. മാപ്പാപ്പായെ തെരിഞ്ഞെടുക്കുന്ന ക്രമങ്ങൾ. ൬
൫. മാപ്പാപ്പായുടെ വംശം. ൮
൬. കർദിനാളന്മാർ. ൯
൭. മാപ്പാപ്പാമാൎക്കു ചെയ്യപ്പെടുന്ന പ്രത്യേകാചാരം. ”
൮. ശുദ്ധ പാപ്പായുടെ ശുശ്രൂഷക്കാരും പടയാളികളും. ൧൦
൯. മാപ്പാപ്പാമാരുടെ സ്ഥാനാപതിമാർ. ”
൧൦. മാപ്പാപ്പായുടെ മനിഷ്ഠം. ൧൧
൧൧. പാത്രീയൎക്കീസന്മാർ. ”
൧൨. പാത്രിയൎക്കീസിന്റെ പിന്നാലെവരുന്നസ്ഥാനാപതിമാർ. ൧൨
൧൩. തിരുസ്സഭയില്പുള്ള റീത്തുകൾ. ”
൧൪. അബിസ്സിനിയം റീത്തു. ൧൩
൧൫. അൎമ്മേനിയ റീത്തു. ”
൧൬. കൊപ്ത്തുറീത്തു. ൧൪
൧൭. ഗ്രെക്കറീത്തു. ”
൧൮. ഗ്രെക്ക റുമെനൊ. ”
൧൯. ഗ്രെക്ക ബുൾഗറൊ. ൧൫
൨൦. ഗ്രെക്ക റുഞ്ഞെനൊ. ”
൨൧. ഗ്രെക്ക മേല്ക്കീത്താ. ”
൨൨. സുറിയാനിറീത്തു. ”
൨൩. കൽദായ സുറിയാനി. ൧൬
൨൪. മാറൊനീത്താ സുറിയാനി. ”
൨൫. മാർ തൊമ്മാ നസ്രാണികൾ. ൧൭
൨൬. ലത്തിൻ റീത്തു. ”
൨൭. റോമ്മായിൽ ഭൂലൊകമൊട്ടുക്കുള്ളകാൎയ്യാദികൾ ൧൮

മാർപ്പാപ്പാസ്ഥ പ്രകാരം നടത്തുന്നതിന്നായി സ്ഥാപി
ച്ചിരിക്കുന്നസംഘങ്ങൾ.
൨൮. റോമ്മായിലും മററു സകല രൂപതകളിലുമുള്ള അകമാനകാര്യാദികൾ അന്വെഷിക്കുന്നതിന്നായി ഉണ്ടാക്കപ്പെട്ട സംഘം. ൧൯
൨൯. പുസ്തകങ്ങളെ പരിശോധിക്കുന്ന തിരുസംഘം. ,,
൩൦. ത്രെന്തൊസ് സൂനഹദൊസിനെക്കുറിച്ചുള്ളസംഘം. ൨൦
൩൧. ശ്ലീ: പള്ളിയുടെ അധികാരത്തെആദരിക്കുന്നസംഘം. ,,
൩൨. മെത്രാന്മാരുടെയും സന്ന്യാസികളുടെയും കാര്യാദികൾക്കായി സ്ഥാപിക്കപ്പെട്ടിരിക്കുന്നസംഘം. ,,
൩൩. റീത്തുകളെ സംബന്ധിച്ചുള്ള സംഘം. ൨൧
൩൪. ദണ്ഡവിമോചനത്തെപ്പററിയും തിരുശ്ശേഷിപ്പുകളെ പരിശോധിക്ക മുതലായതിനെക്കുറിച്ചുമുള്ള തിരുസംഘം. ,,
൩൫. കിഴക്കെ റീത്തുകാർക്കായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രൊപ്പഗാന്ത സംഘം. ൨൨
൩൬. ലത്തീൻറീത്തു സംബന്ധിച്ചുള്ള പ്രൊപ്പഗാന്ത സംഘം. ,,
൩൭. പള്ളിക്കടുത്ത അസാധാരണ കാര്യങ്ങളെക്കുറിച്ചു നിശ്ചയിക്കുന്ന സംഘം. ,,
൩൮. ശുദ്ധമാന പള്ളിയിലുള്ള സഭക്കാർ. ൨൩
൩൯. റോമ്മാപട്ടണത്തിലുള്ള ബസീലിക്കാപള്ളികളും ഇടവക പള്ളികളും കുരിശ്ശു പള്ളികളും അവകളുടെ വിശേഷങ്ങളും ൨൪
൪൦. വിശുദ്ധ പത്രൊസ്സ ശ്ലീഹായുടെ ബസിലിക്കാ. ൨൫
൪൧. മാർപ്പാപ്പായുടെ ത്രോണൊസ്. ൨൬
൪൨. പരിശുദ്ധ പത്രൊസ്സ ശ്ലീഹായുടെ കവറിടം. ൨൭
൪൩. പാല്യം എന്നതിരു വസ്ത്രം. ,,
൪൪. വിശുദ്ധ പത്രൊസ്സശ്ലീഹായുടെ പള്ളിയിലുള്ള തിരുശ്ശേഷിപ്പുകൾ. ൨൮
൪൫. വിശുദ്ധ പത്രൊസിൻെറ പള്ളിയിലുള്ള പോത്തസാന്താ അല്ലെങ്കിൽ വിശുദ്ധ വാതിൽ. ,,
൪൬. ശുദ്ധ: പത്രൊസ്സശ്ലീഹായുടെ ബസീലിക്കായിക്കകത്തുള്ള വിശേഷിക്കപ്പെട്ട പണികളും നടപ്പുരകളും ൨൯
൪൭. ശുദ്ധ പത്രൊസിൻെറ ബസിലിക്കായിലെപീഠങ്ങൾ. ൩൦
൪൮. പാപസങ്കീൎത്തന കൂട്ടങ്ങൾ. ൩൧
൪൯. ലത്തറാൻ അല്ലെങ്കിൽ ശുദ്ധ: യൊഹന്നാൻെറ ബസീലിക്കാ. ൩൨

൫൦. സ്കാള സാന്താ. വിശുദ്ധ കോവണി ൩൩
൫൧. സാന്തമരിയ മജ്ജ്യോർ അല്ലെങ്കിൽ മഞ്ഞുമാതാ ൩൪
വിന്റെ ബസിലിക്കാ.
൫൨. സെൻറ് ക്രൊച്ചെ ഇൻ ജെറുസലെമ്മ ഓൎശ്ലേ ൩൫
മ്മിലെ ശുദ്ധ: കുരിശിന്റെ പള്ളി.
൫൩. വിശുദ്ധ പൌലോസു ശ്ലീഹായുടെ ബസിലിക്കാ. ,,
൫൪. ലെവരെന്ത്യോസു പുണ്യവാന്റെ ബസിലിക്കാ. ൩൬
൫൫. ദേവസ്യാനൊസു പുണ്യവാന്റെ ബസിലിക്കാ. ൩൭
൫൬. റോമ്മായില്ലുള്ള ഇടത്തരം പള്ളികളും ജനങ്ങളും ,,
൫൭. പുദെൻസിയാനാ പുണ്യവതിയുടെ പള്ളി. ൩൮
൫൮. കോട്ടെക്കു പുറത്തുള്ള അഗ്നെസു പുണ്യവതി ,,
യുടെ ദേവാലയം.
൫൯. അഗുസ്തീനൊസു പുണ്യവാന്റെ പള്ളി. ൩൯
൬൦. ഫ്രാത്തെ എന്നസ്ഥലത്തുള്ള ശുദ്ധ അന്ത്രയൊസു ൪൦
ശ്ലീഹായുടെ പള്ളി.
൬൧. ഥെയാത്തീനസഭക്കാർ നടത്തിവരുന്ന ശുദ്ധ അന്ത്ര ,,
യൊസു ശ്ലീഹായുടെ പള്ളി.
൬൨. ശുദ്ധ: അന്ത്രയൊസു ശ്ലീഹായുടെ മൂന്നാമത്തെ പള്ളി. ൪൨
൬൩. പന്ത്രണ്ടു ശ്ലീഹന്മാരുടെ സ്തുതിക്കായി പ്രതിഷ്ഠി ,,
ക്കപ്പെട്ടിരിക്കുന്ന പള്ളി.
൬൪. സന്തമരിയ ഇൻ അറെച്ചെലി എന്ന ദൈവ ,,
ജനനിയുടെപള്ളി.
൬൫. ശുദ്ധ: ബൎത്തലൊമ്മാശ്ലീഹായുടെ പള്ളി. ൪൩
൬൬. ശുദ്ധ: ചെച്ചിലിയാകിക്കിലിയാപുണ്യവതിയുടെ പള്ളി. ,,
൬൭. ശുദ്ധ: ക്ലെമ്മീസു പാപ്പായുടെ പള്ളി. ൪൪
൬൮. കൊൻസ്താൻസാ പുണ്യവതിയുടെ പള്ളി. ,,
൬൯. ശു: കസ്മൊസു, ദമിയാനൊസു, എന്നിവരുടെപള്ളി. ,,
൭൦. ഫ്രംസീസ്കാ റൊമാനാ എന്ന പുണ്യവതിയുടെ പള്ളി. ൪൫
൭൧. ശു: യോഹന്നാനും പൌലോസുമെന്നിവരുടെപള്ളി. ,,
൭൨. ജെസു അല്ലെങ്കിൽ ഈശോയുടെ പള്ളി. ൪൬
൭൩. മമ്മെൎത്തീനാ എന്ന തടവും വിശുദ്ധ മാർ യൌസെപ്പു ൪൭
പിതാവിന്റെ പള്ളിയും
൭൪. ഈനാസിയൊസു ലൊയൊളാ പുണ്യവാന്റെപള്ളി. ൪൯
൭൫. ശുദ്ധ: വലിയ ഗ്രീഗൊരിയൊസു പാപ്പായുടെ പള്ളി. ൫൦
൭൬. ശുദ്ധ: ലൊറെൻസൊ ദമസൊപാപ്പായുടെപള്ളി. ,,
൭൭. സാന്തമരിയ ദെല്ലി അഞ്ചെലി എന്ന ദേവമാതാവി ,,

ന്റെപള്ളി·

൭൮. സൻത മരിയ ഇൻകൊസമെദിൻ എന്ന പള്ളി. ൫൧.
൭൯. മിനെർവാഎന്ന സ്ഥലത്തുള്ള ദൈവജനനിയുടെ പള്ളി ,,
൮൦. റൈബർ നദിക്കരികെയുള്ളദൈവജനനിയുടെ പള്ളി ൫൨.
൮൧. സൻത മറിയ ദെൽ പോപ്പൊളൊ മാതാവിൻ പള്ളി. ,,
൮൨. സൻത മറിയ ഇൻ വലിച്ചെല്ലാ എന്ന പരിശുദ്ധ മാതാവിൻ ദേവാലയം. ൫൩.
൮൩. സൻത മറിയ ഇൻ വിയാലാത്താ സൻത മറിയ ദെല്ലാ നവിച്ചെല്ലാ എന്ന പള്ളികൾ ,,
൮൪. സൻത മറിയ ദെല്ലാ വിത്തൊറിയാഎന്ന മാതാവിന്റെ പള്ളി. ,,
൮൫. സൻ മർത്തീനൊ ആയിമൊന്തി മർത്തീനൊസ് പുണ്യവാന്റെ പള്ളി. ൫൪
൮൬. ശു: നെരെയൊഅക്കീല്ലെഎന്നവേദസാക്ഷിയുടെപള്ളി. ,,
൮൭. ശുദ്ധ പൌലൊസ്സ്ശ്ലീഹായുടെ ത്രെഫൊന്തനെ മൂന്നു ഓലിഉറവകളുടെ പള്ളി. ൫൫
൮൮. പരിശുദ്ധ പത്രൊസ്സ ശ്ലീഹായുടെ തുടലിരിക്കുന്നപള്ളി. ,,
൮൯. മൊട്ടിൻതചിത്തൊറിയൊ എന്ന മലമെലുള്ള ശുദ്ധ പത്രൊസ്സ ശ്ലീഹായുടെ പള്ളി. ൫൬
൯൦. പ്രിസ്കാപുണ്യവതിയുടെ പള്ളി. ,,
൯൧. തെവൊദൊരായെന്ന പുണ്യവതിയുടെ പള്ളി. ൫൭
൯൨. എവുസ്സെബിയൊസ്സ പുണ്യവാന്റെ പള്ളി. ,,
൯൩. ലൊറെന്ത്യൊസ്സ പുണ്യവാന്റെ പള്ളി· ,,
൯൪. ശുദ്ധ ഉർബാനൊസ്സ പാപ്പായുടെ പള്ളി. ,,
൯൫. പ്രസ്സെദെ എന്ന പുണ്യവതിയുടെ പള്ളി. ൫൮
൯൬. സബീനായെന്ന പുണ്യവതിയുടെ പള്ളി. ൫൯
൯൭. അല്ലെസ്സ പുണ്യവാന്റെ പള്ളി. ൬൦
൯൮. സൻതമറിയഎജിസിയക്കാഎന്നപുണ്യവതിയുടെപള്ളി ,,
൯൯. നിക്കൊളാവൊസ്സ പുണ്യവാന്റെ പള്ളി. ,,
൧൦൦. യൊവ്വ കപ്പിത്തോളിനൊ എന്നുപറയുന്നക്ഷേത്രം. ൬൧
൧൦൧. പാന്തെയൊൻ എന്ന ക്ഷേത്രം. ,,
൧൦൨. സാൻജൊവാന്നി അപൊത്താ ലത്തീനാ, ലത്തീൻ വാതുക്കലുള്ള ശുദ്ധ യോഹന്നാന്റെ പള്ളി. ൬൨.
൧൦൩. കർത്താവെ നീ എവിടെ പോകുന്നു അഥവാ ദൊമി നേ കൊവാവാദിസ്സ എന്ന കപ്പേള. ,,
൧൦൪. ശുദ്ധ: മർക്കൊസിന്റെ പള്ളി. ൬൩
൧൦൫. ക്ഷേത്രങ്ങൾ. ,,

| | | |
|---|---|---|
| ൧൦൬. | റോമ്മായിലുള്ള സിമ്മനാരികളും കൊളെജ്കളും. | ,, |
| ൧൦൭. | പ്രൊപ്പഗാന്ത കൊളെജ്ജ്. | ൬൫ |
| ൧൦൮. | പാഠകശാലകളും സ്കൂളുകളും. | ൬൬ |
| ൧൦൯. | കൊത്തു പണിമുതലായവൾ പഠിപ്പിക്കുന്ന സ്കൂളുകൾ. | ,, |
| ൧൧൦. | അശ്രുപത്രികളും അനാഥമഠങ്ങൾ മുതലായവകൾ. | ൬൭ |
| ൧൧൧. | സാന്തൊ സ്പിരിത്തൊ എന്ന അശ്രുപത്രി. | ൬൮ |
| ൧൧൨. | ശുദ്ധ: മിഖേൽ റെശ്രുമാലാക്കയുടെ അശ്രുപത്രി. | ,, |
| ൧൧൩. | നക്ഷത്ര ബുക്ക്ളാവു. | ൬൯ |
| ൧൧൪. | ബസിലീസ്സു അല്ലെങ്കിൽ ഓൎമ്മസ്തംഭങ്ങൾ. | ,, |
| ൧൧൫. | വത്തിക്കാൻ ചതുരസ്തംഭം. | ,, |
| ൧൧൬. | ശുദ്ധ മറിയം മജ്ജ്യോർ അഥവാ മഞ്ഞുമാതാവിൻ പള്ളിയുടെ മുൻവശത്തുള്ള ചതുരസ്തംഭം. | ൭൦ |
| ൧൧൭. | ലത്തറാൻ പള്ളിയുടെ അരികെയുള്ള ചതുരസ്തംഭം. | ൭൧ |
| ൧൧൮. | പിയാസ്സാദെൽ പൊപ്പൊളൊ ജനപാഥയെന്ന സ്ഥല ത്തുള്ള സ്തംഭം. | ,, |
| ൧൧൯. | റോമ്മാ എമ്പ്രദൊരന്മാർ ഓരൊരോ വലിയ സം ഭവങ്ങൾ നടന്നപ്പോൾ സ്ഥാപിച്ചിട്ടുള്ള സ്തംഭങ്ങ ളും വളവുകളും. | ൭൨ |
| ൧൧൦. | മാൎക്കൊ അവുറെലിയൊ അന്തൊനീനൊസിന്റെ ഉ ത്തുളസ്തംഭം. | ,, |
| ൧൧൧. | ത്രയ്യാൻ എമ്പ്രദൊരിന്റെ സ്തംഭം. | ൭൩ |
| ൧൧൨. | പ്രൊപ്പഗാന്ത കൊളെജിനു മുൻവശത്തുള്ള തൂണ. | ,, |
| ൧൧൩. | കൊൻസ്തന്തീനൊസിന്റെ വളവു. | ൭൪ |
| ൧൧൪. | തീത്തുസ് എമ്പ്രദൊരിന്റെ വളവു. | ,, |
| ൧൧൫. | സെപ്തിമൊസെവേരിന്റെ വളവു. | ൭൫ |
| ൧൧൬. | എമ്പ്രദൊരന്മാരുടെ കുളിപ്പുരകൾ. | ,, |
| ൧൧൭. | കുഴിമാടങ്ങൾ. | ൭൬ |
| ൧൧൮. | വെള്ളപ്പാത്തികൾ അല്ലെങ്കിൽ വെള്ളച്ചാട്ടക്കുഴലുകൾ | ,, |
| ൧൧൯. | വെള്ളച്ചാട്ടങ്ങൾ. | ,, |
| ൧൨൦. | അൻഡ്രിയാന്റെ ഗോപുരം. | ൭൭ |
| ൧൨൧ | പിഞ്ച്യോയെന്ന സ്ഥലം. | ൭൮ |
| ൧൨൨. | അംഫിതെയാത്രൊ ഫ്ളവിയാനൊ അല്ലെങ്കിൽ കൊലൊസെയും എന്ന കാഴ്ചസ്ഥലം. | ,, |
| ൧൨൩ | റോമ്മാപട്ടണത്തിലുള്ള അരമനകളും കെട്ടിടങ്ങളും. | ൮൧ |
| ൧൨൪. | വത്തിക്കാൻ അരമന. | ,, |
| ൧൨൫. | രാജകോവണി അല്ലെങ്കിൽ സ്കാലാ റെജിയാ. | ൮൩ |
| ൧൨൬. | സിസ്തീനായെന്ന കപ്പെള്ള. | ,, |

൧൨൭. കപ്പെല്ലാ പൌളീനാ. ,,
൧൨൮. കൊത്തുരൂപങ്ങൾ വച്ചിരിക്കുന്ന നാടകശാല. ൮൪
൧൨൯. കാരാമൊന്തിയെന്ന നാടകശാല. ,,
൧൩൦. ഭൂഗൊളപടമെഴുതിയിരിക്കുന്ന നാടകശാല. ,,
൧൩൧. കൈവേല ചെയ്യുന്നതിന്നായി ശേഖരിച്ചു വച്ചിരിക്കുന്ന കല്ലുകളുടെ നാടകശാല. ,,
൧൩൨. വത്തിക്കാൻ പുസ്തകശാല. ൮൫
൧൩൩. വത്തിക്കാൻ തോട്ടം. ൮൬
൧൩൪. മൊന്റെ കവാല്ലൊയെന്ന സ്ഥലത്തുള്ള അരമന. ൮൭
൧൩൫. റോമ്മാ സിമിത്തെരികൾ. ,,
൧൩൬ പരിശുദ്ധ കലിസ്തുസു പാപ്പായുടെ സിമിത്തേരി. ൮൮
൧൩൭. ദോമിത്തില്ലായെന്ന പുണ്യവതിയുടെ സിമിത്തേരി. ൯൦
൧൩൮. വത്തിക്കാൻ സിമിത്തേരി. ,,
൧൩൯ അഗ്നെസുപുണ്യവതിയുടെ സിമിത്തേരി. ൯൧
൧൪൦. പരിശുദ്ധ പ്രെസ്തംത്തുസിന്റെ സിമിത്തേരി. ൯൨
൧൪൧. പ്രീഷില്ലാപുണ്യവതിയുടെ സിമിത്തേരി. ,,
൧൪൨. സിമിത്തേരി ഒസ്ത്രീയാനൊ. ൯൩
൧൪൩. പരിശുദ്ധ സെബസ്ത്യാനൊസിന്റെ സിമിത്തേരി. ൯൪
൧൪൪. ഒരു സംശയം. ൯൫

## മൂന്നാം ഭാഗം.

൧൪൫. നമ്മുടെമാതാവായ റോമ്മാകത്തോലിക്കാ പള്ളിനമ്മെ പഠിപ്പിക്കുന്ന വിശ്വാസ രഹസ്യങ്ങൾ. ൯൬
൧൪൬. ഈശോമിശിഹാ ശുദ്ധകുർബാനയിൽ സത്യമായി എഴുന്നെള്ളിയിരിക്കുന്നു എന്നതിന്മേൽ. ൯൮
൧൪൭. അൽമേനികൾ അപ്പത്തിന്റെ സദൃശത്തിൽമാത്രം ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിന്റെ അന്തരമെന്തു. ൧൦൬
൧൪൮. ദൈവജനനിയുടെ നേരെയുള്ള ഭക്തി. ൧൦൮
൧൪൯. പുണ്യവാന്മാരുടെമദ്ധ്യസ്ഥംഅപേക്ഷിക്കുന്നതിന്മേൽ ൧൧൦
൧൫൦. ദൈവജനനിയുടെയും പരിശുദ്ധന്മാരുടെയും സ്വരൂപത്തിൻ മുമ്പാകെ മുട്ടുകുത്തി നമസ്കരിക്കുന്നതിന്മേൽ. ൧൧൨
൧൫൧. സ്വരൂപ വണക്കത്തെക്കുറിച്ചു. ൧൧൪
൧൫൨. പുണ്യവാന്മാരുടെ തിരുശ്ശേഷിപ്പുകൾ വണങ്ങുന്നതിന്മേൽ. ൧൧൮
൧൫൩. നാല്പതു നോമ്പു അല്ലെങ്കിൽ അമ്പതു നോമ്പു. ൧൧൯
൧൫൪. കുമ്പസാരമെന്ന കൂദാശയെക്കുറിച്ചു. ൧൨൦

൧൫൫. വേദപുസ്തക വായനയെക്കുറിച്ചു. ൧൨൪
൧൫൬. പ്രൊത്തസ്താന്തുകാരുടെ പുസ്തകം വായിക്കുന്നതിലുള്ള അബദ്ധം എന്താകുന്നു. ൧൨൫
൧൫൭. ശുദ്ധ: ക്രൂദാശകൾ ഏഴു എന്നതിന്മേൽ. ൧൨൬
൧൫൮. വെസ്പൃക്കാനാ അല്ലെങ്കിൽ ശുദ്ധികരസ്ഥലം. ൧൨൮
൧൫൯. വിശുദ്ധ പള്ളിയെക്കുറിച്ചും മാർപ്പാപ്പായെക്കുറിച്ചും ൧൩൦
൧൬൦. മാർപ്പാപ്പാമ്മാരുടെ തെററില്ലായ്മയെക്കുറിച്ചു ൧൩൪

നാലാം ഭാഗം.

൧൬൧. ഇന്ത്യയിലെക്കുള്ള എന്റെ പന്തിരിവിൽ ഇത്താല്യായിലുള്ള പലപട്ടണങ്ങളിൽ കണ്ടവിശേഷങ്ങൾ. വഴിയാത്ര ആരംഭം. പ്രസ്താന്തി. ൧൪൦
൧൬൨. റോമ്മാപട്ടണം. ൧൪൧
൧൬൩. മൊന്തെ കസ്സീനൊ എന്ന കൊവെന്ത. ൧൪൨
൧൬൪. ശുദ്ധ: പൊമ്പെമാതാവിന്റെ പള്ളി. ൧൪൪
൧൬൫. പൊമ്പെമാതാവിൻ ദേവാലയത്തിന്റെയും ഈ വിശിഷ്ടദേവാലയം സ്ഥാപിച്ച ബർത്താളൊ ലൊംഗൊ എന്ന മാടമ്പിയുടെയും ചരിത്രസംക്ഷേപം. ൧൪൫
൧൬൬ പൊമ്പെതാഴ്വരയിലുള്ള അനാഥമഠവും അച്ചടിപ്പുരയും. ൧൪൭
൧൬൭. പഴെപൊമ്പെയെന്ന ജീർണ്ണം ഭവിച്ച പട്ടണം. ൧൪൮
൧൬൮. പഗാനിയെന്ന നഗരം. ,,
൧൬൯ നെയാംപ്പൊളിപട്ടണവും ഇവിടെ കണ്ടവിശേഷങ്ങളും. ൧൪൯
൧൭൦. യനുവാരിയൊസു പുണ്യവാന്റെ അത്ഭുതം. ൧൫൧
൧൭൧. ഒരത്ഭുത ഉണ്ടപ്പെട്ട രൂപം. ൧൫൨
൧൭൨. അസ്സീസിയെന്ന പട്ടണവും അവിടെ കണ്ടവിശേഷങ്ങളും. ൧൫൩
൧൭൩. സന്തമരിയ ദെല്ലി ആഞ്ചെലി എന്നദേവാലയം. ൧൫൫
൧൭൪. ലോറെത്തു നഗരവും മാതാവിന്റെതിരുവീടും. ൧൫൬
൧൭൫. ലോറെത്തു തിരുവീടിന്റെ വിശേഷങ്ങൾ. ൧൫൭
൧൭൬ ജനസ്സാനൊയെന്ന നഗരത്തിലുള്ള നല്ല ആലോചനയുടെ ജനനി. ൧൫൯
൧൭൭. ബൊലൊഞ്ഞ പട്ടണവും ഇവിടെ കണ്ട വിശേഷങ്ങളും. ൧൬൦
൧൭൮. ബൊലൊഞ്ഞ പാഠശാല. ,,
൧൭൯. ബൊലൊഞ്ഞ പുസ്തകശാല. ൧൬൧

൧൮൦. പരിശുദ്ധ ലൂക്കാ ഏവൻഗെലിസ്താ എഴുതിയ ദൈവമാതാവിന്റെ സ്വരൂപം. ൧൬൨
൧൮൧. പ്ലൊറെന്സു പട്ടണം. ൧൬൩
൧൮൨. പ്ലൊറെൻസി പട്ടണത്തിലെ മെത്രാസനപ്പള്ളി. ൧൬൪
൧൮൩. അന്തൊനീനൊസു പുണ്യവാന്റെയും മറിയം മദലെത്താ പുണ്യവതിയുടെയും തിരുശ്ശരീരങ്ങൾ. ,,
൧൮൪. പ്ലൊരെൻസു പട്ടണത്തിലുള്ള കെട്ടിടങ്ങൾ. ൧൬൫
൧൮൫. ജെനൊവായെന്ന പട്ടണവും വിശേഷങ്ങളും, ൧൬൬
൧൮൬. ജെനൊവയിലുള്ള സിമിത്തെരി. ,,
൧൮൭. മിലാൻ പട്ടണവും മെത്രാസനപ്പള്ളിയും. (൫൭) ൧൬൭
൧൮൮. ചെത്തൊസായെന്ന കൊവെന്ത. ൧൬൮
൧൮൯. പവീയ എന്ന പട്ടണം. ൧൬൯
൧൯൦. മിലാനിൽ ശുദ്ധ അമ്പ്രൊസീസു പുണ്യവാന്റെ ദേവാലയം. ൧൭൦
൧൯൧. വെനേസ്യപട്ടണവും ശുദ്ധ മൎക്കൊസു ഏവൻഗെലിസ്തായുടെ ദേവാലയവും. ,,
൧൯൨. ത്രീയസ്തപട്ടണം, ൧൭൨
൧൯൩. കപ്പൽ യാത്ര. ,,
൧൯൪. ഗോവപട്ടണം. ൧൭൩
൧൯൫. മദ്രാസു പട്ടണം. ,,
൧൯൬. മയിലാപ്പൂർ പട്ടണം. ൧൭൪
൧൯൭. പരിശുദ്ധ തോമ്മാശ്ലീഹായുടെ മല. ,,
൧൯൮. പരിശുദ്ധ തോമ്മാശ്ലീഹായുടെ ചിന്നമല. ൧൭൫
൧൯൯. ത്രിച്ചിനാപ്പോളി പട്ടണം. ,,
൨൦൦. ത്രിശ്ശൂർ, എൎണ്ണാകുളം, ൧൭൬
൨൦൧. ചങ്ങനാശേരി. ,,
൨൦൨. ഒരു ദുഃഖവാൎത്ത. ൧൭൭
൨൦൩. അവസാനം. ൧൭൮

# പിഴകളറിവാൻ.

| അബദ്ധം. | സുബദ്ധം. | പക്കം. | വരി |
|---|---|---|---|
| ഇപ്പോൾ | അപ്പോൾ | ൫ | ൧൭ |
| ഓരോ സംഘത്തിനു | അംഗത്തിനു | ൯ | ൪ |
| സംഘങ്ങൾ | അംഗങ്ങൾ | ൨൪ | ൨ |
| മുഖ്യമായിട്ടുള്ളതു | മുഖ്യമായിട്ടുള്ളതും | ൨൪ | ൧൯ |
| അൎത്ഥവൃത്തമായി | അൎദ്ധവൃത്ത | ൨൯ | ൨൮ |
| തോന്നിക്കുന്നതിനും | തോന്നിക്കുന്നതും | ൩൧ | ൨൦ |
| മെന്നായിരുന്നു | മെന്നു ആയിരുന്നു. | ൩൪ | ൧൨ |
| സിംഹാസനത്തിൻകീഴ് | പീഠത്തിൻ കീഴ് | ൩൬ | ൧൪ |
| വന്ദിച്ചു വരുന്നു | വന്ദിച്ചു വരികയും | | |
| ” | ചെയ്യുന്നു. | ൪൨ | ൨൨ |
| ചായമിട്ടു | ചായമിട്ടു. | ൪൩ | ൩ |
| വന്നുകൊണ്ടിരിക്കുന്നു | വന്നുകൊണ്ടിരിക്ക | | |
| ” | യും ചെയ്യുന്നു. | ൪൭ | ൨൩ |
| കുടിച്ചിട്ടുണ്ടു | കുടിച്ചിട്ടുമുണ്ടു | ൪൭ | ൨൮ |
| സ്രൃഷ്ടിക്കയും | സൃഷ്ടിച്ചു | ൫൧ | ൧൬ |
| പുണ്യവാന്മാരോടുകൂടെ | പുണ്യവാനോടുകൂടെ | ൫൧ | ൨൧ |
| കൊണ്ടു | കൊണ്ടും | ൭൬ | ൧൭ |
| നാട്ടു | നാടു | ൯൬ | ൨ |
| തിരുസ്സയുടെ | തിരുസ്സഭയുടെ | ൯൮ | ൩൮ |
| ചെയ്യുന്നതിന്നു് | ചെയ്യുമെന്നതിന്നു് | ൧൦൯ | ൩൬ |
| പറഞ്ഞുവരുന്നതു | പറഞ്ഞുവരുന്നു. | ൧൧൪ | ൧൨ |
| അൎമെല്ലി | അൎമെല്ലീനി | ൧൧൫ | ൨ |
| മ്മശ്രുജ | മ്ശ്രൂശ | ൧൧൫ | ൧൨ |
| കുമ്പസാരിക്ക | കുമ്പസാരിപ്പിക്ക | ൧൧൮ | ൨ |
| പരക്കപ്പെടുക | പരക്കപ്പെട്ടതു | ൧൪൭ | ൨൪ |
| മുഖ്യമായിട്ടുള്ള | മുഖ്യമായിട്ടുള്ളതു | ൧൫൦ | ൨൭ |
| തിളപ്പിക്ക | തിളക്കുന്ന | ൧൫൨ | ൬ |
| തരു | തിരു | ൧൫൬ | ൧ |
| ഒരിടത്തു | ഒരിടത്തും | ൧൫൯ | ൨൦ |
| ഇരുന്നതു | ഇരുന്നതു പോലെ | ൧൫൯ | ൨൫ |
| ഇതിനു ശേഷം | ഇതിന്റെ ശേഷം | ൧൬൭ | ൧൪ |
| ഉപയോഗിച്ചു | ഉപയോഗിച്ചും | ൧൮൧ | ൧൭ |
| അവിടെയെന്റെ | അവിടെതന്റെ പള്ളി | ൧൮൭ | ൧൯ |